# ജയ്ഹിന്ദ് വാർത്ത

JAIHIND VARTHA

A NATIONAL NEWSPAPER FOR AMERICAN MALAYALEE

NATIONAL EDITION • NEW YORK

Page 64 Vol. 16 Issue 8 | 2026 AUGUST | അമേരിക്ക കാനഡ www.jaihindvartha.com FOLLOW US ON jaihindvartha jaihindvartha





# വരും.....

# അമേരിക്കൻ വോട്ടർമാർക്കും നിർബന്ധിത തിരിച്ചറിയൽ രേഖ

**ന്യൂയോർക്ക്:** അമേരിക്കയിൽ വോട്ടർമാർക്ക് നിർബന്ധിത തിരിച്ചറിയൽ രേഖ അത്യാവശ്യമാണെന്ന നിലപാടിലേക്ക് ട്രംപ് ഭരണകൂടം നീങ്ങുന്നു. ഇന്ത്യയെ ചൂണ്ടിക്കാട്ടിയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വോട്ടു ചെയ്യുന്നതിന് നിർബന്ധിത തിരിച്ചറിയൽ രേഖ അത്യാവശ്യമാണെന്ന് ഓർമിപ്പിച്ചത്

അമേരിക്കയിൽ വോട്ടർമാർക്ക് നിർബന്ധിത തിരിച്ചറിയൽ രേഖ ആവശ്യമാണെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തുറന്നു പറഞ്ഞിരിക്കുകയാണ്. ഇന്ത്യയുടെ തെരഞ്ഞെടുപ്പ് സംവിധാനത്തെയും ഇന്ത്യയുടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെയും പരാമർശിച്ചു കൊണ്ടാണ് ട്രംപ് ഇക്കാര്യം ഉന്നയിച്ചത്. ട്രൂത്ത് സോഷ്യലിൽ പങ്കുവെച്ച കുറിപ്പിലാണ് ഗ്യാനേഷ് കുമാറിന്റെ പരാമർശത്തെ കുറിച്ച് ട്രംപ് വ്യക്തമാക്കിയത്.





ഫോട്ടോ ഐഡി ഇല്ലാതെ അമേരിക്കയിൽ എങ്ങനെയാണ് തിരഞ്ഞെടുപ്പ് നടത്തുന്നതെന്ന് ഗ്യാനേഷ് കുമാർ അടുത്തിടെ അമേ

(ശേഷം പേജ് 4)

# വിദ്യാഭ്യാസം വിട്ട് പാറ്റകൾ ആശുപത്രിയിലേക്ക്

**എ**ത്ര ഹിറ്റ് ചെയ്താലും ഈ പാറ്റകളെ ഇല്ലാതാക്കാൻ കേന്ദ്രസർക്കാരിന് സാധിക്കില്ല എന്ന് ഉറപ്പായി. പാറ്റകൾ എന്ന പേരിൽ അറിയപ്പെടുന്ന ക്രോക്രോച്ച് ജനത പാർട്ടി നീറ്റ് പരീക്ഷയുടെ പ്രക്ഷോഭത്തിനുശേഷം ഇനി ആതുരസേവനത്തിന്റെ പ്രശ്നങ്ങളിലേക്കാണ് കടന്നു വന്നിരിക്കുന്നത്.




ഒരു കേന്ദ്രമന്ത്രിയുടെ രാജിക്ക് കാരണമായ ശക്തമായ സമര പ്രക്ഷോഭം നീറ്റ് പരീക്ഷാക്രമകേടിന്റെ പേരിൽ നടത്തി വിജയിപ്പിച്ച സിജെപി അവരുടെ പുതിയ ആവശ്യങ്ങളുമായി രംഗത്ത് വരുമ്പോൾ അതും ജനകീയ വിഷയമാണ് എന്നതാണ് ശ്രദ്ധേയം.

രാജ്യത്തെ സർക്കാർ ആശുപത്രികളിലെ സേവനനിലവാരം പരിശോധിക്കാൻ പുതിയ ക്യാമ്പയിനുമായി കോക്രോച്ച് ജനത പാർട്ടി രംഗത്ത് വന്നു കഴിഞ്ഞു.

പൊതുജനാരോഗ്യ രംഗത്ത് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്നും കൃത്യമായ ചികിത്സ ലഭിക്കാതെ പൊതുജനങ്ങൾ വലിയ ദുരിതമാണ് അനുഭവിക്കുന്നതെന്നും പാർട്ടി കൺവീനർ അഭിജീത് ദീപ്കെ ചൂണ്ടിക്കാട്ടുമ്പോൾ കോടിക്കണക്കിന് വരുന്ന സാധാരണക്കാരായ ജനങ്ങൾ സിജെപി മുന്നോട്ടുവയ്ക്കുന്ന ആശയത്തോട് പൂർണ്ണ പിന്തുണയാണ് പ്രഖ്യാപിക്കുന്നത്.

?സർക്കാർ ആശുപത്രികളുടെ നിലവിലെ പ്രവർത്തനങ്ങളും സേവനങ്ങളും വിലയിരുത്തുന്നതിനുള്ള വിപുലമായ പ്രചാരണ പരിപാടികൾക്കാണ് സി ജെ പി തുടക്കമിട്ടിരിക്കുന്നത്.

(ശേഷം പേജ് 4)

# ആ ചായ പി എസ് സി ചെയർമാൻ കുടിക്കണ്ട

**തിരുവനന്തപുരം:** കേരളത്തിലെ ഗവർണർമാർ എന്നും വാർത്തയിൽ നിറഞ്ഞു നിൽക്കാറുണ്ട്. എൽഡിഎഫ് സർക്കാരുമായി കൊമ്പുകോർത്ത ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നും വാർത്തകളും ബ്രേക്കിംഗ് ന്യൂസുകളും ലോഭമില്ലാതെ തന്നിരുന്നു. അദ്ദേഹം പോയ ശേഷം വന്ന ഗവർണറും രാജഭവനും എൽഡിഎഫ് സർക്കാരുമായി തർക്കങ്ങളിൽ ഏർപ്പെട്ടിരുന്നു.ആരിഫ് മുഹമ്മദ് ഖാന് ശേഷം കേരള ഗവർണറായി ചുമതലയേറ്റ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ആരിഫ് മുഹമ്മദ് ഖാന്റെ അതേ പാതയിൽ തന്നെയാണ് പോയത്.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ കാലത്താണ് രാജ്ഭവനിലും സർവകലാശാലാ പരിപാടികളിലും 'ഭാരതമാതയുടെ ചിത്രം' വലിയ രാഷ്ട്രീയ വിവാദങ്ങൾക്ക് വഴിവെച്ചത്. രാജ്ഭവനിലെ ഔദ്യോഗിക ചടങ്ങുകളിൽ ആർഎസ്എസ് ബന്ധമുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്ന രീതിയിലുള്ള ഭാരതമാതയുടെ ചിത്രം -കാവി പതാകയേന്തിയ ചിത്രം - ഉപയോഗിച്ചതിനെതിരെ സംസ്ഥാന സർക്കാരും മന്ത്രിമാരും രംഗത്തു വന്നിരുന്നു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി, കൃഷി മന്ത്രി പി. പ്രസാദ് തുടങ്ങിയവർ രാജ്ഭവനിൽ വെച്ച് നടന്ന പരിപാടികളിൽ നിന്ന് ഈ ചിത്രത്തിന്റെ പേരിൽ പ്രതിഷേധിച്ചു ഇറങ്ങിപ്പോവുകയും ചെയ്തിരുന്നു. തുടർന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഗവർണർക്ക് ഔദ്യോഗികമായി കത്തയക്കുകയും, കേരള സർവകലാശാലാ സെനറ്റ് ഹാളിൽ നടന്ന മറ്റൊരു പരിപാടിക്കിടെ ഈ ചിത്രത്തിന്റെ ഉപയോഗത്തെ ച്ചൊല്ലി എസ്.എഫ്.ഐ ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകളുടെ വലിയ പ്രതിഷേധങ്ങളും ഗവർണറുമായുള്ള ഏറ്റുമുട്ടലുകളും നടക്കുകയുണ്ടായി. സർക്കാറും രാജ്ഭവനും തമ്മിലുള്ള മറ്റൊരു വലിയ പോരിന് ഈ വിവാദം കാരണമായിരുന്നു.




(ശേഷം പേജ് 6)


പൂക്കളും നൊമ്പരങ്ങളും 8

മലയാളികളുടെ ഭൂലോകം ഓണക്കോടി ഉടുക്കും 35

പി എസ് സി അഥവാ പേഴ്സൺ സർവീസ് കമ്മീഷൻ 11

മഴയെ ഭയക്കുന്ന കേരളം 32

ആദ്യം കണ്ണ്, പിന്നെ മാപ്പ് 24

ഓണം അടുക്കളയിൽ തിരക്കാണ് 41

HAPPY ONAM

# Navika Capital Group of Companies

## Blue Sky Hospitality Solutions

CONVENTIONAL WISDOM.
FORWARD THINKING.

NAVIKA









## ABOUT US

A leading hotel management company approved by all brands, such as Hilton, Marriott, IHG, Hyatt, Wyndham, and Choice Hotels.Provides Value, High RevPAR, and Premium Results for Hotel Owners.


A trusted partner that offers Development, Management, Asset Management, Renovation, Revenue Management, and Consulting Services.

- **EXPERTISE YOU CAN TRUST**
  - Decades of experience navigating economic cycles and delivering top-tier risk adjustments.
- **NATIONWIDE PORTFOLIO**
  - From the Hyatt Centric Wall Street in NYC to the Doubletree by Hilton in Houston, we invest in inspiring assets.
- **STRATEGIC OPPORTUNITIES**
  - Unlocking exclusive deals through our trusted network of brokers, lenders, and brand partners



521 RXR Plaza, Uniondale, NY
www.blueskyhospitalitysolutions.com
info@blueskyhospitalitysolutions.com

BLUESKY
HOSPITALITY SOLUTIONS


CELEBRATING 250 YEARS OF FREEDOM
• PREPARING FUTURE DOCTORS & HEALTH CARE LEADERS TO SERVE HUMANITY •
We the People
XAVIER UNIVERSITY
SCHOOLS OF
Medicine · Veterinary · Nursing
ARUBA
Xavier University, Aruba continues to make the American Dream attainable, empowering future doctors, veterinarians, and nurses to achieve success and make a difference in the world.
JOIN THE SEPTEMBER 2026 SEMESTER
+1 516 333 2224
admissions@xusom.com
xusom.com

# വരും..... അമേരിക്കൻ വോട്ടർമാർക്കും നിർബന്ധിത തിരിച്ചറിയൽ രേഖ

**(ഒന്നാം പേജ് തുടർച്ച)**

രിക്കൻ ഭരണകൂടത്തോട് ചോദിച്ചുവെന്ന് ട്രംപ് പറഞ്ഞു. ഇന്ത്യയിലെ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിനെയും ട്രംപ് പരാമർശിച്ചു. 64.6 കോടി പേർ വോട്ട് ചെയ്ത തെരഞ്ഞെടുപ്പിൽ ഒരു ശതമാനത്തിൽ താഴെ പേർ മാത്രമാണ് തപാൽ വോട്ട് ചെയ്തതെന്നും എല്ലാ വോട്ടർമാർക്കും ഫോട്ടോ തിരിച്ചറിയൽ രേഖ നിർബന്ധമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അമേരിക്കയിൽ വോട്ടർ തിരിച്ചറിയൽ നടപടികൾ കൂടുതൽ കർശനമാക്കുന്ന 'സേവ് അമേരിക്ക ആക്ട്' ഉടൻ പാസാക്കണമെന്നും ട്രംപ് ആവശ്യപ്പെട്ടു. ഫെഡറൽ തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്യുന്നവർ അമേരിക്കൻ പൗരത്വം തെളിയിക്കുന്ന രേഖയ്ക്കൊപ്പം സാധുവായ തിരിച്ചറിയൽ രേഖയും സമർപ്പിക്കണമെന്നാണ് ഈ നിർദേശം മുന്നോട്ടുവെക്കുന്നത്. രോഗം, വൈകല്യം, സൈനിക സേവനം, യാത്ര തുടങ്ങിയ പ്രത്യേക സാഹചര്യങ്ങൾ ഒഴികെ തപാൽ വോട്ടിംഗിന് നിയന്ത്രണം ഏർപ്പെടുത്താനും ഈ നിയമം ലക്ഷ്യമിടുന്നു. വോട്ടർ പട്ടികകളിൽ ഉൾപ്പെട്ടിരിക്കുന്ന അമേരിക്കൻ പൗരന്മാരല്ലാത്തവരെ നീക്കം ചെയ്യാൻ സംസ്ഥാനങ്ങൾക്ക് ബാധ്യതയുണ്ടാകുമെന്നും നിർദേശത്തിൽ പറയുന്നു. ഫെഡറൽ തെരഞ്ഞെടുപ്പുകളിൽ അമേരിക്കൻ പൗരന്മാർക്ക് മാത്രമേ വോട്ട് ചെയ്യാൻ കഴിയൂവെന്ന് ഉറപ്പാക്കുന്നതാണ് ഈ നിർദേശം. തിരഞ്ഞെടുപ്പ് ക്രമക്കേടുകൾ തടയാൻ 'സേവ് അമേരിക്ക ആക്ട്' അനിവാര്യമാണെന്ന് ട്രംപ് പലതവണ വാദിച്ചിട്ടുണ്ട്.

# എണ്ണയും ഗ്യാസും ഇനിയും കിട്ടാതാകുമെന്ന ആശങ്ക കത്തിപ്പടരുന്നു

**ന്യൂയോർക്ക്:** എണ്ണ ക്ഷാമവും ഗ്യാസ് ക്ഷാമവും തീർന്നു എന്ന് കരുതിയിരിക്കുമ്പോഴാണ് വീണ്ടും എണ്ണയും ഗ്യാസും ഇനിയും കിട്ടാതാകുമെന്ന ആശങ്ക കത്തി പടരുന്നത്.



പശ്ചിമേഷ്യയിൽ ശാശ്വത സമാധാനം വരുംവരെ ഇന്ത്യ ഉൾപ്പടെയുള്ള രാജ്യങ്ങളിൽ എണ്ണയ്ക്കും ഗ്യാസിനും ക്ഷാമം എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്നതാണ് അവസ്ഥ.

യുദ്ധം ചെയ്യാനും ഉപരോധങ്ങൾ ഏർപ്പെടുത്താനും പ്രതിരോധിക്കാനും ഒക്കെ കെൽപ്പുള്ള രാജ്യങ്ങൾ നിർബാധം അത് തുടരുമ്പോൾ എണ്ണയ്ക്കും ഗ്യാസിനും വേണ്ടി അവരെ ആശ്രയിക്കുന്ന മറ്റു രാഷ്ട്രങ്ങളാണ് നിലനിൽപ്പിനായി പാടുപെടുന്നത്

പശ്ചിമേഷ്യയിലെ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഹോർമുസ് കടലിടുക്കിലൂടെയുള്ള ഗതാ?ഗതത്തിൽ അനിശ്ചിതത്വം തുടരുമ്പോൾ അത് ഇന്ത്യയിലേക്കുള്ള എണ്ണ ഗ്യാസ് വരവിനെയും ബാധിക്കും.

ഇറാനുമായി ചർച്ചകളില്ലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഹോർമുസ് തുറക്കാൻ അമേരിക്ക സാമ്പത്തിക ഉപരോധങ്ങൾ അവസാനിപ്പിക്കണമെന്ന നിലപാടിലാണ് ഇറാൻ. ഹോർമുസിൽ പ്രതിസന്ധി നീളുന്നതോടെ ആഗോള എണ്ണ വില ഉയരുകയാണ്. ബ്രെന്റ് ക്രൂഡിന് ബാരലിന് 91 ഡോളർ കടന്നു. ഗൾഫിന് പുറത്തുള്ള സുരക്ഷിത കേന്ദ്രങ്ങളിൽ എണ്ണ സംഭരണം വർധിപ്പിക്കാനുള്ള നീക്കത്തിലാണ് സൗദി അറേബ്യയും യുഎഇയും. ജപ്പാനിലുള്ള ശേഖരം പത്തിരട്ടിയായി വർദ്ധിപ്പിക്കാനുള്ള നീക്കം തുടങ്ങി.

അതേസമയം, ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിനായി യുഎസും ഒമാനും ഇറാനുമായി പ്രത്യേകം ചർച്ചകൾ നടത്തിവരികയാണ്. നേരത്തെ, ഒമാനുമായുള്ള കരാർ അന്തിമമാക്കുന്നതിനോട് അടുക്കുകയാണെന്ന് ഇറാനിയൻ അധികൃതർ അറിയിച്ചിരുന്നു. ഇതിന് പിന്നാലെ ട്രംപ്, സഖ്യകക്ഷി കൂടിയായ ഒമാന് നേരെ ഭീഷണി മുഴക്കിയിരുന്നു. ഹോർമുസ് കടലിടുക്ക് തുറക്കാനുള്ള ഒമാന്റെ ശ്രമങ്ങൾ അമേരിക്കൻ താൽപര്യങ്ങൾക്ക് എതിരാണെങ്കിൽ ഒമാനെതിരെ ബോംബാക്രമണം നടത്തുമെന്നായിരുന്നു ട്രംപിന്റെ ഭീഷണി.

ഫെബ്രുവരിയിൽ യുഎസും ഇസ്രായേലും ഇറാനെ ആക്രമിച്ചതുമുതൽ ഇറാൻ ഹോർമുസ് കടലിടുക്ക് അടച്ചിരിക്കുകയാണ്. ഹോർമുസുമായി തെക്കൻ ഭാഗത്ത് അതിർത്തി പങ്കിടുന്ന ഒമാൻ, നിലവിലെ സംഘർഷത്തിൽ നിഷ്പക്ഷ നിലപാട് സ്വീകരിക്കുകയാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഇറാന്റെ ഭാഗത്തുനിന്ന് ഒന്നിലധികം തവണ ഒമാന് നേരെ ആക്രമണം ഉണ്ടായിട്ടുണ്ട്. ഇതിനിടെ ആണ് ഹോർമുസ് കടലിടുക്ക് തുറക്കാനായി ഒമാൻ ഇറാനുമായി നിർണായക ചർച്ചകൾ നടത്തുന്നത്.


ജയ്ഹിന്ദ് വാർത്ത

Publisher-**Jaihind States News Inc**

Managing Editor: Thrissur Jacob
Jaihind Vartha, P.O.Box -939, NEW HYDE PARK,NY-11040
Ph 516 882 7246, Fax: 516 882 7257
www.jaihindvartha.com
Jaihind Vartha is published by Jaihind States News Inc.

Views expressed in this publication are not necessarily those of the publication and accordingly no liability is assumed by the publisher thereof.It does not represent or endorse the accuracy or reliability of any of the articles and advertisements.

# വിദ്യാഭ്യാസം വിട്ട് പാറ്റകൾ ആശുപത്രിയിലേക്ക്




**(ഒന്നാം പേജ് തുടർച്ച)**

ഗ്രാമീണ മേഖലയിലെ സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ ലക്ഷ്യമിട്ട് സംഘടിപ്പിച്ച 'സ്കൂൾ ടീക്ക് കരോ' ക്യാമ്പയിന് പിന്നാലെയാണ് ആരോഗ്യ രംഗത്തെയും പാർട്ടി ലക്ഷ്യമിടുന്നത്. ജനകീയ വിഷയങ്ങൾ ഏറ്റെടുത്തുള്ള മുന്നേറ്റമാണ് തങ്ങളുടെ ലക്ഷ്യമെന്നും, ഇതിന്റെ ഭാഗമായാണ് സ്കൂൾ, ആശുപത്രി വിഷയങ്ങൾ സജീവമാക്കുന്നതെന്നും സി.ജെ.പി വ്യക്തമാക്കി.

അതേസമയം, സ്വാതന്ത്ര്യദിനത്തിൽ കോക്രോച്ച് ജനത പാർട്ടിയുടെ ഇൻസ്റ്റഗ്രാം അക്കൗണ്ട് അപ്രത്യക്ഷമായത് വലിയ ചർച്ചയായി മാറിയിരുന്നു. മണിക്കൂറുകൾക്കുള്ളിൽ അക്കൗണ്ട് പുനഃസ്ഥാപിച്ചെങ്കിലും സംഭവത്തിൽ രൂക്ഷ വിമർശനവുമായി സി.ജെ.പി സ്ഥാപകൻ അഭിജീത് ദീപ്കെ രംഗത്തെത്തി.

മഹാരാഷ്ട്രയിലെ സ്വന്തം ഗ്രാമത്തിൽ 'സ്കൂൾ ടീക്ക് കരോ ക്യാമ്പയിൻ' ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സ്വാതന്ത്ര്യദിനത്തിൽ പുലർച്ചെ ആറുമണിയോടെയാണ് 26 ദശലക്ഷത്തിലധികം ഫോളോവേഴ്സുള്ള സി.ജെ.പിയുടെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം അക്കൗണ്ട് സസ്പെൻഡ് ചെയ്യപ്പെട്ടത്. പ്രധാനമന്ത്രി ചെങ്കോട്ടയിൽ നിന്ന് രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിനും, യുവാക്കൾക്കായി പ്രഖ്യാപനങ്ങൾ നടത്തുന്നതിനും തൊട്ടുമുമ്പാണ് ഈ നടപടി ഉണ്ടായത്.

സ്വാതന്ത്ര്യദിനത്തിൽ തങ്ങളുടെ ശബ്ദം അടിച്ചമർത്താൻ എതിരാളികൾ നടത്തിയ ശ്രമമാണിതെന്നും, ഇത്തരം ഭീരുത്വ നടപടികളിൽ ഭയപ്പെടില്ലെന്നും പാർട്ടി വ്യക്തമാക്കി. സംഭവം പുറത്തുവന്നതിന് പിന്നാലെ മെറ്റ അധികൃതർ മണിക്കൂറുകൾക്കകം അക്കൗണ്ട് പുനഃസ്ഥാപിച്ചു..

ഒരു ശങ്കർ സിനിമയുടെ തിരക്കഥ പോലെയാണ് സി ജെ പി യുടെ മുന്നോട്ടുള്ള പ്രയാണം. അല്ലെങ്കിൽ ഒരു വിജയ് സിനിമയുടെ കഥ പോലെ. അഴിമതിക്കെതിരെയും സാധാരണക്കാർക്ക് വേണ്ടിയും തങ്ങൾ കൂടെയുണ്ട് എന്ന് പ്രഖ്യാപിക്കുന്ന തരത്തിലുള്ള, ജനകീയ വിഷയങ്ങൾ ഏറ്റെടുത്ത്, വെറുതെ കൈയ്യടി മാത്രം വാങ്ങിക്കാതെ ഫലസിദ്ധി ഉണ്ടാക്കുമ്പോൾ സിജെപിക്ക് ജനപിന്തുണ കൂടി വരികയാണ് എന്ന യാഥാർത്ഥ്യം ബിജെപിയെ തീരാ ആശങ്കയിലാഴ്ത്തുന്നുണ്ട്.


GLOBAL
TRAVEL EXPERTS
13th YEAR OF SERVICE
എല്ലാ യാത്രാ ആവശ്യങ്ങൾക്കും
ഗ്ലോബൽ ട്രാവൽ എക്സ്പേർട്സിനെ
വിളിക്കൂ
YOUR DEPENDABLE MALAYALEE OFFICE
ഞങ്ങളുടെ സേവനങ്ങൾ
എയർ ടിക്കറ്റുകൾ
വിസ സേവനങ്ങൾ
OCI സേവനങ്ങൾ
പാസ്പോർട്ട് സേവനങ്ങൾ
പാസ്പോർട്ട് ഫോട്ടോകൾ
ക്രൂയിസ് ബുക്കിംഗ്
PASSPORT
നിങ്ങളുടെ വിശ്വാസം ഞങ്ങളുടെ പ്രതിബദ്ധത
9823 Bustleton Ave, Philadelphia, PA 19115
215-464-8253
www.GTEtravels.com
(833) 8 GLOBAL
★★ 13 വർഷത്തെ സേവന പരിചയം – നിങ്ങളുടെ യാത്ര, ഞങ്ങളുടെ കരുതൽ ★★

# ആ ചായ പി എസ് സി ചെയർമാൻ കുടിക്കണ്ട




(ഒന്നാം പേജ് തുടർച്ച)

സർക്കാർ മാറി യുഡിഎഫ് സർക്കാർ അധികാരത്തിൽ എത്തിയെങ്കിലും ഗവർണർ പല വിഷയങ്ങളിലും ഇപ്പോഴും സ്ട്രോങ്ങ് തന്നെയാണ്. ഇക്കഴിഞ്ഞ സ്വാതന്ത്ര്യ ദിനാഘോഷത്തോട് അനുബന്ധിച്ച് നടത്തിയ അറ്റ്ഹോം പരിപാടിയിൽ നിന്ന് പിഎസ്സി ചെയർമാനെ ഒഴിവാക്കി ലോക്ഭവൻ പുതിയ വിവാദങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട് . പിഎസ്സി അംഗങ്ങളെയും ഗവർണറുടെ ചായ സൽക്കാരത്തിന് ക്ഷണിച്ചില്ല. പരീക്ഷാ ക്രമക്കേടിന്റെ പശ്ചാത്തലത്തിലാണ് ഈ മാറ്റിനിർത്തൽ. പിഎസ്സി ചെയർമാനെ അറ്റ്ഹോം പരിപാടിയിൽ നിന്നും ഇതാദ്യമായാണ് മാറ്റിനിർത്തുന്നത്.

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വൈകിട്ടാണ് ലോക്ഭവനിൽ അറ്റ്ഹോം എന്ന പേരിൽ ചായ സൽക്കാരം സംഘടിപ്പിക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, എംഎൽഎമാർ, പിഎസ്സി ചെയർമാൻ, പിഎസ്സി അംഗങ്ങൾ, മുതിർന്ന ഉദ്യോഗസ്ഥർ, മതമേലധികാരിമാർ അടക്കമുള്ളവരെ ചടങ്ങിലേക്ക് ക്ഷണിക്കാറുണ്ട്. എന്നാൽ ശനിയാഴ്ച നടന്ന പരിപാടിയിലേക്ക് പിഎസ്സി ചെയർമാനെയോ അംഗങ്ങളെയോ ക്ഷണിച്ചില്ല. ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ, വി മുരളീധരൻ എംഎൽഎ, തിരുവനന്തപുരം മേയർ വി വി രാജേഷ്, ബി ബി ഗോപകുമാർ എംഎൽഎ, ബിജെപി നേതാവ് കുമ്മനം രാജശേഖരൻ അടക്കമുള്ളവർ ചടങ്ങിൽ പങ്കെടുത്തു. പിഎസ്സി പരീക്ഷാക്രമക്കേട് വൻ വിവാദമായ സാഹചര്യത്തിലാണ് ലോക്ഭവൻ ചെയർമാനെ അടക്കം മാറ്റി നിർത്തിയത്.

പിഎസ്സി പരീക്ഷാ ക്രമക്കേടിൽ ചെയർമാൻ എം ആർ ബൈജു അടക്കം ആരോപണവിധേയനാണ്. പരീക്ഷാ ക്രമക്കേടിൽ ചെയർമാനെതിരെ പ്രത്യേക അന്വേഷണ സംഘത്തിന് പരാതികൾ ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എം ആർ ബൈജുവിനെതിരെയും അന്വേഷണം നടത്താനാണ് എസ്ഐടിയുടെ തീരുമാനം. തെളിവുകൾ ശേഖരിക്കാനുള്ള പ്രാഥമിക അന്വേഷണമാണ് നിലവിൽ നടക്കുന്നത്. പരാതികളിൽ കഴമ്പുണ്ടെന്ന് കണ്ടാൽ തുടരന്വേഷണവും ചോദ്യം ചെയ്യലുമുണ്ടായിരിക്കും..

കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡിലെ 'ചീഫ് (ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാസ്ട്രക്ചർ)' തസ്തികയിലേക്ക് നടന്ന നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ വലിയ തോതിലുള്ള ക്രമക്കേടുകൾ നടന്നുവെന്നതാണ് പിഎസ്സിയെ പ്രതിക്കൂട്ടിൽ ആക്കിയിരിക്കുന്ന പ്രധാന ആരോപണം.

പരീക്ഷയുടെ മൂല്യനിർണ്ണയ പ്രക്രിയയിൽ അട്ടിമറി നടന്നതായി പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്. ഐജി അജിത ബീഗത്തിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് ഈ കേസ് അന്വേഷിക്കുന്നത്. പിഎസ്സി ആസ്ഥാനത്ത് പരിശോധനകൾ നടത്തുകയും കമ്പ്യൂട്ടറുകളും ഔദ്യോഗിക രേഖകളും ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്..

ഈ തസ്തികയിലേക്കുള്ള അഭിമുഖം നടത്തിയ ബോർഡ് അംഗങ്ങളിൽ ചെയർമാനും ഉൾപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ചെയർമാനെയും മറ്റ് രണ്ട് അംഗങ്ങളെയും ചോദ്യം ചെയ്യാൻ അന്വേഷണ സംഘം തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഇവർക്ക് ഉടൻ നോട്ടീസ് നൽകുമെന്നും റിപ്പോർട്ടുകളുണ്ട്.

പിഎസ്സിയിലെ ക്രമക്കേടുകളെക്കുറിച്ച് വളരെ ഗൗരവമായ അന്വേഷണമാണ് നടക്കുന്നതെന്നും, അന്വേഷണം പൂർത്തിയായ ശേഷം തുടർനടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ വ്യക്തമാക്കിയിട്ടുണ്ട്.. നിയമന പ്രക്രിയ അട്ടിമറിക്കാനും പ്രിയപ്പെട്ട ഉദ്യോഗാർത്ഥിക്ക് അനുകൂലമായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാനും പിഎസ്സിയിലെ ഉന്നതർ ഗൂഢാലോചന നടത്തിയെന്ന സംശയത്തിലാണ് പ്രത്യേക അന്വേഷണ സംഘം നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നത്..

ഇങ്ങനെ സംശയമുനയിൽ പി എസ് സി അധികാരികൾ നിൽക്കുന്ന സാഹചര്യത്തിലാണ് ഗവർണർ തന്റെ അറ്റ് ഹോം പരിപാടിയിലേക്ക് ഇവരെ ആരെയും ക്ഷണിക്കാതിരുന്നത്.

ആരോപണവിധേയരായ ഉദ്യോഗസ്ഥരെയും ഭരണഘടനാ പദവികൾ വഹിക്കുന്നവരെയും ഗവർണറുടെ ഔദ്യോഗിക വിരുന്നുകളിൽ നിന്നോ പരിപാടികളിൽ നിന്നോ ഒഴിവാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന പ്രത്യേക പ്രോട്ടോക്കോൾ നിയമങ്ങളോ ചട്ടങ്ങളോ നിലവിലില്ല എന്ന് പറയപ്പെടുന്നു. ഔദ്യോഗിക പ്രോട്ടോക്കോളിൽ ഇത്തരത്തിൽ മാറ്റിനിർത്താൻ പ്രത്യേക നിയമമില്ലെങ്കിലും, ഗുരുതരമായ ആരോപണങ്ങൾ നേരിടുകയോ വലിയ പൊതുവിവാദങ്ങളിൽ ഉൾപ്പെടുകയോ ചെയ്യുമ്പോൾ സർക്കാരിന്റെയോ രാജ്ഭവന്റെയോ വിവേചനാധികാരത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഒഴിവാക്കലുകൾ ഉണ്ടാകാറുണ്ട്. ഇത് നിയമപരമായ ചട്ടങ്ങളുടെ ലംഘനത്തേക്കാൾ ഉപരിയായി, ധാർമ്മികതയുടെയോ ഭരണപരമായ മുൻകരുതലുകളുടെയോ ഭാഗമായി സ്വീകരിക്കപ്പെടുന്ന നടപടിയായാണ് വിലയിരുത്തപ്പെടാറുള്ളത്.

ഭരണഘടനാ സ്ഥാപനമായ പിഎസ്സിയുടെ തലപ്പത്തിരിക്കുന്ന ഒരു ചെയർമാനെയും മുഴുവൻ അംഗങ്ങളെയും ഔദ്യോഗിക ആഘോഷങ്ങളിൽ നിന്നും രാജ്ഭവൻ (ലോക്ഭവൻ) തങ്ങളുടെ അതിഥി പട്ടികയിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കുന്നത് മുൻപ് ഉണ്ടായിട്ടില്ല.

# ട്രംപിന്റെ പദ്ധതി ഇസ്രയേൽ നിരസിക്കുമ്പോൾ....

**ന്യൂയോർക്ക്:** സമാധാനം പുലരണം എന്ന് ആഗ്രഹത്തോടെ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് മുന്നോട്ടുവച്ച ഗാസ സമാധാനത്തിനുള്ള പദ്ധതി ഇസ്രായേൽ നിരസിക്കുമ്പോൾ സമാധാനം അവർ ആഗ്രഹിക്കുന്നില്ലേ എന്ന ചോദ്യമാണ് ഉയരുന്നത്. ലോകരാഷ്ട്രങ്ങൾ പലരും ഇസ്രായേലിന്റെ ഈ നെഗറ്റീവ് നടപടിക്കെതിരെ ശക്തമായി പരസ്യമായി രംഗത്ത് വന്നിട്ടുണ്ട്. ഗാസ സമാധാനത്തിനുള്ള ട്രംപിന്റെ പദ്ധതി ഇസ്രയേൽ നിരസിച്ച നടപടിയിൽ യുഎഇ അടക്കമുള്ള രാജ്യങ്ങൾ അപലപിച്ചു. സമാധാനം നിലനിർത്താനുള്ള ശ്രമങ്ങളെ അട്ടിമറിക്കുന്നതാണ് ഇസ്രയേലിന്റെ നീക്കമെന്ന് അവർ വ്യക്തമാക്കി. യുഎൻ പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഈ സമാധാന പദ്ധതി തയ്യാറാക്കിയിരുന്നത്.

യുഎഇയ്ക്ക് പുറമേ തുർക്കി, ഈജിപ്ത്, ഇന്തോനേഷ്യ, ജോർദാൻ, പാകിസ്താൻ, ഖത്തർ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരാണ് പലസ്തീന്റെ സ്വതന്ത്ര രാഷ്ട്ര പദവിയെ നിരാകരിച്ചതിനെതിരെ സംയുക്ത പ്രസ്താവന പുറത്തിറക്കിയത്.

ഗാസയിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള പതിനഞ്ചോളം ആവശ്യങ്ങൾ അടങ്ങിയ പദ്ധതിയാണ് ഇസ്രയേൽ തള്ളിക്കളഞ്ഞത്. ഹമാസിനെ പൂർണമായും നിരായുധരാക്കാതെ സൈന്യത്തെ പിൻവലിക്കില്ലെന്നാണ് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു കാബിനറ്റിൽ വ്യക്തമാക്കിയത്. എന്നാൽ എല്ലാ ആക്രമണങ്ങളും അവസാനിപ്പിച്ച് സൈന്യത്തെ പൂർണമായി പിൻവലിക്കണമെന്നാണ് ഹമാസിന്റെ നിലപാട്. കഴിഞ്ഞ വർഷം സെപ്തംബറിലാണ് ട്രംപ് ഈ സമാധാന കരാർ പ്രഖ്യാപിച്ചത്.




SAMC360
Local Service, Global Expertise
SERVICES
Property Monitoring
Leasing / Renting
CCTV, Solar
Maintenance
Sale & Purchase
AC, Inverter & UPS
Cleaning
Security
Pest Control
Construction, Renovation, Redesigning & Interior Designing
Legal
Disinfectant
Loan & Insurance
Gardening / Farming
Packaging and Moving
We manage all aspects of your property - end to end - ensuring that you receive the best professional service available and your investment is firing on all cylinders.
All services are provided in the state of Kerala, India
SAMC360
INDIA
SAMC360 Solutions Pvt Ltd.
49/2097A, 1st Floor,
Harigeetham, Vyttila,
Cochin, Kerala - 682019
India
USA
95, Broadway,
Suite #2
Town Center Building
Hicksville, New York,
11801, USA
DUBAI
Geobel Services LLC
304, Emitac Building,
Garhoud, P.O. Box: 36805,
Dubai, UAE
Tel: +97142832830
CONNECT WITH US:
+1 (551) 217-3360
+1 (360) 973-7360
+91 9745999360, 9745887360
+91 9745667360, 9745557360
www.samc360.com



# പൂക്കളും നൊമ്പരങ്ങളും: ഓർമ്മകളിലെ നഷ്ടപ്പെടാത്തൊരു ഓണം

**മുറ്റത്ത് ചാണകം മെഴുകിയൊരുക്കിയ വൃത്തിയായ തറയിൽ, അമ്മയോടൊപ്പം വട്ടത്തിൽ പൂക്കളം തീർത്തിരുന്ന ആ നിമിഷങ്ങൾ...**

**കാ**ലം എത്ര വേഗമാണ് കടന്നുപോകുന്നത്! മലയാളിയുടെ ചുണ്ടുകളിൽ ഒരു ചിരിയും മനസ്സിൽ ഒരിത്തിരി നൊമ്പരവുമായി വീണ്ടുമൊരു ചിങ്ങം കൂടി പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു. തിരക്കുകളുടെയും നെട്ടോട്ടങ്ങളുടെയും ലോകത്തിരുന്ന് ഓർമ്മകളുടെ പെട്ടി തുറക്കുമ്പോൾ, മനസ്സ് അറിയാതെ ഓടിയെത്തുക അന്ന് നമ്മൾ ജീവിച്ചിരുന്ന ആ പഴയ ഗ്രാമഭൂമിയിലേക്കാണ്. ഇന്നത്തെ ഓണക്കാഴ്ചകളിൽ നിന്നും എത്രയോ വ്യത്യസ്തമായിരുന്നു അന്ന് നമ്മുടേതായ ആ ചെറിയ ലോകം!

## പൂവള്ളികളും കുട്ടിക്കാല കൂട്ടുകാരും

അത്തച്ചാർത്ത് തുടങ്ങുന്നത് സ്കൂൾ പൂമുഖങ്ങളിൽ നിന്നോ സിറ്റിയിലെ അപ്പാർട്ട്മെന്റുകളിലെ ബാൽക്കണിയിൽ നിന്നോ അല്ല, മറിച്ച് വീടിന് തൊട്ടടുത്തുള്ള വഴിയോരങ്ങളിൽ നിന്നും കുറ്റിക്കാടുകളിൽ നിന്നുമായിരുന്നു. തുമ്പയും തുളസിയും മുക്കുറ്റിയും കാക്കപ്പൂവും തേടിപ്പറിച്ച ആ ബാല്യകാലം ഇന്നെവിടെയോ മാഞ്ഞുപോയിരിക്കുന്നു. കാൽപ്പാടുകൾ പതിയുന്നിടത്തെല്ലാം ഒരുപിടി തുമ്പപ്പൂക്കൾ ബാക്കിവെച്ച്, മാമ്പൂക്കളുടെ മണമുള്ള ആ നാടൻ വഴികളിലൂടെയുള്ള നടത്തം... അതൊരു വലിയ ആഘോഷം തന്നെയായിരുന്നു. അന്നൊക്കെ ഓണം വരുന്നത് കലണ്ടറിലെ തീയതി നോക്കിയായിരുന്നില്ല, മറിച്ച് പൂക്കളുടെ ഗന്ധമറിഞ്ഞും ആകാശത്തിന്റെ നീലിമ കണ്ടുമായിരുന്നു.

മുറ്റത്ത് ചാണകം മെഴുകിയൊരുക്കിയ വൃത്തിയായ തറയിൽ, അമ്മയോടൊപ്പം വട്ടത്തിൽ പൂക്കളം തീർത്തിരുന്ന ആ നിമിഷങ്ങൾ... ഇന്നത്തെ പ്ലാസ്റ്റിക് പൂക്കളുടെയും വാങ്ങിക്കൂട്ടിയ വർണ്ണക്കാഴ്ചകളുടെയും കാലത്ത് ആ തനിമയുടെ ഗന്ധം നഷ്ടപ്പെടുന്നു എന്നത് വലിയൊരു ശൂന്യതയാണ്. ഓരോ പൂവിലും സ്വന്തം കൈയൊപ്പ് പതിപ്പിച്ച്, വലിപ്പക്കൂടുതൽ നോക്കി കൊമ്പൻതുമ്പകൾ തിരഞ്ഞുവെച്ച ആ ദിവസങ്ങൾ ഒരു സിനിമാക്കഥ പോലെ മനസ്സിൽ തെളിയുന്നു.

## പുതുമണമുള്ള കോടിയുടുപ്പും ഒരുമയുടെ സദ്യയും

ഓണക്കോടിയുടെ മണം ഇന്നും ചില ഓർമ്മകളിൽ ബാക്കിയുണ്ട്. മാസം മുൻപേ അച്ഛൻ വാങ്ങി അലമാരയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ച ആ പുതിയ വസ്ത്രത്തിന്റെ മണം. ഓണനാളിൽ പുലർച്ചെ ഉണർന്ന്, പുതിയ വസ്ത്രങ്ങൾ അണിഞ്ഞ് , കണ്ണാടിയിൽ നോക്കി ചിരിച്ച ആ അപൂർവ്വ നിമിഷം. ഇന്നത്തെ ബ്രാൻഡഡ് വസ്ത്രങ്ങളുടെ ആഡംബരത്തേക്കാൾ എത്രയോ മുകളിലായിരുന്നു അന്നത്തെ ആ കോടിയുടുപ്പിന്റെ പരിമളം.

ഉച്ചസമയത്തെ ഓണസദ്യയ്ക്കും ഒരുകാലത്ത് വല്ലാത്തൊരു പ്രത്യേകതയുണ്ടായിരുന്നു. വാഴയിലയിൽ ചോറും പരിപ്പും സാമ്പാറും പായസവും വിളമ്പി, കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ച് നിലത്തിരുന്ന് കഴിച്ച ആ സ്നേഹത്തിന്റെ രുചി. അന്നത്തെ കാലത്ത് അയൽപക്കങ്ങളിലേക്ക് സദ്യ പങ്കുവെക്കുന്ന ഒരു പതിവുണ്ടായിരുന്നു. 'ഇത് ഞങ്ങളുടെ വീട്ടിലെ പായസമാണ്, ഒന്ന് രുചിച്ചു നോക്കൂ' എന്ന് പറഞ്ഞ് അയൽപക്കത്തേക്ക് കൊടുത്തുവിട്ട ആ സ്നേഹപ്പൊതികളിൽ ഒരുകാലത്ത് മനുഷ്യർ തമ്മിലുള്ള വലിയൊരു ബന്ധമുണ്ടായിരുന്നു.

## നഷ്ടപ്പെടുന്ന ഗ്രാമഗന്ധം

ഇന്ന് നാടുകൾ മാറി, വീടുകൾ കോൺക്രീറ്റ് പെട്ടികളായി ചുരുങ്ങി, മനുഷ്യർ തമ്മിലുള്ള അകലം കൂടിയിരിക്കുന്നു. എങ്കിലും, മനസ്സിലെവിടെയോ ആ പഴയ ഓണത്തിന്റെ ബാക്കിപത്രങ്ങൾ ഇന്നും ഉറങ്ങിക്കിടപ്പുണ്ട്. തിരക്കുകൾക്കിടയിൽ നഷ്ടപ്പെട്ടുപോയ ആ ഗ്രാമഭംഗിയെയും കുളിർമയെയും നമുക്ക് ഒരിക്കൽ കൂടി തിരിച്ചുപിടിക്കാം.

ഈ ഓണക്കാലത്ത്, വാട്സാപ്പ് സന്ദേശങ്ങൾക്കും ഡിജിറ്റൽ പൂക്കളങ്ങൾക്കുമപ്പുറം, അല്പം പഴയകാല സ്നേഹം പങ്കുവെക്കാം. പരസ്പരം മിണ്ടിയും ചിരിച്ചും, നഷ്ടപ്പെട്ടുപോയ ഗ്രാമപ്പഴമയുടെ ഗന്ധം ചുറ്റുമുള്ളവരിലേക്ക് പടർത്താം.

നന്മയും സ്നേഹവും സമൃദ്ധിയും നിറഞ്ഞ ഒരു പൊന്നോണം ഓരോ മലയാളിയുടെയും ഹൃദയത്തിൽ പൂത്തുവിടരട്ടെ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ!





# JOE SCIANABLO
## for HEMPSTEAD TOWN SUPERVISOR



**A PROVEN PUBLIC SERVANT**
**MARINE COMBAT VETERAN**
**RETIRED NYPD OFFICER**
**FORMER PROSECUTOR**
**LIFELONG ADVOCATE FOR ACCOUNTABILITY & PUBLIC SAFETY**

**JOE WILL:**

- RESTORE THE BUDGET
- BRING TRANSPARENCY & ETHICS REFORM
- MODERNIZE ROADS AND SNOW REMOVAL
- ENGAGE ALL PARTS OF THE COMMUNITY
- SEEK RESULTS THROUGH PARTNERSHIPS
- FIGHT HATE IN ALL FORMS CREATING SAFETY FOR ALL RESIDENTS

# NO COMMUNITY LEFT BEHIND!

**SUPPORT THOSE WHO SERVE THE PEOPLE, NOT THOSE WHO EXPECT TO BE SERVED.**

***WWW.JOEFORTOWNOFHEMPSTEAD***

IMAGE OF MILITARY UNIFORM DOES NOT REFLECT ENDORSEMENT BY THE US MARINE CORP OR DOJ

*PAID FOR BY JOE FOR HEMPSTEAD SUPERVISOR*


JIJI KURIAN
NYS LICENSED
REAL ESTATE AGENT
HONEST ADVICE. LOCAL EXPERTISE. REAL RESULTS.
M: (518) 986 7979
realtyalbany@gmail.com
Jannah Realty LLC
771 Waldens Pond Rd,
Albany, NY-12203
WILL DO BUSINESS
ANYWHERE
IN NEW YORK STATE!
SERVICES I PROVIDE
SOLD
BUYING
Find the perfect home for you.
SELLING
Get top value for your property.
INVESTING
Smart investments. Stronger future.
RENTALS
Find or list rental properties.
PROPERTY MANAGEMENT
Professional care. Peace of mind.
LOCAL EXPERTISE STATEWIDE REACH
Serving all of New York State.
EQUAL HOUSING OPPORTUNITY
REALTOR®
MLS
MULTIPLE LISTING SERVICE
Your Trust, My Commitment!
— I'M HERE TO HELP YOU FIND YOUR DREAM HOME —
✓ INTEGRITY
✓ DEDICATION
✓ EXPERTISE
✓ RESULTS
SERVING ALL OF NEW YORK STATE

# പി എസ് സി അഥവാ പേഴ്സണൽ സർവീസ് കമ്മീഷൻ അഥവാ വേണ്ടപ്പെട്ടവർക്കുള്ള പിഎസ് സി

**തിരുവനന്തപുരം:** സ്വന്തക്കാർക്കും വേണ്ടപ്പെട്ടവർക്കും മാത്രം സേവനം സ്ഥാപനം എന്ന പേര് കേരള പി എസ് സി ക്ക് കിട്ടിയിട്ട് കാലം കുറച്ചായി. കേരള പബ്ലിക് സർവീസ് കമ്മീഷൻ ഇപ്പോൾ കേരള പേഴ്സണൽ സർവീസ് കമ്മീഷൻ ആയി എന്ന് നിരവധി ഉദ്യോഗാർത്ഥികൾ പറയുന്നുണ്ട്. ഓരോ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുന്ന പി എസ് സി യുടെ കെടുകാര്യസ്ഥതയും വേണ്ടപ്പെട്ടവരുടെ താല്പര്യങ്ങൾക്ക് വേണ്ടിയുള്ള തട്ടിപ്പുകളും പി എസ് സി യുടെ വിശ്വാസതയ്ക്ക് സൃഷ്ടിച്ച കോട്ടം ചെറുതല്ല.

കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്തുകൊണ്ട് വലിയ ചർച്ചകളും വിവാദങ്ങളും ആണ് അടുത്തിടെയായി ഉയർന്നു വന്നിട്ടുള്ളത്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ കഠിനാധ്വാനത്തിന്റെയും പ്രതീക്ഷകളുടെയും കേന്ദ്രമായ ഈ സ്ഥാപനത്തിന്റെ നിഷ്പക്ഷതയും സുതാര്യതയും സംശയനിഴലിലായ സംഭവങ്ങൾ ഒന്നിനുപുറകെ ഒന്നായി പെരുകുന്നത് പിഎസ്സി പഠനത്തിനുവേണ്ടി ജീവിതം ഒഴിഞ്ഞുവെച്ച തലമുറയെയും വരാനിരിക്കുന്ന തലമുറകളെയും ഒരുപോലെ ബാധിക്കുന്നതാണ്.

ഏറ്റവുമൊടുവിൽ പ്ലാനിങ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട പരീക്ഷകളിൽ വലിയ ക്രമക്കേടുകൾ പുറത്തുവന്നത് പി.എസ്.സിയുടെ പ്രവർത്തനങ്ങളെ പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുകയാണ് . ഉദ്യോഗാർത്ഥികൾ വിവരാവകാശ നിയമപ്രകാരം ഉത്തരക്കടലാസുകൾ പരിശോധിച്ചപ്പോഴാണ് ഉത്തരങ്ങൾ മൂല്യനിർണയം ചെയ്യാതെ മാറ്റിനിർത്തിയത് ശ്രദ്ധയിൽപ്പെട്ടത്. ഇത് റാങ്ക് ലിസ്റ്റുകളുടെയും നിയമനങ്ങളുടെയും സുതാര്യതയെക്കുറിച്ചുള്ള ആശങ്കകൾക്ക് ആക്കം കൂട്ടി.

ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുമ്പോൾ കൃത്യസമയത്ത് സ്കാൻ ചെയ്ത ഉത്തരക്കടലാസുകളോ വിവരങ്ങളോ ലഭ്യമാക്കാതെ മാസങ്ങളോളം വൈകിപ്പിക്കുന്ന നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നു എന്ന ആക്ഷേപം ശക്തമാണ്. ഇത് തെറ്റുകൾ മൂടിവെക്കാനുള്ള ശ്രമമാണോ എന്ന സംശയത്തിന് ഇടയാക്കിയിട്ടുണ്ട്. ഉയർന്ന പദവികളിലേക്കുള്ള നിയമനങ്ങളിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നുണ്ടെന്ന തരത്തിലുള്ള ആരോപണങ്ങളും പ്രതിപക്ഷ സംഘടനകളുടെ പ്രതിഷേധങ്ങളും പി.എസ്.സിയുടെ വിശ്വാസ്യതയ്ക്ക് വലിയ ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണത്തിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ഗൂഢാലോചനകൾ നടന്നിട്ടുണ്ടെന്ന സൂചനകളും പുറത്തുവരുന്നുണ്ട്.


വർഷങ്ങളോളം ഊണും ഉറക്കവും ഉപേക്ഷിച്ച് കിട്ടിയ താൽക്കാലിക സ്വകാര്യ ജോലികൾ പോലും വേണ്ടെന്ന് വെച്ച് കുടുംബത്തിലെ പ്രധാനപ്പെട്ട ചടങ്ങുകൾക്ക് പോലും എത്താൻ കഴിയാതെ ഏതുനേരവും പുസ്തക പുഴുക്കൾ ആയിരുന്ന് രാപ്പകൽ ഭേദമില്ലാതെ പഠിച്ചുകൂട്ടിയ

കഷ്ടപ്പെട്ട് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ലക്ഷക്കണക്കിന് സാധാരണക്കാരായ ഉദ്യോഗാർത്ഥികളുടെ ആത്മവീര്യത്തെ തകർക്കുന്നതാണ് ഇത്തരം വിവാദങ്ങൾ. പി.എസ്.സി പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളിൽ പിഴവുകൾ ഉണ്ടാകുന്നത് നീതിപൂർവ്വമായ അവസരങ്ങൾ നിഷേധിക്കപ്പെടുമെന്ന ഭയം യുവതലമുറയിൽ ഉണ്ടാക്കുന്നു. എന്തിനുവേണ്ടി ഇത്ര കഷ്ടപ്പെട്ട് പി എസ് സി എഴുതണമെന്ന ചിന്ത വരാൻ പോകുന്ന തലമുറയിൽ വേരുറയ്ക്കാൻ ഈ വിവാദങ്ങളും അഴിമതികളും വേണ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള ഒത്താശകളും വഴിയൊരുക്കും. ഈ സംഭവവികാസങ്ങൾ കേരളത്തിലെ പൊതുസമൂഹത്തിലും ഉദ്യോഗാർത്ഥികൾക്കിടയിലും പി.എസ്.സിയുടെ നിഷ്പക്ഷതയെക്കുറിച്ചുള്ള കടുത്ത ആശങ്കകളാണ് സൃഷ്ടിച്ചിരിക്കുന്നത്. കേരള പബ്ലിക് സർവീസ് കമ്മീഷൻ ഇതാദ്യമായല്ല എല്ലാ വിവാദങ്ങളിലും അഴിമതി ആരോപണങ്ങളിലും പെടുന്നത്. പലപ്പോഴായി വിവിധ വിവാദങ്ങളിലും പ്രതിസന്ധികളിലും കേരള പി എസ് സി പെട്ടിട്ടുണ്ട്..

പി.എസ്.സി നടത്തിയ ആംഡ് പോലീസ് കോൺസ്റ്റബിൾ പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ ഇടംനേടിയ ഉദ്യോഗാർത്ഥികൾ ഹൈടെക് കോപ്പിയടി നടത്തി തട്ടിപ്പ് കാട്ടിയത് വലിയ രാഷ്ട്രീയ വിവാദങ്ങൾക്കും കോലാഹലങ്ങൾക്കും വഴിവെച്ചിരുന്നു. മൊബൈൽ ഫോണുകൾ വഴിയും എസ്.എം.എസ് സന്ദേശങ്ങൾ വഴിയുമാണ് ഇവർ ഉത്തരങ്ങൾ ചോർത്തിയത്. ഇത് കേരളത്തിൽ വലിയ രാഷ്ട്രീയ ചർച്ചകൾക്കും ഉദ്യോഗാർത്ഥികളുടെ പ്രതിഷേധങ്ങൾക്കും കാരണമായിരുന്നു.

വ്യാജ അപ്പോയിന്റ്മെന്റ് ഓർഡർ തട്ടിപ്പ് മറ്റൊരു വിവാദമായിരുന്നു. പി.എസ്.സി നിയമന ഉത്തരവുകൾ വ്യാജമായി നിർമ്മിച്ച് ഉദ്യോഗാർത്ഥികൾക്ക് നൽകി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത കേസുകൾ മുൻകാലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥരുടെയും ഇടനിലക്കാരുടെയും സഹായത്തോടെ നടന്ന ഇത്തരം സംഭവങ്ങൾ പി.എസ്.സിയുടെ യശസ്സിനെ ബാധിച്ചു.

പി.എസ്.സി അംഗങ്ങളുടെ നിയമനവും കോഴ ആരോപണങ്ങളും പലപ്പോഴും ഉണ്ടാകാറുണ്ട്. പി.എസ്.സിയിലേക്ക് രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന നോമിനേഷനുകളിലും അംഗങ്ങളുടെ നിയമനങ്ങളിലും ഉയർന്ന പദവികൾക്കായി കോഴ വാങ്ങുന്നുണ്ടെന്ന തരത്തിലുള്ള ആരോപണങ്ങൾ പലതവണ ഉയർന്നിട്ടുണ്ട്. ഭരണപക്ഷ-പ്രതിപക്ഷ മുന്നണികളുടെ കാലഘട്ടങ്ങളിൽ ഈ വിഷയം രാഷ്ട്രീയമായി വലിയ ചർച്ചയായിട്ടുണ്ട്.




ചോദ്യപേപ്പർ ചോർച്ചയും പരീക്ഷാ റദ്ദാക്കലുകളും കേരള പി എസ് സി പരീക്ഷ നടത്തിപ്പിൽ പതിവ് സംഭവമായി മാറി.

ചില പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്നതുമായി ബന്ധപ്പെട്ടും സബ് ഇൻസ്പെക്ടർ അടക്കമുള്ള റാങ്ക് ലിസ്റ്റുകൾ റദ്ദാക്കേണ്ടി വന്നതും ഉദ്യോഗാർത്ഥികൾക്കിടയിൽ ആശങ്ക സൃഷ്ടിച്ചിരുന്നു. പ്ലാനിങ് ബോർഡ് പരീക്ഷാ മൂല്യനിർണയത്തിലെ അട്ടിമറിയാണ് ഇപ്പോൾ പി എസ് സിയുടെ മാറ്റ് കുറച്ചിരിക്കുന്നത്.

സ്റ്റേറ്റ് പ്ലാനിങ് ബോർഡ് നിയമനവുമായി ബന്ധപ്പെട്ട പരീക്ഷയിൽ 228 ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകളിൽ വിവരണം നൽകേണ്ട വലിയ ചോദ്യങ്ങൾ (58 മാർക്കോളം) മൂല്യനിർണയം ചെയ്യാതെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് വലിയ വിവാദമായി. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടക്കുകയാണ്.

കമ്പനികൾ/കോർപ്പറേഷനുകൾ എന്നിവയിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് പ്രാഥമിക പരീക്ഷയ്ക്കിടെ ആലപ്പുഴയിലെ ഒരു കേന്ദ്രത്തിൽ രാവിലത്തെ പരീക്ഷയ്ക്ക് ഉച്ചയ്ക്കത്തെ ചോദ്യപേപ്പർ മാറി നൽകിയ ഗുരുതര വീഴ്ചയുണ്ടായി. തുടർന്ന് ഈ പരീക്ഷ റദ്ദാക്കേണ്ടി വന്നു. ഉദ്യോഗാർത്ഥികൾക്കിടയിൽ കടുത്ത അമർഷം ഉണ്ടാക്കിയ ഈ സംഭവം പി.എസ്.സിയുടെ ഭരണപരമായ അശ്രദ്ധയുടെ ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പരീക്ഷാ മൂല്യനിർണയവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ സമയബന്ധിതമായി നൽകാതെ മറച്ചുവെക്കാൻ ശ്രമിച്ചതും, പിന്നീട് സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷന്റെ കർശന ഉത്തരവിനെ തുടർന്ന് പുറത്തുവിടേണ്ടി വന്നതും കമ്മീഷന്റെ സുതാര്യതയെ ചോദ്യം ചെയ്തു.. ഫോറസ്റ്റ് ബീറ്റ് ഓഫീസർ പരീക്ഷാ വേളയിലും മറ്റും ബ്ലൂടൂത്ത് ഉപകരണങ്ങളും ആധുനിക ഗാഡ്ജെറ്റുകളും ഉപയോഗിച്ച് കോപ്പിയടിക്കാൻ ശ്രമിച്ച ഉദ്യോഗാർത്ഥികൾ അറസ്റ്റിലായത് പരീക്ഷാ നടത്തിപ്പിലെ സുരക്ഷാ വീഴ്ചകളിലേക്ക് വിരൽ ചൂണ്ടുന്നു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉൾപ്പെടെയുള്ള പ്രധാന പരീക്ഷകളിലെ ക്രമക്കേട് ആരോപണങ്ങളും ഇപ്പോൾ അന്വേഷണ പരിധിയിലാണ്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും വിവാദങ്ങളും വീഴ്ചകളും ആവർത്തിക്കപ്പെടുന്നുണ്ടെങ്കിലും, കേരളത്തിലെ യുവതലമുറയ്ക്ക് പി.എസ്.സി പരീക്ഷകളോടും സർക്കാർ ജോലിയോടുമുള്ള ആഭിമുഖ്യം കുറഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

സുരക്ഷിതമായ തൊഴിൽ ഭാവി തന്നെയാണ് ഇപ്പോഴും പി എസ് സി പരീക്ഷയുടെ ഡിമാൻഡ് വർദ്ധിപ്പിച്ചു നിർത്തുന്നത് കേരളത്തിലെ തൊഴിലില്ലായ്മയും മറ്റ് മേഖലകളിലെ അനിശ്ചിതത്വങ്ങളും കണക്കിലെടുക്കുമ്പോൾ, സർക്കാർ ജോലിക്കുള്ള സ്ഥിരതയും വേതനവും പെൻഷൻ ആനുകൂല്യങ്ങളും യുവതലമുറയെ ഇപ്പോഴും ശക്തമായി ആകർഷിക്കുന്നുണ്ട്.

ലക്ഷക്കണക്കിന് അപേക്ഷകരാണ് എൽ.ഡി.സി , എൽ.ജി.എസ് , ഡിഗ്രി ലെവൽ പരീക്ഷകൾ എന്നിവക്കെല്ലാം പതിനായിരക്കണക്കിന് ഒഴിവുകൾ വരുമ്പോൾ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളാണ് കേരളത്തിൽ ഇപ്പോഴും അപേക്ഷ സമർപ്പിക്കുന്നത്. കോച്ചിംഗ് സെന്ററുകളിലെയും ഓൺലൈൻ പഠന പ്ലാറ്റ്ഫോമുകളിലെയും തിരക്ക് ഇതിന് തെളിവാണ്.

ആത്മവിശ്വാസക്കുറവ് ഭരണസംവിധാനത്തോടാണ്, മോഹത്തോടല്ല എന്ന് ഓരോ പിഎസ്സി പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥിയും പറയുന്നു

പി.എസ്.സിയുടെ സുതാര്യതയില്ലായ്മയും ഉദ്യോഗസ്ഥരുടെ വീഴ്ചകളും ഉദ്യോഗാർത്ഥികളിൽ കടുത്ത നിരാശയും അമർഷവും ഉണ്ടാക്കുന്നുണ്ടെങ്കിലും, അതൊരുതരം പ്രതിഷേധ മനസ്സിനാണ് വഴിവെക്കുന്നത് അല്ലാതെ സർക്കാർ ജോലി നേടണമെന്ന ലക്ഷ്യത്തിൽ നിന്നുള്ള പിൻമാറ്റത്തിനല്ല. തങ്ങളുടെ അവകാശങ്ങൾക്കായി നിയമപരമായും സമരങ്ങളിലൂടെയും പോരാടാൻ തന്നെയാണ് യുവജനങ്ങൾ തയ്യാറാകുന്നത്.

ചുരുക്കത്തിൽ, വിവാദങ്ങൾ സ്ഥാപനത്തിന്റെ വിശ്വാസ്യതയെ സാരമായി ബാധിച്ചിട്ടുണ്ടെങ്കിലും, കേരളത്തിലെ യുവജനങ്ങളുടെ സർക്കാർ ജോലി സ്വപ്നങ്ങളുടെ തിളക്കം കുറയ്ക്കാൻ അവയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കേരള പബ്ലിക് സർവീസ് കമ്മീഷനും ചില സ്വകാര്യ കോച്ചിംഗ് സെന്ററുകളും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ടുണ്ടെന്ന തരത്തിലുള്ള ആരോപണങ്ങളും സംശയങ്ങളും ഉദ്യോഗാർത്ഥികൾക്കിടയിലും രാഷ്ട്രീയ തലത്തിലും ശക്തമായി ഉയർന്നു വന്നിട്ടുണ്ട്.

മുൻകാലങ്ങളിൽ ചില പ്രധാന പരീക്ഷകളുടെ ചോദ്യപേപ്പറുകൾ സ്വകാര്യ കോച്ചിംഗ് സെന്ററുകൾ പുറത്തിറക്കിയ റാങ്ക് ഗൈഡുകളിൽ നിന്നോ മോഡൽ പരീക്ഷകളിൽ നിന്നോ അതേപടി ആവർത്തിക്കപ്പെട്ടു എന്ന ആരോപണം ഉയർന്നിട്ടുണ്ട്. ചില പരീക്ഷാ ചോദ്യങ്ങൾ മറ്റ് രാജ്യങ്ങളിലെ സിവിൽ സർവീസ് പരീക്ഷകളിൽ നിന്നോ പ്രമുഖ ഗൈഡുകളിൽ നിന്നോ കോപ്പിയടിച്ചതാണെന്ന തരത്തിലുള്ള ആക്ഷേപങ്ങളും ചർച്ചയായിരുന്നു. ഇത് ചോദ്യ നിർമ്മാണ ഘട്ടത്തിലെ സുരക്ഷിതത്വമില്ലായ്മയെയും കോച്ചിംഗ് സെന്ററുകളുമായുള്ള ഒത്തുകളിയെയും കുറിച്ച് സംശയങ്ങൾ ഉയർത്തി.

സെക്രട്ടേറിയറ്റിലെ ചില ഉദ്യോഗസ്ഥർക്കും പി.എസ്.സിയിലെ ചില ജീവനക്കാർക്കും പ്രമുഖ സ്വകാര്യ കോച്ചിംഗ് സെന്ററുകളുമായി രഹസ്യ ബന്ധമുണ്ടെന്നും, ഇവർ പരീക്ഷാ ചോദ്യങ്ങൾ ചോർത്തി നൽകാൻ സഹായിക്കുന്നുണ്ടെന്നും കാണിച്ച് വിജിലൻസിന് പരാതികൾ ലഭിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ ചില പ്രമുഖ പി.എസ്.സി കോച്ചിംഗ് സെന്ററുകളിൽ വിജിലൻസും ആന്റി കറപ്ഷൻ ബ്യൂറോയും നേരിട്ട് പരിശോധനകൾ നടത്തിയിരുന്നു. കോച്ചിംഗ് സെന്ററുകളുടെ നടത്തിപ്പുകാർക്ക് പി.എസ്.സി ചോദ്യപേപ്പർ നിർമ്മാണ വിഭാഗവുമായി ബന്ധമുള്ള ചിലരുമായി അടുത്ത ബന്ധമുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ റെയ്ഡുകൾ. വാട്സാപ്പ് ഗ്രൂപ്പുകൾ വഴി പരീക്ഷയ്ക്ക് മുൻപ് ചോദ്യങ്ങളും സൂചനകളും ചോർത്തി നൽകിയെന്ന തരത്തിലുള്ള ആരോപണങ്ങളും അന്വേഷണ പരിധിയിൽ വന്നിട്ടുണ്ട്.

ഔദ്യോഗികമായി പി.എസ്.സി ഇത്തരം കൂട്ടുകെട്ടുകളെ പൂർണ്ണമായും നിഷേധിക്കാറുണ്ടെങ്കിലും, ഇടയ്ക്കിടെ പുറത്തുവരുന്ന വിവാദങ്ങളും അന്വേഷണങ്ങളും ഉദ്യോഗാർത്ഥികളുടെ മനസ്സിൽ വലിയ തോതിൽ ആശങ്കയും അവിശ്വാസവും സൃഷ്ടിച്ചിട്ടുണ്ട്.

ചെയ്തു കൂട്ടിയ തെറ്റുകളും പിഴവുകളും ഇനിയും ആവർത്തിച്ചാൽ മുൻപ് പറഞ്ഞ പോലെ പേഴ്സണൽ സർവീസ് കമ്മീഷനായി പി എസ് സി കൂടുതൽ അധപ്പതിക്കും എന്നതിൽ സംശയവും വേണ്ട.

## It's not your standard funeral home... it's *the* standard in funeral homes.




When it comes to measuring levels of service, there are all the other funeral homes, and then there is ours. Come experience our unmatched commitment to excellence and comfortable surroundings and we think you'll agree.

**PARK FUNERAL CHAPELS**

Generations of Dignified Personal Service

2175 Jericho Turnpike • Garden City Park, NY 11040 • (516) 747-4300

# മൈഗ്രേൻ വന്നാൽ ചെയ്യേണ്ട പ്രതിവിധികൾ



മൈഗ്രേൻ സാധാരണ തലവേദന മാത്രമല്ല. ശക്തമായ, പലപ്പോഴും തുടിക്കുന്നതുപോലെയുള്ള തലവേദനയ്ക്കൊപ്പം ഓക്കാനം, ഛർദ്ദി, വെളിച്ചത്തോടും ശബ്ദത്തോടുമുള്ള അമിതസെൻസിറ്റിവിറ്റി തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ചിലരിൽ തലവേദനയ്ക്ക് മുമ്പ് കണ്ണിന് മുന്നിൽ മിന്നലോ വരകളോ കാണുക, കാഴ്ചയിൽ മാറ്റം, കൈകാലുകളിൽ തരിപ്പ് തുടങ്ങിയ ഓറ (അൗൃമ) ലക്ഷണങ്ങളും ഉണ്ടാകാം. ഒരു മൈഗ്രേൻ ആക്രമണം സാധാരണയായി 4 മുതൽ 72 മണിക്കൂർ വരെ നീണ്ടുനിൽക്കാം.

## മൈഗ്രേൻ വന്നാൽ ആദ്യം ചെയ്യേണ്ടത്

മൈഗ്രേൻ തുടങ്ങുന്നതായി തോന്നിയാൽ കഴിയുന്നത്ര നേരത്തെ തന്നെ വിശ്രമിക്കുന്നതാണ് പ്രധാനപ്പെട്ടത്. ശാന്തവും ഇരുണ്ടതുമായ മുറിയിൽ കിടക്കുകയോ ഇരിക്കുകയോ ചെയ്യാം. വെളിച്ചം, വലിയ ശബ്ദം, ശക്തമായ ഗന്ധം, മൊബൈൽ ഫോൺ-ടിവി സ്ക്രീൻ എന്നിവ ലക്ഷണങ്ങൾ വർധിപ്പിക്കുന്നുവെങ്കിൽ അവയിൽനിന്ന് മാറിനിൽക്കുക. നേരത്തെ ചികിത്സ ആരംഭിക്കുന്നത് ചിലരിൽ ആക്രമണത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായിക്കും.

### 1. ആവശ്യത്തിന് വെള്ളം കുടിക്കുക

ശരീരത്തിൽ ജലാംശം കുറയുന്നത് ചിലരിൽ തലവേദന വഷളാക്കാം. അതിനാൽ വെള്ളം ആവശ്യത്തിന് കുടിക്കുക. എന്നാൽ ഒരേസമയം വളരെ അധികം വെള്ളം കുടിക്കുന്നതിനുപകരം ഇടവിട്ട് കുടിക്കുന്നതാണ് നല്ലത്.



### 2. ഭക്ഷണം ഒഴിവാക്കരുത്

വിശപ്പും ഭക്ഷണം വൈകുന്നതും ചിലരിൽ മൈഗ്രേൻ ഉത്തേജിപ്പിക്കാം. മൈഗ്രേൻ വന്നാലും ഭക്ഷണം പൂർണമായി ഒഴിവാക്കരുത്. എളുപ്പം ദഹിക്കുന്ന ലഘു ഭക്ഷണം ചെറിയ അളവിൽ കഴിക്കാം. സ്ഥിരമായ ഭക്ഷണസമയം പാലിക്കുന്നതും മൈഗ്രേൻ നിയന്ത്രണത്തിന് സഹായകരമാണ്.

### 3. തണുത്ത കംപ്രസ് പരീക്ഷിക്കാം

നെറ്റിയിലോ തലയുടെ വേദനയുള്ള ഭാഗത്തോ തണുത്ത തുണി കുറച്ചുസമയം വയ്ക്കുന്നത് ചിലർക്ക് ആശ്വാസം നൽകാം. വളരെ തണുത്ത വസ്തു നേരിട്ട് ചർമ്മത്തിൽ വയ്ക്കാതെ തുണിയിൽ പൊതിഞ്ഞ് ഉപയോഗിക്കുക.

### 4. മരുന്നുകൾ ശരിയായ രീതിയിൽ ഉപയോഗിക്കുക

മൈഗ്രേൻ ആക്രമണം തുടങ്ങുമ്പോൾ ചിലർക്ക് ഡോക്ടർ നിർദേശിച്ച വേദനസംഹാരികളോ മൈഗ്രേൻ-പ്രത്യേക മരുന്നുകളോ സഹായകരമായേക്കാം. പാരസെറ്റമോൾ, ഐബുപ്രൊഫൻ തുടങ്ങിയ മരുന്നുകൾ ചിലർക്കു ഉപയോഗിക്കാമെങ്കിലും, എല്ലാവർക്കും ഇവ അനുയോജ്യമല്ല. വയറിലെ അൾസർ, വൃക്കരോഗം, ചില ഹൃദയസംബന്ധമായ പ്രശ്നങ്ങൾ, ഗർഭാവസ്ഥ തുടങ്ങിയ സാഹചര്യങ്ങളിൽ ചില മരുന്നുകൾ ഒഴിവാക്കേണ്ടിവരാം. അതിനാൽ സ്വയം പതിവായി മരുന്ന് കഴിക്കുന്നതിനു പകരം ഡോക്ടറുടെ നിർദേശം തേടുന്നതാണ് സുരക്ഷിതം.

മൈഗ്രേൻ കൂടുതൽ ശക്തമായിരിക്കുമ്പോൾ ട്രിപ്റ്റാൻ, ജെപന്റ് തുടങ്ങിയ പ്രത്യേക മരുന്നുകൾ ഡോക്ടർ നിർദേശിച്ചേക്കാം. ഓക്കാനവും ഛർദ്ദിയും കൂടുതലുള്ളവർക്ക് അതിനുള്ള മരുന്നുകളും ആവശ്യമായേക്കാം.

### മരുന്ന് അമിതമായി കഴിക്കരുത്

തലവേദന വരുമ്പോഴെല്ലാം വേദനസംഹാരി കഴിക്കുന്നത് നല്ല ശീലമല്ല. വേദനസംഹാരികൾ അമിതമായി ഉപയോഗിക്കുന്നത് ങലറശരമശേീിലൃൗലെ വല മറമരവല എന്ന അവസ്ഥയ്ക്ക് കാരണമാകുകയും തലവേദന കൂടുതൽ പതിവാകുകയും ചെയ്യാം. ചഒട നിർദേശിക്കുന്നത് വേദനസംഹാരികൾ ആഴ്ചയിൽ രണ്ട് ദിവസത്തിൽ കൂടുതലായി ഉപയോഗിക്കുന്നത് ഒഴിവാക്കാനാണ്.

## മൈഗ്രേൻ വീണ്ടും വരാതിരിക്കാൻ

മൈഗ്രേൻ നിയന്ത്രിക്കുന്നതിൽ ആക്രമണം വന്നപ്പോൾ മാത്രം ചികിത്സിക്കുന്നതിനേക്കാൾ ട്രിഗറുകൾ കണ്ടെത്തി ഒഴിവാക്കുന്നതും ജീവിതശൈലി ക്രമീകരിക്കുന്നതും പ്രധാനമാണ്.

**ദിവസവും ഒരേ സമയത്ത് ഉറങ്ങാനും ഉണരാനും ശ്രമിക്കുക. ഭക്ഷണം കൃത്യസമയത്ത് കഴിക്കുക.**
**ആവശ്യത്തിന് വെള്ളം കുടിക്കുക.**
**കഫീൻ അമിതമായി ഉപയോഗിക്കുന്നത് ഒഴിവാക്കുക.**
**സ്ഥിരമായ മിതമായ വ്യായാമം ശീലമാക്കുക.**
**അമിതമായ മാനസിക സമ്മർദ്ദം കുറയ്ക്കാൻ യോഗ, ധ്യാനം, ശ്വാസാഭ്യാസം തുടങ്ങിയവ പരിശീലിക്കാം.**
**മദ്യപാനം ഒഴിവാക്കുകയോ പരമാവധി കുറയ്ക്കുകയോ ചെയ്യുക.**

വ്യക്തിപരമായി മൈഗ്രേൻ ഉത്തേജിപ്പിക്കുന്ന ഭക്ഷണം, ഉറക്കക്കുറവ്, ശക്തമായ ഗന്ധം തുടങ്ങിയ കാരണങ്ങൾ കണ്ടെത്തുക.

## മൈഗ്രേൻ ഡയറി സൂക്ഷിക്കാം

തലവേദന ഉണ്ടായ ദിവസം, സമയം, എത്ര മണിക്കൂർ നീണ്ടുനിന്നു, എന്ത് ഭക്ഷണം കഴിച്ചു, ഉറക്കം എത്ര ലഭിച്ചു, സമ്മർദ്ദം ഉണ്ടായിരുന്നോ, ആർത്തവവുമായി ബന്ധമുണ്ടോ, എന്ത് മരുന്നാണ് കഴിച്ചത് തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തുന്നത് സഹായകരമാണ്. ഇതിലൂടെ വ്യക്തിപരമായ മൈഗ്രേൻ ട്രിഗറുകൾ തിരിച്ചറിയാനും ഡോക്ടറുമായി ചികിത്സാ പദ്ധതി തയ്യാറാക്കാനും കഴിയും.

## എപ്പോൾ ഡോക്ടറെ കാണണം?

മൈഗ്രേൻ പതിവായി വരുകയോ, ആഴ്ചയിൽ ഒന്നിലധികം തവണ ഉണ്ടാകുകയോ, മുമ്പത്തേക്കാൾ കൂടുതൽ ശക്തമാകുകയോ, സാധാരണ ചികിത്സകൊണ്ട് നിയന്ത്രിക്കാൻ കഴിയാതിരിക്കുകയോ ചെയ്താൽ ഡോക്ടറെ കാണണം. 72 മണിക്കൂറിലധികം നീളുന്ന ആക്രമണത്തിനും വൈദ്യസഹായം ആവശ്യമാണ്.

പെട്ടെന്ന് ജീവിതത്തിലെ ഏറ്റവും ശക്തമായ തലവേദന അനുഭവപ്പെടുക, സംസാരിക്കാൻ ബുദ്ധിമുട്ട്, ബോധക്കുഴപ്പം, കാഴ്ച നഷ്ടപ്പെടൽ, ശരീരത്തിന്റെ ഒരു വശത്ത് ബലക്കുറവ് അല്ലെങ്കിൽ മരവിപ്പ്, അപസ്മാരം, ഉയർന്ന പനി, തലക്ക് പരിക്ക് സംഭവിച്ചതിന് ശേഷം തലവേദന തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അത് സാധാരണ മൈഗ്രേൻ എന്നു കരുതി കാത്തിരിക്കരുത്; അടിയന്തര വൈദ്യസഹായം തേടണം.

## ഓർക്കുക

മൈഗ്രേൻ പൂർണമായി “ഒറ്റ പ്രതിവിധി” കൊണ്ട് മാറുന്ന രോഗമല്ലെങ്കിലും, ശരിയായ ചികിത്സയും ജീവിതശൈലി ക്രമീകരണങ്ങളും വഴി ആക്രമണങ്ങളുടെ തീവ്രതയും ആവൃത്തിയും കുറയ്ക്കാൻ സാധിക്കും. വേദന സഹിച്ച് കഴിയുന്നതിന് പകരം, ആവർത്തിച്ച് മൈഗ്രേൻ ഉണ്ടാകുന്നവർ ഡോക്ടറുമായി ചേർന്ന് വ്യക്തിഗത ചികിത്സാപദ്ധതി തയ്യാറാക്കുന്നതാണ് ഏറ്റവും നല്ല മാർഗം.



# JANIE'S VARIETY STORE

2201 Hillside Avenue, New Hyde Park, NY 11040

Your TRUSTED Neighborhood Store

## MONEY TRANSFER SERVICES

VIAMERICAS | MAXI | RIA | MONEYGRAM

- Multi-Service Variety Store
- General Merchandise Store
- Grocery & Dairy Products
- World Money Transfer [RIA, VIA, MoneyGram, Maxi]
- Phone SIM Card, OMNY Card, EZPass Activation, Refill and Recharge Services
- Wireless World Calling Card
- Notary & Motor Vehicle Services
- Indian Visa & Passport Services
- HVAC Maintenance & Repairs
- Household Appliance Repairs
- Kitchen Range Hood
- Watch Sales & Repairs
- Passport Photos

P: (516) 502 4114

F: (516) 962 5022

C: (917) 513 4030



JOHN MATHEW - Owner

JaniesVariety@yahoo.com

# എന്നാലുമെന്റെ സൗദി....

**മലയാളികൾ അടക്കമുള്ള സൗദിയിലെ പ്രവാസികൾക്ക് കനത്ത തിരിച്ചടി നൽകിക്കൊണ്ട് സൗദിയിൽ പ്രൊജക്റ്റ് മാനേജ്മെന്റ് മേഖലയിൽ സ്വദേശിവത്ക്കരണം ശക്തമാക്കുന്നു; 70 ശതമാനം തസ്തികകൾ സൗദി പൗരന്മാർക്ക് സംവരണം ചെയ്യാനാണ് പുതിയ നീക്കം. ഇതോടെ മലയാളികൾ അടക്കമുള്ള പ്രവാസികൾ കടുത്ത ആശങ്കയിലാണ്.**

മലയാളികൾ അടക്കമുള്ള സൗദിയിലെ പ്രവാസികൾക്ക് കനത്ത തിരിച്ചടി നൽകിക്കൊണ്ട് സൗദിയിൽ പ്രൊജക്റ്റ് മാനേജ്മെന്റ് മേഖലയിൽ സ്വദേശിവത്ക്കരണം ശക്തമാക്കുന്നു; 70 ശതമാനം തസ്തികകൾ സൗദി പൗരന്മാർക്ക് സംവരണം ചെയ്യാനാണ് പുതിയ നീക്കം. ഇതോടെ മലയാളികൾ അടക്കമുള്ള പ്രവാസികൾ കടുത്ത ആശങ്കയിലാണ്.

സൗദി അറേബ്യയിലെ സ്വകാര്യ മേഖലയിൽ പ്രൊജക്റ്റ് മാനേജ്മെന്റ് ജോലികളിൽ കൂടുതൽ സ്വദേശിവത്ക്കരണത്തിന് കളമൊരുങ്ങി കഴിഞ്ഞു .

ഈ തസ്തികകളിൽ 70 ശതമാനം സ്വദേശിവത്ക്കരണം നടപ്പിലാക്കാനാണ് തീരുമാനം. മാനവവിഭവശേഷി, സാമൂഹിക വികസന മന്ത്രാലയവും മുൻസിപ്പാലിറ്റി ആൻഡ് ഹൗസിങ് മന്ത്രാലയവും സംയുക്തമായാണ് ഈ പുതിയ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

2027 ഫെബ്രുവരി 14, മുതൽ ഈ ഉത്തരവ് ഔദ്യോഗികമായി പ്രാബല്യത്തിൽ വരും. തീരുമാനം കൂടുതൽ വ്യക്തതയോടെ നടപ്പിലാക്കുന്നതിനായി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വിശദമായ മാർഗനിർദ്ദേശങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രാജ്യത്തെ വിദഗ്ധ തൊഴിൽ മേഖലകളിൽ സൗദിവത്ക്കരണം ഊർജിതമാക്കുക, തദ്ദേശീയരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിപണിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവയാണ് ഈ തീരുമാനത്തിലൂടെ ലക്ഷ്യമിടുന്നത്. സൗദി വിഷൻ 2030, ലേബർ മാർക്കറ്റ് സ്ട്രാറ്റജി എന്നിവയുടെ ഭാഗമായാണ് ഈ നിർണായക നീക്കം. ഈ മേഖലയിൽ സ്വദേശിവൽക്കരണം നടപ്പാക്കുമ്പോൾ ബാധകമാകുന്ന സ്ഥാപനങ്ങൾ പലതാണ്. പ്രൊജക്റ്റ് മാനേജ്മെന്റ് മേഖലയിൽ മൂന്നോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ഈ നിയമം കർശനമായി ബാധകമായിരിക്കും. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മൊത്തം ജീവനക്കാരുടെ 70 ശതമാനവും സൗദി പൗരന്മാരായിരിക്കണം.

തീർച്ചയായും, ഇത് മലയാളികളെയും മറ്റ് പ്രവാസികളെയും ഗുരുതരമായി ബാധിക്കുന്ന ഒരു തീരുമാനമാണ്.

സൗദി അറേബ്യയിലെ സ്വകാര്യ മേഖലയിൽ പ്രൊജക്റ്റ് മാനേജ്മെന്റ് രംഗത്ത് ജോലി ചെയ്യുന്ന മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസികൾക്ക് ഈ തീരുമാനം വലിയ തിരിച്ചടിയാണ്.

ഉയർന്ന പദവികൾ നഷ്ടമാകുമെന്നത് പ്രധാന പ്രശ്നമാണ്.

പ്രൊജക്റ്റ് മാനേജ്മെന്റ് ഡയറക്ടർ, പ്രൊജക്റ്റ് മാനേജ്മെന്റ് എൻജിനീയർ, പ്രൊജക്റ്റ് മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ് തുടങ്ങിയ മികച്ച ശമ്പളവും ഉത്തരവാദിത്തവുമുള്ള പ്രൊഫഷണൽ പദവികളിലാണ് മലയാളികൾ ഉൾപ്പെടെയുള്ള പ്രവാസികൾ കൂടുതലായി ജോലി ചെയ്യുന്നത്. 70 ശതമാനം തസ്തികകളിലും സൗദി പൗരന്മാർ നിർബന്ധമാകുമ്പോൾ ഈ ഉയർന്ന പദവികളിൽ ജോലി ചെയ്യുന്ന പ്രവാസികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയേറെയാണ്.

ചെറിയ സ്ഥാപനങ്ങൾക്കും ബാധകമാകും എന്നിരിക്കെ കൂടുതൽ മലയാളികൾ അടക്കമുള്ളവർക്ക് ജോലി നഷ്ടപ്പെടാൻ സാധ്യത കൂടുതലാണ്. മൂന്നോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങൾക്കും ഈ നിയമം ബാധകമായതിനാൽ, ഇടത്തരം, ചെറിയ കമ്പനികളിൽ ജോലി ചെയ്യുന്ന പ്രവാസികളെയും തീരുമാനം നേരിട്ട് ബാധിക്കും.

പുതിയ അവസരങ്ങൾ കുറയുമെന്നത് പ്രവാസികൾക്ക് കനത്ത ആഘാതമാണ്. ഈ മേഖലയിലേക്ക് പുതിയതായി വിദേശത്തുനിന്ന് ജോലികൾ തേടി പോകാൻ ആഗ്രഹിക്കുന്ന മലയാളികൾക്കും ഗൾഫിൽ കരിയർ പ്രതീക്ഷിക്കുന്നവർക്കും ഇനി ഈ തസ്തികകളിൽ അവസരങ്ങൾ ലഭിക്കുക പ്രയാസകരമായിരിക്കും.

സൗദി അറേബ്യ ഇത്തരം ശക്തമായ സ്വദേശിവത്ക്കരണ തീരുമാനങ്ങൾ എടുക്കുന്നതിന് പിന്നിൽ പ്രധാനമായും പല കാരണങ്ങളും ലക്ഷ്യങ്ങളുമുണ്ട്. :

സ്വദേശികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കുക എന്നതാണ് ഇതിൽ പ്രധാനം. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചിറങ്ങുന്ന ലക്ഷക്കണക്കിന് യുവതി യുവാക്കളായ സൗദികൾക്ക് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

'വിഷൻ 2030' പദ്ധതി സൗദിയിൽ പല മാറ്റങ്ങൾക്കും കാരണമാകും എന്നു തന്നെയാണ് വിലയിരുത്തപ്പെടുന്നത്. തങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ എണ്ണവരുമാനത്തിൽ നിന്ന് സ്വതന്ത്രമാക്കി വൈവിധ്യവത്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സൗദി അറേബ്യയുടെ 'വിഷൻ 2030'-ന്റെയും 'ലേബർ മാർക്കറ്റ് സ്ട്രാറ്റജി'-യുടെയും ഭാഗമാണിത്. രാജ്യത്തിന്റെ വികസന പദ്ധതികളുടെ നേതൃനിരയിലേക്ക് സ്വന്തം പൗരന്മാരെ കൊണ്ടുവരാൻ ഭരണകൂടം ലക്ഷ്യമിടുന്നു.

തൊഴിൽ വിപണിയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും ഈ തീരുമാനത്തിന് പിന്നിലുണ്ട് എന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

സ്വകാര്യ മേഖലയിലെ നിർണായകവും ഉയർന്ന വൈദഗ്ധ്യം ആവശ്യമുള്ളതുമായ മാനേജ്മെന്റ് പദവികളിൽ സൗദി പൗരന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക വഴി രാജ്യത്തിന്റെ ഉൽപ്പാദനക്ഷമതയും ഭരണപരമായ കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് സർക്കാർ കരുതുന്നു. സാമ്പത്തിക സുസ്ഥിരതക്ക് സ്വന്തം ജനതയെ ആശ്രയിക്കുന്നതാണ് നല്ലത് എന്ന ചിന്തയാണ് മറ്റൊരു കാരണം. വിദേശ തൊഴിലാളികളെ ആശ്രയിക്കുന്നത് പരമാവധി കുറച്ച്, രാജ്യത്തിനകത്തെ തൊഴിലില്ലായ്മ നിരക്ക് പരമാവധി കുറയ്ക്കാനും അതുവഴി ജനങ്ങളുടെ ജീവിതവരുമാനം ഉയർത്തി രാജ്യത്ത് കൂടുതൽ സാമ്പത്തിക വളർച്ച കൈവരിക്കാനും ഈ നയങ്ങൾ സഹായിക്കുമെന്ന് സൗദി ഭരണകൂടം വിലയിരുത്തുന്നു. സൗദി അറേബ്യ മുൻകാലങ്ങളിൽ നടപ്പിലാക്കിയ സ്വദേശിവത്ക്കരണ നയങ്ങൾക്ക് സമ്മിശ്രമായ ഫലങ്ങളാണ് ലഭിച്ചിട്ടുള്ളത്. ചില മേഖലകളിൽ ഇവ വലിയ വിജയമായപ്പോൾ, മറ്റു ചില മേഖലകളിൽ ബിസിനസുകാർക്കും പ്രവാസികൾക്കും ഒരുപോലെ വെല്ലുവിളികൾ സൃഷ്ടിച്ചിട്ടുണ്ട്.

തുടക്കത്തിൽ ഹൈപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, മൊബൈൽ ഫോൺ കടകൾ എന്നിവയിൽ നടത്തിയ സ്വദേശിവത്ക്കരണം വലിയ വിജയമായിരുന്നു.

ആയിരക്കണക്കിന് സൗദി യുവതീ സൗദികൾ ഇത്തരം സാധാരണ തൊഴിലുകളിലേക്ക് കടന്നുവരാൻ ഇത് കാരണമായി.

എൻജിനീയറിങ്, അക്കൗണ്ടിങ്, നിയമം, ഫാർമസി തുടങ്ങിയ പ്രൊഫഷണൽ രംഗങ്ങളിൽ നടപ്പിലാക്കിയ സ്വദേശിവത്ക്കരണം വഴി നിരവധി പ്രാദേശിക പ്രതിഭകൾക്ക് വലിയ കമ്പനികളിൽ ഉന്നത പദവികളിൽ എത്താൻ സാധിച്ചു..

എന്നാൽ


ചില പ്രത്യേക വിദഗ്ധ തൊഴിൽ മേഖലകളിൽ ആവശ്യത്തിന് യോഗ്യതയുള്ള സൗദി പൗരന്മാരെ പെട്ടെന്ന് ലഭിക്കാത്തത് പല കമ്പനികളെയും പ്രതിസന്ധിയിലാക്കി.

വിദേശ തൊഴിലാളികളെ അപേക്ഷിച്ച് സൗദി പൗരന്മാർക്ക് ഉയർന്ന ശമ്പളം നൽകേണ്ടി വരുന്നത് ചെറുകിട -ഇടത്തരം സംരംഭങ്ങളുടെ പ്രവർത്തനച്ചെലവ് വർദ്ധിപ്പിച്ചു. ഇത് പല കമ്പനികൾക്കും തിരിച്ചടി ഉണ്ടാക്കി.

പേരിന് മാത്രം സൗദി പൗരന്മാരെ നിയമിക്കുകയും യഥാർത്ഥ ജോലി പ്രവാസികളെക്കൊണ്ട് ചെയ്യിക്കുകയും ചെയ്യുന്ന രീതികൾ ചിലയിടങ്ങളിൽ ഉള്ളതായി ആക്ഷേപം ഉയർന്നിരുന്നു . എന്നാൽ കർശനമായ പരിശോധനകളിലൂടെ സർക്കാർ ഇത് തടയാൻ കർശനമായി ശ്രമിച്ചതോടെ അത് തടയാനായി.

ഏതായാലും വരാൻ പോകുന്ന പുതുവർഷം, അതിലെ ഫെബ്രുവരി 14 സൗദിയിലെ മലയാളികൾ അടക്കമുള്ള പ്രവാസികൾക്ക് കടുത്ത ആശങ്കകളുടേതാണ്.




IT'S ALL ABOUT YOUR FUTURE
SERVICES
Life Insurance with long term care
Disability income
10 pay life insurance
Estate planning
Growth index universal life S & P 500
Life income annuity
Business overhead expense disability insurance
HEDGE BROKERAGE INC.
"Your future is secure with us"
5 old bridge ct Mellville, NY-11747
+1 (516) 433-4310
hedgebrokerage@gmail.com
Prudential
MassMutual
AMERICAN EQUITY
PennMutual
AIG
Ameritas
John Hancock


INDO AMERICAN PRESS CLUB, INC.
11TH INTERNATIONAL MEDIA CONFERENCE
IMC - 2026
REGISTER NOW
Take advantage of the Early Bird Registration Rate of $499 available through August 15th.
MARRIOTT - SHARONVILLE
11400 CHESTER RD,
CINCINNATI, OH 45246, USA
OCTOBER 16-18, 2026
Marriott - Sharonville
Cincinnati, Ohio
www.indoamericanpressclub.com/imc

# മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026ൽ കോട്ടയം സ്വദേശിനി ഡോ. ആലീസ് മാത്യുവിന് ഇരട്ട നേട്ടം




**ക്ലാസിക് മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 വിഭാഗത്തിൽ**

**സെക്കൻഡ് റണ്ണർ അപ്പ്; 'മോസ്റ്റ് അഡ്മയേർഡ് ഫൈനലിസ്റ്റ്' എന്ന പുരസ്കാരവും സ്വന്തമാക്കി**

**ന്യൂഡൽഹി:** കോട്ടയം സ്വദേശിനിയും കേരളത്തിന്റെ അഭിമാനവുമായ ഡോ. ആലീസ് മാത്യു, മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 മത്സരത്തിൽ സെക്കൻഡ് റണ്ണർ അപ്പ് ക്ലാസിക് മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 എന്ന അഭിമാനകരമായ നേട്ടം സ്വന്തമാക്കി. ജൂലൈ 14 മുതൽ 18 വരെ ന്യൂഡൽഹിയിലെ ദി ലീല ആംബിയൻസ് കൺവെൻഷൻ ഹോട്ടലിൽ നടന്ന പ്രൗഢഗംഭീരമായ മത്സരത്തിലാണ് ഡോ. ആലീസ് മാത്യു ഈ നേട്ടം കൈവരിച്ചത്.

ഫൗണ്ടർ ഡയറക്ടർ അങ്കിത സരോഹയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അഞ്ചുദിവസത്തെ മത്സരത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സരാർത്ഥികൾ പങ്കെടുത്തു. 91 ഫൈനലിസ്റ്റുകൾ മാറ്റുരച്ച മത്സരത്തിൽ സ്ത്രീശാക്തീകരണം, ആത്മവിശ്വാസം, സത്യസന്ധത, കഴിവ്, മികവ് എന്നിവയ്ക്കാണ് പ്രധാന പരിഗണന നൽകിയത്.

41 വയസ്സിന് മുകളിലുള്ള 57 ഫൈനലിസ്റ്റുകൾ പങ്കെടുത്ത ക്ലാസിക് വിഭാഗത്തിലാണ് ഡോ. ആലീസ് മാത്യു മത്സരിച്ചത്. വിവിധ റൗണ്ടുകളിലായി തന്റെ പ്രതിഭയും വ്യക്തിത്വവും ആത്മവിശ്വാസവും അവതരണ മികവും പ്രകടിപ്പിച്ച ഡോ. ആലീസ് മാത്യു, വിധികർത്താക്കളുടെയും പ്രേക്ഷകരുടെയും പ്രത്യേക ശ്രദ്ധയും പ്രശംസയും നേടി.

മത്സരത്തിലെ പ്രകടനത്തിന്റെ മികവിൽ രണ്ട് അഭിമാനകരമായ പുരസ്കാരങ്ങളാണ് ഡോ. ആലീസ് മാത്യുവിനെ തേടിയെത്തിയത്. 'സെക്കൻഡ് റണ്ണർ അപ്പ് ക്ലാസിക് മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026' എന്ന കിരീടത്തിന് പുറമെ, 'മിസിസ് ഇന്ത്യ ഇന്റർനാഷണൽ ക്വീൻ 2026 മോസ്റ്റ് അഡ്മയേർഡ് ഫൈനലിസ്റ്റ്' എന്ന പ്രത്യേക ബഹുമതിയും അവർ സ്വന്തമാക്കി.

യൂണിവേഴ്സിറ്റി ഓഫ് ലാസ് വെഗാസ്, നെവാഡയിലെ മുൻ പ്രൊഫസറായ ഡോ. ആലീസ് മാത്യു, മോട്ടിവേഷണൽ സ്പീക്കറും യൂട്യൂബ് ബ്ലോഗറുമായി വിവിധ മേഖലകളിൽ സജീവമാണ്. തന്റെ അറിവും അനുഭവങ്ങളും ആത്മവിശ്വാസവും മറ്റുള്ളവരെ പ്രചോദിപ്പിക്കുന്നതിനായി അവർ ഉപയോഗിക്കുന്നു.

ഡോ. ആലീസ് മാത്യുവിന്റെ പുതിയ നേട്ടം അവരുടെ പേജ്യന്റ് വിജയയാത്രയിലെ മറ്റൊരു തിളക്കമാർന്ന അധ്യായമാണ്. 2025ൽ 'മിസിസ് ഇന്ത്യ 2025 സൂപ്പർ ക്ലാസിക്' കിരീടം നേടിയ അവർ, ആത്മവിശ്വാസത്തിന്റെയും മികവിന്റെയും പ്രതീകമായി വീണ്ടും ദേശീയ വേദിയിൽ ശ്രദ്ധേയയായിരിക്കുകയാണ്.

ഡോ. ആലീസ് മാത്യുവിന്റെ ഈ ഇരട്ട നേട്ടം കോട്ടയത്തിനും കേരളത്തിനും ഇന്ത്യയ്ക്കും ലോകമെമ്പാടുമുള്ള മലയാളികൾക്കും ഏറെ അഭിമാനിക്കാവുന്ന മുഹൂർത്തമാണ്. ആത്മവിശ്വാസത്തിനും ധൈര്യത്തിനും പ്രതിഭയ്ക്കും അർപ്പണബോധത്തിനും പ്രായം ഒരിക്കലും ഒരു പരിമിതിയല്ല എന്ന ശക്തമായ സന്ദേശമാണ് അവരുടെ വിജയം നൽകുന്നത്.

അക്കാദമിക് രംഗത്തുനിന്ന് മോട്ടിവേഷണൽ സ്പീക്കിംഗിലേക്കും ഡിജിറ്റൽ മീഡിയയിലേക്കും അവിടെനിന്ന് ദേശീയ പേജ്യന്റ് വേദിയിലേക്കുമുള്ള ഡോ. ആലീസ് മാത്യുവിന്റെ യാത്ര, സ്വപ്നം കാണാനും അത് യാഥാർഥ്യമാക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലേക്ക് പറന്നുയരാനും ഒരിക്കലും വൈകിയിട്ടില്ല എന്ന പ്രചോദനാത്മക സന്ദേശമാണ് നൽകുന്നത്.

# ഖത്തർ നിരത്തുകളിൽ ചരിത്രമെഴുതാൻ ഡ്രൈവറില്ലാ റോബോടാക്സികൾ

സ്റ്റിയറിങ് വീലിന് പിന്നിൽ ഡ്രൈവറില്ല! വണ്ടി തനിയെ ഓടുന്നു! ഹോളിവുഡ് സിനിമകളിലെ സയൻസ് ഫിക്ഷൻ രംഗമല്ല, ഖത്തറിലെ റോഡുകളിൽ ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. ഖത്തറിൽ 'ഡ്രൈവറില്ലാ' ഇലക്ട്രിക് റോബോടാക്സികളുടെ രണ്ടാം ഘട്ട പരീക്ഷണ ഓട്ടത്തിന് ഔദ്യോഗികമായി തുടക്കമായി. യാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ആയിരക്കണക്കിന് പരീക്ഷണ യാത്രകൾ വിജയകരമായി പൂർത്തിയാക്കിയ ശേഷമാണ് ഇപ്പോൾ വാഹനത്തിനുള്ളിൽ ഡ്രൈവർമാർ ഇല്ലാതെ കാറുകൾ നിരത്തിലിറങ്ങിയിരിക്കുന്നത്.




**റോബോടാക്സികളുടെ പ്രത്യേകത**

നിർമ്മിത ബുദ്ധിയുടെ കരുത്താണ് ഇതിൽ പ്രധാനം. എഐ സാങ്കേതികവിദ്യയും അത്യാധുനിക ലിഡാർ സെൻസറുകളുമാണ് ഈ സ്മാർട്ട് വാഹനങ്ങളുടെ മസ്തിഷ്കം. സ്വയം തീരുമാനങ്ങളെടുക്കൽ: റൂട്ടുകൾ കൃത്യമായി കണ്ടെത്താനും ചുറ്റുമുള്ള മാറ്റങ്ങൾ തൽസമയം മനസ്സിലാക്കാനും മനുഷ്യന്റെ ഇടപെടലില്ലാതെ തന്നെ സുരക്ഷിതമായി പെട്ടെന്ന് തീരുമാനങ്ങളെടുക്കാനും ഇവയ്ക്ക് സാധിക്കും.

**പ്രത്യേക രൂപഭംഗി കിടു ലുക്കാണ്**

വാഹനത്തിന് മുകളിൽ ഘടിപ്പിച്ചിട്ടുള്ള ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം ബോക്സുകളാണ് റോബോടാക്സികളെ സാധാരണ കാറുകളിൽ നിന്ന് വേറിട്ടുനിർത്തുന്ന പ്രധാന സവിശേഷത.

കണ്ണും കാതുമുള്ള കാറുകളാണ് ഖത്തറിൽ ഇപ്പോൾ തരംഗമാകുന്നത്.

ഓരോ റോബോടാക്സിയിലും ആറ് ക്യാമറകൾ, നാല് റഡാറുകൾ, നാല് ലിഡാർ സെൻസറുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഇത് വഴി തടസ്സങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് സുഗമമായി സഞ്ചരിക്കാൻ സാധിക്കും.

വിജയകരമായ ആദ്യഘട്ടത്തിന് ശേഷം രണ്ടാംഘട്ടം ഇപ്പോൾ നടപ്പാക്കിയിരിക്കുന്നു. പദ്ധതി ആരംഭിച്ചതുമുതൽ യാത്രക്കാരുടെ സുരക്ഷയ്ക്കാണ് അധികൃതർ ഏറ്റവും ഉയർന്ന മുൻഗണന നൽകിയത്. 'ആദ്യഘട്ടത്തിൽ 2,500 ഓളം പരീക്ഷണ യാത്രകളാണ് നടത്തിയത്. ഇതിൽ 94 ശതമാനം യാത്രകളും പൂർണ്ണ വിജയം കണ്ടു. ലഭിച്ച വലിയ ജനപ്രീതിയാണ് പരീക്ഷണ ഓട്ടം രണ്ടാം ഘട്ടത്തിലേക്ക് വ്യാപിപ്പിക്കാൻ പ്രചോദനമായത്.'

നിലവിൽ മുൻകൂട്ടി നിശ്ചയിച്ച റൂട്ടുകളിലാണ് ഈ സ്മാർട്ട് ടാക്സികൾ സർവീസ് നടത്തുന്നത്. അത്യാധുനിക വിദൂര നിയന്ത്രണ സംവിധാനങ്ങൾ വഴി കൺട്രോൾ റൂമിലിരുന്ന് ഈ വാഹനങ്ങളുടെ സഞ്ചാരം പൂർണ്ണമായും നിരീക്ഷിക്കുന്നുണ്ട്. ഖത്തറിന്റെ സമഗ്രമായ സ്മാർട്ട് മൊബിലിറ്റി തന്ത്രത്തിന്റെ ഭാഗമായി 2025 ജൂണിലാണ് ഗതാഗത മന്ത്രാലയം ലെവൽ-4 ഓട്ടോണമസ് ടാക്സികളുടെ പരീക്ഷണ ഓട്ടം പ്രഖ്യാപിച്ചത്. ഭാവിയിലെ ഗതാഗത വിപ്ലവത്തിന് അടിത്തറയിടുന്ന ഖത്തറിന്റെ ഈ പുതിയ ചുവടുവെപ്പ് ഇതിനകം തന്നെ ലോകത്തിനു മുന്നിൽ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു ..


J & P AUTO REPAIR
OUR SERVICES
Engine & Transmission
New York State Inspection
Scheduled Maintenance
Steering & Suspension
Check Engine Light Diagnostics
Brakes
Air Conditioning
Wheel Alignment
Electrical Repairs
Collision Repairs
www.jandpautorepair.com
jpauto95@gmail.com
516-931-9622
95 Woodbury Road Hicksville, NY 11801
VOLVO
JAGUAR
RANGE ROVER

**കുറച്ചു ദിവസങ്ങളെ ആയിട്ടുള്ളുവെങ്കിലും കേരളത്തിന്റെ പുതിയ മുഖ്യമന്ത്രി വി ഡി സതീശന്റെ ഭരണ മികവിന് മികച്ച ഓപ്പണിങ്. ഇത്രയും കൂളായ ജനങ്ങളോട് അടുത്ത് നിൽക്കുന്ന ഒരു മുഖ്യമന്ത്രി ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല എന്ന് നിസ്സംശയം പറയാം.**

# അധിക സമയമായില്ലെങ്കിലും കൊള്ളാം




കുറച്ചു ദിവസങ്ങളെ ആയിട്ടുള്ളൂവെങ്കിലും കേരളത്തിന്റെ പുതിയ മുഖ്യമന്ത്രി വി ഡി സതീശന്റെ ഭരണ മികവിന് മികച്ച ഓപ്പണിങ്. ഇത്രയും കൂളായ ജനങ്ങളോട് അടുത്ത് നിൽക്കുന്ന ഒരു മുഖ്യമന്ത്രി ഈ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല എന്ന് നിസ്സംശയം പറയാം.

കേരളത്തിന്റെ മുഖ്യമന്ത്രിയായി വി. ഡി. സതീശൻ ചുമതലയേറ്റിട്ട് ചുരുങ്ങിയ ദിവസങ്ങളെ ആയിട്ടുള്ളൂ എങ്കിലും, ഈ പ്രാരംഭ ഘട്ടത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ഭരണരീതിയെയും ഏറ്റവും നല്ല രീതിയിൽ തന്നെയാണ് വിലയിരുത്തപ്പെടുന്നത്.

ശക്തമായ പ്രതിപക്ഷത്തുനിന്നുള്ള ഭരണത്തിലേക്കുള്ള മാറ്റം എങ്ങിനെ ഫലപ്രദമായും നാടിനു വേണ്ടിയും ജനങ്ങൾക്കുവേണ്ടിയും ഉപയോഗപ്പെടുത്താം എന്ന കൃത്യമായ ഹോംവർക്ക് ചെയ്താണ് സതീശൻ മുഖ്യമന്ത്രി കസേരയിൽ ഇരിപ്പുറപ്പിച്ചിരിക്കുന്നത്.

നീണ്ട നാളുകൾ പ്രതിപക്ഷ നേതാവിന്റെ മിന്നുന്ന റോളിൽ എൽഡിഎഫ് സർക്കാരിനെതിരെ ശക്തമായ നിലപാടുകളും വിമർശനങ്ങളും ഉന്നയിച്ചിരുന്ന ശൈലിയിൽ നിന്ന്, ഭരണാധികാരി എന്ന നിലയിലുള്ള ഉത്തരവാദിത്തത്തിലേക്ക് അദ്ദേഹം വേഗത്തിൽ ചുവടുമാറ്റം നടത്തിയിട്ടുണ്ട്. മുൻപ് മന്ത്രിപദവികൾ വഹിക്കാതെ നേരിട്ട് മുഖ്യമന്ത്രിയായവരുടെ നിരയിലേക്കാണ് അദ്ദേഹം എത്തിയതെന്നു കൂടി ഓർക്കണം.

മുഖ്യമന്ത്രി കസേരയിൽ ഇരിക്കുന്ന ഏതൊരാളെയും പോലെ ഭരണപരമായ വെല്ലുവിളികളും തുടക്കത്തിലെ വിവാദങ്ങളും ഒക്കെ നേരിടേണ്ടി വരുന്നുണ്ടെങ്കിലും ഏത് വിഷമം പിടിച്ച പന്തിനെയും സച്ചിൻ തെണ്ടുൽക്കർ കൈകാര്യം ചെയ്യും പോലെ വി ഡി സതീശൻ തനിക്കു നേരെ വരുന്ന വെല്ലുവിളികളെയും വിവാദങ്ങളെയും അടിച്ചു പരത്തുന്നുണ്ട്.

മഴക്കെടുതികളും മറ്റു പ്രതിസന്ധികളും നിറഞ്ഞ ഒരു കാലയളവിലാണ് പുതിയ സർക്കാർ അധികാരത്തിൽ വന്നിരിക്കുന്നത്. ഇതിനിടയിൽ ഹെലികോപ്റ്റർ യാത്രകളുമായി ബന്ധപ്പെട്ട് ഉയർന്ന ചില വിമർശനങ്ങളും വിവാദങ്ങളും ഭരണത്തിന്റെ തുടക്കത്തിൽ തന്നെ പ്രതിപക്ഷ പാർട്ടികൾ ഏറ്റെടുത്തിട്ടുണ്ട്. ഭരണപക്ഷവും ഇതിനെ പ്രതിരോധിച്ച് രംഗത്തു വന്നിട്ടുണ്ട്.

നയപരമായ തീരുമാനങ്ങളും വകുപ്പുകളുടെ കൈകാര്യവും ഒരു തുടക്കക്കാരന്റെ പതർച്ചയില്ലാതെ സതീശൻ കൈകാര്യം ചെയ്യുന്നുണ്ട്. ധനകാര്യം ഉൾപ്പെടെയുള്ള സുപ്രധാന വകുപ്പുകളുടെ ചുമതലയുള്ള മുഖ്യമന്ത്രി എന്ന നിലയിൽ, പുതിയ ബജറ്റ് അവതരണവും സാമ്പത്തിക പ്രതിസന്ധികളെ നേരിടാനുള്ള പ്രഖ്യാപനങ്ങളും ഈ ചുരുങ്ങിയ ദിവസങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

ഭരണരംഗത്ത് സ്വന്തം മുദ്ര പതിപ്പിക്കാനും പുതിയ പദ്ധതികൾ നടപ്പിലാക്കാനും അദ്ദേഹത്തിന് ഇനിയും സമയം ആവശ്യമുണ്ട്. എങ്കിലും, തുടക്കത്തിലെ ഈ ദിവസങ്ങളിൽ ഭരണനിർവ്വഹണത്തോടൊപ്പം രാഷ്ട്രീയ എതിരാളികളുടെ വിമർശനങ്ങളെയും വെല്ലുവിളികളെയും ഒരേസമയം നേരിടേണ്ട ഒരു ഘട്ടത്തിലൂടെയാണ് അദ്ദേഹം കടന്നുപോകുന്നത്.

വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാരിന്റെ തുടക്കത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ നേട്ടങ്ങളിലൊന്നുതന്നെയാണ് 'പ്രിയദർശിനി' പദ്ധതി. തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ('ഇന്ദിരാ ഗ്യാരന്റി') ഉൾപ്പെടുത്തിയ ഈ പദ്ധതി സർക്കാരിന്റെ ജനസമ്മിതി വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഈ പദ്ധതി സർക്കാരിനും മുഖ്യമന്ത്രിക്കും വലിയ ഇമേജ് ഉണ്ടാക്കിക്കൊടുക്കാനുള്ള കാരണങ്ങൾ പലതാണ്.

സ്ത്രീശാക്തീകരണവും ജനകീയ സ്വീകാര്യതയും ഈ പദ്ധതിയുടെ പ്രഖ്യാപനം മുതൽ തന്നെ യുഡിഎഫിന് സ്വന്തമായി. കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡറുകൾക്കും സൗജന്യ യാത്രാസൗകര്യം ഒരുക്കുന്ന ഈ പദ്ധതി, സമൂഹത്തിന്റെ താഴെത്തട്ടിലുള്ള സാധാരണക്കാരായ ലക്ഷക്കണക്കിന് ആളുകളിലേക്ക് നേരിട്ട് എത്തുന്ന ഒന്നാണ്. ഇത് സർക്കാരിന് വലിയ തോതിൽ ജനകീയ അടിത്തറ നേടിക്കൊടുത്തു. ആദ്യ മാസം തന്നെ കോടിക്കണക്കിന് സൗജന്യ യാത്രകളാണ് ഈ പദ്ധതിയിലൂടെ രേഖപ്പെടുത്തപ്പെട്ടത്. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ യുഡിഎഫ് ഇത് ഉൾപ്പെടുത്തിയപ്പോൾ ഇത് നടപ്പാകുമോ എന്ന സംശയം പലർക്കും ഉണ്ടായിരുന്നു.

തോൽവി ഏറ്റുവാങ്ങേണ്ടി വന്ന എൽഡിഎഫ് ബിജെപി പാട്ടുകൾ യുഡിഎഫ് സർക്കാർ ആദ്യം നടപ്പാക്കേണ്ടത് ഈ പദ്ധതിയാണെന്ന് വാശി പിടിക്കുകയും ചെയ്തു. വാക്ക് പാലിച്ചതിന്റെ ആത്മവിശ്വാസത്തോടെ സതീശൻ സർക്കാർ പദ്ധതിക്ക് ഡബിൾ മുഴക്കുമ്പോൾ പദവിയെ കൂടുതൽ വ്യാപിപ്പിക്കണോ എന്ന് ആലോചനയും ഇവർക്ക് ഉണ്ട്.

അധികാരം ഏറ്റെടുത്ത് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ -ഒരു മാസം തികയും മുൻപ്- പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനം നടപ്പിലാക്കാൻ കഴിഞ്ഞത് സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ഭരണമികവിനും ഇച്ഛാശക്തിക്കും തെളിവായി രാഷ്ട്രീയ കേരളം നോക്കിക്കണ്ടു. ഇത് പ്രതിപക്ഷത്തിന്റെ തുടക്കത്തിലെ വിമർശനങ്ങളുടെ മുനയൊടിക്കാൻ സർക്കാരിനെ സഹായിച്ചു.

സീറോ:ടിക്കറ്റിന്റെ സാമ്പത്തിക-സാമൂഹിക ചലനങ്ങൾ വളരെ വലുതായിരുന്നു. ഇതൊരു വെറും സൗജന്യ യാത്ര എന്നതിലുപരി, സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും തൊഴിൽ മേഖലയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ഒരു സുപ്രധാന ചുവടുവെപ്പായാണ് വിലയിരുത്തപ്പെടുന്നത്. ബജറ്റിൽ ഇതിനായി വലിയ തുക വകയിരുത്തുകയും ചെയ്തു.

എന്നിരുന്നാലും, പദ്ധതി വലിയ വിജയമായി മാറുമ്പോഴും ചില വെല്ലുവിളികളും ഇതിനൊപ്പമുണ്ട്. സ്വകാര്യ ബസ് ഉടമകളുടെ ആശങ്കകളും, കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക ബാധ്യതയും സർക്കാരിന് മുന്നിലുള്ള പ്രധാന പരീക്ഷണങ്ങളാണ്. എങ്കിലും, രാഷ്ട്രീയമായി യുഡിഎഫ് സർക്കാരിനും വി. ഡി. സതീശനും മികച്ച തുടക്കം സമ്മാനിക്കുന്നതിൽ 'പ്രിയദർശിനി' പദ്ധതി വലിയൊരു വഴിത്തിരിവായിട്ടുണ്ട് എന്നത് വ്യക്തമാണ്.

ഘടകകക്ഷികളെ യോജിപ്പിച്ചു കൊണ്ടുപോകുന്നതിലാണ് യുഡിഎഫ് സർക്കാരിലെ മുഖ്യമന്ത്രിമാർക്ക് ഏറെ തലവേദന. എന്നാൽ സതീശൻ അവിടെയും വെന്നിക്കൊടി പാറിക്കുന്നുണ്ട്.

യുഡിഎഫിനെ നിയമസഭാ തിരഞ്ഞെടുപ്പിൽ വലിയ വിജയത്തിലേക്ക് നയിച്ച് മുഖ്യമന്ത്രിയായി ചുമതലയേറ്റ വി. ഡി. സതീശൻ, ഘടകകക്ഷികളുമായുള്ള ബന്ധം കൈകാര്യം ചെയ്യുന്നതിൽ വളരെ ശ്രദ്ധയോടെയും സമതുലിതമായുമാണ് മുന്നോട്ടുപോകുന്നത്.

തുടക്കത്തിലെ മികച്ച ഏകോപനം നടത്തി സതീശൻ സ്കോർ ചെയ്തു. മന്ത്രിസഭാ രൂപീകരണ വേളയിലും വകുപ്പുകൾ വീതം വെച്ചപ്പോഴും യുഡിഎഫിലെ പ്രധാന കക്ഷിയായ ലീഗുൾപ്പെടെയുള്ള ഘടകകക്ഷികളുമായി മികച്ച കൂടിയാലോചനകൾ നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം മുന്നണിയിൽ വലിയ ഭിന്നതകളോ അവകാശവാദങ്ങളോ ഇല്ലാതെ മന്ത്രിസഭാ പ്രഖ്യാപനം പൂർത്തിയാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ രാഷ്ട്രീയ പക്വതയായി വിലയിരുത്തപ്പെടുന്നു.

ഇപ്പോൾ പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട ഉയർന്നിട്ടുള്ള വിവാദങ്ങൾ യുഡിഎഫിനെ ഒരുതരത്തിലും ബാധിക്കില്ല എന്നാണ് സതീശൻ വ്യക്തമാക്കുന്നത്. എങ്കിലും മുന്നണിയിലെ അവകാശവാദങ്ങളും സമ്മർദ്ദങ്ങളും: കോൺഗ്രസിനകത്തെയും മുന്നണിയിലെയും സന്തുലിതാവസ്ഥ നിലനിർത്തുക എന്നത് എപ്പോഴും വെല്ലുവിളിയാണ്. വൻ വിജയത്തിന്റെ തിളക്കത്തിൽ എത്തിയതുകൊണ്ട് തന്നെ ഘടകകക്ഷികളുടെ ഭാഗത്തുനിന്നും അർഹമായ പ്രാതിനിധ്യത്തിനായുള്ള പ്രതീക്ഷകൾ ഉണ്ടായിരുന്നു. അത് നന്നായി അറിയാവുന്ന സതീശൻ യുഡിഎഫ് കൺവീനറുമായി ചേർന്ന് കൃത്യമായ ചർച്ചകളിലൂടെ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

പ്രതിപക്ഷ നേതാവായിരുന്ന കാലം മുതൽ എല്ലാ ഘടകകക്ഷി നേതാക്കളുമായും ഒത്തൊരുമയോടെ പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ആ സൗഹൃദവും പരസ്പര വിശ്വാസവുമാണ് മുഖ്യമന്ത്രിയായപ്പോഴും മുന്നണിയെ ഒറ്റക്കെട്ടായി നയിക്കാൻ അദ്ദേഹത്തിന് തുണയാകുന്നത്.

ചുരുക്കത്തിൽ, മുന്നണിയിലെ എല്ലാ കക്ഷികളെയും വിശ്വാസത്തിലെടുത്തും എല്ലാവരുടെയും അഭിപ്രായങ്ങൾ മാനിച്ചുമാണ് വി. ഡി. സതീശൻ ഭരണത്തിന്റെ തുടക്കത്തിൽ മുന്നോട്ടുപോകുന്നത്. മുന്നണി രാഷ്ട്രീയത്തിന്റെ സങ്കീർണ്ണതകൾ നന്നായി അറിയാവുന്ന ഒരു നേതാവ് എന്ന നിലയിൽ ഘടകകക്ഷികളുമായുള്ള അദ്ദേഹത്തിന്റെ സമവായ രാഷ്ട്രീയം ഇതുവരെ വിജയകരമാണ്.

വി. ഡി. സതീശൻ മുഖ്യമന്ത്രിയായി ചുമതലയേറ്റ് ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളൂ എങ്കിലും, ജനങ്ങളോട് നേരിട്ട് സംവദിക്കുന്നതിലൂടെയും പ്രകൃതിദുരന്തങ്ങളും പ്രതിസന്ധികളും നേരിടുന്ന ഘട്ടങ്ങളിൽ കാണിച്ച ജാഗ്രതയിലൂടെയും ഒരു സഹാനുഭൂതിയുള്ള ഭരണാധികാരി എന്ന പ്രതിച്ഛായ വേഗത്തിൽ ഊട്ടിയുറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രതിസന്ധി ഘട്ടങ്ങളിലെ നേരിട്ടുള്ള ഇടപെടൽ സതീശൻ എന്ന മനുഷ്യസ്നേഹിയെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. മഴക്കെടുതികളും മറ്റ് അത്യാഹിതങ്ങളും ഉണ്ടായപ്പോൾ ഓഫീസിൽ ഒതുങ്ങിക്കൂടാതെ ദുരിതബാധിത പ്രദേശങ്ങളിൽ നേരിട്ടെത്താനും, സാധാരണക്കാരുടെ പരാതികൾ നേരിട്ട് കേൾക്കാനും അദ്ദേഹം കാണിച്ച സന്നദ്ധത ജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

രാഷ്ട്രീയ നേതാവ് എന്നതിലുപരി സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഉടനടി ഇടപെടുന്ന, അവരുടെ വൈകാരികമായ വിഷമങ്ങൾ മനസ്സിലാക്കുന്ന ഒരു വ്യക്തിയാണ് എന്ന പ്രതീതി സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രതിപക്ഷ നേതാവായിരുന്ന കാലത്തുണ്ടായിരുന്ന ഇടപെടലുകളും ജനങ്ങളുടെ ഇടയിലുള്ള സാന്നിധ്യവും മുഖ്യമന്ത്രി പദവിയിലും അദ്ദേഹം തുടരുന്നുണ്ട്.

സ്ത്രീകളുടെ യാത്രാസൗകര്യം മുൻനിർത്തി നടപ്പിലാക്കിയ പ്രിയദർശിനി പദ്ധതി പോലുള്ള ജനക്ഷേമ പദ്ധതികൾ വെറുമൊരു ഭരണപരമായ തീരുമാനം എന്നതിലുപരി, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാധാരണക്കാരുടെയും ബുദ്ധിമുട്ടുകൾ മനസിലാക്കിയുള്ള ഒരു സർക്കാരിന്റെ കരുതലായാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

ഭരണത്തിന്റെ തുടക്കത്തിൽ തന്നെ ഇത്തരത്തിലുള്ള ജനകീയ സമീപനങ്ങൾ അദ്ദേഹത്തിന് ഒരു 'കരുണയുള്ള/സഹാനുഭൂതിയുള്ള' ഭരണാധികാരി എന്ന പേര് നേടിക്കൊടുക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

# BELLMORE

525 BEDFORD AVE,
BELLMORE, NEW YORK 11710

universalmoviequeens

SINCE 2002
UNIVERSAL MOVIES

# PLAYHOUSE

CONT: (347) 612 - 6362
(516-783-5440

www.universalmovie.net




SHOWTIME

KHALIFA

THUR: AUG: 20TH: 8:30PM
FRI: AUG: 21ST: 9:00PM
SAT: AUG: 22ND: 9:00PM
SUN: AUG: 23RD: 8:35PM
MON: AUG: 24TH: 8:35PM
TUE: AUG: 25TH: 8:35PM
WED: AUG: 26TH: 8:35PM

# നമുക്കെന്താ വിജയാ ഈ ബുദ്ധി നേരത്തെ തോന്നാതിരുന്നത്

**നാ**ടോടിക്കാറ്റ് എന്ന സിനിമയിൽ മോഹൻലാൽ വിജയൻ എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്ന ശ്രീനിവാസനോട് ചോദിക്കുന്ന ചോദ്യം വർഷമെത്ര കഴിഞ്ഞിട്ടും സൂപ്പർ ഹിറ്റാണ്. നമുക്കെന്താ വിജയാ ഈ ബുദ്ധി നേരത്തെ തോന്നാതിരുന്നത് എന്ന് മോഹൻലാലിന്റെ ദാസൻ ചോദിക്കുമ്പോൾ ശ്രീനിവാസിന്റെ വിജയൻ പറയുന്ന ഒരു മറുപടിയുണ്ട് - എല്ലാത്തിനും അതിന്റേതായ സമയമുണ്ട് ദാസാ...

ഈ ചോദ്യവും ഉത്തരവും ഇപ്പോഴും പ്രസക്തമാകുന്നത് ഒരു അടിമുടി അഴിച്ചു പണിയിലിന് തയ്യാറായിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സിപിഎമ്മിനെ കുറിച്ച് ചർച്ച ചെയ്യുമ്പോഴാണ്. ദാസൻ വിജയനോട് ചോദിച്ചത് പല സഖാക്കളും ഇപ്പോൾ പിണറായി വിജയനോട് ചോദിക്കുന്നുണ്ട്.

ഈ അഴിച്ചു പണി, ഈ മാറ്റം... ഈ ബുദ്ധി എന്താ വിജയം നമുക്ക് നേരത്തെ തോന്നാതിരുന്നത് എന്ന്. എന്തായാലും നിയമസഭാ തിരഞ്ഞെടുപ്പിൽ നിർദാക്ഷിണ്യം ഏറ്റുവാങ്ങേണ്ടി വന്ന തോൽവി കേരളത്തിലെ സിപിഎമ്മിനെ ഒരു വീണ്ടുവിചാരം ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ബലമാണ് ഇപ്പോൾ നടക്കുന്ന പുനർജീവന ചർച്ച.

കേരള രാഷ്ട്രീയത്തിൽ നിർണ്ണായകമായ പല മാറ്റങ്ങളുടെയും പുനഃസംഘടനകളുടെയും ഘട്ടത്തിലൂടെയാണ് സിപിഎം കടന്നുപോകുന്നത്. സംഘടനാപരമായും രാഷ്ട്രീയമായും പാർട്ടി നേരിടുന്ന പുതിയ വെല്ലുവിളികളും അതിനെ പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുള്ള അഴിച്ചുപണികളും കേരള രാഷ്ട്രീയത്തിൽ വലിയ ചർച്ചാവിഷയമാണ്.

സംഘടനാപരമായ പുനഃസംഘടന: തെരഞ്ഞെടുപ്പ് ഫലങ്ങളും രാഷ്ട്രീയ സാഹചര്യങ്ങളും വിലയിരുത്തി താഴെത്തട്ട് മുതൽ സംസ്ഥാന തലം വരെ സംഘടനയിൽ ശക്തമായ തിരുത്തലുകളും മാറ്റങ്ങളും വരുത്താൻ പാർട്ടി നേതൃത്വം തയ്യാറെടുക്കുന്നു. പ്രവർത്തന ശൈലിയിലും ജനങ്ങളുമായുള്ള ബന്ധത്തിലും പുതിയ രീതികൾ കൊണ്ടുവരിക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

കേരളത്തിൽ മാറിവരുന്ന രാഷ്ട്രീയ സമവാക്യങ്ങളെയും പ്രതിപക്ഷ കക്ഷികളുടെ കടന്നാക്രമണങ്ങളെയും പ്രതിരോധിക്കാൻ പാർട്ടി പുതിയ തന്ത്രങ്ങൾ മെനയുന്നുണ്ട് . തങ്ങളുടെ സർക്കാരിന്റെ കഴിഞ്ഞകാലത്തെ ഭരണനേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിലും ജനകീയ പ്രശ്നങ്ങളിൽ കൂടുതൽ ശക്തമായി ഇടപെടുന്നതിലും പുതിയ സംഘടനാ സമീപനങ്ങൾ ഉണ്ടായേക്കാം. യുവനിരയ്ക്കും പുതിയ മുഖങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള നേതൃമാറ്റങ്ങളും ഭരണപരവും സംഘടനാപരവുമായ ചുമതലകളിൽ പുനർവിതരണവും ഈ മാറ്റങ്ങളുടെ ഭാഗമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്.

പാർട്ടിയെ കൂടുതൽ ജനകീയമാക്കാനും അടിത്തറ ശക്തമാക്കാനുമുള്ള ഈ അഴിച്ചുപണികൾ വരുംകാലങ്ങളിൽ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ദിശ നിർണ്ണയിക്കുന്നതിൽ വലിയ പങ്കു വഹിസസൗ.

കേരള രാഷ്ട്രീയത്തിലെയും തിരഞ്ഞെടുപ്പ് ഫലങ്ങളുടെയും പശ്ചാത്തലത്തിൽ, പാർട്ടിയെ അടിമുടി നന്നാക്കാനും ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കാനുമുള്ള നയപരവും സംഘടനാപരവുമായ തിരുത്തലുകൾക്കാണ് സിപിഎം പ്രധാനമായും ഊന്നൽ നൽകുന്നത്.

പ്രവർത്തന ശൈലിയിലെ ജനകീയതയാണ് ഇപ്പോൾ സിപിഎം പ്രധാനമായും നൽകുന്ന കാര്യം. ജനങ്ങളുമായുള്ള ബന്ധത്തിൽ ഉണ്ടായ അകൽച്ച ഒഴിവാക്കാനും, സാധാരണക്കാരുടെ പ്രശ്നങ്ങളിൽ കൂടുതൽ വേഗത്തിലും ശക്തമായും ഇടപെടാനും കഴിയുന്ന തരത്തിലുള്ള പ്രവർത്തന ശൈലി രൂപീകരിക്കുക എന്ന് അഭിപ്രായം താഴെത്തട്ടിൽ നിന്ന് മുകൾ തട്ടു വരെ വന്നിട്ടുണ്ട്.

രാഷ്ട്രീയ തിരുത്തലുകളും ആത്മപരിശോധനയും ഇനിയെങ്കിലും പാർട്ടിയും പ്രസ്ഥാനവും ചെയ്തില്ലെങ്കിൽ ശവപ്പെട്ടിയിലെ അവസാനത്തെ ആണിയും അടിക്കാമെന്ന് പ്രവർത്തകർ തന്നെ ഓർമ്മപ്പെടുത്തുന്നു.

തെരഞ്ഞെടുപ്പുകളിൽ സംഭവിച്ച വീഴ്ചകളും പോരായ്മകളും പാർട്ടി തലത്തിൽ ഗൗരവമായി പരിശോധിച്ച് തിരുത്തുക എന്ന അത്യന്തം സങ്കീർണ്ണം ആയ ഘട്ടത്തിലൂടെയാണ് പാർട്ടി കടന്നുപോകുന്നത് . ഭരണപരമായും സംഘടനാപരമായും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ എന്തു ചെയ്യണം എന്നതിനെക്കുറിച്ച് താഴെത്തട്ട് മുതൽ ചർച്ചകൾ നടത്തി വ്യക്തമായ ദിശാബോധം ഉണ്ടാക്കിയേ മതിയാകൂ എന്നും ഇത് കടലാസിൽ മാത്രം കുടുങ്ങാതെ നടപ്പാക്കണം എന്നും ആവശ്യമുയർന്നിട്ടുണ്ട് .

യുവനിരയ്ക്കും പുതിയ മുഖങ്ങൾക്കും പ്രാധാന്യം നൽകി റിട്ടയർ ചെയ്യേണ്ടവരെ റിട്ടയർ ചെയ്യിപ്പിക്കണം എന്ന് ആവശ്യവും ശക്തമാണ്.

സംഘടനയിലും ഭരണതലത്തിലും പുതിയ തലമുറയെയും യുവമുഖങ്ങളെയും മുന്നോട്ടു കൊണ്ടുവരിക വഴി പാർട്ടിയുടെ പ്രവർത്തനങ്ങൾക്ക് പുതിയ ഊർക്കം നൽകാൻ സാധിക്കും എന്നാണ് പൊതുവേ വിലയിരുത്തുന്നത്.

എതിരാളികളുടെ രാഷ്ട്രീയ കടന്നാക്രമണങ്ങളെ ആശയപരമായി പ്രതിരോധിക്കുന്നതിനൊപ്പം, ജനപക്ഷത്തുനിന്നുള്ള ബദൽ നയങ്ങൾ ശക്തമായി ഉയർത്തിപ്പിടിക്കുക എന്ന് ആശയവും പുതിയ ചർച്ചകളിൽ മുന്നോട്ടു വന്നിട്ടുണ്ട്.

വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് സർക്കാരിന്റെ ജനകീയ പ്രവർത്തനങ്ങളും ജനപക്ഷ നയങ്ങളും മുഖ്യ പ്രതിപക്ഷമായ സിപിഎമ്മിന്റെയും ഇടതുമുന്നണിയുടെയും രാഷ്ട്രീയ തന്ത്രങ്ങളെയും നിലനിൽപ്പിനെയും പല രീതികളിലാണ് ബാധിക്കുന്നത്

സർക്കാർ നടപ്പിലാക്കുന്ന ജനകീയ പദ്ധതികളും വി



കസന കാഴ്ചപ്പാടുകളും ജനശ്രദ്ധ നേടുമ്പോൾ, അതിനെതിരെ ഫലപ്രദമായ സമരമുഖങ്ങൾ തുറക്കാൻ പ്രതിപക്ഷത്തിന് കഴിയാതെ വരുന്നു. ഇത് പാർട്ടി ഘടകങ്ങളിൽ വലിയ ചർച്ചയായിട്ടുണ്ട്. ഭരണവിരുദ്ധ വികാരം ആളിക്കത്തിക്കാൻ മുൻപ് ഉപയോഗിച്ചിരുന്ന ആയുധങ്ങൾ പുതിയ സർക്കാരിന്റെ സുതാര്യമായ പ്രവർത്തന ശൈലിക്കു മുന്നിൽ ഫലം കാണാതെ പോകുന്നു എന്നതാണ് യാഥാർത്ഥ്യം. ശക്തമായ ഒരു സമര വിഷയം സിപി എമ്മിന് കിട്ടിയിട്ടില്ല എന്നതും കൗതുകം പകരുന്നു.

സർക്കാരിന്റെ ജനപ്രിയ തീരുമാനങ്ങൾ സാധാരണക്കാരിലേക്ക് നേരിട്ട് എത്തുമ്പോൾ, ഇടതുപക്ഷം ഉയർത്തുന്ന വിമർശനങ്ങളെയും ആരോപണങ്ങളെയും ജനങ്ങൾ അത്രമേൽ ഗൗരവത്തോടെ കാണാത്ത സ്ഥിതി ഉണ്ടാകുന്നു. ഇത് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ആരോപണങ്ങളുടെ മൂർച്ച കുറയ്ക്കുന്ന അവസ്ഥയിലേക്കാണ് ചെന്നെത്തുന്നത്

സർക്കാരിന്റെ ജനകീയ മുഖവും ഭരണനേട്ടങ്ങളും ജനങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനം പ്രതിപക്ഷ കക്ഷികൾക്കുള്ളിൽ ശക്തമായ ആത്മപരിശോധനയ്ക്കും സംഘടനാപരമായ അഴിച്ചുപണികൾക്കും കാരണമായിട്ടുണ്ട് എന്ന് പറയാതെ വയ്യ. സർക്കാരിന്റെ പ്രവർത്തനങ്ങളെ പ്രതിരോധിക്കാൻ തക്കവണ്ണം തങ്ങളുടെ നയങ്ങളും സമരരീതികളും മാറ്റിയെടുക്കേണ്ട ബാധ്യതയിലേക്ക് പ്രതിപക്ഷം നിർബന്ധിക്കപ്പെട്ടിരിക്കുന്നു അഥവാ തള്ളപ്പെട്ടിരിക്കുന്നു എന്നു തന്നെ സംശയമില്ലാതെ പറയാം..

സംഘടനാപരമായ ദൗർബല്യങ്ങളും തിരുത്തലുകളും സംബന്ധിച്ച് സിപിഎമ്മിന്റെ കേന്ദ്ര നേതൃത്വത്തിന് തന്നെ നല്ല ബോധ്യമുണ്ട്.

പത്തു വർഷത്തെ തുടർച്ചയായ ഭരണം പാർട്ടി സംഘടനയെയും താഴെത്തട്ടിലെ പ്രവർത്തനങ്ങളെയും ചിലയിടങ്ങളിൽ ദുർബലപ്പെടുത്തിയെന്നും, ജനങ്ങളെ നിസ്സാരമായി കാണുന്ന ശൈലി ചില ഘട്ടങ്ങളിൽ കടന്നുകൂടിയിട്ടുണ്ടെന്നും പാർട്ടി സ്വയംവിമർശനപരമായി വിലയിരുത്തുന്നു.

വ്യക്തികേന്ദ്രീകൃത പ്രചാരണങ്ങളിലെ പോരായ്മകൾ തെറ്റായെന്നും പാർട്ടിക്ക് തെറ്റുപറ്റി എന്നും അത് തിരുത്തണമെന്ന് തുറന്നുപറയാൻ ചിലരെങ്കിലും തയ്യാറാക്കുന്നത് ശുഭകരമായ കാര്യം. തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ ഒരു വ്യക്തിക്ക് ചുറ്റും മാത്രം കേന്ദ്രീകരിക്കപ്പെട്ടത് പാർട്ടിയുടെ രാഷ്ട്രീയ പ്രതിരോധശേഷിയെയും നയപരമായ കടന്നാക്രമണങ്ങളെയും ചിലപ്പോഴൊക്കെ ബാധിച്ചതായി കേന്ദ്ര കമ്മിറ്റി വിലയിരുത്തുകയുണ്ടായി. കൂട്ടായ നേതൃത്വത്തിന്റെ പ്രാധാന്യവും ജനങ്ങളുമായി കൂടുതൽ അടുക്കേണ്ടതിന്റെ ആവശ്യകതയും പാർട്ടി ഇതിലൂടെ തിരിച്ചറിയുന്നു. എന്നാൽ ഇത് വൈകി വന്ന തിരിച്ചറിവാണെന്ന് അണികൾ ഉറക്കെ പറയുന്നു. ജനക്ഷേമപ്രവർത്തനങ്ങൾ വേണ്ടവിധം ജനങ്ങളിലേക്ക് എത്തിയില്ല എന്നതാണ് പാർട്ടിക്കേറ്റ കനത്ത ആഘാതം എന്നും വിലയിരുത്തപ്പെടുന്നുണ്ട്

സാമൂഹിക സുരക്ഷാ പെൻഷനുകൾ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ മുന്നേറ്റങ്ങൾ, അതി ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ നിരവധി കാര്യങ്ങൾ പത്തു വർഷത്തിനിടയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, ദീർഘകാല ഭരണത്തിന്റെ സ്വാഭാവികമായ വിരുദ്ധവികാരങ്ങളും ജനങ്ങളുടെ പ്രതീക്ഷകളിലെ മാറ്റങ്ങളും കൃത്യമായി രാഷ്ട്രീയമായി വ്യാഖ്യാനിക്കുന്നതിൽ വന്ന വീഴ്ചകൾ തിരിച്ചടിക്ക് കാരണമായെന്നും പാർട്ടി കണക്കാക്കുന്നു.

ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച്, തെറ്റുകൾ തിരുത്തി ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്നുകൊണ്ട് ശക്തമായ ഒരു പ്രതിപക്ഷ നിരയായി പ്രവർത്തിക്കാനാണ് നിലവിൽ സിപിഎം ലക്ഷ്യമിടുന്നത്.

തെരഞ്ഞെടുപ്പിലെ തിരിച്ചടികൾക്ക് പിന്നാലെ സിപിഎമ്മിനുള്ളിൽ നേതാക്കൾ തമ്മിലും താഴെത്തട്ട് മുതൽ സംസ്ഥാന നേതൃത്വത്തിനുമെതിരെയും ശക്തമായ വിമർശനങ്ങൾ ഉയർന്നുവരുന്നുണ്ട്. പാർട്ടിയുടെ നയങ്ങളെയും തെരഞ്ഞെടുപ്പ് തന്ത്രങ്ങളെയും പരസ്യമായും ആഭ്യന്തര വേദികളിലും ചോദ്യം ചെയ്തുകൊണ്ട് പ്രമുഖ നേതാക്കളും ഘടകങ്ങളും രംഗത്തെത്തിയിട്ടുണ്ട്. സ്ഥാനാർത്ഥി നിർണ്ണയത്തിലെ പിഴവുകൾ സജീവ ചർച്ചയാണ് ഇപ്പോൾ.

ചില നിർണ്ണായക മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ നിശ്ചയിച്ചതിൽ പ്രാദേശിക ഘടകങ്ങളുടെ അഭിപ്രായങ്ങൾ അവഗണിച്ചെന്നും, ഇത് തിരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിക്ക് കാരണമായെന്നും മുതിർന്ന നേതാക്കൾ തന്നെ യോഗങ്ങളിൽ തുറന്നടിച്ചു.

വ്യക്തികേന്ദ്രീകൃത പ്രചാരണ ശൈലിക്കെതിരെ അതിരൂക്ഷമായ വിമർശനമാണ് ഉയരുന്നത്. തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ ഒരു വ്യക്തിക്ക് ചുറ്റും മാത്രം കേന്ദ്രീകരിച്ചത് പാർട്ടിയുടെ കൂട്ടായ പ്രവർത്തനത്തെയും രാഷ്ട്രീയ പ്രതിരോധത്തെയും ബാധിച്ചുവെന്ന് കേന്ദ്ര-സംസ്ഥാന സമിതികളിൽ വിമർശനങ്ങൾ ഉയർന്നു. ഒരു വ്യക്തിയെ പുകഴ്ത്തിയതും വാഴ്ത്തി പാടിയതും അദ്ദേഹത്തിന്റെ അസഹിഷ്ണുതയോടെയുള്ള പെരുമാറ്റവും സാധാരണക്കാര് അടക്കമുള്ള വോട്ടർമാരിൽ നെഗറ്റീവ് ഇമേജ് ആണ് ഉണ്ടാക്കിയതെന്നും പല നേതാക്കളും ഇപ്പോൾ ധൈര്യസമേതം ചൂണ്ടിക്കാട്ടുന്നുണ്ട്.

നേതൃത്വത്തിനെതിരെയുള്ള വിയോജിപ്പുകൾ തുറന്നു പറയാൻ പാർട്ടി നേതാക്കളും പ്രവർത്തകരും തയ്യാറാകുന്നതും മറ്റൊരു സവിശേഷതയാണ്.

പാർട്ടി നയങ്ങളിലും പ്രവർത്തന ശൈലിയിലും മാറ്റം വേണമെന്ന ആവശ്യവും, ചില കാര്യങ്ങളിൽ സംസ്ഥാന നേതൃത്വത്തിന് സംഭവിച്ച വീഴ്ചകളും ചൂണ്ടിക്കാട്ടി വിവിധ തലങ്ങളിൽ നിന്നും വിമർശനങ്ങൾ ശക്തമാണ്. വിമർശനങ്ങൾ ഉന്നയിച്ച ചില നേതാക്കൾക്കെതിരെ സംഘടനാപരമായ നടപടികൾ ഉണ്ടായത് പാർട്ടിക്കുള്ളിലെ ഭിന്നതകൾ കൂടുതൽ പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

ചുരുക്കത്തിൽ, തിരഞ്ഞെടുപ്പുകളിൽ ജയപരാജയങ്ങൾ മാറിമറിയാറുണ്ടെങ്കിലും കേരള രാഷ്ട്രീയത്തിൽ നിർണ്ണായക ശക്തിയായി സിപിഎം തുടരുന്നുണ്ട്. പാർട്ടിയുടെ ഭാവി എന്നത് വരുംകാലങ്ങളിലെ ജനകീയ പ്രശ്നങ്ങളിലെ ഇടപെടലുകളെയും കാലത്തിനൊത്ത സംഘടനാപരമായ മാറ്റങ്ങളെയും ആശ്രയിച്ചായിരിക്കും.



FIND YOUR DREAM. LIVE YOUR FUTURE.
FIND YOUR DREAM PROPERTY IN HOUSTON!
25+ YEARS OF TRUST AND SERVICE
IMMEDIATE MOVE IN LUXURY HOMES AVAILABLE
NOW IN HOUSTON'S FINEST COMMUNITIES
Looking to buy, lease, sell residential, commercial or ranch property?
SAVE THOUSANDS OF DOLLARS!
I will match anyone's offer for a
NEW HOUSE PURCHASE
REASONABLE RELOCATION ALLOWANCE
COMMISSION RETURN 50 TO 75%
PROMPT REALTY
AND MORTGAGE INC.
— Your Property. Our Priority. —
THOMAS
OLIYAMKUNNEL
REALTOR® / MORTGAGE SPECIALIST
DIRECT:
713-679-9950
www.promptrealtyandmortgage.com
thomasoj@ymail.com
OFFICE: 832-735-5555

# ആദ്യം കണ്ണ് പിന്നെ മാപ്പ്

**ഗൂഗിൾ മാപ്പിന്റെ തെറ്റായ വഴികാട്ടൽ മൂലം കേരളത്തിൽ പലപ്പോഴായി നിരവധി വലിയ അപകടങ്ങളും ദുരന്തങ്ങളും ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും ഗൗരവമേറിയതും കേരളത്തെ ഞെട്ടിച്ചതും എറണാകുളം ഗോതുരുത്ത് അപകടത്തിൽ രണ്ട് ഡോക്ടർമാർ മരിച്ചതാണ്.**

ആദ്യം കണ്ണ് പിന്നെ മതി മാപ്പ്... സംഗതി പെട്ടെന്ന് പിടികിട്ടുന്നില്ല അല്ലേ. ഗൂഗിൾ മാപ്പിനെ കുറിച്ചാണ് പറഞ്ഞു വരുന്നത്. ശരിയായ വഴി കാണിക്കാൻ വേണ്ടി ആശ്രയിക്കുന്ന ഗൂഗിൾ മാപ്പ് വഴിതെറ്റിക്കുമ്പോൾ ഉണ്ടാകുന്ന പൊല്ലാപ്പുകൾ ചില്ലറയല്ല. ജീവൻ വരെ നഷ്ടപ്പെടാവുന്ന അവസ്ഥയിലേക്കാണ് ഗൂഗിൾ മാപ്പിന് വഴിതെറ്റുമ്പോൾ കാര്യങ്ങൾ ചെന്നെത്തുന്നത്.

എന്താണ് ഇതിന് പരിഹാരം എന്ന ചോദ്യത്തിനും സംശയത്തിനും ഉള്ള ഉത്തരമാണ് ആദ്യം കണ്ണ് പിന്നെ മാപ്പ്. എന്തുകൊണ്ടാണ് ഗൂഗിൾ മാപ്പ് വഴി തെറ്റിക്കുന്നത് എന്ന് ചോദിച്ചാൽ കാലഹരണപ്പെട്ട വിവരങ്ങൾ എന്ന് ലളിതമായി പറയാം. റോഡ് പണികൾ, പുതിയ വൺ-വേകൾ, പുതിയ ഫ്ലൈഓവറുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മാപ്പിൽ കൃത്യസമയത്ത് അപ്ഡേറ്റ് ചെയ്യപ്പെടാതെ വരുമ്പോൾ മാപ്പിന് അറിയില്ലല്ലോ പുതിയ വഴികൾ.

ദൂരം കുറഞ്ഞ വഴിയാണെങ്കിൽ അത് നോക്കി മാപ്പ് കാണിക്കും. എന്നാൽ ആ വഴി കാടോ, വളരെ ഇടുങ്ങിയതോ, ടാറിടാത്തതോ അല്ലെങ്കിൽ വലിയ കയറ്റങ്ങളുള്ളതോ ആയിരിക്കാം. അതൊന്നും മാപ്പുമാഷ്ക്ക് അറിയില്ല.

സിഗ്നൽ തകരാറും ജിപിഎസ് പിശകും ഗൂഗിൾ മാപ്പ് വഴിതെറ്റുന്നതിന് കാരണമാകാറുണ്ട് ാ ടവറുകളുടെ ലഭ്യത കുറവുള്ള ഉൾനാടൻ പ്രദേശങ്ങളിലോ മലമ്പ്രദേശങ്ങളിലോ ജിപിഎസ് സിഗ്നൽ കൃത്യമായി കിട്ടാതെ വരുന്നത് മൂലം പലപ്പോഴും ഗൂഗിൾ മാപ്പിന് വഴി തെറ്റാറുണ്ട്.

കാൽനടയാത്രക്കാരുടെ വഴികൾ വാഹനങ്ങൾക്കായി കാണിക്കുന്നത് വലിയ അപകടങ്ങൾക്ക് കാരണമാകും. പലപ്പോഴും കാൽനടയായി മാത്രം പോകാൻ പറ്റുന്ന ചെറിയ ഇടവഴികളോ നടപ്പാതകളോ കാറുകൾക്കും മറ്റും കയറിപ്പോകാൻ പറ്റിയ വഴിയായി മാപ്പ് തെറ്റായി കാട്ടാറുണ്ട്.

ഇത്തരം പ്രശ്നങ്ങൾ നേരിടുമ്പോൾ മാപ്പ് കാണിക്കുന്ന വഴിയിൽ വലിയ വിജനതയോ അല്ലെങ്കിൽ സംശയകരമായ രീതിയിലുള്ള മാറ്റങ്ങളോ തോന്നിയാൽ, അവിടുത്തെ കച്ചവടക്കാരോ നാട്ടുകാരോടോ സംസാരിച്ച് വഴി ഉറപ്പുവരുത്തുക. 'ഈ വഴി കാറിന് പോകാൻ പറ്റിയതാണോ' എന്ന് ചോദിക്കുന്നത് വലിയ അപകടങ്ങൾ ഒഴിവാക്കും. മടികൂടാതെയുള്ള നിങ്ങളുടെ ആ ചോദ്യത്തിന് ഒരുപാട് അപകടങ്ങളിൽ നിന്ന് നിങ്ങളെയും മറ്റുള്ളവരെയും രക്ഷിക്കാൻ ആകും.

ഗൂഗിൾ മാപ്പ് പറഞ്ഞുതരുന്ന വഴിയിലൂടെ മുന്നോട്ടുപോകുമ്പോൾ വഴി പിശകാണ് എന്ന് തോന്നിയാൽ ഒരു മടിയും വിചാരിക്കാതെ റിവേഴ്സ് വരിക.

വഴി തീർത്തും മോശമാണെന്ന് തോന്നിയാൽ, കൂടുതൽ അപകടം പിടിച്ച ഉൾവഴികളിലേക്ക് ആഴത്തിൽ പോകാതെ, പരിചയമുള്ള പ്രധാന റോഡുകളിലേക്കോ അല്ലെങ്കിൽ വലിയ ജങ്ഷനുകളിലേക്കോ തിരികെ വാഹനം ഓടിക്കുക. അല്ലാതെ കുറച്ചുകൂടി മുന്നോട്ടുപോയി നോക്കാൻ നോക്കാം എന്ന ഡ്രൈവിംഗ് ചിന്ത ചിലപ്പോൾ അപകടത്തിലേക്ക് എത്തിക്കും.

സാറ്റലൈറ്റ് വ്യൂ പരിശോധിക്കുക എന്നതും ഡ്രൈവിങ്ങിൽ ഒരു ശീലമാക്കുക

മാപ്പിലെ ഡിഫോൾട്ട് കാഴ്ചയ്ക്ക് പകരം സാറ്റലൈറ്റ് വ്യൂ ഓൺ ചെയ്താൽ മുന്നിലുള്ള വഴി ടാറിട്ട റോഡ് ആണോ, അതോ കാടോ, ചെങ്കുത്തായ മലയിടുക്കോ എന്ന് ഒരു പരിധി വരെ മനസ്സിലാക്കാനാകും. ഓർക്കുക ഒരു പരിധിവരെ.

തെറ്റായ വഴിയാണെന്ന് പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന് മനസ്സിലായാൽ ഗൂഗിൾ മാപ്പിൽ തന്നെ റിപ്പോർട്ട് എ പ്രോബ്ലം അല്ലെങ്കിൽ സെൻറ് ഫീഡ്ബാക്ക് കൊടുക്കാൻ ഓപ്ഷനുണ്ട്. ഇത് മറ്റുള്ളവർക്ക് ആ വഴിയിൽ കുടുങ്ങാതിരിക്കാൻ സഹായിക്കും.

പലപ്പോഴും സിനിമകളിലും യാത്രാനുഭവങ്ങളിലും നമ്മൾ കാണാറുള്ളതുപോലെ ഗൂഗിൾ മാപ്പ് നമ്മെ വഴിതെറ്റിച്ച് അപരിചിതമായ സ്ഥലങ്ങളിൽ എത്തിക്കുമ്പോൾ വലിയ മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അതിനാൽ, മാപ്പിനെ കണ്ണടച്ച് വിശ്വസിക്കാതെ നമ്മുടെ സ്വന്തം ബോധോദയത്തിനും ചുറ്റുപാടുകൾക്കും കൂടി മുൻഗണന നൽകുന്നത് യാത്രകൾ കൂടുതൽ സുരക്ഷിതമാക്കും.

ഗൂഗിൾ മാപ്പിന്റെ തെറ്റായ വഴികാട്ടൽ മൂലം കേരളത്തിൽ പലപ്പോഴായി നിരവധി വലിയ അപകടങ്ങളും ദുരന്തങ്ങളും ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും ഗൗരവമേറിയതും കേരളത്തെ ഞെട്ടിച്ചതും എറണാകുളം ഗോതുരുത്ത് അപകടത്തിൽ രണ്ട് ഡോക്ടർമാർ മരിച്ചതാണ്.

കേരളത്തിൽ ഗൂഗിൾ മാപ്പ് വഴിതെറ്റിച്ച് ഉണ്ടായ ഏറ്റവും ദുരന്തപൂർണ്ണമായ സംഭവങ്ങളിൽ ഒന്നാണിത്.

കൊച്ചിക്ക് സമീപം ഗോതുരുത്തിൽ രാത്രി കനത്ത മഴയത്ത് യാത്ര ചെയ്യുകയായിരുന്ന യുവാക്കളായ രണ്ട് ഡോക്ടർമാർ സഞ്ചരിച്ച കാർ പെരിയാർ നദിയിലേക്ക് മറിഞ്ഞ് മരണപ്പെട്ടു.

ഗൂഗിൾ മാപ്പ് കാണിച്ച വഴിയിലൂടെ പോകവെ, കനത്ത മഴയും മോശം കാഴ്ചയും കാരണം വെള്ളക്കെട്ടാണെന്ന് തെറ്റിദ്ധരിച്ച് ഇവർ കാർ പുഴയിലേക്ക് ഓടിക്കുകയായിരുന്നു. റോഡ് അവസാനിക്കുന്നത് അറിയാതെ മാപ്പ് നോക്കി മുന്നോട്ട് പോയതാണ് ദുരന്തത്തിന് കാരണമായത്. ഒപ്പമുണ്ടായിരുന്ന മറ്റ് മൂന്ന് പേരെ നാട്ടുകാർ രക്ഷപ്പെടുത്തി

തിരുവനന്തപുരം വർക്കല പാപനാശം ബീച്ചിന് സമീപം വിനോദസഞ്ചാരികൾ സഞ്ചരിച്ച കാർ പടിക്കെട്ടുകളിലേക്ക് ഇറങ്ങി അപകടത്തിൽ പെട്ടതിന്റെ കാരണവും ഗൂഗിൾ മാപ്പ് വഴി തെറ്റിച്ചതാണ്.

ഹെലിപാഡിൽ നിന്നും ബീച്ചിലേക്ക് പോകാൻ ഗൂഗിൾ മാപ്പ് നോക്കി സഞ്ചരിച്ച യുവാക്കൾക്ക് മുന്നിൽ പെട്ടത് കാൽനടയാത്രക്കാർക്കുള്ള നടപ്പാതയും പടിക്കെട്ടുകളുമായിരുന്നു. റോഡ് അവസാനിക്കുന്ന സ്ഥലം മനസ്സിലാക്കാതെ മാപ്പ് മാത്രം വിശ്വസിച്ച് മുന്നോട്ട് പോയ കാർ പടിക്കെട്ടുകളിൽ കുടുങ്ങി നിൽക്കുകയാണുണ്ടായത്. തലനാരിഴയ്ക്കാണ് വലിയ ദുരന്തം ഒഴിവായത്.

പത്തനംതിട്ട കോന്നി മേഖലയിൽ ഗൂഗിൾ മാപ്പ് കാണിച്ച് വഴിയിലൂടെ സഞ്ചരിച്ച കാർ വഴിതെറ്റി കൊക്കയിലേക്ക് ചരിഞ്ഞ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഉൾപ്രദേശങ്ങളിലെ പഴയതും കാടുകയറിയതുമായ നടവഴികളും പഞ്ചായത്ത് റോഡുകളും കാറുകൾക്ക് പോകാൻ പറ്റിയ പ്രധാന വഴികളായി ഗൂഗിൾ മാപ്പ് തെറ്റായി കാണിക്കുന്നത് മലയോര മേഖലകളിൽ പലപ്പോഴും അപകടങ്ങൾക്ക് കാരണമാകാറുണ്ട്.

കേരള പോലീസിന്റെ ജാഗ്രതാ നിർദ്ദേശങ്ങൾ

ഇത്തരം സംഭവങ്ങൾ ആവർത്തിച്ച സാഹചര്യത്തിൽ കേരള പോലീസ് പൊതുജനങ്ങൾക്കായി പ്രത്യേക മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്:

രാത്രികാലങ്ങളിലും കനത്ത മഴയുള്ളപ്പോഴും അപരിചിതമായ വഴികളിലൂടെ മാപ്പ് മാത്രം നോക്കി യാത്ര ചെയ്യുമ്പോൾ അതീവ ജാഗ്രത പാലിക്കുക.

മാപ്പ് കാണിക്കുന്ന വഴിയിൽ സംശയകരമായ രീതിയിൽ വിജനതയോ റോഡിന്റെ അവസ്ഥ മോശമായോ കണ്ടാൽ ഉടൻ വാഹനം നിർത്തി നാട്ടുകാരോട് ചോദിച്ചുറപ്പുവരുത്തുക.

നിർദ്ദേശങ്ങൾ മാപ്പിൽ വരുന്നത് കണ്ണടച്ച് വിശ്വസിക്കരുത്.

ഗൂഗിൾ മാപ്പിന് ബദലായി ഇന്ത്യയിലും ലോകമെപ്പാടും ഉപയോഗിക്കാവുന്ന മികച്ച ചില പുതിയ നാവിഗേഷൻ സംവിധാനങ്ങളും ആപ്പുകളും ഇപ്പോൾ ലഭ്യമാണ്. ഗൂഗിൾ മാപ്പ് പോലെ തന്നെ കൃത്യമായ റൂട്ടുകളും ട്രാഫിക് വിവരങ്ങളും നൽകാൻ കഴിയുന്ന ആപ്പുകൾ ഇപ്പോൾ ഡ്രൈവിങ്ങിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്.

മാപ്മൈഇന്ത്യ (MapmyIndia / Mappls)

പൂർണ്ണമായും ഒരു ഇന്ത്യൻ നിർമ്മിത മാപ്പിംഗ് ആപ്പാണ് ങമുുഹെ ങമുാ്യകിറശമ. നമ്മുടെ രാജ്യത്തെ റോഡുകൾ, ഉൾനാടൻ വഴികൾ, ചെറിയ ഇടവഴികൾ എന്നിവ ഗൂഗിൾ മാപ്പിനെക്കാൾ കൃത്യമായി ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും.

ഗുണങ്ങൾ: കേരളത്തിലെ ഉൾപ്രദേശങ്ങളിലെയും ഗ്രാമങ്ങളിലെയും ചെറിയ റോഡുകൾ പോലും ഇതിൽ വളരെ വ്യക്തമായി കാണാം. കൂടാതെ ട്രാഫിക് അപ്ഡേറ്റുകൾ, സുരക്ഷാ മുന്നറിയിപ്പുകൾ (സ്പീഡ് ബ്രേക്കറുകൾ, കുഴികൾ എന്നിവയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ) എന്നിവ നൽകാനും ഇതിന് സാധിക്കും. ഇന്ത്യയുടെ തദ്ദേശീയ ജിപിഎസ് സംവിധാനമായ ചമ്കളും ഇതിൽ പിന്തുണയ്ക്കുന്നുണ്ട്.

ഇന്ത്യയിൽ ഏറ്റവുമധികം ആളുകൾ ഗൂഗിൾ മാപ്പിന് ബദലായി ഉപയോഗിക്കുന്ന തദ്ദേശീയ ആപ്പാണിത്. ഇന്ന് ഇന്ത്യയിൽ വിപണിയിലെത്തുന്ന പുതിയ കാറുകളിൽ കമ്പനി നൽകുന്ന ബിൽറ്റ്-ഇൻ ടച്ച്സ്ക്രീൻ നാവിഗേഷനായി ഉപയോഗിക്കുന്നത് മാപ്മൈഇന്ത്യയുടെ ഡാറ്റയാണ്.

**ആപ്പിൾ മാപ്സ് (Apple Maps)**

ഐഫോൺ (Apple) ഉപയോക്താക്കൾക്കായി ആപ്പിൾ കമ്പനി ഒരുക്കിയിരിക്കുന്ന സ്വന്തം മാപ്പ് സംവിധാനമാണിത്.

ഗുണങ്ങൾ: യൂസർ ഇന്റർഫേസ് വളരെ വ്യക്തവും ലളിതവുമാണ്. ഇതിലെ 3ഉ വ്യൂവും ലെയ്ൻ ഗൈഡൻസും ഡ്രൈവിംഗ് വളരെ എളുപ്പമാക്കുന്നു. ഡാറ്റാ പ്രൈവസിക്ക് മുൻഗണന നൽകുന്ന ആപ്പാണിത്. കേരളത്തിലെ ഐഫോൺ ഉപയോക്താക്കൾക്കിടയിൽ ഇത് വളരെ സജീവമാണ്. കൊച്ചി, തിരുവനന്തപുരം പോലുള്ള നഗരങ്ങളിലും പ്രധാന ഹൈവേകളിലും ഇതിന്റെ 3ഉ വ്യൂവും ലെയ്ൻ ഗൈഡൻസും വളരെ കൃത്യമായി പ്രവർത്തിക്കുന്നുണ്ട്.


SANJOY AUGUSTINE
CPA, PLLC
COURTEOUS PROFESSIONAL SERVICES
INDIVIDUAL TAX PREPARATION
Personalized solutions for your tax needs.
PARTNERSHIP, CORPORATE & LLC TAXES
Maximize savings. Ensure compliance.
ACCOUNTING SERVICES
Accurate bookkeeping & financial reporting.
PAYROLL SERVICES
Reliable payroll. On time. Every time.
Your Success
IS OUR PRIORITY
Why Choose Us?
EXPERIENCED
Years of trusted service and expertise.
RELIABLE
Committed to accuracy, dependability & deadlines.
DEDICATED
Personalized attention for every client.
FOCUSED ON YOUR FINANCIAL WELL-BEING
Your success is our priority.
2127 Hillside Ave
New Hyde Park, NY 11040
Phone: 718-343-2371
Fax: 516-977-3352
E-Mail: sa@cpautrust.com
EXPERIENCED. RELIABLE. DEDICATED TO YOUR FINANCIAL WELL-BEING.
SERVING INDIVIDUALS & BUSINESSES
Building Stronger Financial Futures Together

ഓർഗാനിക് മാപ്സ് (Organic Maps)

ഓപ്പൺ സ്ട്രീറ്റ് മാപ്പ് (Open Street Map) ഡാറ്റ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന, പരസ്യങ്ങളില്ലാത്ത സൗജന്യ ആപ്പ്.

ഗുണങ്ങൾ: ഇന്റർനെറ്റ് ഇല്ലാതെ തന്നെ ഓഫ്‌ലൈൻ ആയി മാപ്പുകൾ പൂർണ്ണമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. കാട്ടുവഴികൾ, ട്രെക്കിംഗ് റൂട്ടുകൾ, സൈക്ലിംഗ് പാതകൾ എന്നിവ കണ്ടെത്താൻ ഇത് മികച്ചതാണ്. യാത്രകളിൽ മൊബൈൽ റേഞ്ച് ഇല്ലാത്ത മലയോര മേഖലകളിൽ ഇത് വളരെ ഉപകാരപ്പെടും. മലയോര ട്രെക്കിംഗിനും ഹൈറേഞ്ച് യാത്രകൾക്കും (വയനാട്, മൂന്നാർ, വാഗമൺ തുടങ്ങിയ ഇടങ്ങളിൽ) മൊബൈൽ റേഞ്ച് കിട്ടാത്ത സാഹചര്യങ്ങളിൽ ഛൃഴമിശര ങമു പോലുള്ള ഓഫ്‌ലൈൻ ആപ്പുകളെ ട്രെക്കർമാരും യാത്രക്കാരും ആശ്രയിക്കാറുണ്ട്.

**ഹിയർ വീ ഗോ** (HERE WeGo)

ലോകമെമ്പാടുമുള്ള പ്രമുഖ വാഹന നിർമ്മാതാക്കൾ ഓട്ടോമൊബൈൽ കമ്പനികൾ അവരുടെ ഡാഷ്ബോർഡ് നാവിഗേഷനായി ഉപയോഗിക്കുന്ന മാപ്പ് ആപ്പാണിത്.

ഗുണങ്ങൾ: മികച്ച ഓഫ്‌ലൈൻ നാവിഗേഷൻ സൗകര്യം ഇതിലുണ്ട്. ഇന്റർനെറ്റ് കണക്ഷൻ നഷ്ടപ്പെട്ടാലും ലക്ഷ്യസ്ഥാനത്തേക്ക് കൃത്യമായ വഴി കണ്ടെത്താൻ ഇത് സഹായിക്കും.

വേസ് (Waze)

ഗൂഗിളിന്റെ കീഴിൽ തന്നെയുള്ള മറ്റൊരു നാവിഗേഷൻ ആപ്പാണിത്. എങ്കിലും ഇതിന്റെ പ്രവർത്തനം പൂർണ്ണമായും ഡ്രൈവർമാർക്ക് വേണ്ടിയാണ്.

ഗുണങ്ങൾ: റോഡിലെ തടസ്സങ്ങൾ, കുഴികൾ, പോലീസിന്റെ പരിശോധനകൾ, ട്രാഫിക് ബ്ലോക്കുകൾ എന്നിവ യാത്രക്കാർ തത്സമയം അപ്ഡേറ്റ് ചെയ്യുന്ന ആപ്പാണിത്. അതിനാൽ റോഡിലെ തത്സമയ അപകടങ്ങളെക്കുറിച്ച് പെട്ടെന്ന് അറിയാൻ സാധിക്കും. കേരളത്തിലെ കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിലെ ടാക്സി ഡ്രൈവർമാരും ഡെലിവറി എക്സിക്യൂട്ടീവുകളും തത്സമയ ട്രാഫിക് ബ്ലോക്കുകളും പോലീസ് പരിശോധനകളും അറിയാൻ വേസ് ഉപയോഗിക്കാറുണ്ട്. വിദേശരാജ്യങ്ങളിൽ ഗൂഗിൾ മാപ്പ് ഏറ്റവും കൃത്യമായും ഫലപ്രദമായും പ്രവർത്തിക്കാറുണ്ടെന്ന് വാഹനം ഓടിക്കുന്നവർ പറയുന്നു.

ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ച് യു.എസ്, യൂറോപ്പ്, ജപ്പാൻ, സിംഗപ്പൂർ തുടങ്ങിയ ഇടങ്ങളിൽ ഗൂഗിൾ മാപ്പിന്റെ കൃത്യത വളരെ കൂടുതലാണെന്നാണ് വാഹനം ഓടിക്കുന്നവർ സാക്ഷ്യപ്പെടുത്തുന്നത്.

വിദേശരാജ്യങ്ങളിൽ ട്രെയിനുകൾ, ബസ്സുകൾ, മെട്രോകൾ എന്നിവയുടെ കൃത്യമായ സമയവിവരങ്ങൾ പ്ലാറ്റ്ഫോം നമ്പറുകൾ, മാറ്റേണ്ട റൂട്ടുകൾ എന്നിവ ഗൂഗിൾ മാപ്പിൽ സെക്കൻഡുകളുടെ വ്യത്യാസത്തിൽ കാണിച്ചുതരും.

ലെയ്ൻ ഗൈഡൻസും 3ഉ വ്യൂവും: വൻകിട നഗരങ്ങളിൽ ഏത് ലെയ്നിലൂടെ വാഹനം ഓടിക്കണം, ഏതൊക്കെ എക്സിറ്റുകൾ എടുക്കണം എന്നത് വളരെ വ്യക്തമായി വോയ്സ് നാവിഗേഷനിലൂടെ മനസ്സിലാക്കാം.

വലിയ എയർപോർട്ടുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ അകത്തുള്ള വഴികളും ലിഫ്റ്റുകളും വരെ ഗൂഗിൾ മാപ്പ് വഴി കണ്ടെത്താൻ സാധിക്കും.

വിദേശരാജ്യങ്ങളിലെ ഗവൺമെന്റ് സംവിധാനങ്ങളും ട്രാഫിക് ഡിപ്പാർട്ട്മെന്റുകളും തത്സമയ ഡാറ്റ ഗൂഗിൾ മാപ്പുമായി പങ്കുവെക്കുന്നുണ്ട്. റോഡ് പണികൾ, അപകടങ്ങൾ, ട്രാഫിക് ബ്ലോക്കുകൾ എന്നിവയൊക്കെ ഏറ്റവും പെട്ടെന്ന് അപ്ഡേറ്റ് ചെയ്യപ്പെടുന്നത് കൊണ്ടാണ് അവിടെ മാപ്പ് ഇത്രയധികം വിജയിക്കുന്നത്.

ഭൂരിഭാഗം സ്ഥലങ്ങളിലും മികച്ചതാണെങ്കിലും, ചില അപൂർവ്വ സാഹചര്യങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്:

ഗ്രാമീണ / ഉൾനാടൻ പ്രദേശങ്ങൾ: യൂറോപ്പിലെയും അമേരിക്കയിലെയും ഉൾഗ്രാമങ്ങളിലെ ചെറിയ മൺവഴികളോ അല്ലെങ്കിൽ കൃത്യമായ പേരിടാത്ത വഴികളോ കാണിക്കുമ്പോൾ ചിലപ്പോൾ ചെറിയ പിശകുകൾ വരാം.

മൊബൈൽ ഇന്റർനെറ്റ് ലഭ്യമല്ലാത്ത ഇടങ്ങളിൽ മാപ്പ് ലോഡ് ആകാതെ വരാം ഇതിന് വിദേശയാത്രക്കാർ ഗൂഗിൾ മാപ്സ് ഓഫ്‌ലൈൻ ഡൌൺലോഡ് മുൻകൂട്ടി ചെയ്തുവെക്കുകയോ ഓർഗാനിക് മാപ്സ് പോലുള്ളവ ഉപയോഗിക്കുകയോ ആണ് പതിവ്).

ചുരുക്കത്തിൽ, ഇന്ത്യയിലെ പോലെ വഴി തെറ്റിച്ച് കാടുകളിലേക്കോ അപകടങ്ങളിലേക്കോ നയിക്കുന്ന സാഹചര്യങ്ങൾ വിദേശ രാജ്യങ്ങളിൽ വളരെ വിരളമാണ്. അവിടെ റോഡ് സംവിധാനങ്ങളും മാപ്പ് ഡാറ്റയും വളരെ ചിട്ടയായയതുകൊണ്ട് സാധാരണക്കാർക്ക് പൂർണ്ണമായി വിശ്വസിച്ച് ഗൂഗിൾ മാപ്പ് ഉപയോഗിക്കാൻ സാധിക്കും.

ചുരുക്കി പറഞ്ഞാൽ ഗൂഗിൾ മാപ്പിനെ ഒരിക്കലും 'കണ്ണടച്ച്‘ വിശ്വസിക്കാൻ കഴിയില്ല. അത് ഒരു സാങ്കേതിക സഹായം മാത്രമാണ്, അതിലുപരി നമ്മുടെ സ്വന്തം ബോധോദയത്തിന് പകരമാവില്ല അത്.

'മാപ്പ് കാണിക്കുന്നത് വഴിയല്ല, നമ്മുടെ കണ്ണും മുന്നിലെ ചുറ്റുപാടുമാണ് ആദ്യം കാണേണ്ടത്.‘

പ്രത്യേകിച്ച് കേരളം പോലുള്ള സ്ഥലങ്ങളിൽ, ഗ്രാമീണ റോഡുകളുടെ പെട്ടെന്നുള്ള മാറ്റങ്ങളും, ഇടുങ്ങിയ വഴികളും, ചിലപ്പോൾ കൃത്യമല്ലാത്ത സാറ്റലൈറ്റ് ഡാറ്റയും കാരണം മാപ്പ് നമ്മെ വൻകുഴപ്പങ്ങളിൽ ചാടിക്കാൻ സാധ്യതയുണ്ട്.

അതുകൊണ്ട് യാത്ര ചെയ്യുമ്പോൾ ഈ കാര്യങ്ങൾ എപ്പോഴും ഓർക്കുക:

ആദ്യം സ്വന്തം കണ്ണുകൾ, രണ്ടാമത് മാത്രം മാപ്പ്: റോഡിന്റെ യഥാർത്ഥ അവസ്ഥ അതായത് വെള്ളക്കെട്ട്, കാടുകയറിയ വഴി, പടിക്കെട്ടുകൾ നേരിട്ട് കാണുമ്പോൾ മാപ്പ് എന്തുതന്നെ കാണിച്ചാലും അവിടെ വാഹനം കയറാതിരിക്കുക.

സംശയമുണ്ടെങ്കിൽ ചോദിക്കുക: അപരിചിതമായ വഴികളിൽ പെട്ടെന്ന് മാപ്പ് വഴിമാറി സഞ്ചരിക്കാൻ തുടങ്ങിയാൽ നാട്ടുകാരെയോ കച്ചവടക്കാരെയോ കണ്ട് വഴി ചോദിക്കാൻ മടികാണിക്കാതിരിക്കുക.

ടെക്നോളജി നമ്മെ സഹായിക്കാനാണ്, അല്ലാതെ നമ്മുടെ ജീവൻ അപകടത്തിലാക്കാനല്ല. മാപ്പിനെ ഒരു ഗൈഡായി മാത്രം കാണുക, ഡ്രൈവിംഗ് നമ്മുടെ കൺട്രോളിൽ തന്നെയായിരിക്കണം.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ദേശീയപാതയുടെ നിർമ്മാണ പണികൾ നടക്കുന്നതുകൊണ്ട് വണ്ടിയോടിക്കുന്നവരുടെ കണ്ണിനു പോലും സ്ഥലവും വഴിയും പിടുത്തം കിട്ടാത്ത സ്ഥിതിയാണ്. റോഡ് പണിക്കായി എവിടെയൊക്കെ കുഴിച്ചിട്ടിരിക്കുന്നു പൊളിച്ചിട്ടിരിക്കുന്നു എന്ന് പെട്ടെന്ന് മനസ്സിലാകണമെന്നില്ല. അത്തരം വഴികളിലൂടെ സഞ്ചരിക്കുമ്പോൾ മാപ്പിനെ മാത്രം ആശ്രയിക്കാതിരിക്കുക.

ഓർക്കുക ആദ്യം കണ്ണ് പിന്നെ മാപ്പ്.

# വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ മീറ്റ് കൊച്ചിയിൽ ഓഗസ്റ്റ് 22–ന്

**കൊച്ചി:** വേൾഡ് മലയാളി കൗൺസിൽ (WMC) ഗ്ലോബലിന്റെ നേതൃത്വത്തിൽ 2026 ഓഗസ്റ്റ് 22-ന് കൊച്ചിയിലെ റാഡിസൺ ബ്ലൂ ഹോട്ടലിൽ നടക്കുന്ന 'WMC Global Meet @ Kochi"-ന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ വൻ പങ്കാളിത്തം ഉറപ്പായി. അഞ്ച് ഗ്ലോബൽ റീജിയനുകളിലെയും വിവിധ പ്രൊവിൻസുകളിലെയും ഭാരവാഹികളും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും.

WMC ഗ്ലോബൽ ചെയർമാൻ തോമസ് മൊട്ടയ്ക്കൽ, ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ, ഗ്ലോബൽ ജനറൽ സെക്രട്ടറി ഷാജി മാത്യു, ഗ്ലോബൽ ട്രഷറർ സണ്ണി വലിയത്ത്, ഗ്ലോബൽ വൈസ് പ്രസിഡന്റ് (അഡ്മിനിസ്ട്രേഷൻ) ജെയിംസ് കൂടൽ, അഡ്വൈസറി ബോർഡ് ചെയർ ടി. പി. വിജയൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകുകയും പങ്കെടുക്കുകയും ചെയ്യും.

മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, വിവിധ ജനപ്രതിനിധികൾ, സാഹിത്യ, സാമൂഹിക, സാംസ്കാരിക, വ്യവസായ രംഗങ്ങളിലെ പ്രമുഖർ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു.

പ്രവാസി മലയാളികളുടെ ആഗോള സഹകരണവും സാമൂഹിക സേവന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, പുതിയ വികസന പദ്ധതികൾക്ക് രൂപം നൽകുക, ലോകമെമ്പാടുമുള്ള WMC നേതൃത്വത്തെ ഒരുമിച്ച് കൊണ്ടുവരിക എന്നിവയാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സമ്മേളനത്തിന്റെ പ്രധാന ആകർഷണമായി WMC ഗ്ലോബൽ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന്റെ സ്പോൺസർഷിപ്പിൽ നടപ്പാക്കുന്ന ?1 കോടി WMC ഗ്ലോബൽ നഴ്സിംഗ് സ്കോളർഷിപ്പ് പ്രോഗ്രാം അവതരിപ്പിക്കും. ഈ പദ്ധതിയിലൂടെ ആകെ 100 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ?1,00,000 വീതം വിദ്യാഭ്യാസ സഹായം നൽകും.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ 25 വിദ്യാർത്ഥികൾക്ക് തിരുവനന്തപുരം വച്ച് ജനുവരിയിൽ സ്കോളർഷിപ്പ് വിതരണം ചെയ്തിരുന്നു. രണ്ടാംഘട്ടത്തിൽ 25 വിദ്യാർത്ഥികൾക്ക് കൊച്ചിയിൽ നടക്കുന്ന WMC ഗ്ലോബൽ മീറ്റിൽ സ്കോളർഷിപ്പ് വിതരണം ചെയ്യും. ശേഷിക്കുന്ന 50 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുടർഘട്ടങ്ങളിൽ വിതരണം ചെയ്യുമെന്ന് സംഘാടകർ അറിയിച്ചു.

WMC തിരു-കൊച്ചി പ്രൊവിൻസ് സമ്മേളനത്തിന്റെ ഏകോപന ചുമതല വഹിക്കും. ലോകമെമ്പാടുമുള്ള WMC റീജിയനുകളിലെയും പ്രൊവിൻസുകളിലെയും പ്രതിനിധികളുടെ സാന്നിധ്യവും ഗ്ലോബൽ നേതൃത്വത്തിന്റെ പങ്കാളിത്തവും സമ്മേളനത്തെ ശ്രദ്ധേയമാക്കുമെന്ന് സംഘാടകർ അറിയിച്ചു.







APCO
ELECTRICALS
Licensed in New York,
New Jersey & Nasasu County.
POWERING HOMES.
EMPOWERING LIVES.
DELIVERING SAFETY.
NEW CONSTRUCTION
Complete electrical solutions for new homes and buildings.
SERVICE UPGRADE
Panel upgrades, wiring, and electrical improvements for modern living.
RENOVATION
Safe, reliable & efficient electrical systems for renovations and remodels.
RESIDENTIAL & COMMERCIAL SERVICES
Troubleshooting, lighting, outlets, generators & more.
QUALITY WORKMANSHIP YOU CAN TRUST
SAFE, RELIABLE & EFFICIENT
COMMITTED TO EXCELLENCE
Contact:
SAJI CHERIAN
718-744-8403
917-418-1100
PROUDLY SERVING NEW YORK, NEW JERSEY & NASASU COUNTY
Licensed • Insured • Professional

# കരുവന്നൂരിന് ശേഷം ഹലാൽ ഫായിദ സഹകരണ സംഘത്തിൽ കൈപൊള്ളി സിപിഎം

**സിപിഎമ്മിനെയും സിപിഎം നേതാക്കളെയും ഇപ്പോഴും പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുന്ന കരുവന്നൂർ കേസിന്റെ വിട്ടുപോകാത്ത തലവേദനയ്ക്ക് പിന്നാലെ സിപിഎമ്മിനെ വീണ്ടും പ്രതിരോധത്തിലാക്കി മറ്റൊരു ബാങ്കിംഗ് തട്ടിപ്പ്. ഇസ്ലാമിക് ബാങ്കിംഗ് രീതിയിൽ സിപിഎം നിയന്ത്രണത്തിൽ തുടങ്ങിയ ഹലാൽ ഫായിദ സഹകരണ സംഘമാണ് ഇപ്പോൾ വിവാദത്തിലും നിക്ഷേപകരുടെ പരാതിയിലും പെട്ട് പാർട്ടിക്ക് പുതിയ തലവേദനയായിരിക്കുന്നത്.**

സിപിഎമ്മിനെയും സിപിഎം നേതാക്കളെയും ഇപ്പോഴും പ്രതിക്കൂട്ടിൽ നിർത്തിയിരിക്കുന്ന കരുവന്നൂർ കേസിന്റെ വിട്ടുപോകാത്ത തലവേദനയ്ക്ക് പിന്നാലെ സിപിഎമ്മിനെ വീണ്ടും പ്രതിരോധത്തിലാക്കി മറ്റൊരു ബാങ്കിംഗ് തട്ടിപ്പ്.

ഇസ്ലാമിക് ബാങ്കിംഗ് രീതിയിൽ സിപിഎം നിയന്ത്രണത്തിൽ തുടങ്ങിയ ഹലാൽ ഫായിദ സഹകരണ സംഘമാണ് ഇപ്പോൾ വിവാദത്തിലും നിക്ഷേപകരുടെ പരാതിയിലും പെട്ട് പാർട്ടിക്ക് പുതിയ തലവേദനയായിരിക്കുന്നത്.

ഹലാൽ ഫായിദ സഹകരണ സംഘം പൊളിഞ്ഞു എന്നാണ് പരക്കെ പറയപ്പെടുന്നത്., 9 വർഷം മുമ്പ് നിക്ഷേപിച്ച പണം തിരികെ കിട്ടാതായതോടെ പരാതിയുമായി നിക്ഷേപകർ രംഗത്ത് വന്നതോടെയാണ് പാർട്ടി തട്ടകത്തിൽ പാർട്ടിക്ക് അടിപതറിയത്.

ചീഫ് പ്രമോട്ടറായിരുന്ന യുവജനക്ഷേമ ബോർഡ് ചെയർമാൻ എം ഷാജർ ഫോൺ വിളിച്ചാൽ പോലും എടുക്കാതായെന്ന് നിക്ഷേപകനായ കെ പി നാസർ മാധ്യമങ്ങൾക്കു മുന്നിൽ പരസ്യമായി പറഞ്ഞതോടെ നിക്ഷേപകർ ആശങ്കയിലും ആധിയിലുമായി.

സംഭവത്തിൽ അന്വേഷണമാവശ്യപ്പെട്ട് നിക്ഷേപകർ മുഖ്യമന്ത്രിക്ക് പരാതി നൽകിയതോടെ കാര്യങ്ങൾ കൈവിട്ടു പോവുകയും ചെയ്തു .

മുസ്ലീം ന്യൂനപക്ഷത്തെ ഒപ്പം കൂട്ടുകയെന്ന രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി 2017 ഡിസംബറിലാണ് പലിശ രഹിത ബാങ്കിംഗ് രീതിയിൽ ഹലാൽ ഫായിദ സഹകരണ സംഘത്തിന് സിപിഎം കണ്ണൂരിൽ തുടക്കം കുറിച്ചത്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയനായിരുന്നു ഉദ്ഘാടകൻ. ചീഫ് പ്രമോട്ടറായി അന്നത്തെ ഡിവൈഎഫ്ഐ ജില്ലാ ഭാരവാഹിയായിരുന്ന എം ഷാജറിനെയാണ് നിയോഗിച്ചത്. മീറ്റ് കയറ്റുമതിയുൾപ്പെടെയുള്ള പദ്ധതികൾ തുടങ്ങുമെന്നായിരുന്നു പ്രഖ്യാപനം. നിക്ഷേപം സ്വീകരിച്ച് ഓഫീസൊക്കെ തുറന്നെങ്കിലും വൈകാതെ പൂട്ട് വീണു. വർഷം ഒമ്പത് കഴിഞ്ഞിട്ടും നിക്ഷേപ തുക തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുന്നില്ലെന്നാണ് പരാതി. വരവ്-ചെലവ് കണക്കും എവിടെയും അവതരിപ്പിച്ചിട്ടില്ലത്രെ

ഭരണ സമിതി ആരെന്നോ എന്തെന്നോ പോലും ഇപ്പോൾ വ്യക്തമല്ലെന്നും സിപിഎം നേതാക്കളെ ബന്ധപ്പെട്ടിട്ടും കാര്യമുണ്ടായില്ലെന്നും നിക്ഷേപകനായ നാസർ പറയുന്നു. സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് നാസർ ടി കെ ഗോവിന്ദന് എംഎൽഎ മുഖേന മുഖ്യമന്ത്രിക്ക് പരാതി നൽകി.

സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും കണ്ണൂരിലെ ഓഫീസ് അടഞ്ഞുകിടക്കുകയാണെന്നും നാസർ പറഞ്ഞു.

നിക്ഷേപം തിരിച്ചുകിട്ടാത്തതിനെ തുടർന്ന് പലതവണ ബന്ധപ്പെട്ടെങ്കിലും കൃത്യമായ മറുപടി ലഭിച്ചില്ല. സ്ഥാപനത്തിന്റെ ചീഫ് പ്രമോട്ടറായിരുന്ന എം. ഷാജറിനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഫോൺ എടുക്കുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു.

പലിശ ഹറാമായവർക്ക് നിക്ഷേപം നടത്താൻ കഴിയുന്ന രീതിയിലായിരിക്കും സ്ഥാപനത്തിന്റെ പ്രവർത്തനമെന്ന് ഉദ്ഘാടനച്ചടങ്ങിൽ ഭാരവാഹികൾ വിശദീകരിച്ചിരുന്നു.

അംഗങ്ങളിൽ നിന്ന് ഓഹരിയായും നിക്ഷേപമായും സമാഹരിക്കുന്ന തുക വിവിധ വ്യാപാര, നിർമാണ മേഖലകളിൽ നിക്ഷേപിച്ച് ലഭിക്കുന്ന ലാഭം നിക്ഷേപകർക്ക് നൽകുമെന്നായിരുന്നു വാഗ്ദാനം.




മാംസ ഉൽപ്പാദന-വിതരണ മേഖലയിൽ ഉൾപ്പെടെ വൻ പദ്ധതികളും അന്ന് പ്രഖ്യാപിച്ചിരുന്നു. 30 ഏക്കറിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ഫാം ആരംഭിക്കുമെന്നും കർഷകരെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി ആടുമാടുകളെ വളർത്തുമെന്നും പ്രഖ്യാപനമുണ്ടായിരുന്നു. റോഡ് നിർമാണ കരാറുകൾ ഏറ്റെടുക്കുന്നതടക്കമുള്ള പദ്ധതികളും മുന്നോട്ടുവച്ചിരുന്നു.

തുടക്കം മുതൽ തന്നെ ഹലാൽ ഫായിദ രാഷ്ട്രീയ വിവാദത്തിലായിരുന്നു. ന്യൂനപക്ഷ പ്രീണനം ലക്ഷ്യമിട്ടാണ് സിപിഎം ഇത്തരം ഒരു സ്ഥാപനം തുടങ്ങിയതെന്ന ആരോപണം ശക്തമായിരുന്നു. ഇസ്ലാമിക് ബാങ്കിങ് മാതൃകയിലാണ് സ്ഥാപനം പ്രവർത്തിക്കുകയെന്ന പ്രഖ്യാപനത്തിനെതിരെ ബിജെപി രംഗത്തെത്തിയിരുന്നു. രാജ്യത്തെ നിലവിലുള്ള നിയമപരമായ ചട്ടക്കൂടിൽ ഇത്തരമൊരു ബാങ്കിങ് സംവിധാനം എങ്ങനെ പ്രവർത്തിക്കുമെന്നതായിരുന്നു പ്രധാനമായും ഉയർന്ന ചോദ്യം.

പ്രഖ്യാപനങ്ങൾക്കപ്പുറം സ്ഥാപനത്തിന്റെ പ്രവർത്തനം അധികകാലം നീണ്ടുനിന്നില്ല. നിക്ഷേപങ്ങൾ സ്വീകരിക്കുകയും ഓഫീസ് തുറക്കുകയും ചെയ്തെങ്കിലും വൈകാതെ സ്ഥാപനത്തിന് പൂട്ട് വീഴുകയായിരുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും നിക്ഷേപ തുക തിരികെ നൽകാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് നിക്ഷേപകർ ആരോപിക്കുന്നു.

നിക്ഷേപത്തുക തിരികെ ചോദിച്ച് പലതവണ ബന്ധപ്പെട്ടെങ്കിലും കൃത്യമായ മറുപടി ലഭിച്ചില്ലെന്ന് നിക്ഷേപകർ വ്യക്തമാക്കി. . പ്രാദേശിക സിപിഎം നേതാക്കളെ സമീപിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ലത്രെ

തുടർന്നാണ് ടി.കെ. ഗോവിന്ദൻ എം.എൽഎ മുഖേന നിക്ഷേപകർ മുഖ്യമന്ത്രിക്ക് ഔദ്യോഗികമായി പരാതി നൽകിയത്. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തണമെന്നാണ് നിക്ഷേപകരുടെ പ്രധാന ആവശ്യം.

കരുവന്നൂർ പോലെ ഇതും സിപിഎമ്മിന് ബാധ്യതയാകുമോ എന്നാണ് ഇപ്പോൾ പാർട്ടി ഘടകങ്ങളിൽ ഉയരുന്ന ചോദ്യം. അധികാരം കൂടി നഷ്ടപ്പെട്ട സാഹചര്യത്തിൽ ഇത് വലിയ ടെസ്റ്റ് ആകുമോ എന്ന ആശങ്ക നേതൃത്വത്തിനും ഉണ്ട്.

കരുവന്നൂർ സഹകരണ ബാങ്ക് അഴിമതി പോലെ തന്നെ 'ഹലാൽ ഫായിദ' വിവാദവും സിപിഎമ്മിന് രാഷ്ട്രീയമായും ധാർമ്മികമായും വലിയ തിരിച്ചടിയാകാൻ സാധ്യത ഏറെയാണ്.

കരുവന്നൂർ കേസിൽ പാർട്ടി നേതൃത്വത്തിന് മേൽ ആരോപണങ്ങൾ ഉയർന്നതുപോലെ, ഹലാൽ ഫായിദയുടെ കാര്യത്തിലും സിപിഎമ്മിന്റെയും ഡിവൈഎഫ്ഐയുടെയും ഉന്നത നേതാക്കൾ നേരിട്ട് ബന്ധപ്പെട്ടിരുന്നു. കരുവന്നൂർ വിവാദത്തിലെന്നോണം സ്വന്തം പാർട്ടിയിലെ നേതാക്കൾ തന്നെ ഈ വിഷയത്തിൽ രംഗത്തുവന്നിട്ടുണ്ട്. ടി.കെ. ഗോവിന്ദൻ എം.എൽഎ തന്നെ, പാർട്ടി ഈ തട്ടിപ്പിന് കൂട്ടുനിന്നുവെന്നും നിക്ഷേപകർക്ക് പണം തിരികെ നൽകാൻ സൊസൈറ്റിക്ക് ബാധ്യതയുണ്ടെന്നും പരസ്യമായി തുറന്നടിച്ചിരിക്കുന്നത് സിപിഎമ്മിനെ കൂടുതൽ പ്രതിക്കൂട്ടിലാക്കുന്നു.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ കേരളത്തിൽ വലിയ ജനരോഷത്തിന് കാരണമാകാറുണ്ട്. പലിശരഹിത നിക്ഷേപമെന്ന പേരിൽ സാധാരണക്കാരായ ആളുകളിൽ നിന്ന് പണം വാങ്ങി വഞ്ചിച്ചു എന്ന ആക്ഷേപം ഇപ്പോൾ തന്നെ ഉയർന്നിട്ടുണ്ട്.

ഇടതുപക്ഷത്തിനെതിരെ ശക്തമായ രാഷ്ട്രീയ ആയുധമാക്കാൻ സാധ്യതയുണ്ട്. കരുവന്നൂർ സൃഷ്ടിച്ച രാഷ്ട്രീയ നഷ്ടത്തിന് സമാനമായി, ന്യൂനപക്ഷ വോട്ടുകൾ ലക്ഷ്യമിട്ട് തുടങ്ങി പിന്നീട് തടസ്സപ്പെട്ട ഈ സംരംഭത്തിലെ ക്രമക്കേടുകൾ തെരഞ്ഞെടുപ്പ് കാലത്തും മറ്റും എതിരാളികൾ വലിയ ചർച്ചയാക്കും.

, വരുംദിവസങ്ങളിൽ കേരള രാഷ്ട്രീയത്തിൽ വലിയ കോലാഹലങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള ഒരു വിഷയമാണിത്.

മുസ്ലിം വിഭാഗങ്ങൾക്കിടയിൽ സ്വാധീനം വർദ്ധിപ്പിക്കുന്നതിനും, ന്യൂനപക്ഷ വോട്ടുകളും നിക്ഷേപങ്ങളും ലക്ഷ്യമിട്ടും സിപിഎം കണ്ണൂർ ജില്ലാ നേതൃത്വത്തിന്റെ (അന്ന് പി. ജയരാജൻ ജില്ലാ സെക്രട്ടറിയായിരുന്ന കാലത്ത്) നേരിട്ടുള്ള മേൽനോട്ടത്തിലാണ് 'ഹലാൽ ഫായിദ' എന്ന ആശയം രൂപീകരിച്ചത്.

പലിശരഹിത ബാങ്കിങ് മാതൃകയിലൂടെയുള്ള സ്വാധീനം: ഇസ്ലാം മതപ്രകാരം പലിശ നിഷിദ്ധമായതിനാൽ, ആ കാരണത്താൽ മാത്രം സാധാരണ ബാങ്കിംഗ് സംവിധാനങ്ങളിൽ നിന്നും സഹകരണ പ്രസ്ഥാനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന വലിയൊരു വിഭാഗം ആളുകളെ പാർട്ടിക്ക് കീഴിലുള്ള ഈ സഹകരണ സംഘത്തിലേക്ക് ആകർഷിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.

മലബാർ മേഖലയിൽ, വിശേഷിച്ച് കണ്ണൂരിൽ മുസ്ലിം സമുദായത്തിനിടയിൽ സ്വാധീനമുള്ള വിവിധ സംഘടനകളുടെയും വ്യക്തികളുടെയും പിന്തുണ ഉറപ്പാക്കാനും രാഷ്ട്രീയമായി എതിരാളികളെ പ്രതിരോധിക്കാനുമുള്ള ഒരു തന്ത്രപരമായ നീക്കമായാണ് ഇതിനെ രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തിയത്. ഗൾഫ് രാജ്യങ്ങളിൽ നിന്ന് അടക്കമുള്ള പ്രവാസി നിക്ഷേപങ്ങൾ ഈ പലിശരഹിത സംവിധാനത്തിലൂടെ സമാഹരിക്കാമെന്നും പാർട്ടി കണക്കുകൂട്ടിയിരുന്നു.

രാജ്യത്തെ നിലവിലുള്ള ബാങ്കിങ് നിയമങ്ങൾക്കോ സഹകരണ നിയമങ്ങൾക്കോ വിധേയമല്ലാതെ, ഷാരിയ നിയമപ്രകാരം 'ഇസ്ലാമിക് ബാങ്കിംഗ്' രീതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതുതന്നെ രാഷ്ട്രീയ ലക്ഷ്യങ്ങളോടെയുള്ള പ്രീണന നീറ്റമാണെന്ന് അന്ന് വലിയ വിമർശനം ഉയർത്തിയിരുന്നു. തുടക്കത്തിൽ തന്നെ ഇതിന്റെ നടത്തിപ്പിലെ പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ച് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നെങ്കിലും, രാഷ്ട്രീയ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള തിടുക്കത്തിലുള്ള പ്രഖ്യാപനങ്ങളും ഉദ്ഘാടനവുമാണ് പിന്നീട് സ്ഥാപനം പ്രതിസന്ധിയിലാകാനും ഇപ്പോൾ നിക്ഷേപകർ വഞ്ചിക്കപ്പെടാനും കാരണമായത് എന്നാണ് പൊതുവെ വിലയിരുത്തുന്നത്.

# ZPLUX TECHNOLOGIES

Empowering Digital Presence

www.zplux.com | support@zplux.com

- Website design & development
- Custom Web App Development
- iOS & Android App Development
- UI/UX Design
- Video Editing
- Digital Marketing
- Content Management
- ePublication Kindle & Apple Books
- IT Consultation

LEARN MORE

www.zplux.com

(726) 206-8475





# മാമ്പഴം പോഷകസമൃദ്ധം

മാമ്പഴം മലയാളികളുടെ പ്രിയപ്പെട്ട പഴങ്ങളിൽ ഒന്നാണ്. മധുരമുള്ള രുചിയും സുഗന്ധവും മാത്രമല്ല, ശരീരത്തിന് ആവശ്യമായ നിരവധി പോഷകങ്ങളും മാമ്പഴത്തിൽ അടങ്ങിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പഴങ്ങളുടെ രാജാവ് എന്ന വിശേഷണവും മാമ്പഴത്തിന് ലഭിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിലും നിറങ്ങളിലും വലുപ്പങ്ങളിലും ലഭിക്കുന്ന മാമ്പഴം വേനൽക്കാലത്ത് സാധാരണയായി ധാരാളമായി ലഭിക്കുന്നു.

മാമ്പഴത്തിൽ വിറ്റാമിൻ ഇ, വിറ്റാമിൻ അ, ഫോളേറ്റ്, വിറ്റാമിൻ ഋ, വിറ്റാമിൻ ഗ, പൊട്ടാസ്യം, ഫൈബർ തുടങ്ങിയ പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. കൂടാതെ കരോട്ടിനോയ്ഡുകളും പോളിഫീനോളുകളും ഉൾപ്പെടെയുള്ള ആന്റിഓക്സിഡന്റ് ഘടകങ്ങളും മാമ്പഴത്തിൽ കാണപ്പെടുന്നു.

### 1. രോഗപ്രതിരോധശേഷിക്ക്

മാമ്പഴത്തിലെ വിറ്റാമിൻ ഇ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനത്തിന്റെ സാധാരണ പ്രവർത്തനത്തിന് സഹായിക്കുന്ന പ്രധാന പോഷകമാണ്. ശരീരത്തിലെ കോശങ്ങളെ ഓക്സിഡേറ്റീവ് സമ്മർദ്ദത്തിൽ നിന്ന് സംരക്ഷിക്കാൻ സഹായിക്കുന്ന ആന്റിഓക്സിഡന്റ് ഘടകങ്ങളും മാമ്പഴത്തിൽ അടങ്ങിയിട്ടുണ്ട്. അതിനാൽ സമീകൃതമായ ഭക്ഷണത്തിന്റെ ഭാഗമായി മാമ്പഴം ഉൾപ്പെടുത്തുന്നത് ആരോഗ്യത്തിന് ഗുണകരമാണ്.

### 2. കണ്ണുകളുടെ ആരോഗ്യത്തിന് ഗുണം

മാമ്പഴത്തിന്റെ മഞ്ഞനിറത്തിന് കാരണമാകുന്ന ബീറ്റാ കരോട്ടിൻ ശരീരത്തിൽ വിറ്റാമിൻ അ ആയി മാറുന്നു. സാധാരണ കാഴ്ചയ്ക്കും കണ്ണുകളുടെ ആരോഗ്യത്തിനും വിറ്റാമിൻ അ പ്രധാനമാണ്. പ്രായം കൂടുന്നതിനനുസരിച്ചുള്ള ചില കാഴ്ചപ്രശ്നങ്ങൾ തടയുന്നതിൽ ഭക്ഷണത്തിലെ വിവിധ ആന്റിഓക്സിഡന്റുകൾക്ക് പങ്കുണ്ടാകാം.

### 3. ദഹനത്തിന് സഹായകരം

മാമ്പഴത്തിൽ ഭക്ഷ്യനാരുകൾ അഥവാ ഫൈബർ അടങ്ങിയിട്ടുണ്ട്. ആരോഗ്യകരമായ ദഹനപ്രക്രിയയ്ക്കും സാധാരണ മലവിസർജ്ജനത്തിനും ഫൈബർ സഹായിക്കുന്നു. ആവശ്യത്തിന് വെള്ളം കുടിക്കുന്നതിനോടൊപ്പം ഫൈബർ അടങ്ങിയ പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് മലബന്ധം കുറയ്ക്കാൻ സഹായകമാണ്.

### 4. ഹൃദയാരോഗ്യത്തിന് പിന്തുണ

മാമ്പഴത്തിൽ പൊട്ടാസ്യം ഉൾപ്പെടെയുള്ള ചില ധാതുക്കൾ അടങ്ങിയിട്ടുണ്ട്. ആരോഗ്യകരമായ രക്തസമ്മർദ്ദം നിലനിർത്തുന്നതിൽ പൊട്ടാസ്യം പ്രധാന പങ്കുവഹിക്കുന്നു. മാമ്പഴത്തിലെ ഫൈബറും വിവിധ സസ്യജന്യ ആന്റിഓക്സിഡന്റുകളും ഹൃദയാരോഗ്യത്തിന് അനുകൂലമായ ഭക്ഷണരീതിയുടെ ഭാഗമാകാം.

എന്നാൽ മാമ്പഴം മാത്രം കഴിച്ചതുകൊണ്ട് ഹൃദ്രോഗം തടയാനാകില്ല. പച്ചക്കറികൾ, മുഴുവൻ ധാന്യങ്ങൾ, പയർവർഗങ്ങൾ, ആരോഗ്യകരമായ കൊഴുപ്പുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃത ഭക്ഷണമാണ് കൂടുതൽ പ്രധാനപ്പെട്ടത്.

### 5. ചർമ്മത്തിന്റെ ആരോഗ്യത്തിന് സഹായിക്കുന്നു

വിറ്റാമിൻ ഇ ശരീരത്തിൽ കൊളാജൻ നിർമ്മാണത്തിന് ആവശ്യമാണ്. ചർമ്മത്തിന്റെ ഘടനയും ഉറപ്പും നിലനിർത്തുന്നതിൽ കൊളാജന് പ്രധാന പങ്കുണ്ട്. മാമ്പഴത്തിലെ വിറ്റാമിൻ അയും ആന്റിഓക്സിഡന്റുകളും ചർമ്മത്തിന്റെ സാധാരണ ആരോഗ്യത്തിന് സഹായകരമാണ്.

### 6. ശരീരത്തിന് ഊർജം നൽകുന്നു

മാമ്പഴത്തിൽ സ്വാഭാവിക പഞ്ചസാരയും കാർബോഹൈഡ്രേറ്റുകളും ഉള്ളതിനാൽ ശരീരത്തിന് ഊർജം ലഭിക്കുന്നു. ശാരീരിക അധ്വാനം ചെയ്യുന്നവർക്കും വ്യായാമത്തിന് ശേഷം പഴം കഴിക്കാൻ ഇഷ്ടപ്പെടുന്നവർക്കും മാമ്പഴം ഒരു പോഷകസമൃദ്ധമായ തിരഞ്ഞെടുപ്പാകാം.

എന്നാൽ മാമ്പഴത്തിൽ സ്വാഭാവിക പഞ്ചസാരയും കലോറിയും ഉള്ളതിനാൽ അളവോടെ കഴിക്കുന്നതാണ് നല്ലത്. പ്രത്യേകിച്ച് പ്രമേഹമുള്ളവർ അവരുടെ ഭക്ഷണക്രമത്തിനനുസരിച്ച് അളവ് തീരുമാനിക്കുകയും ഡോക്ടറുടെയോ ഡയറ്റീഷ്യന്റെയോ നിർദേശം പാലിക്കുകയും വേണം.

### 7. ശരീരത്തിലെ ജലാംശം നിലനിർത്താൻ സഹായിക്കുന്നു

മാമ്പഴത്തിൽ നല്ല അളവിൽ വെള്ളവും പൊട്ടാസ്യം ഉൾപ്പെടെയുള്ള ധാതുക്കളും അടങ്ങിയിട്ടുണ്ട്. ചൂടുകാലത്ത് മറ്റ് പഴങ്ങളോടൊപ്പം മാമ്പഴം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ദ്രവവും പോഷകങ്ങളും ലഭിക്കാൻ സഹായിക്കും. എന്നാൽ മാമ്പഴം വെള്ളത്തിന് പകരമല്ല; ദിവസവും ആവശ്യത്തിന് വെള്ളം കുടിക്കണം.

### 8. ഗർഭകാലത്തും വളർച്ചാകാലത്തും പോഷകസഹായം

മാമ്പഴത്തിൽ ഫോളേറ്റ് ഉൾപ്പെടെയുള്ള പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. ശരീരത്തിലെ കോശങ്ങളുടെ വളർച്ചയ്ക്കും വിഭജനത്തിനും ഫോളേറ്റ് ആവശ്യമാണ്. ഗർഭിണികൾക്ക് ഫോളേറ്റ് പ്രത്യേക പ്രാധാന്യമുള്ള പോഷകമാണ്. എന്നാൽ ഗർഭകാലത്തെ ആവശ്യമായ ഫോളേറ്റ് ലഭിക്കാൻ ഡോക്ടർ നിർദേശിക്കുന്ന സപ്ലിമെന്റുകൾക്ക് പകരം മാമ്പഴത്തെ മാത്രം ആശ്രയിക്കരുത്.

### 9. ആന്റിഓക്സിഡന്റുകളുടെ നല്ല ഉറവിടം

ശരീരത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന ഓക്സിഡേറ്റീവ് സമ്മർദ്ദത്തെ നിയന്ത്രിക്കാൻ ആന്റിഓക്സിഡന്റുകൾ സഹായിക്കുന്നു. മാമ്പഴത്തിൽ ബീറ്റാ കരോട്ടിൻ, വിറ്റാമിൻ ഇ തുടങ്ങിയ ആന്റിഓക്സിഡന്റ് ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. വിവിധ നിറങ്ങളിലുള്ള പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ആന്റിഓക്സിഡന്റുകളുടെ വൈവിധ്യം വർധിപ്പിക്കും.

### 10. ഭാരം നിയന്ത്രിക്കുന്ന ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താം

മാമ്പഴം മധുരമുള്ള പഴമായതിനാൽ അമിതമായി കഴിക്കേണ്ടതില്ല. എന്നാൽ ശരിയായ അളവിൽ കഴിക്കുമ്പോൾ ഫൈബറും വിവിധ പോഷകങ്ങളും ലഭിക്കുന്നതിനാൽ ആരോഗ്യകരമായ ഭക്ഷണക്രമത്തിന്റെ ഭാഗമാക്കാം. മാമ്പഴത്തെ ജ്യൂസാക്കി കുടിക്കുന്നതിനേക്കാൾ പഴമായി കഴിക്കുന്നത് കൂടുതൽ നല്ലതാണ്, കാരണം പഴം മുഴുവനായി കഴിക്കുമ്പോൾ ഫൈബർ ലഭിക്കും.

നേരിട്ട് പഴമായി കഴിക്കുന്നതാണ് ഏറ്റവും ലളിതമായ മാർഗം. കൂടാതെ പഴച്ചാറുകൾ, സലാഡുകൾ, സ്മൂത്തികൾ, തൈരിനൊപ്പം ചേർത്തുള്ള വിഭവങ്ങൾ തുടങ്ങിയ രീതികളിലും ഉപയോഗിക്കാം. എന്നാൽ അധിക പഞ്ചസാര ചേർത്ത മാമ്പഴ ജ്യൂസ്, മിൽക്ക് ഷേക്ക്, മധുരപലഹാരങ്ങൾ എന്നിവ പതിവാക്കുന്നത് ഒഴിവാക്കുന്നതാണ് നല്ലത്.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

മാമ്പഴം ആരോഗ്യകരമായ പഴമാണെങ്കിലും “കൂടുതൽ കഴിച്ചാൽ കൂടുതൽ ഗുണം” എന്നില്ല. വ്യക്തിയുടെ പ്രായം, ശരീരഭാരം, ശാരീരിക പ്രവർത്തനം, ആരോഗ്യസ്ഥിതി, ഭക്ഷണക്രമം എന്നിവ അനുസരിച്ച് അളവ് വ്യത്യാസപ്പെടാം. പ്രമേഹം, അമിതവണ്ണം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളുള്ളവർ പ്രത്യേക ശ്രദ്ധ പുലർത്തണം. മാമ്പഴം കഴിച്ച ശേഷം ചൊറിച്ചിൽ, വീക്കം, ശ്വാസതടസ്സം തുടങ്ങിയ അലർജി ലക്ഷണങ്ങൾ ഉണ്ടാകുന്നവർ വൈദ്യസഹായം തേടണം.

ചുരുക്കത്തിൽ, രുചികരവും പോഷകസമൃദ്ധവുമായ ഒരു പഴമാണ് മാമ്പഴം. വിറ്റാമിനുകളും ധാതുക്കളും ഫൈബറും ആന്റിഓക്സിഡന്റുകളും നൽകുന്നതിനാൽ കണ്ണുകൾ, ചർമ്മം, ദഹനം, രോഗപ്രതിരോധശേഷി തുടങ്ങിയവയുടെ സാധാരണ ആരോഗ്യത്തിന് ഇത് സഹായകരമാണ്. എന്നാൽ ആരോഗ്യകരമായ ജീവിതത്തിന് ഒരു പഴം മാത്രം മതിയാകില്ല. വിവിധ പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും പയർവർഗങ്ങളും ഉൾപ്പെടുന്ന സമീകൃത ഭക്ഷണക്രമമാണ് ഏറ്റവും പ്രധാനപ്പെട്ടത്.


PUBLISHED BY
FORSYTHE
mediagroup
The AsianEra
THE COMPLETE MAGAZINE FOR THE GLOBAL INDIAN
SISTER PUBLICATION
THE MOST READ AND ADMIRED
The South Asian Times
excellence in journalism
AWARD-WINNING, BEST COVERAGE OF NEWS FROM INDIA AS WELL AS THE US, AND COMMUNITY AFFAIRS.
The South Asian Times
INDIA-US
NOW 'BEST PARTNERS'
The South Asian Times
Person of the Year 2014
H.H. Pramukh Swami Maharaj
World-renowned spiritual leader, Head of BAPS Swaminarayan Sanstha
The South Asian Times
New Year Special
FIA
Serving Indian community for 45 years
THE ONLY NEWSPAPER WITH VALUE BASED SUPERIOR CONTENT, DISPLAY & ADVERTISING
Serving our Global Community Locally
To advertise, contact 516.390.7847, Publisher@TheSouthAsianTimes.info; www.TheSouthAsianTimes.info.



# 2018 ഒരു തുടക്കം മാത്രമായിരുന്നു
# മഴയെ ഭയക്കുന്ന കേരളം

**പണ്ടൊക്കെ മലയാളിക്ക് മഴയെന്നാൽ ഗൃഹാതുരത്വമായിരുന്നു; കവിതയും പ്രണയവും നനഞ്ഞ വഴികളും കർക്കടക മാസത്തിലെ ആയുർവേദ ചികിത്സയും നാട്ടുചൊല്ലുകളുമായിരുന്നു. എന്നാൽ ഇന്ന് കാലം മാറി. കറുത്ത കാർമേഘം കണ്ട് ആഹ്ലാദിച്ചിരുന്നിടത്ത്, ഇടിയുടെയും മിന്നലിന്റെയും ആർത്തലച്ചു പെയ്യുന്ന മഴയുടെയും  ശബ്ദം കേൾക്കുമ്പോൾ നെഞ്ചിടിപ്പോടെ ആശങ്കപ്പെടുന്ന ഒരു പുതിയ കേരളമാണ് ഇന്നുള്ളത്.**

പണ്ടൊക്കെ മലയാളിക്ക് മഴയെന്നാൽ ഗൃഹാതുരത്വമായിരുന്നു; കവിതയും പ്രണയവും നനഞ്ഞ വഴികളും കർക്കടക മാസത്തിലെ ആയുർവേദ ചികിത്സയും നാട്ടുചൊല്ലുകളുമായിരുന്നു. എന്നാൽ ഇന്ന് കാലം മാറി. കറുത്ത കാർമേഘം കണ്ട് ആഹ്ലാദിച്ചിരുന്നിടത്ത്, ഇടിയുടെയും മിന്നലിന്റെയും ആർത്തലച്ചു പെയ്യുന്ന മഴയുടെയും  ശബ്ദം കേൾക്കുമ്പോൾ നെഞ്ചിടിപ്പോടെ ആശങ്കപ്പെടുന്ന ഒരു പുതിയ കേരളമാണ് ഇന്നുള്ളത്. 'മഴയെ ഭയക്കുന്ന കേരളം' എന്നത് വെറുമൊരു പ്രയോഗമല്ല, മറിച്ച് സമീപകാല ദുരന്തങ്ങൾ നമ്മെ പഠിപ്പിച്ച കയ്പ്പേറിയ യാഥാർത്ഥ്യമാണ്.

**ഈ ഭയത്തിന് പിന്നിൽ പ്രധാനമായും താഴെ പറയുന്ന കാരണങ്ങളാണുള്ളത്:**

ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും: പശ്ചിമഘട്ട മലനിരകളിലുണ്ടായ അശാസ്ത്രീയമായ നിർമ്മാണങ്ങളും പാറഖനനങ്ങളും കാടുകയ്യേറ്റങ്ങളും മലനിരകളുടെ കരുത്ത് ചോർത്തിക്കഴിഞ്ഞു. മണിക്കൂറുകൾക്കുള്ളിൽ പെയ്തു തീരുന്ന  അതിതീവ്ര മഴയും മേഘവിസ്ഫോടനങ്ങളും വയനാട്ടിലും ഇടുക്കിയടക്കമുള്ള മലയോര മേഖലകളിലും തീർത്ത ദുരന്തങ്ങൾ ഇന്നും മായാത്ത മുറിവുകളാണ്.

**വെള്ളപ്പൊക്കവും നഗരങ്ങളിലെ മുങ്ങലും:**

തോടുകളും നിലങ്ങളും നികത്തപ്പെട്ടതോടെ പെയ്യുന്ന മഴവെള്ളം ഒഴുകിപ്പോകാൻ വഴികളില്ലാതായി. കൊച്ചിയും കോഴിക്കോടും തിരുവനന്തപുരവും ഇപ്പോൾ തൃശൂരും ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങൾ പോലും ഏതാനും മണിക്കൂറത്തെ മഴയിൽ വെള്ളത്തിനടിയിലാകുന്ന  കാഴ്ചയാണ് ഇപ്പോൾ കാണുന്നത്.   എത്രയൊക്കെ മഴക്കാലപൂർവ്വ ശുചീകരണങ്ങൾ നടത്തിയിട്ടും നഗരങ്ങൾ മുങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ പറ്റുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

**കാലവർഷത്തിലെ താളംതെറ്റൽ:**

മഴയുടെ ലഭ്യതയിൽ മൊത്തത്തിൽ കുറവുണ്ടാകുമ്പോഴും, കിട്ടേണ്ട സമയത്ത് കിട്ടാതെ ചുരുങ്ങിയ ദിവസങ്ങളിൽ അതിതീവ്രമായി പെയ്യുന്ന സ്വഭാവത്തിലേക്ക് മഴ മാറിയിരിക്കുന്നു. ഇത് കൃഷിയെയും കുടിവെള്ള ലഭ്യതയെയും ഒരുപോലെ തകിടംമറിക്കുന്നു.

**കടലാക്രമണം:**

തീരദേശവാസികളെ സംബന്ധിച്ച് മഴക്കാലം എന്നാൽ ഉറക്കമില്ലാത്ത രാവുകളാണ്. കടൽക്ഷോഭം രൂക്ഷമായി വീടുകളിലേക്ക് വെള്ളം കയറുന്നതും തീരങ്ങൾ കടലെടുക്കുന്നതും പതിവുകാഴ്ചയായി മാറി.

പ്രകൃതിയെ ചൂഷണം ചെയ്ത് നമ്മൾ വരുത്തിവെച്ച വിനകളാണ് ഇന്ന് ഓരോ മഴക്കാലത്തെയും നമുക്ക് ഭയപ്പെടുത്തുന്നതായി മാറ്റുന്നത്. ഈ ഭയത്തിൽ നിന്നും മോചനം നേടാൻ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ പ്രകൃതിയോട് ഇണങ്ങിയുള്ള ജീവിതരീതികളിലേക്കും വികസന മാതൃകകളിലേക്കും കേരളം തിരിച്ചുനടന്നേ തീരൂ.

2018-ലെ കേരളത്തിലെ മഹാപ്രളയം മലയാളികളുടെ ചരിത്രത്തിൽ ഒരിക്കലും മായാത്ത ഒരു കറുത്ത അധ്യായവും, അതേസമയം ലോകം കണ്ട ഏറ്റവും വലിയ മനുഷ്യത്വത്തിന്റെ മാതൃകയുമാണ്. ഒരു നൂറ്റാണ്ടിനിടയിൽ കേരളം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തമായിരുന്നു അത്.

2018 ജൂൺ മുതൽ ആഗസ്റ്റ് വരെ കേരളത്തിൽ ലഭിച്ച അതിതീവ്രമായ മഴയാണ് (സാധാരണയേക്കാൾ 42% കൂടുതൽ മഴ) സംസ്ഥാനത്തെയാകെ വെള്ളത്തിനടിയിലാക്കിയത്.

കേരളത്തിലെ 14 ജില്ലകളിൽ 13 ജില്ലകളിലും റെക്കോർഡ് മഴ ലഭിച്ചു.

സംസ്ഥാനത്തെ പ്രധാനപ്പെട്ട 54 അണക്കെട്ടുകളും  ഒരേസമയം തുറക്കേണ്ടി വന്നത് സ്ഥിതി കൂടുതൽ വഷളാക്കി. ഇടുക്കി അണക്കെട്ടിന്റെ ഷട്ടറുകൾ 26 വർഷങ്ങൾക്ക് ശേഷമാണ് തുറന്നത്.



മുന്നൂറിലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. ലക്ഷക്കണക്കിന് ആളുകൾക്ക് വീടുകൾ ഉപേക്ഷിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയേണ്ടി വന്നു. കോടിക്കണക്കിന് രൂപയുടെ കൃഷിനാശവും ഗതാഗത-ആശയവിനിമയ തടസ്സങ്ങളും സംസ്ഥാനത്തെ പൂർണ്ണമായും സ്തംഭിപ്പിച്ചു.

സർക്കാരിന്റെയും ദുരന്തനിവാരണ സേനയുടെയും പ്രവർത്തനങ്ങൾക്കപ്പുറം, കേരളത്തിലെ മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം ലോകപ്രശസ്തി നേടി . സ്വന്തം ജീവൻ പോലും പണയം വെച്ച് ചെറിയ വള്ളങ്ങളുമായി വെള്ളക്കെട്ടുകളിലേക്ക്  ഇറങ്ങിയ

ആ 'മത്സ്യത്തൊഴിലാളി സേന' ആയിരക്കണക്കിന് മനുഷ്യരുടെ ജീവനാണ് രക്ഷിച്ചത്. കേരളത്തിന്റെ രക്ഷാ സൈന്യം എന്ന വിശേഷണം കേരള ജനത മത്സ്യത്തൊഴിലാളികൾക്ക് ചാർത്തി കൊടുത്തു.

ജാതി, മത, രാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ദുരിതബാധിതർക്ക് സഹായവുമായി എത്തി. കേരളത്തിന് പുറത്തുനിന്നും ലോകത്തിന്റെ പല ഭാഗത്തുനിന്നും സഹായങ്ങൾ ഒഴുകിയെത്തി.



പ്രകൃതിക്ക് മേൽ മനുഷ്യൻ നടത്തുന്ന അതിക്രമങ്ങളുടെ ഫലം എത്ര ഭീകരമായിരിക്കുമെന്ന് 2018-ലെ പ്രളയം നമ്മെ ഓർമ്മിപ്പിച്ചു. ഒപ്പം, ഏതൊരു പ്രതിസന്ധിയെയും ഒത്തൊരുമയോടെ നേരിടാൻ മലയാളിക്ക് കഴിയുമെന്ന് ലോകത്തിന് കാണിച്ചു കൊടുത്ത കാലം കൂടിയായിരുന്നു അത്.

2024 ജൂലൈ അവസാനം കേരളം കണ്ട ഏറ്റവും ഭീകരമായ ദുരന്തങ്ങളിലൊന്നായ വയനാട് ഉരുൾപൊട്ടലും ഒരു മഴക്കാലത്താണ് (ജൂലൈ 30-ന് പുലർച്ചെ) സംഭവിച്ചത്.

ചൂരൽമല, മുണ്ടക്കൈ, മേപ്പാടി എന്നീ പ്രദേശങ്ങളെ പൂർണ്ണമായും തുടച്ചുനീക്കിയ ആ വലിയ ദുരന്തവും അതിതീവ്രമായ മഴയുടെയും മലവെള്ളപ്പാച്ചിലിന്റെയും രൂപത്തിലാണ് എത്തിയത്.

മഴയുടെ ഭീകരമുഖം കേരളം വീണ്ടും വേദനയോടെ അനുഭവിച്ചറിഞ്ഞ മറ്റൊരു കറുത്ത അധ്യായമായിരുന്നു അത്.

കേരളത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങളിലൊന്നായിരുന്നു 2024 ജൂലൈ 30-ന് വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ. ആ ദുരന്തത്തിന്റെ വ്യാപ്തിയും നഷ്ടങ്ങളും അങ്ങേയറ്റം വേദനിപ്പിക്കുന്നതാണ്.

കേന്ദ്ര സർക്കാർ പാർലമെന്റിൽ നൽകിയ ഔദ്യോഗിക കണക്കുകൾ പ്രകാരം 298 പേരുടെ മരണമാണ് സ്ഥിരീകരിച്ചിട്ടുള്ളത്.

എന്നാൽ ലഭിച്ച മൃതദേഹങ്ങളുടെയും ശരീരഭാഗങ്ങളുടെയും എണ്ണം അടിസ്ഥാനമാക്കിയുള്ള അനൗദ്യോഗിക കണക്കുകൾ പ്രകാരം 400-ലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതിനെല്ലാം പുറമെ 130-ലധികം ആളുകളെ ദുരന്തത്തിൽ പൂർണ്ണമായും കാണാതാവുകയും ചെയ്തു.

**ഇല്ലാതായ ഗ്രാമങ്ങൾ:**

മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമറ്റം, അട്ടമല എന്നീ പ്രദേശങ്ങളെ മലവെള്ളപ്പാച്ചിൽ അക്ഷരാർത്ഥത്തിൽ തുടച്ചുനീക്കി.

വൻ നാശനഷ്ടങ്ങൾ: നൂറുകണക്കിന് വീടുകളും, വാഹനങ്ങളും, കടകളും നിമിഷനേരം കൊണ്ട് മണ്ണിനടിയിലായി. ഏകദേശം 1200 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഈ പ്രദേശത്ത് ഉണ്ടായതെന്നാണ് കണക്കാക്കുന്നത്. പ്രദേശത്തെ പ്രധാന വിദ്യാലയമായ വെള്ളാർമല സ്കൂളും പൂർണ്ണമായും തകർന്നു.

മുണ്ടക്കൈയെയും ചൂരൽമലയെയും തമ്മിൽ ബന്ധിപ്പിച്ചിരുന്ന പാലം ഒലിച്ചുപോയതോടെ നാനൂറോളം കുടുംബങ്ങൾ പുറംലോകവുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടു. പിന്നീട് ഇന്ത്യൻ സൈന്യം വളരെ വേഗത്തിൽ നിർമ്മിച്ച 'ബെയ്‌ലി പാലം' വഴിയാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്.

മനുഷ്യജീവന്റെ നഷ്ടങ്ങൾക്ക് പുറമെ, ഒരു ജനതയുടെ മുഴുവൻ സമ്പാദ്യവും സ്വപ്നങ്ങളുമാണ് ആ ഒറ്റ രാത്രികൊണ്ട് ഒലിച്ചുപോയത്. പ്രകൃതി ദുരന്തങ്ങൾ എത്രത്തോളം ഭീകരമാണെന്ന് നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നതായിരുന്നു വയനാടിന്റെ കണ്ണുനീർ.

2018 ഓഗസ്റ്റ് 16-ന് തൃശൂർ - വടക്കാഞ്ചേരി പാതയിലെ കുറാഞ്ചേരിയിലുണ്ടായ ഉണ്ടായ ഭീകരമായ ഉരുൾപൊട്ടലിൽ 19 പേരുടെ ജീവനാണ് നഷ്ടപ്പെട്ടത്.

അഞ്ച് കുടുംബങ്ങളിലെ അംഗങ്ങളും കുട്ടികളും വയോധികരുമടക്കം 19 പേരാണ് ആ ദുരന്തത്തിൽ മരണപ്പെട്ടത്. ശക്തമായ മലവെള്ളപ്പാച്ചിലിൽ നാലോളം വീടുകൾ പൂർണ്ണമായി മണ്ണിനടിയിലാവുകയും മലനിരകളിൽ നിന്ന് കുതിച്ചെത്തിയ മണ്ണും പാറകളും തൃശൂർ-ഷൊർണ്ണൂർ സംസ്ഥാന പാതയിലേക്കും റെയിൽവേ പാളത്തിലേക്കും പതിക്കുകയുണ്ടായി. കേരളത്തെ കണ്ണീരിലാഴ്ത്തിയ 2018-ലെ പ്രളയകാലത്ത് തൃശൂർ ജില്ലയിലെ ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായിരുന്നു ഇത്.

2018-ന് മുമ്പും കേരളത്തിൽ വലിയ പ്രളയങ്ങളും വെള്ളപ്പൊക്കങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ 2018-ലേതുപോലെ സംസ്ഥാനത്തിന്റെ ഭൂരിഭാഗം ജില്ലകളെയും ബാധിച്ച ഒരു മഹാപ്രളയം ഒരു നൂറ്റാണ്ടിനിടയിൽ അതായിരുന്നു എന്ന് മാത്രം.

ചരിത്രരേഖകൾ പ്രകാരം കേരളത്തിൽ വലിയ രീതിയിൽ നാശം വിതച്ച പ്രധാന പ്രളയങ്ങൾ താഴെ പറയുന്നവയാണ്:



**1924 – ലെ പ്രളയം (കൊല്ലവർഷം 999 – ലെ വെള്ളപ്പൊക്കം):**

മലയാളികൾ ഇക്കാലം വരെ ഓർക്കുന്ന ഏറ്റവും വലിയ മഹാപ്രളയമായിരുന്നു 1924 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലുണ്ടായത് (തീയതി പ്രകാരം 1099 കർക്കടകം). അന്ന് മൂന്നാറും മലയോര മേഖലകളും പൂർണ്ണമായി ഒലിച്ചുപോയി. കേരളത്തിന്റെ നട്ടെല്ലൊടിച്ച ആ പ്രളയത്തിലാണ് ഏറ്റവുമധികം ജീവഹാനിയും നാശനഷ്ടങ്ങളും ഉണ്ടായത്.

**1961 – ലെ പ്രളയം:**

കേരളപ്പിറവിക്ക് ശേഷം വലിയ തോതിൽ നാശനഷ്ടം വിതച്ച ഒന്നായിരുന്നു 1961-ലെ പ്രളയം. ശക്തമായ മഴയെത്തുടർന്ന് അണക്കെട്ടുകൾ നിറഞ്ഞൊഴുകുകയും കൃഷിയിടങ്ങളും ഗ്രാമങ്ങളും വെള്ളത്തിനടിയിലാവുകയും ചെയ്തു.

**1999 – ലെ പ്രളയം:**

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വലിയ തോതിൽ വെള്ളപ്പൊക്കം ഉണ്ടാക്കിയ ഒന്നായിരുന്നു 1999-ലെ മഴക്കാലം. കുട്ടനാട് അടക്കമുള്ള മേഖലകൾ മാസങ്ങളോളം വെള്ളത്തിനടിയിലായി.

**2013 – ലെ പ്രളയം:**

2013-ലും കേരളത്തിൽ അതിതീവ്രമായ മഴയും പ്രളയമുണ്ടാവുകയും നിരവധി പേർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തിരുന്നു.

ഇവ കൂടാതെ പ്രാദേശികമായി തോടുകളും നദികളും കരകവിഞ്ഞൊഴുകിയുള്ള ചെറിയ വെള്ളപ്പൊക്കങ്ങൾ കേരളത്തിൽ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. എങ്കിലും, കാലാവസ്ഥ വ്യതിയാനത്തിന്റെയും അശാസ്ത്രീയ വികസനത്തിന്റെയും പശ്ചാത്തലത്തിൽ 2018-ന് ശേഷമുള്ള കാലഘട്ടത്തിലാണ് പ്രളയങ്ങളും ഉരുൾപൊട്ടലുകളും കേരളത്തിൽ കൂടുതൽ തീവ്രവും ഭയപ്പെടുത്തുന്നതുമായി മാറിയത്.

2018-ലെ മഹാപ്രളയത്തിന് ശേഷവും കേരളം നിരവധി വലിയ പ്രളയങ്ങളെയും അതിതീവ്ര മഴക്കെടുതികളെയും അഭിമുഖീകരിച്ചിട്ടുണ്ട്. 2018-ഓടെ തീർന്നതല്ല കേരളത്തിന്റെ പ്രകൃതിക്ഷോഭങ്ങൾ; മറിച്ച് 2018-ന് ശേഷമുള്ള വർഷങ്ങളിലും കേരളം വലിയ രീതിയിൽ വെള്ളപ്പൊക്കങ്ങളും ഉരുൾപൊട്ടലുകളും കണ്ടിട്ടുണ്ട്.

2018-ന്റെ നടുക്കം മാറുംമുമ്പേയാണ് 2019 ആഗസ്റ്റിലും കേരളത്തിൽ വീണ്ടും അതിതീവ്ര മഴയും പ്രളയവുമുണ്ടായത്. മലപ്പുറം ജില്ലയിലെ കവളപ്പാറയിലും വയനാട് പുത്തുമലയിലും ഉണ്ടായ വലിയ ഉരുൾപൊട്ടലുകൾ അന്ന് വലിയ ജീവഹാനിക്ക് കാരണമായി. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ കനത്ത ദുരന്തം നേരിട്ടു.

2020 ആഗസ്റ്റ് മാസത്തിൽ ഇടുക്കിയിലെ പെട്ടിമുടിയിലുണ്ടായ ഭീകരമായ ഉരുൾപൊട്ടൽ കേരളത്തെ വീണ്ടും കണ്ണീരിലാഴ്ത്തി. തേയിലത്തോട്ടം തൊഴിലാളികളുടെ ലയങ്ങൾക്ക് മുകളിലേക്ക് മലയിടിഞ്ഞുവീണ് 70-ലധികം പേരാണ് ആ ദുരന്തത്തിൽ മരണപ്പെട്ടത്.

2021 ഒക്ടോബറിൽ തുലാവർഷം ശക്തമായതിനെത്തുടർന്ന് കോട്ടയം കൂട്ടിക്കൽ, ഇടുക്കി കൊക്കയാർ എന്നിവിടങ്ങളിലുണ്ടായ മിന്നൽ പ്രളയത്തിലും ഉരുൾപൊട്ടലിലും നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു.

2022, 2023, 2024 (വയനാട് ദുരന്തം ഉൾപ്പെടെ): ഈ വർഷങ്ങളിലും വിവിധ ജില്ലകളിൽ കനത്ത മഴയെത്തുടർന്ന് നഗരങ്ങളും ഗ്രാമങ്ങളും വെള്ളത്തിനടിയിലാവുകയും, 2024 ജൂലൈയിൽ വയനാട്ടിലെ ചൂരൽമല-മുണ്ടക്കൈ ദുരന്തം സംസ്ഥാനത്തെ വീണ്ടും സമാനതകളില്ലാത്ത ദുരിതത്തിലേക്ക് തള്ളിവിടുകയും ചെയ്തു.

2018 ഒരു തുടക്കം മാത്രമായിരുന്നുവെന്നും, കാലാവസ്ഥാ വ്യതിയാനം കേരളത്തെ എത്രമാത്രം ദുരന്തമുഖത്ത് നിർത്തിയിരിക്കുന്നുവെന്നുമാണ് തുടർന്നുള്ള ഈ വർഷങ്ങളിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

കാവ്യാത്മകമായി മഴയെ വർണ്ണിച്ചിരുന്നവരും ഇഷ്ടപ്പെട്ടിരുന്നവരും ഒക്കെ ഇപ്പോൾ മഴയ്ക്ക് ഒന്ന് ശക്തി കൂടുമ്പോൾ പേടിക്കുകയാണ്.

അതെ പുതിയ കേരളം മഴയെ ഭയക്കുന്ന കേരളമായിരിക്കുന്നു.


Taste of
Kerala Kitchen
267-05 Hillside Ave.
Floral Park, Glen Oaks
NY - 11004
Tel: 7184701702 / 1703
www.tasteofkeralakitchenusa.com
Wilson
Owner
Cell: 516 205 9386
WE DO CATERING FOR ALL OCCASIONS



# മലയാളികളുള്ള ഭൂലോകം ഓണക്കോടി ഉടുക്കും



**കാ**ലം എത്ര മാറിയാലും, ഫാഷനുകൾ എന്തു തന്നെയായാലും 'ഓണക്കോടി' മലയാളിക്ക് കേവലം പുതിയ വസ്ത്രം മാത്രമല്ല; അത് സന്തോഷത്തിന്റെയും ഐക്യത്തിന്റെയും തലമുറകളുടെ ഓർമ്മകളുടെയും പ്രതീകം കൂടിയാണ്.

പുതുവസ്ത്രങ്ങൾ അണിഞ്ഞ് ഓണം ആഘോഷിക്കുക എന്നത് മലയാളികളുടെ തലമുറകളായി കൈമാറിവരുന്ന ഒരു പ്രധാന ആഘോഷവും ആചാരവും ആണെന്നു പറയാം . കാലത്തിനനുസരിച്ച് ഓണക്കോടിയുടെ സങ്കൽപ്പങ്ങളിലും ഫാഷനിലും വലിയ മാറ്റങ്ങളാണ് വന്നിട്ടുള്ളത്.

കൈത്തറിയുടെ പ്രൗഢിയിൽപഴയകാലത്തെ ഓണക്കോടി പണ്ടൊക്കെ ഓണത്തിന് എല്ലാവർക്കും പുതിയ വസ്ത്രങ്ങൾ വാങ്ങി നൽകാൻ സാധിച്ചിരുന്നില്ല. എങ്കിലും ലഭ്യമായതിൽ വെച്ച് ഏറ്റവും മികച്ചതും പുതിയതുമായ വസ്ത്രങ്ങൾ ധരിക്കാൻ എല്ലാവരും ശ്രദ്ധിച്ചിരുന്നു.കേരളത്തിന്റെ സ്വന്തം പാരമ്പര്യമായ കൈത്തറി വസ്ത്രങ്ങൾക്കായിരുന്നു അന്ന് മുൻഗണന. പുരുഷന്മാർ വെള്ള മുണ്ടും (ധോതി), സ്ത്രീകൾ കസവു കരയുള്ള വെള്ള മുണ്ടും നേര്യതും (മുണ്ടും വട്ടമുണ്ട്) ആയിരുന്നു പ്രധാനമായും ധരിച്ചിരുന്നത്.

അന്ന് കസവു കരകൾ വളരെ ലളിതമായിരുന്നു. ചെറിയ ഗോൾഡൻ അല്ലെങ്കിൽ സിൽവർ കരകളുള്ള കോട്ടൺ വസ്ത്രങ്ങളായിരുന്നു മുഖ്യ ആകർഷണം. കുട്ടികൾക്കായി പാവുസാരിയും ചെറിയ ജൂബ്ബകളും തുന്നിയെടുത്തു.

ഇടക്കാലത്ത് മാറ്റത്തിന്റെ പാതയിൽ കാലത്തിനനുസരിച്ച് ഓണക്കോടിയിലും മാറ്റങ്ങൾ വന്നു തുടങ്ങി. വെറും വെള്ള വസ്ത്രങ്ങൾക്കപ്പുറം നിറങ്ങൾക്ക് ഓണക്കോടിയിൽ ഇടക്കാലത്ത് പ്രാധാന്യം ലഭിച്ചുതുടങ്ങി. പച്ച, ചുവപ്പ്, മഞ്ഞ തുടങ്ങിയ നിറങ്ങളിലുള്ള കസവു സാരികളും ചുരിദാറുകളും വിപണി കീഴടക്കി.

പരുത്തി വസ്ത്രങ്ങൾക്കൊപ്പം സിൽക്ക്, പോളിസ്റ്റർ, ആർട്ടിഫിഷ്യൽ സിൽക്ക് എന്നിവയും ഓണക്കോടി വിപണിയിലേക്ക് കടന്നുവന്നു.

വിപ്ലവമായി റെഡിമെയ്ഡ് സംസ്കാരം തുണി വാങ്ങി തയ്യൽക്കാരെ ആശ്രയിക്കുന്ന രീതി മാറി, റെഡിമെയ്ഡ് വസ്ത്രങ്ങൾ വാങ്ങുന്ന ട്രെൻഡ് ശക്തമായതോടെ കേരളത്തിന്റെ ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലും ചെറുതും വലുതുമായ ടെക്സ്റ്റൈൽ ഷോപ്പുകൾക്ക് ഓണക്കാലത്ത് ചാകരയായി. കൂടുതൽ ഷോപ്പുകൾ വന്നതും ഈ റെഡിമെയ്ഡ് കമ്പത്തിന്റെ പിന്നാലെയാണ്.

ഇന്നും റെഡിമെയ്ഡ് ഓണക്കോടികൾക്ക് ഡിമാൻഡ് ഏറെയാണ്. ഇന്നത്തെ തിരക്കുപിടിച്ച ജീവിതശരീതിയിൽ തുണികടകളിൽ പോയി തുണി തിരഞ്ഞെടുത്ത്, അത് അളവെടുക്കാനായി തയ്യൽക്കാരന്റെ അടുത്ത് ദിവസങ്ങളോളം കാത്തിരിക്കാൻ ആർക്കും സമയമില്ല. കടകളിൽ ചെന്ന് ഇഷ്ടമുള്ള വസ്ത്രം നോക്കി വാങ്ങി അപ്പോൾ തന്നെ ധരിക്കാൻ കഴിയുന്നു എന്നതാണ് റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ഏറ്റവും വലിയ നേട്ടം.പരമ്പരാഗത മുണ്ടും സാരിയും മുതൽ മോഡേൺ കുർത്തികൾ, ലെഹങ്കകൾ, ഡിസൈനർ ഷർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക ഓണം കളക്ഷനുകൾ വരെ വിപണിയിൽ ലഭ്യമാണ്. ട്രെൻഡിന് അനുസരിച്ചുള്ള നൂതനമായ ഫാഷനുകളും എംബ്രോയ്ഡറി വർക്കുകളും റെഡിമെയ്ഡ് വിപണിയിൽ എളുപ്പത്തിൽ ലഭിക്കുന്നു.

തയ്യൽക്കാരൻ തുന്നിത്തരുമ്പോൾ വസ്ത്രം ഉദ്ദേശിച്ച രീതിയിലോ പാകത്തിലോ ആകണമെന്നില്ല. എന്നാൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ നേരിട്ട് ധരിച്ചു നോക്കി ശരീരത്തിന് ഏറ്റവും അനുയോജ്യമായ ഫിറ്റിംഗ് ഉറപ്പുവരുത്തി വാങ്ങാം.

ഇന്ന് ഓണക്കോടികൾ വൈബാകണം. ഇന്നത്തെ ഓണക്കോടി എന്നത് വെറുമൊരു വസ്ത്രധാരണത്തിനപ്പുറം വലിയൊരു ഫാഷൻ സ്റ്റേറ്റ്മെന്റാണ്. ട്രെഡീഷണൽ ലുക്ക് നിലനിർത്തിക്കൊണ്ടുതന്നെ ഡിസൈനർ വർക്കുകൾ ചേർത്ത സാരികൾ, ലഹങ്കകൾ, കുർത്തകൾ എന്നിവ വിപണിയിൽ ലഭ്യമാണ്.

ആളുകൾ വീണ്ടും കൈത്തറിയിലേക്കും ഓർഗാനിക് കോട്ടണിലേക്കും തിരിഞ്ഞുതുടങ്ങിയിരിക്കുന്നു. ചെണ്ടുമല്ലി, മാവില, കഥകളി രൂപങ്ങൾ തുടങ്ങിയവ ഹാൻഡ് പെയിന്റിങ് ചെയ്തും എംബ്രോയിഡറി ചെയ്തും കസവു വസ്ത്രങ്ങളിൽ ഒരുക്കുന്നത് ഇന്നത്തെ പ്രധാന ട്രെൻഡാണ്. ഒരേ ഡിസൈനിലുള്ള വസ്ത്രങ്ങൾ കുടുംബത്തിലെ എല്ലാവരും ചേർന്ന് ധരിക്കുന്ന 'ഫാമിലി മാച്ചിങ്' രീതി ഇന്ന് ഏറെ ജനപ്രിയമാണ്. ഫ്യൂഷൻ വേഷങ്ങൾ: കുട്ടികൾക്കും യുവാക്കൾക്കും അനുയോജ്യമായ രീതിയിൽ ധോതിവിത്ത് കുർത്ത, മോഡേൺ കുർത്തികൾ, ഇൻഡോ-വെസ്റ്റേൺ സ്റ്റൈലുകൾ എന്നിവ ഓണാഘോഷങ്ങളുടെ ഭാഗമായി മാറി.

കടകളിൽ നേരിട്ട് പോകാൻ സമയമില്ലാത്തവർക്കായി നിരവധി ഓൺലൈൻ ഷോപ്പിംഗ് ആപ്പുകളും ഫാഷൻ ബ്രാൻഡുകളും വീട്ടുപടിക്കൽ ഓണക്കോടികൾ എത്തിക്കുന്നു. വിരൽത്തുമ്പിൽ ലഭ്യമായ ഈ സൗകര്യം റെഡിമെയ്ഡ് വിപണിക്ക് വലിയ വളർച്ചയാണ് നൽകിയത്.

ഗൾഫ് രാജ്യങ്ങളിലും സൗദി അറേബ്യ, ഖത്തർ , അമേരിക്ക, യുകെ തുടങ്ങിയ വിദേശ രാജ്യങ്ങളിലും ഓണക്കോടികൾക്കും റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും വലിയ വിപണിയുണ്ട്. മലയാളി പ്രവാസികൾ സജീവമായി ഓണം ആഘോഷിക്കുന്നതിനാൽ അവിടെയും ഇത്തരം വസ്ത്രങ്ങൾക്ക് കനത്ത ഡിമാൻഡാണ് ഉള്ളത്. ഗൾഫിൽ പ്രത്യേകിച്ച് ദുബായ്, ഷാർജ, അബുദാബി തുടങ്ങിയ ഇടങ്ങളിൽ വലിയ മലയാളി സമൂഹമുള്ളതുകൊണ്ട് കേരളത്തിലെപ്പോലെ തന്നെ ഓണക്കാലം വലിയൊരു കച്ചവട സീസണാണ്. കേരളത്തിലും ഗൾഫ് രാജ്യങ്ങളിലും ബ്രാഞ്ചുകൾ ഉള്ള

ഹൈപ്പർമാർക്കറ്റ് പോലുള്ള വലിയ സ്ഥാപനങ്ങളും പ്രമുഖ ഇന്ത്യൻ ടെക്സ്റ്റൈൽസ് ബ്രാൻഡുകളും കേരളത്തിൽ നിന്നുള്ള കസവുസാരികൾ, സെറ്റ് മുണ്ടുകൾ, കുട്ടികളുടെ റെഡിമെയ്ഡ് ഓണക്കോടികൾ എന്നിവ വൻതോതിൽ ഇറക്കുമതി ചെയ്ത് വിൽക്കാറുണ്ട്.

അമേരിക്ക, കാനഡ, യൂറോപ്പ് തുടങ്ങിയ രാജ്യങ്ങളിൽ നേരിട്ട് വസ്ത്രങ്ങൾ വിൽക്കുന്ന കേരളീയ കടകൾ പരിമിതമാണെങ്കിലും അവിടെ കച്ചവടം നടക്കുന്നത് പ്രധാനമായും പ്രമുഖ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയാണ്. എന്തുതന്നെയായാലും ഭൂമുഖത്ത് എവിടെയെല്ലാം മലയാളികൾ ഉണ്ടോ, അവിടെയെല്ലാം മനസ്സുകൊണ്ട് അവർ കേരളത്തിലായിരിക്കും, ഒപ്പം ഓണക്കോടിയും ഉണ്ടാകും.

നാടാണെങ്കിലും മറുനാടാണെങ്കിലും ഓണം എന്നത് മലയാളികളെ സംബന്ധിച്ച് വസ്ത്രങ്ങളുടെയോ ഭക്ഷണത്തിന്റെയോ മാത്രം ആഘോഷമല്ല, അതൊരു സംസ്കാരത്തിന്റെ അടയാളമാണ്. ജാതിയും മതവും ദേശവുമെല്ലാം കടന്ന് മലയാളികളെ ഒന്നിപ്പിക്കുന്ന ആ വലിയ സ്നേഹത്തിന്റെ ഭാഗമാണ് ഓരോ ഓണക്കോടിയും. അതുകൊണ്ട് തന്നെ ആഫ്രിക്കയിലെ ചൂടിലും യൂറോപ്പിലെ മഞ്ഞിലും അമേരിക്കയിലെ തിരക്കുകളിലും ജീവിക്കുന്ന മലയാളി പ്രവാസികൾ പോലും ചിങ്ങപ്പുലരിയിൽ പുതുവസ്ത്രങ്ങൾ അണിഞ്ഞ് ആഹ്ളാദത്തോടെയാണ് ഓണം വരവേൽക്കുന്നത്.

IDEAL
FINANCIAL & NOTARY SERVICES
PLAN • PROTECT • PROSPER

# IDEAL FINANCIAL & NOTARY SERVICES.

PLAN TODAY • PROTECT TODAY • SECURE TOMORROW

## OUR SERVICES

- ONLINE ESTATE PLANNING & DOCUMENTS SERVICES
- LIFE INSURANCE & LIVING BENEFITS
- ANNUITIES, IRA/401K ROLLOVER
- LONGTERM CARE
- COLLEGE SAVINGS PLANNING
- FINANCIAL EDUCATION
- BUSINESS OPPORTUNITIES & NOTARY SERVICES



LICENSED FINANCIAL PROFESSIONALS



SINDHU JOHN
210-326-4396

SABU JOHN
812-361-1263



LEVERAGE REALTY
CONSULTING GROUP

SABU JOHN, GRI
FOUNDING ASSOCIATE & REALTOR®
SPECIALIZED SERVICES IN
RESIDENTIAL, COMMERCIAL, LAND & PROPERTY MANAGEMENT

- RESIDENTIAL
- COMMERCIAL
- LAND & INVESTORS
- PROPERTY MANAGEMENT

812-361-1263
sabujohntherealtor@gmail.com
Johnsabu.com

REALTOR®
MLS MULTIPLE LISTING SERVICE
EQUAL HOUSING OPPORTUNITY




# ഓർമ്മയുണ്ടോ ഓണപ്പാട്ടുകളുടെ ആ ഓഡിയോ കാസറ്റ് കാലം

പണ്ടൊക്കെ ഓണക്കാലമായാൽ ടേപ്പ് റെക്കോർഡർ ഉള്ള വീടുകളിൽ നിന്ന് പുതിയ ഓണപ്പാട്ടുകളുടെ ശീലുകൾ ഉയരുമായിരുന്നു.

ഓണപ്പാട്ടുകളുടെ കാസറ്റുകൾ അന്നൊരു തരംഗമായിരുന്നു.

പിന്നെ ഓണങ്ങൾ വന്നുകൊണ്ടേയിരുന്നു.. മാവേലിത്തമ്പുരാൻ മറഞ്ഞ പോലെ ഓണക്കാസറ്റുകൾ വിപണിയിൽ നിന്നും മറഞ്ഞു.. സാഹിത്യ ഭംഗി നിറഞ്ഞ മനോഹരമായ ഈണങ്ങളുള്ള പാടാൻ രസമുള്ള ഓണപ്പാട്ടുകൾ പിന്നെപ്പിന്നെ ഇല്ലാതായി. 90-കളിലും 2000-കളുടെ തുടക്കത്തിലും ഓണക്കാലത്ത് വിപണി കീഴടക്കിയിരുന്നത് ഓണപ്പാട്ടുകളുടെ കാസറ്റുകൾ ആയിരുന്നു. ഓണക്കാസറ്റുകളുടെ സുവർണ്ണ കാലമായിരുന്നു അത് .

പ്രശസ്ത ഗായകർ പാടിയ ഗാനങ്ങളും, മിമിക്രി കാസറ്റുകളും, സിനിമാ ഗാനങ്ങളുടെ റീമിക്സുകളും അടങ്ങിയ ഓഡിയോ കാസറ്റുകൾ ഓണത്തിന് സമ്മാനങ്ങൾ നൽകാനും വീടുകളിൽ കേൾക്കാനും വ്യാപകമായി ഉപയോഗിച്ചിരുന്നു.

?മാറിയ സാങ്കേതികവിദ്യ ഇല്ലാതാക്കിയത് ഈ ഓണപ്പാട്ടുകളുടെ കാസറ്റുകളെ കൂടിയാണ്.

കാലക്രമേണ കാസറ്റുകൾക്ക് പകരം സിഡികളും , ഡിവിഡികളും വിപണിയിലെത്തി. എന്നാൽ പിന്നീട് സ്മാർട്ട്ഫോണുകളുടെയും ഇന്റർനെറ്റിന്റെയും കടന്നുവരവോടെ അതും ഇല്ലാതായി.

?യൂട്യൂബും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും: ഇന്ന് ഓണം പാട്ടുകൾ കേൾക്കാൻ കാസറ്റുകളുടെ ആവശ്യമില്ല. യൂട്യൂബ്, സ്പോട്ടിഫൈ , ആപ്പിൾ മ്യൂസിക് തുടങ്ങിയ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ഏത് പുതിയതും പഴയതുമായ ഓണം പാട്ടുകൾ ഒറ്റക്ലിക്കിൽ ആസ്വദിക്കാൻ സാധിക്കും. പഴയകാല ഓണപ്പാട്ട് കാസറ്റുകളുടെ ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകൾ പല സംഗീതാസ്വാദകരുടെയും മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നുണ്ട്. പലരും ആ ഓണപ്പാട്ടുകളുടെ കാസറ്റുകൾ നിധി പോലെ എടുത്തു വച്ചിട്ടുണ്ട്. 90-കളിലും 2000-കളുടെ തുടക്കത്തിലും കേരളത്തിൽ തരംഗം സൃഷ്ടിച്ച പ്രശസ്തമായ ചില ഓണം പാട്ട് കാസറ്റുകളും ആൽബങ്ങളും പലർക്കും ഓർമ്മയുണ്ടാകും

### മാവേലി നാട്

ഓണക്കാസറ്റ് വിപണിയിൽ ചരിത്രം സൃഷ്ടിച്ച പ്രശസ്തമായ ആൽബങ്ങളിൽ ഒന്നാണിത്. മലയാളികളുടെ ഗൃഹാതുരത്വമുണർത്തുന്ന നിരവധി ഗാനങ്ങൾ ഇതിലുണ്ടായിരുന്നു.

### തിരുവാതിര

പരമ്പരാഗത ഓണപ്പാടുകളും തിരുവാതിരപ്പാടുകളും പുതിയ ഈണത്തിൽ അവതരിപ്പിച്ചുകൊണ്ട് ഇറങ്ങിയ ഈ കാസറ്റ് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

### പൂനിലാവ്

ഓണക്കാലത്ത് വീടുകളിലും ക്ലബ്ബുകളിലും ഒരുപോലെ കേട്ടിരുന്ന മറ്റൊരു ജനപ്രിയ സംഗീത ആൽബം.

### ഓണത്തുമ്പി

കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിച്ച മനോഹരമായ ഗാനങ്ങളുള്ള കാസറ്റ്.

### പൂവിളി

ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് വിപണിയിൽ എത്തിയ പ്രമുഖ ഗാനസമാഹാരം. പ്രശസ്തരായ ഗായകരുടെയും സംഗീതസംവിധായകരുടെയും ഗാന രചയിതാക്കളുടെയും സംഗമഭൂമിയായിരുന്നു മിക്ക ഓണപ്പാട്ടുകളും.

അതോടൊപ്പം പുതിയ രചന സംഗീത ഗായകർക്കുള്ള അവസരം കൂടിയായി ഓണപ്പാട്ടുകൾ.

കെ.ജെ. യേശുദാസ്, കെ.എസ്. ചിത്ര, എം.ജി. ശ്രീകുമാർ, സുജാത തുടങ്ങിയ പ്രമുഖ ഗായകരുടെ ശബ്ദത്തിലുള്ള ഓണപ്പാടുകൾ ഈ കാസറ്റുകളെ അക്കാലത്ത് വീടുകളുടെ ഹൃദയഭാഗത്ത് എത്തിച്ചു.

പാട്ടുകൾക്ക് പുറമെ പ്രശസ്തമായ മിമിക്രി കാസറ്റുകളും ഓണക്കാലത്ത് വിപണിയിൽ വലിയ ഓളം സൃഷ്ടിച്ചിരുന്നു. നാദിർഷ, ദിലീപ്, കൊച്ചൻ ബാവ തുടങ്ങിയവരുടെ കാസറ്റുകൾ ഓണത്തിന് ട്രെൻഡിങ് ആയിരുന്നു.

ഓണപ്പാട്ടുകളുടെ കാസറ്റുകളും സിഡികളും വിപണിയിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമാകാൻ കാരണം സാങ്കേതികവിദ്യയിലുണ്ടായ വലിയ മാറ്റങ്ങളും ജനങ്ങളുടെ ഉപഭോഗ ശീലങ്ങളിലുണ്ടായ പരിവർത്തനങ്ങളുമാണ്.

?സ്മാർട്ട്ഫോണുകളുടെയും ഇന്റർനെറ്റിന്റെയും കടന്നുവരവ് എല്ലാ മേഖലകളിലും ഉണ്ടാക്കിയ വിപ്ലവം അല്ലെങ്കിൽ മാറ്റം ഓണപ്പാട്ട് കാസറ്റുകളുടെ കാര്യത്തിലും ഉണ്ടായി. ഇന്ന് മിക്കവാറും എല്ലാവരുടെയും കൈകളിൽ സ്മാർട്ട്ഫോണുകളും അതിവേഗ ഇന്റർനെറ്റും ലഭ്യമാണ്. പാട്ടുകൾ കേൾക്കാൻ ഇനി പ്രത്യേകം പ്ലെയറുകളോ ഫിസിക്കൽ മീഡിയങ്ങളോ ആവശ്യമില്ലാത്ത അവസ്ഥ വന്നു.

സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളുടെ ജനപ്രീതി ആർക്കും തടുക്കാൻ പറ്റാത്തതായിരുന്നു. യൂട്യൂബ് (YouTube), സ്പോട്ടിഫൈ (Spotify), ആപ്പിൾ മ്യൂസിക് (Apple Music) തുടങ്ങി ഒട്ടനവധി ഡിജിറ്റൽ മ്യൂസിക് പ്ലാറ്റ്ഫോമുകൾ സൗജന്യമായും കുറഞ്ഞ ചെലവിലും പാട്ടുകൾ ലഭ്യമാക്കി. ഒരു കാസറ്റോ സിഡിയോ വാങ്ങുന്ന പണത്തിന് മാസങ്ങളോളം പരിധിയില്ലാതെ പാട്ടുകൾ കേൾക്കാൻ ഡിജിറ്റൽ സേവനങ്ങൾ വഴി സാധ്യമായി.

കാസറ്റുകളും സിഡികളും നിർമ്മിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, കടകളിൽ സൂക്ഷിക്കുന്നതിനും വലിയ ചെലവായിരുന്നു. എന്നാൽ ഡിജിറ്റൽ രൂപത്തിൽ ഗാനങ്ങൾ റിലീസ് ചെയ്യുമ്പോൾ ഈ ചെലവുകൾ പൂർണ്ണമായും ഒഴിവാക്കാനായപ്പോൾ സ്വാഭാവികമായി കാസറ്റുകൾ സീഡികൾ എന്നിവ വിപണിയിൽ നിന്ന് അപ്രത്യക്ഷമായി.

കാസറ്റുകൾ കേൾക്കാൻ 'വാക്ക്മാൻ' അല്ലെങ്കിൽ ടേപ്പ് റെക്കോർഡർ വേണമായിരുന്നു. സിഡികൾ കേൾക്കാൻ സിഡി പ്ലെയറും ആവശ്യമായിരുന്നു. എന്നാൽ ഇന്ന് എവിടെയായാലും ഹെഡ്ഫോണോ ബ്ലൂടൂത്ത് സ്പീക്കറോ ഉപയോഗിച്ച് എളുപ്പത്തിൽ പാട്ടുകൾ ആസ്വദിക്കാം.

കാസറ്റുകൾ ചുളിയുകയോ, ടേപ്പ് റെക്കോർഡിനുള്ളിൽ

നാട കുടുങ്ങിപ്പോവുകയോ ചെയ്യുക പതിവായിരുന്നു. കേടുവന്ന കാസറ്റിലെ റിബ്ബെടുത്ത് സൈക്കിൾ ഹാൻഡിൽ അലങ്കാരമാക്കി തൂക്കിയിരുന്ന ആ കാലം നൊസ്റ്റാൾജിക് ഓർമ്മകളുടെതാണ്.

സിഡികളാകട്ടെ പെട്ടെന്ന് പോറലേറ്റ് കേടായിപ്പോകും. എന്നാൽ ഡിജിറ്റൽ ഓഡിയോ ഫയലുകൾക്ക് ആയുസ്സ് കൂടുതലാണെന്നതും അവ കേടുകൂടാതെ സൂക്ഷിക്കാമെന്നതും കാസറ്റും സിഡിയും ഒക്കെ ഓർമ്മകളിലേക്ക് പോകാനുള്ള കാരണങ്ങളായി.

അന്നത്തെ ഓണപ്പാട്ടുകൾക്ക് പ്രത്യേകമായൊരു സാഹിത്യ ഭംഗിയും ഗ്രാമീണ സൗന്ദര്യവും ഉണ്ടായിരുന്നു. കേവലം സംഗീതം മാത്രമല്ല, നല്ലൊരു കവിത കേൾക്കുന്ന സുഖമാണ് ആ വരികൾ നൽകിയിരുന്നത്.

?പ്രകൃതിയുടെയും ഗ്രാമങ്ങളുടെയും വർണ്ണന: പൂക്കളും തുമ്പികളും ഊഞ്ഞാലാട്ടവും തിരുവാതിരയും ഓണക്കാലത്തെ മഴയും പൂനിലാവുമെല്ലാം മനോഹരമായ പദങ്ങളിൽ ആ വരികളിൽ നിറഞ്ഞുനിന്നു. മലയാളികളുടെ ഗ്രാമീണ ജീവിതത്തെയും കൃഷിയെയും സംസ്കാരത്തെയും അവ വളരെ തനിമയോടെ അടയാളപ്പെടുത്തി.

?മാവേലി സങ്കൽപ്പവും സമത്വവും: ജാതിമത ഭേദമില്ലാതെ എല്ലാവരും ഒന്നായി ആഘോഷിച്ചിരുന്ന പഴയകാല മാവേലി നാടിന്റെ ഐതീഹ്യവും സ്നേഹവും വരികളിൽ പ്രകടമായിരുന്നു.

?ലളിതമായ സംഗീതവും ആഴമുള്ള വരികളും ഓരോ ഓണപ്പാട്ടിനെയും ആസ്വാദകഹൃദയങ്ങളിൽ വാടാത്ത പൂക്കൾ പോലെ പൂത്തുലഞ്ഞു നിന്നു.

കേട്ടാൽ പെട്ടെന്ന് മനസ്സിൽ ലയിച്ചു ചേരുന്ന ഈണത്തോടൊപ്പം സാഹിത്യപരമായ നിലവാരം പുലർത്തുന്ന വാക്കുകളായിരുന്നു അവയിൽ കൂടുതലും ഉപയോഗിച്ചിരുന്നത്.

?ഇന്നത്തെ ഡിജിറ്റൽ കാലത്തെ ട്രെൻഡ് സോങ്ങുകളിൽ നിന്ന് വ്യത്യസ്തമായി, മനസ്സിനെ ശാന്തമാക്കുന്നതും നാടിന്റെ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നതുമായിരുന്നു ആ പഴയ സാഹിത്യ ഭംഗിയുള്ള ഓണപ്പാട്ടുകൾ.

മലയാളികളുടെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്ന ഓണപ്പാട്ടുകളിൽ ഭൂരിഭാഗവും പുറത്തിറക്കിയത് പ്രശസ്ത ഗായകൻ കെ.ജെ. യേശുദാസിന്റെ ഉടമസ്ഥതയിലുള്ള തരംഗിണി സ്റ്റുഡിയോ ആണ്. 80-കളിലും 90-കളിലും തരംഗിണി പുറത്തിറക്കിയ ഓണപ്പാട്ട് കാസറ്റുകൾ കേരളത്തിൽ വലിയ തരംഗമാണ് സൃഷ്ടിച്ചത്.

മാവേലിനാട്', 'പൂവിളി', 'ഓണത്തുമ്പി', 'തിരുവാതിര' തുടങ്ങിയ നിരവധി പ്രശസ്തമായ ഓണം ആൽബങ്ങൾ തരംഗിണി പുറത്തിറക്കിയിട്ടുണ്ട്.

ശ്രീകുമാരൻ തമ്പി, ഒ.എൻ.വി. കുറുപ്പ് തുടങ്ങിയ പ്രമുഖ കവികളുടെ വരികളിൽ യേശുദാസ്, എസ്. ജാനകി, കെ.എസ്. ചിത്ര, എം.ജി. ശ്രീകുമാർ തുടങ്ങിയ ലെജൻഡറി ഗായകർ പാടിയ ഗാനങ്ങളായിരുന്നു ഇവയിലധികവും.

ലളിതവും ഹൃദ്യവുമായ ഈണങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു തരംഗിണിയുടെ ഓണപ്പാട്ടുകൾ. കർണാടക സംഗീതത്തിന്റെ പാരമ്പര്യവും നാടൻ പാട്ടുകളുടെ തനിമയും ഒരേപോലെ ഒതുക്കിക്കൊണ്ടുള്ളതായിരുന്നു ഇതിലെ ഗാനങ്ങൾ.

അക്കാലത്ത് ഓണക്കാലമായാൽ കേരളത്തിലെ എല്ലാ വീടുകളിലും കടകളിലും കേട്ടിരുന്ന പാട്ടുകളിൽ ഭൂരിഭാഗവും തരംഗിണിയുടെ കാസറ്റുകളിൽ ഉള്ളവയായിരുന്നു. ഇന്നത് പലരുടെയും ഗൃഹാതുരത നിറഞ്ഞ ഓർമ്മകളുടെ ഭാഗമാണ്.

# മെക്സിക്കൻ കന്നുകാലി മേഖലയിൽ സ്ക്രൂവേം രോഗബാധ

അമേരിക്കൻ വിപണിയിലേക്കുള്ള കന്നുകാലി ഇറക്കുമതി വിലക്ക് പിൻവലിക്കാനിരിക്കെ, മെക്സിക്കോയിലെ സൊനോറയിൽ ആദ്യമായി സ്ക്രൂവേം (Screw-worm) ബാധ സ്ഥിരീകരിച്ചു. കന്നുകാലികളെയും മറ്റ് മൃഗങ്ങളെയും ബാധിക്കുന്ന പരാന്നഭോജി ഈച്ചകളുടെ ലാർവകളാണ് ഈ രോഗത്തിന് കാരണം.

മൃഗങ്ങളുടെ ശരീരത്തിലെ മുറിവുകളിൽ വളരുന്ന ഈ ലാർവകൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

?രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി സൊനോറയിൽ കർശനമായ ആരോഗ്യ സുരക്ഷാ നിയന്ത്രണങ്ങളും പ്രത്യേക നിരീക്ഷണവും ഏർപ്പെടുത്തിയതായി ഗവർണർ അൽഫോൻസോ ദുരാസോ എക്സ് പോസ്റ്റിലൂടെ വ്യക്തമാക്കി.

മൃഗങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനും രോഗം പടരാതിരിക്കാനുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

?അതേസമയം, മെക്സിക്കൻ കന്നുകാലികളുടെ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിരുന്ന വിലക്ക് യുണൈറ്റഡ് സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ വരും ആഴ്ചകളിൽ പിൻവലിക്കാൻ തയ്യാറെടുക്കുന്നതിനിടയിലാണ് ഈ പുതിയ പ്രതിസന്ധി. പുതിയ രോഗബാധ കന്നുകാലി ഇറക്കുമതി പുനരാരംഭിക്കാനുള്ള യു.എസ് നീക്കത്തെ എങ്ങനെയൊക്കെ ബാധിക്കുമെന്ന കാര്യത്തിൽ നിലവിൽ വ്യക്തത വന്നിട്ടില്ല..

ചൂടുള്ള രക്തമുള്ള മൃഗങ്ങളുടെ ശരീരത്തിലെ ജീവനുള്ള കോശങ്ങളെയും ടിഷ്യൂകളെയും തിന്നു വളരുന്ന പരാന്നഭോജി ഈച്ചകളുടെ ലാർവകൾ മൂലമുണ്ടാകുന്ന രോഗമാണിത്. സാധാരണ ഈച്ചകൾ ചത്ത മാംസത്തിലാണ് മുട്ടയിടാറുള്ളതെങ്കിൽ, സ്ക്രൂവേം ഈച്ചകൾ ജീവനുള്ള മൃഗങ്ങളുടെ മുറിവുകളിലാണ് മുട്ടയിടുന്നത്.

മൃഗങ്ങളുടെ ശരീരത്തിലെ മുറിവുകളിലോ വായ, മൂക്ക്, ചെവി തുടങ്ങിയ ഭാഗങ്ങളിലോ ലാർവകൾ കൂട്ടമായി വളരുന്നത് കാണാം. ലാർവകൾ അവയുടെ കൂർത്ത വായഭാഗങ്ങൾ ഉപയോഗിച്ച് മാംസം തുരന്ന് തിന്നുന്നത് മൃഗങ്ങൾക്ക് തീവ്രമായ വേദന ഉണ്ടാക്കുന്നു.

മൃഗങ്ങൾ അസ്വസ്ഥത പ്രകടിപ്പിക്കുക, മുറിവുകളിൽ നിരന്തരം നക്കുകയോ കടിക്കുകയോ ചെയ്യുക, തീറ്റയെടുക്കാതിരിക്കുക, ക്ഷീണം എന്നിവ രോഗബാധയുടെ ലക്ഷണങ്ങളാണ്..

ചികിത്സ വൈകിയാൽ മുറിവുകൾ കൂടുതൽ വലുതും ആഴമേറിയതുമായി മാറുകയും ഇത് മൃഗങ്ങളുടെ മരണത്തിന് വരെ കാരണമാവുകയും ചെയ്യും.

?മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും അപൂർവ്വമായി ഈ രോഗം പകരാൻ സാധ്യതയുണ്ട്.

മൃഗങ്ങളുടെ ശരീരത്തിലുണ്ടാകുന്ന ചെറിയ മുറിവുകളും പോറലുകളും പോലും വൃത്തിയായി സൂക്ഷിക്കുകയും മരുന്നുകൾ പുരട്ടി സംരക്ഷിക്കുകയും വേണം

വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം ആന്റിപാരസൈറ്റിക് മരുന്നുകളും ലാർവിസൈഡുകളും ഉപയോഗിച്ച് മുറിവുകൾ അണുവിമുക്തമാക്കണം..,

ഇത്തരം ഈച്ചകളുടെ വ്യാപനം തടയാൻ വന്ധ്യംകരിച്ച ആൺഈച്ചകളെ കൂട്ടത്തോടെ പ്രകൃതിയിലേക്ക് തുറന്നുവിടുന്ന 'സ്റ്റെറൈൽ ഇൻസെക്റ്റ് ടെക്നിക്' പോലുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളും ഫാമുകളിൽ ഉപയോഗിക്കാറുണ്ട്..

?ഈ രോഗബാധ കന്നുകാലി വളർത്തൽ മേഖലയ്ക്കും മാംസ വ്യാപാരത്തിനും വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കാറുണ്ട്. അതുകൊണ്ടുതന്നെയാണ് മെക്സിക്കോയിലും അമേരിക്കയിലും ഇതിനെതിരെ കർശനമായ ക്വാറന്റൈൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. അപൂർവമായാണെങ്കിലും മനുഷ്യരിലേക്കും സ്ക്രൂവേം ബാധ പകരാൻ സാധ്യതയുണ്ട്. മൃഗങ്ങളെ അപേക്ഷിച്ച് മനുഷ്യരിൽ ഇത് അപൂർവ്വമാണെങ്കിലും, രോഗബാധിതമായ പ്രദേശങ്ങളിൽ ജീവിക്കുമ്പോഴോ വേണ്ടത്ര മുൻകരുതലുകൾ എടുക്കാതിരിക്കുമ്പോഴോ മനുഷ്യർക്കും ഈ അപകടം ഉണ്ടാകാറുണ്ട്..

മനുഷ്യരുടെ ശരീരത്തിലോ ചർമ്മത്തിലോ ഉള്ള ചെറിയ മുറിവുകൾ, പോറലുകൾ അല്ലെങ്കിൽ പ്രാണികൾ കടിച്ച പാടുകൾ എന്നിവയിൽ സ്ക്രൂവേം ഈച്ചകൾ വന്ന് മുട്ടയിടാം.. വ്യക്തിശുചിത്വമില്ലായ്മയോ മറ്റ് ആരോഗ്യപ്രശ്നങ്ങളോ ഉള്ളവരുടെ മൂക്ക്, ചെവി, വായ തുടങ്ങിയ ഭാഗങ്ങളിലൂടെയും ലാർവകൾ ശരീരത്തിനുള്ളിലേക്ക് പ്രവേശിക്കാൻ സാധ്യതയുണ്ട്.

മനുഷ്യരിൽ രോഗബാധ ഉണ്ടായാൽ ചർമ്മത്തിലെ മുറിവുകളിൽ പ്രാണികളുടെ ലാർവകൾ (പുഴുക്കൾ) ചലിക്കുന്നത് നേരിട്ട് കാണാം.

മുറിവുള്ള ഭാഗത്ത് കടുത്ത ചൊറിച്ചിലോ അസ്വസ്ഥതയോ അനുഭവപ്പെടും.

?മുറിവിൽ നിന്ന് അസഹ്യമായ വേദനയും നീരും പഴുപ്പും ഉണ്ടാകാം.

ശരീരത്തിലുണ്ടാകുന്ന ചെറിയ മുറിവുകൾ പോലും കഴുകി വൃത്തിയാക്കി ബാൻഡേജ് ഉപയോഗിച്ച് മൂടിവെക്കുക. എന്നതാണ് പ്രധാന മുൻകരുതൽ.

ലാർവകളെ ഡോക്ടറുടെ സഹായത്തോടെ ശസ്ത്രക്രിയയിലൂടെയോ പ്രത്യേക മരുന്നുകളിലൂടെയോ പൂർണ്ണമായി നീക്കം ചെയ്യണം. കൃത്യസമയത്ത് ചികിത്സിച്ചില്ലെങ്കിൽ ഇത് ചർമ്മത്തിലെ കോശങ്ങളെ നശിപ്പിക്കുകയും ഗുരുതരമായ അണുബാധയ്ക്ക് കാരണമാവുകയും ചെയ്യും.

?മൃഗസംരക്ഷണ മേഖലയിൽ ജോലി ചെയ്യുന്നവരും കന്നുകാലികളുമായി അടുത്ത് ഇടപഴകുന്നവരുമാണ് ഇത്തരം സാഹചര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത്.

മെക്സിക്കോയിൽ സ്ക്രൂവേം രോഗം മുമ്പും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അവിടത്തെ 'സൊനോറ' എന്ന സംസ്ഥാനത്ത് ആദ്യമായാണ് ഈ രോഗം സ്ഥിരീകരിക്കുന്നത്. മെക്സിക്കോയിൽ മുൻകാലങ്ങളിൽ ഈ രോഗം ഉണ്ടായിരുന്നെങ്കിലും, വർഷങ്ങളായുള്ള പ്രതിരോധ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇവയെ നിർമാർജ്ജനം ചെയ്തിരുന്നു.

?ഇപ്പോൾ യു.എസുമായുള്ള അതിർത്തി പ്രദേശമായ സൊനോറയിൽ വീണ്ടും ഇത് സ്ഥിരീകരിച്ചത് അവിടത്തെ കർഷകർക്കും അധികൃതർക്കും വലിയ ആശങ്കയാണ് ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് ഇത് തടയാൻ കർശനമായ അടിയന്തര പ്രതിരോധ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

മെക്സിക്കോയിൽ അടുത്തിടെ സ്ക്രൂവേം ബാധ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടാൻ തുടങ്ങിയത് പ്രധാനമായും മധ്യ അമേരിക്കയിൽ നിന്നും തെക്കൻ മെക്സിക്കോയിൽ നിന്നും രോഗം പതുക്കെ വടക്കോട്ട് വ്യാപിച്ചതുകൊണ്ടാണ് എന്നാണ് വിദഗ്ധർ സംശയിക്കുന്നത്. മെക്സിക്കോയുടെ തെക്കൻ ഭാഗങ്ങളിലും മധ്യ അമേരിക്കൻ രാജ്യങ്ങളിലും മുൻപ് ഈ പരാന്നഭോജി ഈച്ചകളുടെ സാന്നിധ്യം വീണ്ടും കണ്ടെത്തിയിരുന്നു. അവിടെ നിന്നും മൃഗങ്ങളുടെ സഞ്ചാരത്തിലൂടെയോ ഈച്ചകൾ പറന്നോ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് രോഗം എത്തുകയായിരുന്നുവെന്ന് കരുതുന്നു.

അമേരിക്കയോട് ചേർന്നുള്ള സൊനോറ പോലെയുള്ള സംസ്ഥാനങ്ങളിൽ ഇതുവരെ രോഗം ബാധിച്ചിരുന്നില്ല. എന്നാൽ അയൽ സംസ്ഥാനമായ ചിഹുവാഹയുടെ അതിർത്തിക്ക് സമീപമുള്ള ഒരു പശുവിൽ ഇപ്പോൾ രോഗം സ്ഥിരീകരിച്ചതോടെ, ഈച്ചകൾ വടക്കൻ പ്രദേശങ്ങളിലേക്കും അതിർത്തി കടന്നും വ്യാപിക്കുന്നുണ്ടെന്നാണ് സംശയിക്കുന്നത്.



## ഡോക്ടറോട് ചോദിക്കാം?

**ചോദ്യം:**

**ആർത്തവവിരാമാം സംഭവിക്കുന്ന സ്ത്രീകളിൽ വരുന്ന് മാറ്റങ്ങൾ എന്തൊക്കെയാണ്. ആ പ്രായത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?**




# ആർത്തവവിരാമം

(Menopause)

## ജീവിതത്തിലെ ഒരു സ്വാഭാവിക ഘട്ടം

ഒരു സ്ത്രീയുടെ ആർത്തവചക്രം സ്ഥിരമായി നിലയ്ക്കുന്നതിനെയാണ് ആർത്തവവിരാമം (M-enop-au-se) എന്നു പറയുന്നത്. സാധാരണയായി 45-55 വയസ്സിനിടയിലാണ് ഇത് സംഭവിക്കുന്നത്. തുടർച്ചയായി 12 മാസത്തേക്ക് ആർത്തവം ഉണ്ടാകാതിരിക്കുമ്പോഴാണ് ആർത്തവവിരാമം സ്ഥിരീകരിക്കുന്നത്.

ആർത്തവവിരാമം ഒരു രോഗമല്ല; സ്ത്രീയുടെ ജീവിതത്തിലെ സ്വാഭാവികമായ ഒരു മാറ്റമാണ്. എന്നാൽ ഈ കാലയളവിൽ ശരീരത്തിലെ ഈസ്ട്രജൻ ഉൾപ്പെടെയുള്ള ഹോർമോണുകളുടെ അളവിൽ കുറവുണ്ടാകുന്നതിനാൽ പലതരത്തിലുള്ള ശാരീരികവും മാനസികവുമായ മാറ്റങ്ങൾ അനുഭവപ്പെടാം.

**ആർത്തവവിരാമത്തിന് മുമ്പുള്ള കാലഘട്ടം പെരിമെനോപോസ്**

ആർത്തവവിരാമത്തിന് ഏതാനും വർഷങ്ങൾക്കുമുമ്പ് തന്നെ ആർത്തവചക്രത്തിൽ മാറ്റങ്ങൾ തുടങ്ങാം. ഇതിനെ പെരിമെനോപോസ് എന്നു വിളിക്കുന്നു. ആർത്തവം നേരത്തെയോ വൈകിയോ വരിക, രക്തസ്രാവത്തിന്റെ അളവിൽ വ്യത്യാസം ഉണ്ടാകുക, ചില മാസങ്ങളിൽ ആർത്തവം ഒഴിവാകുക തുടങ്ങിയവ സാധാരണയായി കാണാം. ഈ ഘട്ടത്തിൽ ഹോർമോൺ വ്യതിയാനങ്ങൾ മൂലം മറ്റ് ലക്ഷണങ്ങളും ഉണ്ടാകാം.

**ആർത്തവവിരാമത്തിൽ സാധാരണ കാണുന്ന മാറ്റങ്ങൾ**

1. ചൂട് പെട്ടെന്ന് അനുഭവപ്പെടൽ

പെട്ടെന്ന് ശരീരത്തിൽ ചൂട് അനുഭവപ്പെടുക, മുഖത്തും കഴുത്തിലും വിയർപ്പ് ഉണ്ടാകുക തുടങ്ങിയവ സാധാരണമാണ്. രാത്രിയിൽ അമിതമായി വിയർക്കുന്നതും ഉറക്കത്തെ ബാധിക്കാം.

2. ഉറക്കത്തിലെ മാറ്റങ്ങൾ: ഉറങ്ങാൻ ബുദ്ധിമുട്ട്, രാത്രിയിൽ പലതവണ ഉണരുക, നേരത്തെ ഉണരുക തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകാം. ചൂടും രാത്രിയിലെ വിയർപ്പും ഇതിന് കാരണമാകാം.

3. മാനസികാവസ്ഥയിലെ വ്യതിയാനങ്ങൾ: അസ്വസ്ഥത, ഉത്കണ്ഠ, പെട്ടെന്ന് ദേഷ്യം വരിക, വിഷാദം, ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയ അനുഭവങ്ങൾ ചിലർക്കുണ്ടാകാം.

4. ശരീരഭാരത്തിലും ശരീരഘടനയിലും മാറ്റം: പ്രായം കൂടുന്നതിനനുസരിച്ച് മെറ്റബോളിസം കുറയുകയും വയറിന് ചുറ്റും കൊഴുപ്പ് കൂടാനുള്ള സാധ്യത വർധിക്കുകയും ചെയ്യാം.

5. എല്ലുകളുടെയും സന്ധികളുടെയും ആരോഗ്യം: ഈസ്ട്രജൻ കുറയുന്നതോടെ എല്ലുകളുടെ സാന്ദ്രത കുറയാനുള്ള സാധ്യത വർധിക്കുന്നു. അതിനാൽ പിന്നീട് ഓസ്റ്റിയോപൊറോസിസും എല്ലുപൊട്ടലും ഉണ്ടാകാനുള്ള സാധ്യത ശ്രദ്ധിക്കണം.

6. യോനിഭാഗത്തും മൂത്രവ്യവസ്ഥയിലും മാറ്റങ്ങൾ

യോനിയിൽ വരൾച്ച, ലൈംഗികബന്ധത്തിൽ അസ്വസ്ഥത, മൂത്രമൊഴിക്കുമ്പോൾ ബുദ്ധിമുട്ട്, ആവർത്തിച്ചുള്ള മൂത്രവ്യവസ്ഥാ അണുബാധ തുടങ്ങിയ പ്രശ്നങ്ങൾ ചില സ്ത്രീകളിൽ ഉണ്ടാകാം.

7. ചർമ്മത്തിലും മുടിയിലും മാറ്റങ്ങൾ

ചർമ്മം വരണ്ടുപോകുക, മുടിയുടെ കനം കുറയുക തുടങ്ങിയ മാറ്റങ്ങൾ ഉണ്ടാകാം.

## 1. ആർത്തവവിരാമം എന്തുകൊണ്ട് സംഭവിക്കുന്നു?

- അണ്ഡാശയത്തിൽ ഉള്ള അണ്ഡങ്ങൾ ക്രമമായി കുറയുകയും ഈസ്ട്രജൻ, പ്രോജസ്റ്ററോൺ എന്നി ഹോർമോണുകളുടെ ഉത്പാദനം ഠായുകയും ചെയ്യുന്നതിനാൽ ആടണ് ആർത്തവം നിൽക്കുന്നത്.

**ഈ പ്രായത്തിൽ ആരോഗ്യ പരിശോധനകൾ മറക്കരുത്**

ആർത്തവവിരാമത്തിനു ശേഷം ചില ആരോഗ്യപ്രശ്നങ്ങളുടെ സാധ്യത വർധിക്കുന്നതിനാൽ പ്രായത്തിനും വ്യക്തിഗത അപകടസാധ്യതകൾക്കും അനുസരിച്ചുള്ള ആരോഗ്യപരിശോധനകൾ പ്രധാനമാണ്.

രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാര, കൊളസ്ട്രോൾ എന്നിവ പരിശോധിക്കുക.

ഡോക്ടറുടെ നിർദേശപ്രകാരം സ്തനാർബുദ പരിശോധനകളും സെർവിക്കൽ കാൻസർ സ്ക്രീനിംഗും നടത്തുക.

എല്ലുകളുടെ സാന്ദ്രത പരിശോധിക്കേണ്ടതുണ്ടോ എന്ന് ഡോക്ടറോട് ചോദിക്കുക.

ശരീരഭാരവും അരക്കെട്ടിന്റെ അളവും ശ്രദ്ധിക്കുക.

സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകളും ആരോഗ്യപ്രശ്നങ്ങളും ഡോക്ടറുമായി വിലയിരുത്തുക.

**എപ്പോൾ ഡോക്ടറെ കാണണം?**

ആർത്തവവിരാമത്തിനു ശേഷം ഏതെങ്കിലും തരത്തിലുള്ള യോനിരക്തസ്രാവം ഉണ്ടായാൽ അത് അവഗണിക്കരുത്. അമിതമായ രക്തസ്രാവം, തുടർച്ചയായ വയറുവേദന, അസാധാരണമായ ഭാരം കുറയൽ, കഠിനമായ വിഷാദം, ഉറക്കപ്രശ്നങ്ങൾ, ലൈംഗികബന്ധത്തിൽ തുടർച്ചയായ വേദന, മൂത്രസംബന്ധമായ ആവർത്തിച്ചുള്ള പ്രശ്നങ്ങൾ തുടങ്ങിയവ ഉണ്ടായാലും ഡോക്ടറുടെ ഉപദേശം തേടണം.

## ഓർക്കുക

ആർത്തവവിരാമം ജീവിതത്തിന്റെ അവസാനമല്ല; ജീവിതത്തിലെ പുതിയൊരു ഘട്ടത്തിന്റെ തുടക്കമാണ്. ശരിയായ ഭക്ഷണം, വ്യായാമം, മതിയായ ഉറക്കം, മാനസികാരോഗ്യത്തിന് നൽകുന്ന ശ്രദ്ധ, കൃത്യമായ ആരോഗ്യപരിശോധനകൾ എന്നിവയിലൂടെ ഈ കാലഘട്ടത്തെ ആരോഗ്യകരമായും ആത്മവിശ്വാസത്തോടെയും നേരിടാം.

## 4. ഈ പ്രായത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ആരോഗ്യകരമായ ഭക്ഷണരീതി

പച്ചക്കറികൾ, പഴങ്ങൾ, പയർവർഗങ്ങൾ, മുഴുവൻ ധാന്യങ്ങൾ, മുട്ട, മത്സ്യം തുടങ്ങിയ പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുക. കാൽസ്യം, വിറ്റാമിൻ ഉ, പ്രോട്ടീൻ എന്നിവയുടെ മതിയായ ലഭ്യത ഉറപ്പാക്കുന്നത് എല്ലുകളുടെ ആരോഗ്യത്തിന് പ്രധാനമാണ്.

അമിതമായ ഉപ്പ്, പഞ്ചസാര, വറുത്ത ഭക്ഷണങ്ങൾ, പ്രോസസ്ഡ് ഭക്ഷണങ്ങൾ എന്നിവ പരമാവധി കുറയ്ക്കുക.

2. സ്ഥിരമായ വ്യായാമം.. ദിവസവും ഏകദേശം 30 മിനിറ്റ് നടക്കുന്നത് പോലുള്ള മിതമായ വ്യായാമം ശീലമാക്കുക. ശക്തി വർധിപ്പിക്കുന്ന വ്യായാമങ്ങളും ഭാരം താങ്ങുന്ന വ്യായാമങ്ങളും എല്ലുകളുടെ ആരോഗ്യത്തിന് സഹായകരമാണ്. വ്യായാമം ശരീരഭാരം നിയന്ത്രിക്കുന്നതിനൊപ്പം ഹൃദയാരോഗ്യത്തിനും മാനസികാരോഗ്യത്തിനും ഗുണം ചെയ്യും.

3. ഉറക്കത്തിന് പ്രാധാന്യം നൽകുക: എല്ലാ ദിവസവും ഏകദേശം 78 മണിക്കൂർ ഉറങ്ങാൻ ശ്രമിക്കുക. രാത്രി കഫീൻ കൂടുതലുള്ള പാനീയങ്ങൾ ഒഴിവാക്കുക. ഉറങ്ങുന്നതിന് മുമ്പ് മൊബൈൽ ഫോൺ ഉപയോഗം കുറയ്ക്കുന്നതും സഹായകരമാണ്.

4. പുകവലിയും അമിത മദ്യപാനവും ഒഴിവാക്കുക

പുകവലി എല്ലുകളുടെ ആരോഗ്യത്തെയും ഹൃദയാരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. മദ്യപാനം നിയന്ത്രിക്കുന്നതും ആരോഗ്യത്തിന് ഗുണകരമാണ്.

5. മാനസികാരോഗ്യം ശ്രദ്ധിക്കുക: ആർത്തവവിരാമകാലത്തെ ഹോർമോൺ മാറ്റങ്ങൾ ചിലരിൽ ഉത്കണ്ഠയും വിഷാദവും വർധിപ്പിക്കാം. കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും സംസാരിക്കുക, ഇഷ്ടപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, യോഗയോ ധ്യാനമോ ശീലിക്കുക എന്നിവ സഹായകരമാണ്.

## 5. വൈദ്യസഹായം എപ്പോൾ തേടണം?



- കടുത്ത ചൂടേറിയ വിയർപ്പുകൾ
- മനോവിഷമം, ഉറക്കക്കുറവ്, ആശങ്ക
- ആർത്തവത്തിൽ അസാധാരണ രക്തസ്രാവം
- മൂത്രാശയ പ്രശ്നങ്ങൾ
- സന്ധിവേദന, എല്ലുവേദന കഠിനമാകുമ്പോൾ

ശരീരത്തിൽ ഉണ്ടാകുന്ന ഓരോ മാറ്റവും ആർത്തവവിരാമം കൊണ്ടാണെന്ന് കരുതരുത്. സംശയമുള്ളപ്പോൾ ഡോക്ടറുടെ ഉപദേശം തേടുക.


Beyond Time & Space
• 22 KT. GOLD & PRECIOUS STONE JEWELRY
• 24 KT. BARS & KADAS
• LATEST DESIGN OF ALL DIAMONDS
• WEDDING SAREES
• RADO, SIKO & CITIZEN WATCHES
• RAY-BAN SUNGLASSES
• PERFUMES
• LUGGAGES & APPLIANCES
• DIAMONDS - 25–35% OFF
• MOVADO WATCHES - UPTO 45% OFF
• JEWELRY RAPAIRS ON PREMISE
• REPLACEMENT OF WATCH BATTERIES
• FREE CAR PARKING
KERALA JEWELERS & FASHION CENTER
256 - 19 Union Turnpike, Glen Oaks, NY 1104
Tel: 718-347-4043, Fax: 718-347-3958, www.keralajewelers.org

# ഓണം അടുക്കളയിൽ തിരക്കാണ്

**ഓണം എത്താറായി. അത്തം എത്തിയാൽ പിന്നെ അടുക്കളയിൽ വീട്ടമ്മമാർക്ക് ഇനി വിശ്രമമില്ലാത്ത പത്ത് നാളുകൾ. ഗ്യാസ് ക്ഷാമവും വിലക്കൂടുതലും എല്ലാം കേരളത്തിൽ കുറച്ചൊക്കെ ഓണസദ്യയുടെ പൊലിമ കുറയ്ക്കുമെങ്കിലും വിദേശങ്ങളിൽ ഓണസദ്യയുടെ തലയെടുപ്പ് കുറയാൻ വഴിയില്ല. എളുപ്പത്തിൽ വിഭവസമൃദ്ധമായ ഓണസദ്യ തയ്യാറാക്കാനുള്ള പാചക വിധികളാണ് ഇനി പറയുന്നത്.**



## പരിപ്പുകറി

**ആവശ്യമായ സാധനങ്ങൾ:**

ചെറുപയർ പരിപ്പ് – 1 കപ്പ്
തേങ്ങ ചിരകിയത് – 1 കപ്പ്
ജീരകം – 1 ടീസ്പൂൺ
പച്ചമുളക് – 3 എണ്ണം
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
നെയ്യ് – 2 ടേബിൾസ്പൂൺ
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

ചെറുപയർ പരിപ്പ് കഴുകി, മഞ്ഞൾപ്പൊടിയും ഉപ്പും കുറച്ചു വെള്ളവും ചേർത്ത് കുക്കറിൽ വേവിച്ചെടുക്കുക.

തേങ്ങയും ജീരകവും പച്ചമുളകും ചേർത്ത് കുറച്ചു വെള്ളം ഒഴിച്ച് നന്നായി അരച്ചെടുക്കുക.

വേവിച്ചു വെച്ചിരിക്കുന്ന പരിപ്പിലേക്ക് ഈ അരപ്പ് ചേർത്തിളക്കി തിളപ്പിക്കുക.

തിളച്ചുവരുമ്പോൾ നെയ്യ് ഒഴിച്ച് അടുപ്പിൽ നിന്ന് വാങ്ങാം.

## സാമ്പാർ

**ആവശ്യമായ സാധനങ്ങൾ:**

തൊവരപരിപ്പ് – 1 കപ്പ്
കഷ്ണങ്ങൾ (മുരിങ്ങയ്ക്ക, മാങ്ങാ, കമ്പ്യൻ, കാരറ്റ്) – 2 കപ്പ്
സാമ്പാർ പൊടി – 2 ടേബിൾസ്പൂൺ
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
പുളി – ചെറുനാരങ്ങാ വലിപ്പത്തിൽ (വെള്ളത്തിൽ പിഴിഞ്ഞെടുത്തത്)
കടുക്, ഉണക്കമുളക്, കറിവേപ്പില, വെളിച്ചെണ്ണ – താളിക്കാൻ

**തയ്യാറാക്കുന്ന വിധം:**

തുവരപരിപ്പ് വേവിച്ചു വെക്കുക.

പച്ചക്കറികൾ മഞ്ഞൾപ്പൊടിയും ഉപ്പും സാമ്പാർ പൊടിയും ചേർത്ത് വേവിക്കുക.

വെന്തു കഴിയുമ്പോൾ ഇതിലേക്ക് പുളിവെള്ളം ഒഴിച്ച് പച്ചമണം മാറുന്നതുവരെ തിളപ്പിക്കുക.

ഇതിലേക്ക് വേവിച്ച പരിപ്പ് ചേർത്ത് ഇളക്കി യോജിപ്പിക്കുക.

വെളിച്ചെണ്ണയിൽ കടുക്, ഉണക്കമുളക്, കറിവേപ്പില എന്നിവ മൂപ്പിച്ച് സാമ്പാറിലേക്ക് ചേർക്കുക.

## അവിയൽ

**ആവശ്യമായ സാധനങ്ങൾ:**

പച്ചക്കറികൾ (ചേന, പടവലങ്ങ, പച്ചക്കായ, വെള്ളരിക്ക, മുരിങ്ങയ്ക്ക, കാരറ്റ്) നീളത്തിൽ അരിഞ്ഞത് – 3 കപ്പ്
തേങ്ങ ചിരകിയത് – 1.5 കപ്പ്
പച്ചമുളക് – 4 എണ്ണം
ജീരകം – 1 ടീസ്പൂൺ
തൈര് – 1/2 കപ്പ്
വെളിച്ചെണ്ണ – 2 ടേബിൾസ്പൂൺ
കറിവേപ്പില – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

പച്ചക്കറികളിൽ മഞ്ഞൾപ്പൊടിയും ഉപ്പും അല്പം വെള്ളവും ചേർത്ത് വേവിക്കുക.

തേങ്ങയും പച്ചമുളകും ജീരകവും കൂടി അധികം വെള്ളമില്ലാതെ ഒതുക്ക അരച്ചെടുക്കുക (മൃദുവാകരുത്).

പച്ചക്കറി വെന്തു കഴിയുമ്പോൾ ഈ അരപ്പ് ചേർത്ത് നന്നായി ഇളക്കുക.

വെള്ളം വറ്റിയ ശേഷം തൈര് ചേർത്ത് ഇളക്കി ചെറിയ തീയിൽ ചൂടാക്കുക.

പച്ച വെളിച്ചെണ്ണയും കറിവേപ്പിലയും മുകളിൽ ഒഴിച്ച് അടുപ്പണയ്ക്കുക.

## കാളൻ

**ആവശ്യമായ സാധനങ്ങൾ:**

നേന്ത്രക്കായ അല്ലെങ്കിൽ ചേന – 2 കപ്പ് (ചെറിയ കഷ്ണങ്ങളാക്കിയത്)
കുരുമുളകുപൊടി – 1 ടീസ്പൂൺ
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
തേങ്ങ ചിരകിയത് – 1 കപ്പ്
ജീരകം – 1/2 ടീസ്പൂൺ
കട്ടിതൈര് – 1 കപ്പ്
കടുക്, ഉണക്കമുളക്, ഉലുവ, കറിവേപ്പില – താളിക്കാൻ
വെളിച്ചെണ്ണ – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

കഷ്ണങ്ങൾ മഞ്ഞൾപ്പൊടി, കുരുമുളകുപൊടി, ഉപ്പ്, അല്പം വെള്ളം എന്നിവ ചേർത്ത് വേവിക്കുക.

തേങ്ങയും ജീരകവും ചേർത്ത് നന്നായി അരച്ചെടുക്കുക.

പച്ചക്കറി വെന്തു കഴിയുമ്പോൾ അരപ്പ് ഇതിലേക്ക് ചേർത്ത് ഇളക്കുക.

തീ കുറച്ചുവെച്ച് തൈര് നന്നായി ഉടച്ച് ഇതിലേക്ക് ഒഴിച്ച് ഇളക്കി കുറുക്കുക.

വെളിച്ചെണ്ണയിൽ കടുക്, ഉലുവ, ഉണക്കമുളക്, കറിവേപ്പില എന്നിവ വറുത്ത് ഇതിലേക്ക് ചേർക്കുക.

## പാലട പ്രഥമൻ

**ആവശ്യമായ സാധനങ്ങൾ:**

അട – 250 ഗ്രാം
പാൽ – 2 ലിറ്റർ
പഞ്ചസാര – 2 കപ്പ് (അല്ലെങ്കിൽ ശർക്കര പാനി)
നെയ്യ് – 3 ടേബിൾസ്പൂൺ

**തയ്യാറാക്കുന്ന വിധം:**

അട തിളച്ച വെള്ളത്തിലിട്ട് വേവിച്ച് തണുത്ത വെള്ളത്തിൽ കഴുകി വയ്ക്കുക.

ഒരു പാത്രത്തിൽ പാൽ ഒഴിച്ച് നന്നായി തിളപ്പിച്ച് കുറുകി വരുമ്പോൾ വേവിച്ച അട ചേർക്കുക.

കുറഞ്ഞ തീയിൽ വെച്ച് പാൽ പാടപിടിച്ച് നന്നായി കുറുകി വരുന്നതുവരെ ഇളക്കിക്കൊണ്ടിരിക്കുക (ഇളം ചുവപ്പ് നിറം വരണം).

പഞ്ചസാര ചേർത്ത് നന്നായി ഇളക്കി യോജിപ്പിക്കുക.

## പൈനാപ്പിൾ കിച്ചടി

**ആവശ്യമായ സാധനങ്ങൾ:**

പൈനാപ്പിൾ ചെറുതായി അരിഞ്ഞത് – 1 കപ്പ്
തേങ്ങ ചിരകിയത് – 1 കപ്പ്
പച്ചമുളക് – 3 എണ്ണം
കടുക് – 1/2 ടീസ്പൂൺ (അരയ്ക്കാൻ)
കട്ടിതൈര് – 1.5 കപ്പ്
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
മുളകുപൊടി – 1/2 ടീസ്പൂൺ
കടുക്, ഉണക്കമുളക്, കറിവേപ്പില, വെളിച്ചെണ്ണ – താളിക്കാൻ
ഉപ്പ്, പഞ്ചസാര – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

പൈനാപ്പിൾ കഷ്ണങ്ങൾ മഞ്ഞൾപ്പൊടിയും മുളകുപൊടിയും ഉപ്പും അല്പം പഞ്ചസാരയും അല്പം വെള്ളവും ചേർത്ത് വേവിക്കുക.

തേങ്ങയും പച്ചമുളകും കടുക് അര ടീസ്പൂണും ചേർത്ത് മിനുതുപ്പായി അരച്ചെടുക്കുക.

പൈനാപ്പിൾ വെന്തു കഴിയുമ്പോൾ ഈ അരപ്പ് ചേർത്ത് പച്ചമണം മാറുന്നതുവരെ ഇളക്കുക.

തീ ഓഫ് ചെയ്ത ശേഷം തൈര് ഉടച്ച് ഇതിലേക്ക് ചേർത്ത് നന്നായി ഇളക്കുക.

വെളിച്ചെണ്ണയിൽ കടുക്, ഉണക്കമുളക്, കറിവേപ്പില എന്നിവ വറുത്ത് ഇതിലേക്ക് ചേർക്കുക.

## വെണ്ടയ്ക്ക കിച്ചടി

**ആവശ്യമായ സാധനങ്ങൾ:**

വെണ്ടയ്ക്ക വട്ടത്തിൽ അരിഞ്ഞത് – 1 കപ്പ്
തൈര് – 1.5 കപ്പ്
തേങ്ങ ചിരകിയത് – 3/4 കപ്പ്
പച്ചമുളക് – 3 എണ്ണം
കടുക് – 1 ടീസ്പൂൺ
വെളിച്ചെണ്ണ – വറുക്കാൻ ആവശ്യത്തിന്
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

അരിഞ്ഞ വെണ്ടയ്ക്ക വെളിച്ചെണ്ണയിൽ വറുത്തു കോരി വയ്ക്കുക.

തേങ്ങയും പച്ചമുളകും കുറച്ചു കടുകും ചേർത്ത് നന്നായി അരച്ചെടുക്കുക.

വറുത്ത വെണ്ടയ്ക്കയും അരപ്പും ആവശ്യത്തിന് ഉപ്പും തൈരും ചേർത്ത് നന്നായി യോജിപ്പിക്കുക.

കടുക്, ഉണക്കമുളക്, കറിവേപ്പില എന്നിവ വെളിച്ചെണ്ണയിൽ താളിച്ച് ഇതിലേക്ക് ചേർക്കുക.

## മാമ്പഴക്കറി

**ആവശ്യമായ സാധനങ്ങൾ:**

പഴുത്ത ചെറിയ മാങ്ങ – 4 എണ്ണം (തൊലി കളഞ്ഞത്)
മുളകുപൊടി – 1 ടീസ്പൂൺ
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
ശർക്കര – ചെറിയ കഷ്ണം
തേങ്ങ ചിരകിയത് – 1 കപ്പ്
ജീരകം – 1/2 ടീസ്പൂൺ
കട്ടിതൈര് – 1 കപ്പ്
കടുക്, ഉണക്കമുളക്, ഉലുവ, കറിവേപ്പില, വെളിച്ചെണ്ണ – താളിക്കാൻ

**തയ്യാറാക്കുന്ന വിധം:**

മാങ്ങ മുളകുപൊടി, മഞ്ഞൾപ്പൊടി, ശർക്കര, ഉപ്പ്, അല്പം വെള്ളം എന്നിവ ചേർത്ത് വേവിക്കുക.

തേങ്ങയും ജീരകവും പച്ചമുളകും ചേർത്ത് നന്നായി അരച്ചെടുക്കുക.

മാങ്ങ വെന്തു കഴിയുമ്പോൾ ഈ അരപ്പ് ചേർത്തിളക്കി തിളപ്പിക്കുക.

തീ കുറച്ചതിനു ശേഷം തൈര് ഉടച്ച് ഒഴിച്ച് ചൂടാക്കുക (തിളച്ചുപോകരുത്).

വെളിച്ചെണ്ണയിൽ കടുക്, ഉലുവ, ഉണക്കമുളക്, കറിവേപ്പില എന്നിവ താളിച്ച് ചേർക്കുക.

# FEDERATION OF KERALA ASSOCIATIONS IN NORTH AMERICA , INC. (INTERNATIONAL)

## EXECUTIVE BOARD



DR. KALA SHAHI
PRESIDENT



SHAJI JOHN
SECRETARY



SHAJI SAMUEL
TREASURER



SHAJI ALAPPATT
EXE. VICE PRESIDENT



SANJEEV SHANMUGHAMPILLAI
VICE PRESIDENT



LATHEESH KRISHNA
ASSOCIATE SECRETARY



JAIN STEPHEN
ASSOCIATE TREASURER



SUHAS MULLAVEEDU - CANADA
ADD. ASSOCIATE SECRETARY



BIJU MADHAVAN - CANADA
ADD. ASSOCIATE TREASURER



SWAPNA FELIX
WOMEN'S FORUM CHAIR



DR. JACOB EAPEN
INTERNATIONAL
COORDINATOR



JOSEPH KURIAPURAM
BOARD OF TRUSTEES
CHAIRMAN

## പുളിയിഞ്ചി

**ആവശ്യമായ സാധനങ്ങൾ:**

ഇഞ്ചി പൊടിയായി അരിഞ്ഞത് – 1 കപ്പ്
പച്ചമുളക് അരിഞ്ഞത് – 6 എണ്ണം
പുളി – വലിയ നെല്ലിക്ക വലിപ്പത്തിൽ (പിഴിഞ്ഞെടുത്ത വെള്ളം)
ശർക്കര – 1 കപ്പ് (ചെറിയ കഷ്ണങ്ങളാക്കിയത്)
മുളകുപൊടി – 1 ടീസ്പൂൺ
മഞ്ഞൾപ്പൊടി – 1/2 ടീസ്പൂൺ
കായപ്പൊടി – 1/2 ടീസ്പൂൺ
കടുക്, ഉണക്കമുളക്, ഉലുവ, കറിവേപ്പില, വെളിച്ചെണ്ണ – താളിക്കാൻ

**തയ്യാറാക്കുന്ന വിധം:**

ഇഞ്ചിയും പച്ചമുളകും വെളിച്ചെണ്ണയിൽ വറുത്ത് കോരി മാറ്റുക (സ്വർണ്ണ നിറമാകണം).

ഒരു ചീനച്ചട്ടിയിൽ പുളിവെള്ളവും ശർക്കരയും മഞ്ഞൾപ്പൊടിയും മുളകുപൊടിയും ഉപ്പും ചേർത്ത് തിളപ്പിക്കുക.

ഇത് കുറുകി വരുമ്പോൾ വറുത്തു വെച്ചിരിക്കുന്ന ഇഞ്ചിയും പച്ചമുളകും ചേർക്കുക.

കൂട്ട് നന്നായി കുറുകി എണ്ണ തെളിഞ്ഞു വരുമ്പോൾ കായപ്പൊടി ചേർക്കുക.

കടുക്, ഉലുവ, ഉണക്കമുളക്, കറിവേപ്പില എന്നിവ വെളിച്ചെണ്ണയിൽ വറുത്തിടുക.

## രസം

**ആവശ്യമായ സാധനങ്ങൾ:**

തക്കാളി – 2 എണ്ണം (പൊടിയായി അരിഞ്ഞത്)
പുളിവെള്ളം – 1/2 കപ്പ്
പച്ചമുളക് – 2 എണ്ണം
ചുവന്നുള്ളി – 5 എണ്ണം (ചതച്ചത്)
വെളുത്തുള്ളി – 4 അല്ലി (ചതച്ചത്)
രസം പൊടി – 1 ടേബിൾസ്പൂൺ
മല്ലിയില, കറിവേപ്പില – ആവശ്യത്തിന്
കടുക്, ഉണക്കമുളക്, വെളിച്ചെണ്ണ – താളിക്കാൻ

**തയ്യാറാക്കുന്ന വിധം:**

തക്കാളി, പച്ചമുളക്, ഉപ്പ്, മഞ്ഞൾപ്പൊടി എന്നിവ പുളിവെള്ളവും അല്പം വെള്ളവും ചേർത്ത് വേവിക്കുക.

ഇതിലേക്ക് രസം പൊടിയും ചതച്ചുള്ളിയും വെളുത്തുള്ളിയും ചേർത്ത് നന്നായി തിളപ്പിക്കുക.

ആവശ്യത്തിന് വെള്ളവും മല്ലിയിലയും കറിവേപ്പിലയും ചേർത്ത് പതഞ്ഞു വരുമ്പോൾ തീ ഓഫ് ചെയ്യാം.

വെളിച്ചെണ്ണയിൽ കടുകും ഉണക്കമുളകും താളിച്ച് ചേർക്കുക.

## വെജിറ്റബിൾ സ്റ്റ്യൂ

**ആവശ്യമായ സാധനങ്ങൾ:**

ഉരുളക്കിഴങ്ങ്, കാരറ്റ്, പച്ചപ്പട്ടാണി – 2 കപ്പ്
തേങ്ങാപ്പാൽ (ഒന്നാം പാൽ – കട്ടിയുള്ളത്) – 1/2 കപ്പ്
തേങ്ങാപ്പാൽ (രണ്ടാം പാൽ – നേർത്തത്) – 1.5 കപ്പ്
സവാള – 1 എണ്ണം (നീളത്തിൽ അരിഞ്ഞത്)
പച്ചമുളക് – 4 എണ്ണം
ഇഞ്ചി – ചെറിയ കഷ്ണം (നീളത്തിൽ അരിഞ്ഞത്)
ഏലക്കായ, ഗ്രാമ്പൂ, കറുവാപ്പട്ട – കുറച്ചു വീതം
വെളിച്ചെണ്ണ – 2 ടേബിൾസ്പൂൺ

**തയ്യാറാക്കുന്ന വിധം:**

പച്ചക്കറികളും സവാളയും പച്ചമുളകും ഇഞ്ചിയും രണ്ടാം പാൽ ചേർത്ത് വേവിക്കുക.

പച്ചക്കറി വെന്തു കഴിയുമ്പോൾ കട്ടിയുള്ള ഒന്നാം തേങ്ങാപ്പാലും ആവശ്യത്തിന് ഉപ്പും ചേർത്ത് ഇളക്കുക (തിളച്ചു പോകരുത്).

മുകളിൽ കുറച്ചു പച്ച വെളിച്ചെണ്ണയും കറിവേപ്പിലയും തൂവി വാങ്ങി വെക്കുക.

## നാരങ്ങാ അച്ചാർ

**ആവശ്യമായ സാധനങ്ങൾ:**

നാരങ്ങ – 6 എണ്ണം (ചെറിയ കഷ്ണങ്ങളാക്കിയത്)
നല്ലെണ്ണ അല്ലെങ്കിൽ വെളിച്ചെണ്ണ – 3 ടേബിൾസ്പൂൺ
കടുക് – 1 ടീസ്പൂൺ
ഉലുവപ്പൊടി – 1/2 ടീസ്പൂൺ
കായപ്പൊടി – 1/2 ടീസ്പൂൺ
മുളകുപൊടി – 2 ടേബിൾസ്പൂൺ
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

നാരങ്ങ കഷ്ണങ്ങളിൽ ഉപ്പ് പുരട്ടി 2–3 ദിവസം വെക്കുക.

പാനിൽ എണ്ണ ചൂടാക്കി കടുക് പൊട്ടിക്കുക.

തീ കുറച്ചു വെച്ച് മുളകുപൊടി, ഉലുവപ്പൊടി, കായപ്പൊടി എന്നിവ ചേർത്ത് മൂപ്പിക്കുക.

ഇതിലേക്ക് ഉപ്പിലിട്ട നാരങ്ങ ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ച് ഇറക്കുക.

## ഉപ്പേരികളും ശർക്കര വരട്ടിയും

ഉപ്പേരി (കായ വറുത്തത്): നേന്ത്രക്കായ തൊലി കളഞ്ഞ് കനം കുറച്ചു വട്ടത്തിൽ അരിഞ്ഞ് മഞ്ഞൾപ്പൊടിയും ഉപ്പും പുരട്ടി വെളിച്ചെണ്ണയിൽ വറുത്തെടുക്കുക.

ശർക്കര വരട്ടി: നേന്ത്രക്കായ കട്ടയായി അരിഞ്ഞ് വെളിച്ചെണ്ണയിൽ വറുക്കുക. പാനി കാച്ചിയ ശർക്കരയിൽ ചുക്കുപൊടിയും ജീരകപ്പൊടിയും ഏലക്കാപ്പൊടിയും ചേർത്ത് ഈ വറുത്ത കായ കഷ്ണങ്ങൾ ഇട്ട് നന്നായി ഇളക്കി പൊടിയടിച്ചെടുക്കുക.

നെയ്യിൽ വറുത്ത അണ്ടിപ്പരിപ്പും മുന്തിരിയും ചേർത്ത് വാങ്ങി വെക്കുക.



## മോരുകറി

**ആവശ്യമായ സാധനങ്ങൾ:**

പുളിയുള്ള മോര് (തൈര് നന്നായി ഉടച്ചത്) – 2 കപ്പ്
തേങ്ങ ചിരകിയത് – 3/4 കപ്പ്
ജീരകം – 1/2 ടീസ്പൂൺ
ചെറിയ ഉള്ളി – 3 എണ്ണം
1 വെളുത്തുള്ളി – 2 അല്ലി
പച്ചമുളക് – 3 എണ്ണം
മഞ്ഞൾപ്പൊടി – 1/4 ടീസ്പൂൺ
കടുക്, ഉണക്കമുളക്, ഉലുവ, കറിവേപ്പില – താളിക്കാൻ
വെളിച്ചെണ്ണ – ആവശ്യത്തിന്
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

തേങ്ങ, ജീരകം, ചെറിയ ഉള്ളി, വെളുത്തുള്ളി, പച്ചമുളക്, മഞ്ഞൾപ്പൊടി എന്നിവ കുറച്ചു വെള്ളം ചേർത്ത് നല്ല മിനുതുപ്പായി അരച്ചെടുക്കുക.

ഉടച്ചു വെച്ചിരിക്കുന്ന മോരിലേക്ക് ഈ അരപ്പും ആവശ്യത്തിന് ഉപ്പും ചേർത്ത് നന്നായി ഇളക്കുക.

ഇത് ഒരു പാത്രത്തിലാക്കി അടുപ്പിൽ വെച്ച് ചെറിയ തീയിൽ ചൂടാക്കുക. (മോരുകറി തിളച്ചുപോയാൽ പിരിഞ്ഞുപോകും, അതിനാൽ പതഞ്ഞു വരുമ്പോൾ തന്നെ തീ ഓഫ് ചെയ്യണം).

വെളിച്ചെണ്ണ ചൂടാക്കി കടുക്, ഉലുവ, ഉണക്കമുളക്, കറിവേപ്പില, ചെറിയ ഉള്ളി അരിഞ്ഞത് എന്നിവ മൂപ്പിച്ച് മോരുകറിയിലേക്ക് ഒഴിക്കുക.

## ബീറ്റ്റൂട്ട് പച്ചടി

**ആവശ്യമായ സാധനങ്ങൾ:**

ബീറ്റ്റൂട്ട് – 1 കപ്പ് (ചെറിയ കഷ്ണങ്ങളായോ തുരുമ്പായോ അരിഞ്ഞത്)
കട്ടിതൈര് – 1.5 കപ്പ്
തേങ്ങ ചിരകിയത് – 1 കപ്പ്
പച്ചമുളക് – 3 എണ്ണം
കടുക് – 1/2 ടീസ്പൂൺ (അരയ്ക്കാൻ) + 1/2 ടീസ്പൂൺ (താളിക്കാൻ)
മഞ്ഞൾപ്പൊടി – 1/4 ടീസ്പൂൺ
വെളിച്ചെണ്ണ – 2 ടേബിൾസ്പൂൺ
കറിവേപ്പില, ഉണക്കമുളക് – ആവശ്യത്തിന്
ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം:**

ബീറ്റ്റൂട്ട് കഷ്ണങ്ങൾ അല്പം വെള്ളവും ഉപ്പും മഞ്ഞൾപ്പൊടിയും ചേർത്ത് വേവിച്ചെടുക്കുക.

തേങ്ങയും പച്ചമുളകും അര ടീസ്പൂൺ കടുകും ചേർത്ത് നന്നായി അരച്ചെടുക്കുക.

വെന്തുപോയ ബീറ്റ്റൂട്ടിലേക്ക് ഈ അരപ്പ് ചേർത്ത് പച്ചമണം മാറുന്നതുവരെ കുറച്ചു സമയം ഇളക്കുക.

തീ ഓഫ് ചെയ്ത ശേഷം തൈര് ഉടച്ച് ഇതിലേക്ക് ഒഴിച്ച് നന്നായി ഇളക്കി യോജിപ്പിക്കുക (മനോഹരമായ പിങ്ക് നിറം ലഭിക്കും).

വെളിച്ചെണ്ണയിൽ കടുക്, ഉണക്കമുളക്, കറിവേപ്പില എന്നിവ മൂപ്പിച്ച് പച്ചടിയിലേക്ക് ചേർക്കുക.

## തോരൻ

. കാബേജ്, ബീൻസ്, പച്ചക്കായ, ചേന, അല്ലെങ്കിൽ കാരറ്റ് എന്നിവ ഉപയോഗിച്ച് തോരൻ തയ്യാറാക്കാം. മലബാർ ശൈലിയിൽ രുചികരമായി ഒരു തോരൻ ഉണ്ടാക്കിയാലോ

**ആവശ്യമായ ചേരുവകൾ:**

പച്ചക്കറി (ബീൻസ്, കാബേജ് അല്ലെങ്കിൽ പച്ചക്കായ): 2 കപ്പ് (പൊടിയായി അരിഞ്ഞത്)
തേങ്ങ ചിരകിയത്: 1 കപ്പ്
ചെറിയ ഉള്ളി (സവാളയായാലും മതി): 5-6 എണ്ണം
പച്ചമുളക്: 3-4 എണ്ണം
വെളുത്തുള്ളി: 2 അല്ലി (ആവശ്യമെങ്കിൽ)
മഞ്ഞൾപ്പൊടി: അര ടീസ്പൂൺ
കടുക്: 1 ടീസ്പൂൺ
വറ്റൽമുളക്: 2 എണ്ണം
കറിവേപ്പില: 2 തണ്ട്
വെളിച്ചെണ്ണ: ആവശ്യത്തിന്
ഉപ്പ്: പാകത്തിന്

**പാചകം ചെയ്യുന്ന വിധം:**

എടുത്തിരിക്കുന്ന പച്ചക്കറി (ഉദാഹരണത്തിന് ബീൻസോ കാബേജോ) നന്നായി കഴുകി വളരെ ചെറുതായി അരിഞ്ഞെടുക്കുക.

ഒരു മിക്സിയുടെ ജാറിലോ അല്ലെങ്കിൽ ഒരു കല്ലിലോ ചിരകിയ തേങ്ങ, ചെറിയ ഉള്ളി, പച്ചമുളക്, വെളുത്തുള്ളി, അല്പം മഞ്ഞൾപ്പൊടി, ആവശ്യത്തിന് ഉപ്പ് എന്നിവ ചേർക്കുക. വെള്ളം ചേർക്കാതെ ഇത് ഒന്ന് ചതച്ചെടുക്കണം (പേസ്റ്റ് പോലെ അരഞ്ഞുപോകരുത്).


ഒരു പാനിൽ അല്പം വെളിച്ചെണ്ണ ചൂടാക്കി കടുക് പൊട്ടിക്കുക. അതിലേക്ക് വറ്റൽമുളകും കറിവേപ്പിലയും ചേർക്കുക. ശേഷം അരിഞ്ഞു വെച്ചിരിക്കുന്ന പച്ചക്കറി ചേർത്ത് ഇളക്കുക. ഇതിലേക്ക് ആവശ്യത്തിന് ഉപ്പും അല്പം വെള്ളവും തളിച്ച് (കൂടുതൽ വെള്ളം ഒഴിക്കരുത്) പാത്രം മൂടിവെച്ച് വേവിക്കുക.

പച്ചക്കറി വെന്തു കഴിയുമ്പോൾ, തയ്യാറാക്കി വെച്ചിരിക്കുന്ന തേങ്ങക്കൂട്ടം ഇതിലേക്ക് ചേർക്കുക. പച്ചക്കറിയും തേങ്ങയും നന്നായി യോജിപ്പിച്ച് ഇളക്കുക.

തീ കുറച്ചു വെച്ച്, വെള്ളത്തിന്റെ അംശം പൂർണ്ണമായും മാറി തോരൻ നന്നായി ഡ്രൈ ആയി വരുന്നതുവരെ (ഒരു രണ്ട് മിനിറ്റ്) ഇളക്കി പാകം ചെയ്യുക.

അവസാനം വാങ്ങി വെക്കുന്നതിനു മുൻപ് ഒരു ടീസ്പൂൺ പച്ച വെളിച്ചെണ്ണയും കുറച്ച് കറിവേപ്പിലയും കൂടി മുകളിൽ തൂവിയാൽ നല്ല അസ്സൽ നാടൻ രുചിയിലുള്ള തോരൻ റെഡി.

പിന്നെ ചോറും മോരും പപ്പടവും നല്ല തൂശനിലയും എല്ലാം കൂടിച്ചേരുമ്പോൾ ഓണസദ്യയുടെ വൈബ് മുഴുവൻ കിട്ടും.


All types of Indian & Asian Groceries
Fresh Meat
and Vegetables
Lowest prices guaranteed
FREE
PARKING
SPACES
ROYAL CITY
SPICES & GROCERIES
1717 Central Park Avenue * Yonkers,
NY 10710 * 914.793.9797
Thank You for choosing us for the past 35 years. We look forward to seeing you!



# യോഗാസനം: മനസ്സിനും ശരീരത്തിനും

**ശരീരത്തെയും മനസ്സിനെയും ഒരുപോലെ ആരോഗ്യകരമാക്കാൻ സഹായിക്കുന്ന ഭാരതീയ പാരമ്പര്യത്തിലെ പ്രധാനപ്പെട്ട അഭ്യാസരീതിയാണ് യോഗ. യോഗയുടെ ഭാഗമായി ശരീരം പ്രത്യേക രീതിയിൽ ക്രമീകരിച്ച് നിശ്ചിത സമയം നിലനിർത്തുന്ന ശാരീരിക നിലകളെയാണ് യോഗാസനങ്ങൾ എന്നു വിളിക്കുന്നത്. 'ആസനം' എന്ന വാക്കിന് ഇരിപ്പിടം അല്ലെങ്കിൽ ശരീരസ്ഥിതി എന്നാണർഥം.**

ശരീരത്തെയും മനസ്സിനെയും ഒരുപോലെ ആരോഗ്യകരമാക്കാൻ സഹായിക്കുന്ന ഭാരതീയ പാരമ്പര്യത്തിലെ പ്രധാനപ്പെട്ട അഭ്യാസരീതിയാണ് യോഗ. യോഗയുടെ ഭാഗമായി ശരീരം പ്രത്യേക രീതിയിൽ ക്രമീകരിച്ച് നിശ്ചിത സമയം നിലനിർത്തുന്ന ശാരീരിക നിലകളെയാണ് യോഗാസനങ്ങൾ എന്നു വിളിക്കുന്നത്. 'ആസനം' എന്ന വാക്കിന് ഇരിപ്പിടം അല്ലെങ്കിൽ ശരീരസ്ഥിതി എന്നാണർഥം.

യോഗാസനങ്ങൾ ശരീരത്തിന്റെ വഴക്കം വർധിപ്പിക്കാനും പേശികളെ ശക്തിപ്പെടുത്താനും ശരീരസന്തുലനം മെച്ചപ്പെടുത്താനും സഹായിക്കുന്നു. ശ്വാസനിയന്ത്രണവും ഏകാഗ്രതയും ചേർത്തുള്ള പരിശീലനം മാനസിക സമ്മർദ്ദം കുറയ്ക്കാനും മനസ്സിന് ശാന്തത നൽകാനും സഹായകമാണ്. പ്രായത്തിനും ആരോഗ്യസ്ഥിതിക്കും അനുയോജ്യമായ ആസനങ്ങൾ പരിശീലിക്കുന്നത് കൂടുതൽ ഗുണകരമാണ്.

**വിവിധതരം യോഗാസനങ്ങൾ**

**1. താഡാസനം** (Mountain Pose)

നിവർന്ന് നിൽക്കുന്ന ലളിതമായ ആസനമാണ് താഡാസനം. കാലുകൾ ചേർത്തോ ചെറിയ അകലത്തിലോ വച്ച് ശരീരം നേരെയാക്കി നിൽക്കുന്നു. കൈകൾ ശരീരത്തിന്റെ ഇരുവശത്തും വയ്ക്കാം. ശരീരത്തിന്റെ നിലപാട് മെച്ചപ്പെടുത്താനും സന്തുലനം വർധിപ്പിക്കാനും ഇത് സഹായിക്കുന്നു.

**2. വൃക്ഷാസനം** (Tree Pose)

ഒരു കാലിൽ നിൽക്കുകയും മറ്റേ കാലിന്റെ പാദം തുടയുടെ ഉള്ളഭാഗത്ത് വയ്ക്കുകയും ചെയ്യുന്ന ആസനമാണ് വൃക്ഷാസനം. കൈകൾ മുകളിലേക്ക് ഉയർത്തുകയോ നമസ്കാരമുദ്രയിൽ വയ്ക്കുകയോ ചെയ്യാം. ശരീരസന്തുലനത്തിനും ഏകാഗ്രതയ്ക്കും ഇത് സഹായകമാണ്.

**3. ഭുജംഗാസനം** (Cobra Pose)

വയറിൽ കിടന്ന് കൈപ്പത്തികൾ നിലത്ത് വച്ച് നെഞ്ചും തലയും പതുക്കെ ഉയർത്തുന്ന ആസനമാണ് ഭുജംഗാസനം. പുറം, തോളുകൾ, നെഞ്ച് എന്നിവയുടെ പേശികൾക്ക് വ്യായാമം ലഭിക്കുന്നു. നടുവേദനയുള്ളവർ ഇത് വിദഗ്ധരുടെ നിർദേശപ്രകാരം മാത്രം ചെയ്യണം.

**4. വജ്രാസനം** (Thunderbolt Pose)

മുട്ടുകുത്തി ഇരുന്ന് പാദങ്ങൾക്ക് മുകളിൽ ശരീരം നിവർത്തി ഇരിക്കുന്ന ആസനമാണ് വജ്രാസനം. ധ്യാനത്തിനും ശ്വാസാഭ്യാസത്തിനും ഇത് ഉപയോഗിക്കാറുണ്ട്. ഭക്ഷണത്തിനു ശേഷം ഇരിക്കാൻ സാധിക്കുന്ന ചുരുക്കം യോഗാസനങ്ങളിൽ ഒന്നാണെങ്കിലും മുട്ടുസംബന്ധമായ പ്രശ്നമുള്ളവർ ശ്രദ്ധിക്കണം.

**5. പദ്മാസനം** (Lotus Pose)

കാലുകൾ മടക്കി ഓരോ പാദവും എതിർതുടയുടെ മുകളിൽ വയ്ക്കുന്ന ഇരിപ്പ് രീതിയാണ് പദ്മാസനം. ധ്യാനത്തിനും ഏകാഗ്രതയ്ക്കും പരമ്പരാഗതമായി ഉപയോഗിക്കുന്നു. എല്ലാവർക്കും ഈ ആസനം ചെയ്യാൻ കഴിയണമെന്നില്ല; സന്ധികൾക്ക് അമിത സമ്മർദ്ദം നൽകാതെ പരിശീലിക്കണം.

**6. പശ്ചിമോത്താനാസനം** (Seated Forward Bend)

കാലുകൾ മുന്നിലേക്ക് നീട്ടി ഇരുന്ന് ശരീരം പതുക്കെ മുന്നോട്ട് വളയ്ക്കുന്ന ആസനമാണ് പശ്ചിമോത്താനാസനം. കാലുകളുടെയും പുറത്തിന്റെയും പേശികൾക്ക് വലിച്ചുനീട്ടൽ ലഭിക്കുന്നു. ശരീരത്തിന്റെ വഴക്കം മെച്ചപ്പെടുത്താൻ ഇത് സഹായകരമാണ്.

**7. ത്രികോണാസനം** (Triangle Pose)

കാലുകൾ അകലം വച്ച് നിൽക്കുകയും ശരീരം ഒരു വശത്തേക്ക് വളച്ച് കൈ നിലത്തേക്കോ കാലിലേക്കോ നീട്ടുകയും ചെയ്യുന്ന ആസനമാണ് ത്രികോണാസനം. കാലുകൾ, അരക്കെട്ട്, ശരീരത്തിന്റെ വശങ്ങൾ എന്നിവയ്ക്ക് വ്യായാമം ലഭിക്കുന്നു.

**8. ശവാസനം** (Corpse Pose)

പുറത്ത് കിടന്ന് ശരീരം പൂർണമായി അയവുവരുത്തുന്ന ആസനമാണ് ശവാസനം. യോഗാഭ്യാസത്തിന്റെ അവസാനം ചെയ്യുന്നത് ശരീരത്തിനും മനസ്സിനും വിശ്രമം നൽകാൻ സഹായിക്കുന്നു. ശ്വാസത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കുറച്ചുസമയം ശാന്തമായി കിടക്കാം.

**യോഗാസനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

യോഗാസനങ്ങൾ പരിശീലിക്കുമ്പോൾ ശരീരത്തിന്റെ കഴിവിനനുസരിച്ച് പതുക്കെ ചെയ്യണം. വേദന അനുഭവപ്പെട്ടാൽ ആസനം നിർത്തണം. ഭക്ഷണം കഴിച്ച ഉടൻ കഠിനമായ ആസനങ്ങൾ ചെയ്യുന്നത് ഒഴിവാക്കുന്നതാണ് നല്ലത്. ഗർഭിണികൾ, പ്രായമായവർ, സന്ധി-ഹൃദയ സംബന്ധമായ ആരോഗ്യപ്രശ്നങ്ങളുള്ളവർ എന്നിവർ പരിശീലനം ആരംഭിക്കുന്നതിന് മുമ്പ് ഡോക്ടറുടെയോ യോഗവിദഗ്ധന്റെയോ ഉപദേശം തേടണം.

യോഗാസനം ഒരു മത്സരം അല്ല. ശരീരത്തെ നിർബന്ധിച്ച് വളയ്ക്കുന്നതിനു പകരം ശരീരവും ശ്വാസവും മനസ്സും തമ്മിൽ ഏകോപിപ്പിക്കുകയാണ് യോഗയുടെ ലക്ഷ്യം. സ്ഥിരമായും ശരിയായ രീതിയിലും പരിശീലിച്ചാൽ ആരോഗ്യകരമായ ജീവിതശൈലിയുടെ ഭാഗമായി യോഗാസനങ്ങളെ ഉൾപ്പെടുത്താം.



# ട്രൈസ്റ്റേറ്റ് കേരളാഫോറം: കർഷകരത്നം അവാർഡ് 2026



ഫിലാഡൽഫിയ: വിളവെടുപ്പിന്റെ ഉത്സവം കൂടിയായ ഓണാഘോഷത്തോടനുബന്ധിച്ച് കേരളാഫോറം ട്രൈസ്റ്റേറ്റ് ഏരിയായിലെ മികച്ച കർഷകനെ കണ്ടെത്താനുള്ള മത്സരം സംഘടിപ്പിക്കുന്നു.

ഫിലാഡൽഫിയായിലും പരിസര പ്രദേശത്തുമുള്ള മലയാളി കുടുംബങ്ങളെ ജൈവ കൃഷിയിലേക്ക് ആകർഷിപ്പിക്കുവാൻ കേരളത്തിന്റെ തനതായ പച്ചക്കറികളും പഴവർഗ്ഗങ്ങളും അമേരിക്കൻ മണ്ണിൽ വികസിപ്പിച്ചെടുക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനുമുള്ള ശ്രമത്തിന്റെ ഭാഗമായാണ് ട്രൈസ്റ്റേറ്റ് കേരളാഫോറം കർഷകരത്നം അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. വിത്തുൽപാദനം മുതൽ വിളവെടുപ്പു വരെയുള്ള പ്രക്രിയകൾ സൂക്ഷ്മമായി പരിശോധിച്ചശേഷമാണ് വിധിനിർണ്ണയം നടത്തുന്നത്.

കർഷകരത്നം അവാർഡ് ജേതാവിന് ഇമ്മാനുവൽ റിയാലിറ്റി എവർറോളിംഗ് ട്രോഫിയും, തോമസ് സക്കറിയ (ന്യൂയോർക്ക്) നൽകുന്ന കാഷ് അവാർഡും സമ്മാനിക്കും. രണ്ടും മൂന്നും സ്ഥാനക്കാർക്ക് അലക്സ് തോമസ്, അനീഷ് ജോയി എന്നിവർ നൽകുന്ന കാഷ് അവാർഡും മറ്റ് ആകർഷകമായ സമ്മാനങ്ങളും നൽകുന്നു, കൂടാതെ മത്സരാർത്ഥികളേവരെയും സ്റ്റേജിൽ ആദരിക്കുന്നു.

മത്സരാർത്ഥികൾ തങ്ങളുടെ കൃഷിയിടങ്ങളുടെ സവിസ്തരമായ വീഡിയോ അയച്ചു തരുക. തെരഞ്ഞെടുക്കപ്പെടുന്ന അടുക്കളതോട്ടങ്ങൾ ട്രൈസ്റ്റേറ്റ് കേരളാഫോറം ജഡ്ജിങ് പാനൽ പരിശോധിച്ച് വിജയികളെ തീരുമാനിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 14ാം തീയതിക്കുള്ളിൽ വീഡിയോ അയയ്ക്കുക. വീഡിയോ അയക്കേണ്ട വാട്സ് ആപ്പ് നമ്പർ: അനീഷ് ജോയി,610 618 6938 ജോർജ്ജ് ഓലിക്കൽ 215 873 4365, ഫീലിപ്പോസ് ചെറിയാൻ 215 605 7310

കൺസ്റ്റാറ്റർ ജർമ്മൻ ക്ലബ് വിശാല ഓപ്പൺ വേദിയിലാണ് (9130 Academy Road, Philadelphia, P-A 19114) ട്രൈസ്റ്റേറ്റ് കേരളഫോറത്തിന്റെ ഈ വർഷത്തെ ഓണാഘോഷം അരങ്ങേറുന്നത്. ആഗസ്റ്റ് 22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണി മുതൽ രാത്രി 9:00 മണി വരെയുള്ള സമയത്താണ് ആഘോഷങ്ങൾ നടക്കുക.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: അനീഷ് ജോയി (കോഡിനേറ്റർ)

അലക്സ് തോമസ് 215 850 5268, ജോർജ്ജ് ഓലിക്കൽ 215 873 4365, ഫീലിപ്പോസ് ചെറിയാൻ 215 605 7310, ലെനോ സ്കറിയ: (ചെയർമാൻ), ജോബി ജോർജ് (ജനറൽ സെക്രട്ടറി): രാജൻ സാമുവ (ടഷറർ), ബിനു മാത്യു (ഓണാഘോഷകമ്മറ്റി ചെയർമാൻ) റോണി വറുഗീസ് പ്രോഗ്രാം കോഡിനേറ്റർ)


## ഗോപിനാഥ് മുതുകാടിന്റെ ചാരിറ്റി ഷോ; ഭിന്നശേഷിക്കാർക്കായുള്ള ഐ.ഐ.പി.ഡി.യ്ക്ക് പിന്തുണ തേടി മാന്ത്രിക–സംഗീത സന്ദേശ വിരുന്ന്

ന്യൂയോർക്ക്: പ്രശസ്ത മാന്ത്രികൻ ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി ലോകോത്തര നിലവാരത്തിലുള്ള ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസബിലിറ്റീസ് (IIPD)-ന്റെ നിർമാണത്തിനും വികസനത്തിനുമായി പ്രത്യേക ചാരിറ്റി ഷോ സംഘടിപ്പിക്കുന്നു. മാന്ത്രികതയും സംഗീതവും സാമൂഹിക പ്രതിബദ്ധതയും സമന്വയിപ്പിക്കുന്ന ഈ പരിപാടി, ഭിന്നശേഷി സമൂഹത്തിന്റെ ഒരു പുതുസൃഷ്ടിക്കായുള്ള ജനകീയ മുന്നേറ്റമായാണ് വിലയിരുത്തപ്പെടുന്നത്. എല്ലാ പ്രായക്കാരെയും ആകർഷിക്കുന്ന ഗോപിനാഥ് മുതുകാടിന്റെ വിസ്മയകരമായ മാജിക് അവതരണവും പിന്നണി ഗായകരായ R. രവിശങ്കറും ചിത്രഅരുണും വയലിനിസ്റ്റ് വിഷ്ണു അശോകും ഒരുക്കുന്ന സംഗീതവിരുന്നും പരിപാടിയുടെ പ്രധാന ആകർഷണങ്ങളായിരിക്കും. വിനോദത്തോടൊപ്പം പ്രത്യാശ, ആത്മവിശ്വാസം, സാമൂഹിക ഉത്തരവാദിത്തം, തുല്യാവകാശം എന്നീ മൂല്യങ്ങളും പ്രേക്ഷകരിലേക്ക് എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

“ഇത് ഒരു സാംസ്കാരിക പരിപാടി മാത്രമല്ല; പ്രത്യേക പരിഗണന അർഹിക്കുന്ന വ്യക്തികൾക്ക് അവരുടെ കഴിവുകൾ പരിപോഷിപ്പിച്ച് സ്വയംപര്യാപ്തരായി സമൂഹത്തിന്റെ മുഖ്യധാരയിൽ ജീവിക്കാൻ അവസരമൊരുക്കുന്ന ഒരു സാമൂഹിക ദൗത്യമാണ്,” എന്ന് ഡിഫറൻറ് ആർട് സെന്ററിന്റെ (DAC) അഡൈ്വസറി ബോർഡ് അംഗം ശ്രീ പോൾ കറുകപ്പള്ളിൽ അറിയിച്ചു. ഭിന്നശേഷിക്കാരുടെ അന്തസ്സും സ്വാതന്ത്ര്യവും തുല്യാവകാശവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവരും കൈകോർക്കണമെന്ന് ഗോപിനാഥ് മുതുകാട് അഭ്യർഥിച്ചു.

# പഴയകാല മലയാള നാടകഗാനങ്ങൾ ഓർമ്മയുടെ ഓളങ്ങളിൽ

**മലയാളം സൊസൈറ്റി ഓഫ് അമേരിക്ക, ഹ്യൂസ്റ്റൺ, യു സ് എ സംഘടിപ്പിച്ച ഭാഷ സാഹിത്യ മീറ്റിങ്ങിൽ അവതരിപ്പിച്ചതാണ് ഈ വിഷയം.**




## പഴയകാല മലയാള നാടകഗാനങ്ങൾ ഓർമ്മയുടെ ഓളങ്ങളിൽ.

ഏതാനും വരികൾ മാത്രം, ഒരു വിഹഗ വീക്ഷണം, ഒരു ഓട്ടപ്രദക്ഷിണം മാത്രം.ഓർമ്മയുടെ ഓളങ്ങൾ തഴുകി തലോടുന്ന ‘ ആ മധുരിക്കും ഓർമ്മകളെ.. മലർമഞ്ചൽ കൊണ്ടുവരൂ..കൊണ്ടുപോകൂ ഞങ്ങളെയാ മാഞ്ചുവട്ടിൽ...‘

ഒത്തിരി പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മധുരിക്കുന്ന പഴയകാല മനോഹരങ്ങളായ പാടിപതിഞ്ഞ നാടക ഗാന ഈരടികളിലേക്ക് ഒരു ഹ്രസ്വ യാത്ര നടത്തുകയാണ്. വിശ്വവിഖ്യാത ഡ്രാമാസ്റ്റിട്ടും കവിയുമായ വില്യം ഷേക്സ്പിയർ മാത്രമല്ല പറഞ്ഞത് ‘ ദി വേൾഡ് ഈസ് എ സ്റ്റേജ് ആൻഡ് വിആർ ഓൾ ആക്ടേഴ്സ് ഓർ ആക്ടറെസ്സെസ്‘ എന്നു. മലയാളി ഉൾപ്പെടെ മറ്റനേകം സാംസ്കാരിക സാഹിത്യപ്രവർത്തകരും പറഞ്ഞിട്ടുണ്ട് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലോക ജീവിതം ഒരു നാടകമാണ്. അതിൽ എല്ലാം ആടിപ്പാടി അഭിനയിക്കുന്ന അഭിനേതാക്കളാണ് നമ്മളെല്ലാം. ഒന്ന് ഓർത്തു നോക്കിയാൽ അതെല്ലാം എത്രയോ ശരിയാണ്.

ഒത്തിരി പഴമയിലേക്ക് നമ്മൾ പോകുന്നില്ല. 1947 ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം അരങ്ങിലെത്തിയ ചില പഴയകാല നാടകങ്ങളെയും, നമ്മുടെ ചുണ്ടുകളിൽ നാവുകളിൽ ഇപ്പോഴും തത്തിക്കളിക്കുന്ന അവയുടെ ഗാനങ്ങളിലെ ഒന്ന് രണ്ട് ഇരടികളിലേക്ക്, അല്ലെങ്കിൽ അതിൻറെ വരികളിലൂടെ മാത്രം നമ്മൾക്കെല്ലാവർക്കും യാത്ര ചെയ്യാം.

നമ്മുടെയൊക്കെ ജീവിതം ഒരു നാടകം പോലെയാണെന്ന് സൂചിപ്പിച്ചല്ലോ. ഓരോരുത്തരും അവരവർക്ക് ലഭ്യമായ കഥാപാത്രങ്ങളെ റോളുകളെ അഭിനയിക്കുന്നു. കടന്നുപോകുന്നു. ഒരു ബൈബിൾ കഥയിലേക്ക് പോകാം. സാന്ദർഭികമായി ഈ ബൈബിൾ കഥ ഞാനൊന്നു തെരഞ്ഞെടുത്തു എന്നുമാത്രം. ആദിയിൽ ദൈവം ഒരുപിടി മണ്ണെടുത്ത് ഒരു മനുഷ്യനെ സൃഷ്ടിച്ചു. ആ മനുഷ്യനെ. ആദം എന്ന പേരിട്ടു. അതിനുശേഷം ആദത്തിന്റെ വാരിയെടുത്ത് ഹവ്വ എന്ന സ്ത്രീയെ സൃഷ്ടിച്ചു. ഇവിടെ നാടകം ആരംഭിക്കുകയാണ്. ഖിർ....ഖിർ....ഖിർ.... നാടകം തുടങ്ങാനുള്ള ഒന്നാം ബെല്ലടിച്ചു രണ്ടാം ബെല്ലടിച്ചു മൂന്നാം ബെല്ലടിച്ചു. നാടക കർട്ടൻ ഉയരുകയായി. നാടകത്തിൻറെ സൃഷ്ടി സംവിധാനം ഒക്കെ ദൈവം തന്നെ. രണ്ടുപേർക്കും അഭിനയിക്കാനുള്ള റോളുകൾ ഡയറക്ടർ അല്ലെങ്കിൽ സംവിധായകൻ ദൈവം പറഞ്ഞുകൊടുത്തു. മനോഹരമായ സെറ്റിംഗ്സ്, പൂന്തോട്ടം, ഫല വൃക്ഷങ്ങൾ, കൂലംകുത്തി ഒഴുകുന്ന അരുവികൾ, കാനനച്ഛായകൾ. ‘എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം‘ (ചങ്ങമ്പുഴ). ‘ പ്രിയ ആദം, പ്രിയ ഹവ്വ, നിങ്ങൾ ഇരുവരും പ്രണയ കുരുവികൾ ആണ്. നിങ്ങൾക്ക് ആടി പാടി മരം ചുറ്റി പ്രേമിക്കാം.. ദൈവം പറഞ്ഞു. നിങ്ങൾക്ക് എല്ലാം ആസ്വദിക്കാം, ഫലവൃക്ഷങ്ങളിൽ നിന്ന് എല്ലാ പഴങ്ങളും പറിച്ചു ഭക്ഷിക്കാം. പക്ഷേ ആ കാനനച്ഛായയിലുള്ള ആ ഒരു ഫലവൃക്ഷത്തിൽ നിന്നുള്ള ഒരു ഫലവും പറിച്ചുകൂടാ ഭക്ഷിച്ചു കൂടാ. പക്ഷേ മറ്റൊരു വില്ലൻ കഥാപാത്രം പിശാശ് പാമ്പിന്റെ രൂപത്തിൽ വന്ന് ഹവ്വായെ ഫലം ഭക്ഷിക്കുവാൻ പ്രേരിപ്പിക്കുകയാണ്. ആദം എല്ലാദിവസവും ആട് മേക്കാനായി ആ വിലക്കപ്പെട്ട പല വൃക്ഷത്തിന്റെ മുമ്പിൽ പോകും. ദൈവത്തിൻറെ, നാടക ഡയറക്ടറുടെ ആജ്ഞ പോലെ ആദം ആ മരത്തിൻറെ ഫലം, പഴം ഒരിക്കലും പറിച്ച് തിന്നില്ല. എന്നാൽ പിശാച് എന്ന കഥാപാത്രത്തിന്റെ പ്രേരണ ഹവാക്കു ആ ഫലം തിന്നാനുള്ള ദുരാഗ്രഹം ഉണ്ടാക്കി. ഹവ്വാക്കും, കാനനച്ഛായയിൽ നിൽക്കുന്ന ആ പല വൃക്ഷത്തിന്റെ അടുത്തേക്ക് പോകണം. ഹവ്വാ ആദത്തിനെ ചാക്കിടുകയാണ്. വശീകരിക്കുകയാണ്.

കാനനഛായയിലാടുമേയ്ക്കാൻ
ഞാനും വരട്ടെയോ നിന്റെകൂടെ
പാടില്ലാ പാടില്ലാ നമ്മേ നമ്മൾ
പാടേമറന്നൊന്നും ചെയ്തുകൂടാ

അവസാനം കഥാനായകൻ, ഹീറോ, ആദം ഹവ്വായുടെ പുഞ്ചിരി കൊഞ്ചലിലും, കണ്മയക്കത്തിലും വീണു. പിന്നെ സംഭവിച്ചത് ഞാൻ പറയാതെ നിങ്ങൾക്കെല്ലാം അറിയാമല്ലോ. വിലക്കപ്പെട്ട കനി ഭക്ഷിച്ച ആ നായക നടനും നടിക്കും പെട്ടെന്ന് നാണം വന്നു. ‘ നാണമാകുന്നു... മേനി നോവുന്നു... ലജ്ജാവതിയേ... നിൻറെ കള്ളക്കടക്കണ്ണിൽ... താഴമ്പൂവോ താമരത്താരോ തേനോ... അവർ ഇരുവരും വസ്ത്രങ്ങൾ ധരിച്ചിട്ടില്ല. പരിപൂർണ്ണ നഗ്നരാണ് എന്ന് തന്നെ ബോധ്യമായി. അവിടം മുതലാണ്, അഡൽട്ടോൺളി, അല്ലെങ്കിൽ പ്രായപൂർത്തി വന്നവർക്ക് മാത്രമുള്ള നാടകം അല്ലെങ്കിൽ സിനിമ എന്ന അന്നത്തെ സെൻസർ ബോർഡിൻറെ വകതിരിവ് ഉണ്ടായത് എന്ന ഒരു കെട്ടുകഥയും ഞാനിവിടെ അവതരിപ്പിക്കുന്നു.

സംഗീതസംവിധായകൻ കെ രാഘവൻ, എഴുതിയത് ചങ്ങമ്പുഴ കൃഷ്ണപിള്ള, പാടിയത് കെ പി ഉദയഭാനു, പി ലീല

നാടകവും സിനിമയും: രമണൻ

മുഖ്യമായത് അഭിനയമാണെങ്കിലും നാടകത്തിൽ പല കലകളും അനുപമമായി സമ്മേളിച്ചിരിക്കുന്നു. സാഹിത്യം സംഗീതം, നൃത്തം, ചിത്രകല എന്നിവയെല്ലാം ഇണങ്ങി ചേർന്നിരിക്കുന്നു. നാടകത്തിന് ജനസഞ്ചയത്തിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത പല നാടകകൃത്തുക്കളും തങ്ങളുടെ വിശ്വാസപ്രമാണങ്ങൾ പ്രചരിപ്പിക്കാനായി പ്രയോജനപ്പെടുത്തി. മതവിശ്വാസം ഉറപ്പിക്കുവാനും, സദാചാരബോധം വളർത്തുവാനും നാടകകലയുടെ ആരംഭം തൊട്ടേ മനുഷ്യൻ പരിശ്രമിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻറെ വളർച്ചയ്ക്ക് കെ.പി.എ.സി നാടകങ്ങൾ നൽകിയ സംഭാവന ചെറുതൊന്നുമല്ല.




# Geobel

**Dubai**
Bank of Sharjah Building
II Floor, Office 212
P.O. Box: 36805, **Dubai, UAE**
Tel: +971 4 283 2830

**Ajman**
Warehose No: 6
Near Lucky Roundabout
**Ajman, UAE**
Tel: +971 56 615 0164

**Kampala**
Plot 85,Portbell, Luzira
P.O. Box: 36399,
**Kampala, Uganda**
Tel: +256 7232 56564

**New York**
95 Broadway, Suite#2
Town Center Building
**Hicksville, Newyork, 11807 USA**
Tel: +1 (360) 973-7360, 516 882 7246

www.geobelexhibitions.com
Email: geobel@eim.ae



# ജോർജ് കുട്ടിയുടെ മകൾ സൈബർ സെക്യൂരിറ്റി കോഴ്സ് തെരഞ്ഞെടുക്കാനുള്ള കാരണം

**ജോ**ർജുകുട്ടിയുടെ മകൾ സൈബർ സെക്യൂരിറ്റി കോഴ്സ് പഠിക്കാൻ പോകുന്നുണ്ടെങ്കിൽ അതിനെന്തെങ്കിലും ഒരു കാര്യമുണ്ടാകും.

ദൃശ്യം 3 ൽ മോഹൻലാലിന്റെ കഥാപാത്രമായ ജോർജുകുട്ടിയുടെ ഇളയ മകൾ സൈബർ സെക്യൂരിറ്റി കോഴ്സ് പഠിക്കണം എന്ന് പറയുന്നുണ്ട്.

ജോർജുകുട്ടിയുടെ മകൾ മാത്രമല്ല കേരളത്തിലെയും ഇന്ത്യയിലെയും നിരവധി പേർ ഇപ്പോൾ സൈബർ സെക്യൂരിറ്റി കോഴ്സ് പഠിക്കാൻ ഒരുങ്ങുന്നത്. ഇന്ന് ഡിജിറ്റൽ ലോകത്ത് ഏറ്റവും കൂടുതൽ ഡിമാൻഡുള്ള ഒരു മേഖലയാണ് സൈബർ സെക്യൂരിറ്റി. ലോകം മുഴുവൻ ഡിജിറ്റൽ വൽക്കരിക്കപ്പെടുമ്പോൾ, അതിനൊപ്പം തന്നെ സൈബർ ആക്രമണങ്ങളും വർദ്ധിച്ചുവരുന്നു. ഇതാണ് ഈ മേഖലയിൽ ഇത്രയധികം തൊഴിലവസരങ്ങൾ ഉണ്ടാകാൻ പ്രധാന കാരണം.

- ചെറിയ സ്റ്റാർട്ടപ്പുകൾ മുതൽ വൻകിട കമ്പനികളും സർക്കാർ സ്ഥാപനങ്ങളും വരെ ഇന്ന് ഹാക്കിംഗ്, റാൻസംവെയർ , ഡാറ്റാ ചോർച്ച എന്നിവ നേരിടുന്നുണ്ട്. ഈ വിവരങ്ങൾ സംരക്ഷിക്കാൻ വിദഗ്ദ്ധരായ ആളുകളെ കമ്പനികൾക്ക് ആവശ്യമുണ്ട്. വണ്ടിമാന്റാണ് സൈബർ സെക്യൂരിറ്റിക്കാർക്ക് ഇപ്പോൾ ഇന്ത്യയിലും വിദേശത്തും ഉള്ളത്.

മറ്റ് ഐടി ജോലികളെ അപേക്ഷിച്ച് സൈബർ സെക്യൂരിറ്റി പ്രൊഫഷണലുകൾക്ക് മികച്ച ശമ്പളമാണ് ലഭിക്കുന്നത്. പരിചയസമ്പന്നരായ ആളുകൾക്ക് ആഗോളതലത്തിൽ വലിയ ഡിമാൻഡുണ്ട്.

- കോവിഡിന് ശേഷം പല കമ്പനികളും റിമോട്ട് വർക്കിംഗ് അഥവാ വർക്ക് ഫ്രം ഹോം രീതിയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ജീവനക്കാർ പല സ്ഥലങ്ങളിലിരുന്ന് കമ്പനി നെറ്റ്‌വർക്കുകൾ ഉപയോഗിക്കുമ്പോൾ സുരക്ഷ ഉറപ്പാക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. ഇത് സൈബർ സെക്യൂരിറ്റി പ്രൊഫഷനലുകൾക്ക് ധാരാളം തൊഴിൽ സാധ്യതകൾ തുറന്നിടുന്നു.

സൈബർ സെക്യൂരിറ്റി സ്പെഷ്യലൈസേഷനോടെ ബിടെക്, ബിഎസ് സി കമ്പ്യൂട്ടർ സയൻസ്, ബിസിഎ എന്നീ കോഴ്സുകൾ ഇപ്പോൾ സർവ്വസാധാരണമാണ്.

സർട്ടിഫൈഡ് എത്തിക്കൽ ഹാക്കർ പോലുള്ള സർട്ടിഫിക്കേഷൻ കോഴ്സുകളും ഉണ്ട്. ആഗോളതലത്തിൽ തന്നെ അംഗീകാരമുള്ള പല കോഴ്സുകളും ഈ കൂട്ടത്തിൽ ഉണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന ഡിജിറ്റൽ ഫോറൻസിക് മേഖലയിലും തൊഴിലവസരങ്ങൾ ധാരാളമുണ്ട്. ആ ഈ കോഴ്സ് പഠിപ്പിക്കുന്നവരും മുൻകാലങ്ങളേക്കാൾ ആയിട്ടുണ്ട്. ഈ മേഖലയിൽ പല കോഴ്സുകളും ഓൺലൈനായി ഇപ്പോൾ പഠിപ്പിക്കുന്നുണ്ട്.

വെറും തിയറി മാത്രം പഠിച്ചതുകൊണ്ട് സൈബർ സെക്യൂരിറ്റിയിൽ ജോലി കിട്ടാൻ പ്രയാസമാണ്. കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ, ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം , കോഡിംഗ് എന്നിവയുടെ അടിസ്ഥാന അറിവ് ഉണ്ടായിരിക്കുന്നത് കരിയറിൽ വലിയ മുൻതൂക്കം നൽകും.

ആൺകുട്ടികൾക്ക് ഒപ്പം തന്നെ പെൺകുട്ടികളും ഇപ്പോൾ ഈ കോഴ്സുകൾ പഠിക്കുന്നതിനും ഈ മേഖലയിൽ ജോലി ചെയ്യുന്നതിനും തയ്യാറായി വരുന്നുണ്ട്.

പെൺകുട്ടികൾക്ക് കരിയർ കെട്ടിപ്പടുക്കാൻ ഏറ്റവും മികച്ചതും സുരക്ഷിതവുമായ ഒരു മേഖലയാണ് സൈബർ സെക്യൂരിറ്റി. ഐടി രംഗത്ത് ലിംഗഭേദമന്യേ എല്ലാവർക്കും തുല്യ അവസരങ്ങളാണ് ഇന്നുള്ളത്. പ്രത്യേകിച്ചും സൈബർ സെക്യൂരിറ്റി മേഖലയിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആഗോളതലത്തിൽ തന്നെ വലിയ ശ്രമങ്ങൾ നടക്കുന്നുണ്ട്.

- ടെക്നോളജി രംഗത്ത് ഏറ്റവും ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലികളിൽ ഒന്നാണിത്. കഴിവ തെളിയിക്കുന്നവർക്ക് വളരെ വേഗത്തിൽ ഉയർന്ന തസ്തികകളിലേക്ക് പറന്നുയരാൻ കഴിയും.

- പല സൈബർ സെക്യൂരിറ്റി റോളുകളും പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായതുകൊണ്ട് തന്നെ, വലിയൊരു ശതമാനം കമ്പനികളും വർക്ക് ഫ്രം ഹോം അഥവാ റിമോട്ട് വർക്ക് അല്ലെങ്കിൽ ഹൈബ്രിഡ് ജോലി രീതികൾ അനുവദിക്കുന്നുണ്ട്. ഇത് വ്യക്തിജീവിതവും കരിയറും ഒന്നിച്ച് കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് വലിയൊരു അനുഗ്രഹമാണ്.

വനിതകൾക്കായുള്ള പ്രത്യേക സ്കോളർഷിപ്പുകളും കമ്മ്യൂണിറ്റികളും

?ഈ മേഖലയിൽ സ്ത്രീകളുടെ എണ്ണം കൂടുന്നതിന് സഹായിച്ച ആനുകൂല്യങ്ങൾ ആയി.

ആഗോള വനിതാ സംഘടനകൾ

പെൺകുട്ടികൾക്ക് മികച്ച മെന്റർഷിപ്പും തൊഴിലവസരങ്ങളും സ്കോളർഷിപ്പുകളും നൽകുന്നുണ്ട്.

- പല പ്രമുഖ കമ്പനികളും അവരുടെ സൈബർ സെക്യൂരിറ്റി ടീമുകളിലേക്ക് സ്ത്രീകളെ പ്രത്യേകമായി മുൻഗണന നൽകി നിയമിക്കാറുണ്ട്

സാങ്കേതികവിദ്യയോടും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോടും താല്പര്യമുള്ള ഏതൊരു പെൺകുട്ടിക്കും ധൈര്യമായി തിരഞ്ഞെടുക്കാവുന്ന ഒരു മേഖലയാണിത്. ശാരീരിക അധ്വാനത്തേക്കാൾ ബുദ്ധിക്കും ലോജിക്കൽ ചിന്തകൾക്കും പ്രാധാന്യമുള്ളതുകൊണ്ട് തന്നെ പെൺകുട്ടികൾക്ക് ഇതിൽ തിളങ്ങാൻ വളരെ എളുപ്പമാണ്.

അപ്പോൾ ജോർജുകുട്ടിയുടെ മകൾ സൈബർ സെക്യൂരിറ്റി കോഴ്സ് തിരഞ്ഞെടുക്കാൻ കാരണം ഇതൊക്കെയാണ്.

ബുദ്ധിവൈഭവം ധാരാളം ഉള്ള അച്ഛന്റെ മകൾ ഉറപ്പായും മികച്ച ഒരു സൈബർ ക്രൈം വിദഗ്ധയാകുമെന്നതിൽ തർക്കമില്ല.





# നമ്മുടെ ആനവണ്ടി സൂപ്പറല്ലേ




**കേരളത്തിലെ സാധാരണക്കാരായ വിട്ടമ്മമാർ പോലും തെരഞ്ഞെടുപ്പ് കാലത്ത് സംസാരിച്ചതും പറഞ്ഞതും ചർച്ച ചെയ്തതും യുഡിഎഫ് വന്നാൽ ആനവണ്ടിയിൽ ഫ്രീയായി യാത്ര ചെയ്യാം എന്നതാണ്.**

ആനച്ചന്തം ആനയ്ക്ക് മാത്രമല്ല കേരളത്തിന്റെ ആനവണ്ടിക്കും ഉണ്ട്.

സൂപ്പറല്ലേ നമ്മുടെ ആനവണ്ടി എന്ന് നമ്മൾ ഏറെ സ്നേഹത്തോടെ വിളിക്കുന്ന കെഎസ്ആർടിസി.

കേരളത്തിൽ വലിയൊരു വിപ്ലവത്തിന് കെഎസ്ആർടിസി ഡബിൾ ബെൽ അടിക്കാനിരിക്കുകയാണ്. യുഡിഎഫ് പ്രകടനപത്രിയിലെ ഏറ്റവും ആകർഷകമായ വാഗ്ദാനം കേരളത്തിലെ സ്ത്രീകൾക്ക് കെഎസ്ആർടിസിയിൽ സൗജന്യ യാത്ര എന്നതായിരുന്നു.

കേരളത്തിലെ ഈ സാധാരണക്കാരായ വിട്ടമ്മമാർ പോലും തെരഞ്ഞെടുപ്പ് കാലത്ത് സംസാരിച്ചതും പറഞ്ഞതും ചർച്ച ചെയ്തതും യുഡിഎഫ് വന്നാൽ ആനവണ്ടിയിൽ ഫ്രീയായി യാത്ര ചെയ്യാം എന്നതാണ്.

അധികാരത്തിലേറിയ യുഡിഎഫ് സർക്കാർ അധികം വൈകാതെ തന്നെ ഇത് നടപ്പാക്കുമെന്ന് ഗതാഗത മന്ത്രി സി. പി. ജോൺ വ്യക്തമാക്കിയിട്ടുണ്ട്. ജൂൺ പകുതിയോടെ ഇത് പ്രാബല്യത്തിൽ വരും. എങ്ങനെയായിരിക്കും, എല്ലാ ബസ്സുകളിലും സൗജന്യം ഉണ്ടാകുമോ, തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരാൻ ഉണ്ടെങ്കിലും യുഡിഎഫ് നടപ്പിൽ വരുത്താൻ പോകുന്ന ഈ പുതിയ കാര്യം ആനവണ്ടിയുടെ ചരിത്രത്തിൽ സ്വർണ്ണ ലിപികളാൽ എഴുതപ്പെടും എന്നതിൽ സംശയമില്ല.

ചരിത്രം കുറിക്കാൻ ഒരുങ്ങുന്ന ആനുവണ്ടിക്ക് സമ്പന്നമായൊരു ചരിത്രമുണ്ട്

1938-ൽ തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് എന്ന നിലയിലാണ് ഇത് ആരംഭിച്ചത്. തിരുവനന്തപുരം മുതൽ കന്യാകുമാരി വരെയായിരുന്നു ആദ്യ സർവീസ്.

ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവാണ് ആദ്യ ബസ് സർവീസ് ഉദ്ഘാടനം ചെയ്തത്. ലണ്ടനിൽ നിന്ന് ഇറക്കുമതി ചെയ്ത 60 കോമെറ്റ് ബസുകളായിരുന്നു ആദ്യമായി നിരത്തിലിറങ്ങിയത്.

1965-ൽ ഇത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ട് പ്രകാരം ഇന്നത്തെ രീതിയിലുള്ള കോർപ്പറേഷനായി മാറി.




എന്തുകൊണ്ടാണ് കെഎസ്ആർടിസിയെ ആനവണ്ടി എന്ന് വിളിക്കുന്നത് എന്നറിയാമോ.

കെ എസ്.ആർ.ടി.സി ബസുകളുടെ ഔദ്യോഗിക ലോഗോയിൽ പരസ്പരം അഭിമുഖമായി നിൽക്കുന്ന രണ്ട് ആനകളും അവയ്ക്ക് നടുവിൽ 'ഗടഞഠഇ' എന്ന് രേഖപ്പെടുത്തിയതുമായ ചിഹ്നമുണ്ട്. കേരളത്തിന്റെ ഔദ്യോഗിക മുദ്രയോട് സാമ്യമുള്ള ഈ ലോഗോ കാരണമാണ് മലയാളികൾ ഇതിനെ സ്നേഹത്തോടെ 'ആനവണ്ടി' എന്ന് വിളിക്കാൻ തുടങ്ങിയത്.

ഇന്ന് സാധാരണക്കാർക്കായുള്ള ഓർഡിനറി ബസുകൾ മുതൽ അത്യാധുനിക സൗകര്യങ്ങളുള്ള പ്രീമിയം ബസുകൾ വരെ കെ.എസ്.ആർ.ടി.സിക്കുണ്ട്.

ഇപ്പോൾ കെ.എസ്.ആർ.ടി.സിയിൽ വളരെ ജനപ്രിയമായ ഒന്നാണ് ബഡ്ജറ്റ് ടൂറിസം സർവീസുകൾ. കുറഞ്ഞ ചെലവിൽ കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, ഗവി, വയനാട്, നെല്ലിയാമ്പതി, വാഗമൺ തുടങ്ങിയ സ്ഥലങ്ങളിലേക്ക് വിവിധ ഡിപ്പോകളിൽ നിന്ന് പ്രത്യേക ടൂർ പാക്കേജുകൾ ആനവണ്ടി നടത്തുന്നുണ്ട്.

ആനവണ്ടിയിലെ യാത്ര വെറുമൊരു യാത്രയല്ല, അതൊരു പ്രത്യേക 'ഫീൽ' തന്നെയാണ്! ജനൽ കമ്പിയിലൂടെ അടിക്കുന്ന കാറ്റും, വളവുകളിൽ ഡ്രൈവർ ചേട്ടൻ വളയം തിരിക്കുന്ന സ്റ്റൈലും, കൺചെവി തുളയ്ക്കുന്ന ഹോൺ ശബ്ദവുമെല്ലാം മലയാളിക്ക് ഒരു പ്രത്യേക വികാരമാണ്.

വിദേശത്തുനിന്ന് അവധിക്ക് നാട്ടിലെത്തുന്നവർ ഇതുവരെയും കെഎസ്ആർടിസിയിൽ കയറിയിട്ടില്ലാത്ത നിങ്ങളുടെ മക്കളെയും കൊണ്ട് ഒരിക്കലെങ്കിലും ആനവണ്ടിയിൽ ഒരു യാത്രയ്ക്ക് പോണം...

അത് അവർക്ക് ഒരു പുതിയ അനുഭവമായിരിക്കും.

# പശ്ചിമേഷ്യ ശാന്തമാകാൻ സമയമെടുക്കും

# മലയാളിയുടെ നെഞ്ചിടിപ്പേറുന്നു

**യുദ്ധഭീതി ഒഴിഞ്ഞെന്ന് തോന്നുമെങ്കിലും പശ്ചിമേഷ്യ ശാന്തമാകാൻ ഇനിയും സമയമെടുക്കും എന്നാണ് കാര്യങ്ങളുടെ പോക്ക് കാണുമ്പോൾ തോന്നുന്നത്. സമാധാനക്കരാറൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും യുദ്ധം ഇനിയും ഉണ്ടാകുമോ എന്ന ആശങ്ക അതിനെല്ലാം മുകളിലാണ്.**

യുദ്ധഭീതി ഒഴിഞ്ഞെന്ന് തോന്നുമെങ്കിലും പശ്ചിമേഷ്യ ശാന്തമാകാൻ ഇനിയും സമയമെടുക്കും എന്നാണ് കാര്യങ്ങളുടെ പോക്ക് കാണുമ്പോൾ തോന്നുന്നത്. സമാധാനക്കരാറൊക്കെ നിലനിൽക്കുന്നുണ്ടെങ്കിലും യുദ്ധം ഇനിയും ഉണ്ടാകുമോ എന്ന ആശങ്ക അതിനെല്ലാം മുകളിലാണ്.

ഹോർമുസ് കടലിടുക്ക് അമേരിക്കൻ പ്രദേശമാക്കി ഉടൻ പ്രഖ്യാപിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയതോടെ ഇറാൻ എതിർപ്പുമായി രംഗത്തെത്തിയിട്ടുണ്ട്.

അമേരിക്കയുടെ ഭീഷണികൾക്ക് മുന്നിൽ മുട്ടുമടക്കില്ലെന്നും, നിലവിൽ അവരുമായി യാതൊരുവിധ ചർച്ചകൾക്കും തീരുമാനമില്ലെന്നും ഇറാൻ നിലപാട് എടുത്തിട്ടുണ്ട് . ഇതോടെ അമേരിക്ക-ഇറാൻ സംഘർഷം വീണ്ടും രൂക്ഷമാകുമെന്ന സൂചനയാണ് പശ്ചിമേഷ്യയിൽനിന്ന് ലഭിക്കുന്നത്.









ഇറാൻ കനത്ത പരാജയമാണ് നേരിടുന്നതെന്നും അവരുടെ നിലവിലെ നടപടികൾ തുടരാൻ അനുവദിക്കില്ലെന്നും ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്.

ഇറാൻ ആണവായുധം സ്വന്തമാക്കുന്നത് അമേരിക്ക ഒരിക്കലും അംഗീകരിക്കില്ലെന്നും, ഇന്ധന വിലയിലുണ്ടാകുന്ന വർധനവ് നേരിടാൻ രാജ്യം സജ്ജമാണെന്നും വ്യക്തമാക്കിയ അദ്ദേഹം, ഇറാനെതിരായ നാവിക ഉപരോധം ഒരു ഉരുക്കുമതിൽ പോലെ ശക്തമായി തുടരുമെന്നും പറഞ്ഞിട്ടുണ്ട്. ഇതിന് പിന്നാലെ, ഇറാനെതിരെ സാമ്പത്തിക ഒറ്റപ്പെടുത്തലിന്റെ ചരിത്രത്തിൽ ഇതുവരെ കാണാത്ത തരത്തിലുള്ള കടുത്ത നടപടികൾ അടുത്ത ആഴ്ച പ്രഖ്യാപിക്കുമെന്ന് യു.എസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബിസെന്റും അറിയിച്ചു.

പ്രതിസന്ധി പരിഹരിക്കാനുള്ള നയതന്ത്ര ശ്രമങ്ങൾ ദുർബലമായ സാഹചര്യത്തിലാണ് ട്രംപ് ഭരണകൂടം ഈ തീരുമാനത്തിലേക്ക് നീങ്ങുന്നത്. സാമ്പത്തിക സമ്മർദ്ദവും നാവിക ഉപരോധവും ഒരേ സമയം നടപ്പിലാക്കുന്നതിലൂടെ ഇറാൻ തുറമുഖങ്ങളിലേക്കും പുറത്തേക്കുള്ള ചരക്കുകളെ പൂർണ്ണമായി തടയുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വിശദീകരിച്ചു.

?അതേസമയം, പാകിസ്ഥാന്റെ മധ്യസ്ഥതയിൽ അമേരിക്കയുമായി ഒപ്പുവെച്ച വെടിനിർത്തൽ കരാർ തകർച്ചയുടെ വക്കിലാണെങ്കിലും ചർച്ചകൾ പുനരാരംഭിക്കാൻ ഇതുവരെ തീരുമാനിച്ചിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. ഖത്തറും പാകിസ്ഥാനും മുഖേന സന്ദേശങ്ങൾ കൈമാറുന്നുണ്ടെങ്കിലും ഇത് അമേരിക്കയുമായി ഉള്ള ഔദ്യോഗിക ചർച്ചകളുടെ തലത്തിലേക്ക് എത്തിയിട്ടില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഘ്ജി പ്രതികരിച്ചു.

അമേരിക്ക യുദ്ധ നഷ്ടപരിഹാരം നൽകണമെന്നും മേഖലയിൽ നിന്ന് സൈന്യത്തെ പൂർണ്ണമായി പിൻവലിക്കണമെന്നുമുള്ള തങ്ങളുടെ നിബന്ധനകളിൽ ഇറാൻ ഉറച്ചുനിൽക്കുകയാണ്.

?ഹോർമുസ് കടലിടുക്കുമായി ബന്ധപ്പെട്ട ട്രംപിന്റെ പ്രഖ്യാപനത്തിന് പിന്നാലെ അമേരിക്കയ്ക്ക് ശക്തമായ മറുപടിയുമായി ഇറാൻ ഡെപ്യൂട്ടി വിദേശകാര്യ മന്ത്രി കാസിം ഗരീബ്ബാദിയും രംഗത്തെത്തി. അമേരിക്കയുടെ ഭീഷണികൾക്കോ ബലപ്രയോഗങ്ങൾക്കോ ഇറാൻ വഴങ്ങില്ലെന്ന് വ്യക്തമാക്കിയ അദ്ദേഹം, ഇറാന്റെ പൂർണ്ണ അധികാരത്തിന് കീഴിലുള്ള ഈ തന്ത്രപ്രധാനമായ ജലപാത തുറക്കുകയോ അടക്കുകയോ ചെയ്തിട്ടില്ലെന്നും 'എക്സ്'ൽ കുറിച്ചു. നിലവിൽ വെടിനിർത്തൽ നീട്ടാനും സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകളും പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്.

പശ്ചിമേഷ്യയിലെ അസ്ഥിരതയും അമേരിക്ക-ഇറാൻ സംഘർഷവും ഇന്ത്യയെയും, വിശേഷിച്ച് കേരളത്തെയും സാമൂഹികമായും സാമ്പത്തികമായും വളരെ ആഴത്തിൽ ബാധിക്കും. ഈ യുദ്ധം ഉണ്ടാക്കുന്ന പ്രധാന പ്രത്യാഘാതങ്ങൾ മലയാളിയുടെ അടുക്കള വരെ എത്തും.

ഗൾഫ് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് മലയാളികളാണ് ജോലി ചെയ്യുന്നത്. യുദ്ധം പടർന്നുപിടിക്കുന്നത് ഈ മേഖലയിലുള്ളവരുടെ ജീവനും സുരക്ഷയ്ക്കും വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

സംഘർഷം നീണ്ടുനിൽക്കുകയാണെങ്കിൽ ഗൾഫ് രാജ്യങ്ങളിലെ വലിയ പദ്ധതികൾ സ്തംഭിക്കുകയും, ഇത് കൂട്ടത്തോടെയുള്ള തൊഴിൽ നഷ്ടത്തിനും പ്രവാസികളുടെ മടങ്ങി വരവിലും കാരണമാകും. കേരളത്തിലെ തൊഴിലില്ലായ്മ കൂടുന്നതിന് ഇത് കാരണമാകും എന്നതിൽ തർക്കമില്ല.

പശ്ചിമേഷ്യയിലെ യുദ്ധം എന്ന് പറയുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം വിദൂരമായൊരു ഭൂരാഷ്ട്രീയ സംഭവമല്ല; മറിച്ച് ഓരോ മലയാളിയുടെയും കുടുംബജീവിതത്തെയും നിത്യജീവിതത്തെയും നേരിട്ട് സ്പർശിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ പശ്ചിമേഷ്യ അശാന്തമാകുമ്പോൾ, യുദ്ധത്തിന്റെ അലയൊലികൾ കേൾക്കാൻ തുടങ്ങുമ്പോൾ തന്നെ മലയാളിയുടെ നെഞ്ചിടിപ്പേറുകയാണ്.


Taste of CHENNAI
Authentic SOUTH INDIAN CUISINE
A TRADITION OF TASTE. A FEELING OF HOME.
Experience the rich and vibrant flavors of South India – Made with Love, Served with Warmth.
PERFECT FOR Lunch, Dinner, Takeout & Catering!
AUTHENTIC RECIPES
Traditional flavors from Chennai
FRESH INGREDIENTS
Made with quality and care
VEGETARIAN & NON-VEGETARIAN
Wide variety to satisfy every palate
FAMILY FRIENDLY
A welcoming place for everyone
TAKEOUT & CATERING
Let us bring the taste to your next event
ADDRESS
617 Hicksville Rd, Bethpage, NY 11714
PHONE
(516) 396-1449
MENU
tasteofchennainy.net
Thank you for supporting LOCAL & FAMILY OWNED!
DINE IN • TAKEOUT • CATERING
We can't wait to serve you!
FOLLOW US for updates & specials!
SCAN TO VIEW MENU

# ഈ അഞ്ചു ജീവിതകഥകൾ നിങ്ങളുടെ ജീവിതം മാറ്റിമറിക്കും!

**നമുക്കെല്ലാവർക്കും പ്രചോദനം നൽകുന്നതാണ് ജീവിത വിജയം നേടിയവരുടെ കഥകൾ. പ്രശസ്തർ ജീവിത യാത്രയിൽ നേരിട്ട പ്രയാസങ്ങളും ഒടുവിൽ വിജയത്തിലേക്ക് എത്തിയ വഴികളും അറിയാൻ നമുക്ക് ഏറെ ആഗ്രഹമുണ്ടാകും. നമ്മുടെ സ്വന്തം ലക്ഷ്യങ്ങൾ നേടുന്നതിലേക്ക് ഇത്തരം കഥകൾ ഒരു പ്രോത്സാഹനമായി മാറാം. പ്രശസ്തരായ അഞ്ച് പേരുടെ വിജയകഥകളിതാ.**



## ഓപ്ര വിൻഫ്രി

അമേരിക്കയിലെ ഏറ്റവും ശക്തമായ സ്ത്രീകളിൽ ഒരാളാണ് ഓപ്ര വിൻഫ്രി. ജീവിതത്തിൽ ഉടനീളം നിരവധി തടസ്സങ്ങൾ മറികടക്കേണ്ടി വന്ന വ്യക്തിയാണിവർ. തകർന്ന വീട്ടിൽ ദാരിദ്രത്തിൽ കഴിഞ്ഞ ഓപ്ര കുടുംബത്തിലെ പുരുഷ അംഗങ്ങളിൽ നിന്നും ലൈംഗീക പീഡനം സഹിച്ചു. എന്നാൽ പിതാവിനൊപ്പം മാറിയ ശേഷം കാൻസറിനെ മറികടന്ന് കോളേജ് വിദ്യാഭ്യാസത്തിൽ സ്കോളർഷിപ്പ് നേടി ആദരവ് ലഭിച്ചു.

നാഷ് വില്ലിലെ സിബിഎസിൽ ഒരു വാർത്ത അവതാരകയായി ജോലി ചെയ്തുകൊണ്ടാണ് ഓപ്രയുടെ കരിയർ ആരംഭിക്കുന്നത്. ടെലിവിഷൻ വ്യവസായത്തിലേക്ക് ഉയർന്ന് അമേരിക്കയുടെ പ്രിയപ്പെട്ട ടിവി വ്യക്തിത്വങ്ങളിൽ ഒരാളായി ഓപ്ര വളർന്നു. ഓപ്രയുടെ വിജയകരമായ കരിയറിന്റെ ആരംഭം മാത്രമായിരുന്നു അത്. ഇന്ന് മൾട്ടി മീഡിയ പ്രൊഡക്ഷൻ കമ്പനിയായ ഹാർപോ പ്രൊഡക്ഷന്റെ




സ്ഥാപകയും സിഇഒയുമായണ് ഓപ്രോ. മികച്ച എഴുത്തുകാരിയും, മനുഷ്യ സ്നേഹിയുമാണവർ.

## ജെ.കെ റൗളിങ്ങ്

ഹാരി പോട്ടർ മാന്ത്രിക കഥകളുടെ സ്രഷ്ടാവാണ് ജെ.കെ. റൗളിങ്. 1990 ൽ മാഞ്ചസ്റ്ററിൽ നിന്നും ലണ്ടൻ വരെ നടത്തിയ തീവണ്ടി യാത്രയ്ക്കിടയിലാണ് കഥ എഴുതാനുള്ള പ്രചോദനം റോളിങ്ങിനു ലഭിച്ചത്. ഹാരി പോട്ടർ പുസ്തകങ്ങൾ ഇന്ന് ലോകപ്രശസ്തമാണ്. 40 കോടി ഹാരി പോട്ടർ പുസ്തകങ്ങൾ ലോകമെമ്പാടും വിറ്റഴിഞ്ഞിട്ടുണ്ട്. മൾട്ടിപ്പിൾ സീറോസിസ് ബാധിച്ചവർക്കായും, ഒറ്റയ്ക്ക് ജീവിക്കുന്ന അമ്മമാർക്ക് വേണ്ടിയും പ്രവർത്തിക്കുന്ന സംഘടനകൾക്ക് റൗളിംഗ് വലിയ തുകകൾ സംഭാവനയായി നൽകുന്നുണ്ട് ദാരിദ്ര്യവും വിവാഹമോചനവും ഉൾപ്പടെയുള്ള അതിരൂക്ഷമായ ജീവിത സാഹചര്യങ്ങളെ അതിജീവിച്ചായിരുന്നു റൗളിങ്ങ് പുസ്തകം പുറത്തിറക്കിയത. ഗാർഹിക പീഡനത്തിനും ലൈംഗീക അതിക്രമത്തിനും ഇരയായിട്ടുണ്ട് ജെ.കെ റൗളിങ്ങ്. 1995ൽ ഹാരി പോട്ടർ ആന്റ് ദ ഫിലോസഫേഴ്സ് സ്റ്റോൺ പൂർത്തിയായി. ഒരു പഴയ ടൈപ്പ് റൈറ്ററിൽ




വളരെ കഷ്ടപ്പെട്ടാണ് പുസ്തകത്തിന്റ രണ്ടു പ്രതികൾ റൗളിങ്ങ് ടൈപ്പ് ചെയ്തു എടുത്തത്. റൗളിങ് പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി ഏജന്റുമാർക്കയച്ചു. റൗളിങ് ശ്രമിച്ച രണ്ടാമത്തെ ഏജന്റ് അവരെ പ്രതിനിധീകരിച്ച് പുസ്തകത്തിന്റെ കൈയെഴുത്ത്പ്രതി ബ്ലൂംസ്ബെറിക്ക് അയക്കാമെന്ന് സമ്മതിച്ചു. എട്ട് പ്രസാധകർ ഫിലോസഫേഴ്സ് സ്റ്റോൺ നിരസിച്ചശേഷം ബ്ലൂംസ്ബേറി മുൻകൂർ പ്രതിഫലംനൽകിക്കൊണ്ട് പുസ്തകപ്രസിദ്ധീകരണം ഏറ്റെടുത്തു. ഇതിൽ എഴുത്തുകാരിയുടെ പേര് ജൊവാൻ എന്നാണ് രേഖപ്പെടുത്തിയത്.

## സ്റ്റീഫൻ കിങ്ങ്




ഹൊറർ നേവലുകളുടെ എഴുത്തുകാരനാണ് സ്റ്റീഫൻ കിങ്ങ്. 90 ലധികം കഥകൾ എഴുതിയിട്ടുണ്ട്. ഒരു എഴുത്തുകാരി കൂടിയായ ഭാര്യ തബിത കൂടി അടങ്ങുന്നതായിരുന്നു കുടുംബം. എഴുത്തുകാർ ഒരുമിച്ചായിട്ടും ഇവരുടെ കുടുംബബന്ധം ഏറെ നാൾ നിലനിന്നില്ല. അധ്യാപക ജോലി ഉപേക്ഷിച്ച സ്റ്റീഫൻ അലക്കുശാലയിൽ ജോലി ചെയ്തു. ഗ്യാസ് സ്റ്റേഷൻ , അറ്റന്റർ, കാവൽക്കാരൻ എന്നീ നിലകളിലും ജോലി



ചെയ്തിരുന്നു. ആദ്യ നോവൽ 30 ഓളം തവണ നിരസിക്കപ്പെട്ടു. ഒടുവിൽ എക്കാലത്തെയും മികച്ച വിൽപ്പനയുള്ള നോവലായി അതു മാറുകയും ചെയ്തു.

## മൈക്കൾ ജോർദാൻ

എക്കാലത്തെയും മികച്ച ബാസ്ക്കറ്റ് ബോൾ കളിക്കാരിൽ ഒരാളാണ് മൈക്കിൾ ജോർദ്ദാൻ. എന്നാൽ ഹൈസ്ക്കൂളിലെത്തിയ ജോർദ്ദാൻ കഴിവുകൾ പ്രകടിപ്പിക്കാൻ പാടുപെട്ടു. പൊക്കം അദ്ദേഹത്തിന് ഒരു പ്രശ്നമായിരുന്നു. അതു കൊണ്ട് വാഴ്സിറ്റി ടീമിൽ നിന്ന് ഔട്ടാകാതിരിക്കാൻ അദ്ദേഹം പരിശ്രമിച്ചു. രണ്ടു വർഷത്തിന് ശേഷം അദ്ദേഹം ഓൾ അമേരിക്കൻ ഹൈസ്കൂൾ ടീമിൽ ചേർന്നു. രണ്ട് ഒളിമ്പിക് മെഡലുകൾ, ആറ് എൻബിഎ ചാമ്പ്യൻഷിപ്പുകൾ, പിന്നീട് പതിനാല് എംവിപി അവാർഡുകൾ എന്നിവ അദ്ദേഹത്തിന് ലഭിച്ചു.കായിക പ്രേമവും തൊഴിലിനോടുള്ള ആത്മാർത്ഥയും അദ്ദേഹത്തെ വിജയത്തിലേക്ക് നയിച്ചു.

## സാറാ ബേക്ലി

ചെറുപ്പം മുതൽ സാറാ ബേക്ലി തന്റെ പിതാവിന്റെ പാത പിന്തുടർന്ന് അഭിഭാഷകനാകാൻ ആഗ്രഹിച്ചു. എന്നാൽ മികച്ചശ്രമങ്ങളും അഭിലാഷവും ഉണ്ടായിരുന്നിട്ടും രണ്ടു തവണ എൽഎസ് എടി പരീക്ഷയിൽ പരാജയപ്പെട്ടു. ലോ പരീക്ഷയിൽ തോറ്റങ്കിലും സാറയ്ക്ക് ഡിസ്നി വേൾഡിൽ ജോലി ലഭിച്ചു.അവിടെ മൂന്ന് മാസം ജോലി ചെയ്ത ശേഷം അവളുടെ അമ്മയ്ക്കൊപ്പം വീട്ടിലേക്ക് മടങ്ങി.സ്റ്റാൻഡ് അപ്പ ഹാസ്യനടിയായി പ്രവർത്തിച്ചു. തന്റെ സംരംഭം ആരംഭിക്കുന്നതിന് മുൻപ് ഏഴ് വർഷങ്ങൾ ഫാക്സ് മെഷിനുകൾ നിർമ്മിച്ച് നൽകുന്നതായിരുന്നു ജോലി. ഇത് വിജയത്തിലെത്തി. 25ാം വയസ്സിൽ ദേശീയ സെയിൽസ് ട്രെയിനറായി സ്ഥാനക്കയറ്റം ലഭിച്ചു. 27ാം വയസ്സിൽ ജോർജിയയിലെ അറ്റ്ലാന്റയിലേക്ക് ബോക്ലി താമസം മാറ്റി. തന്റെ ആശയം അവതരിപ്പിക്കാൻ അമേരിക്കയിലെ വിവിധ വസ്ത്രനിർമ്മാണ ശാലകളിൽ കയറി ഇറങ്ങിയെങ്കിലും പരാജയമായിരുന്നു ഫലം. ആരും അവളുടെ ആശയത്തിന് മൂല്യം കൊടുത്തില്ല.

അവിടെ നിന്നും അവർ ദൃഢനിശ്ചയത്തോടെ വളർന്നു. ജോർജിയിലെ അറ്റലാന്റയിൽ വസ്ത്രകമ്പനിയായ സ്പാൻക്സ് സ്ഥാപിച്ചു. ടൈംമാഗസിന്റെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ വാർഷിക പട്ടികയിൽ ഇവർ ഇടം നേടി.



# ഓണം.... പ്രമേഹം... പായസം....

ഓണം ആഘോഷമാക്കി കഴിഞ്ഞാൽ പിന്നീട് ഷുഗർ രോഗികൾക്ക് അഥവാ പ്രമേഹ രോഗികൾക്ക് ഷുഗർ ലെവൽ സാധാരണ അടിച്ചു കയറാറുണ്ട്.

ഡയബറ്റിസ് അഥവാ പ്രമേഹം ഓണക്കാലത്തിനുശേഷം പലരിലും വർദ്ധിക്കുന്ന പ്രവണത കാണുന്നുണ്ട്. വേറൊന്നും കൊണ്ടല്ല ഓണക്കാലത്ത് പായസം നല്ലപോലെ കുടിക്കുന്നത് കൊണ്ടാണ്.

ഓണക്കാലമായാൽ പ്രമേഹരോഗികൾക്ക് വലിയ ബുദ്ധിമുട്ടാണ്. കൺമുന്നിൽ മധുരമുള്ള പായസം വന്ന നെറിയുമ്പോൾ എങ്ങനെ കുടിക്കാതിരിക്കും കുടിച്ചാലോ അത് അതിനേക്കാൾ അപകടം.

പ്രമേഹരോഗികൾക്ക് പായസം കുടിക്കാമോ എന്ന് പലരും ഓണക്കാലത്ത് ചോദിക്കുന്നത് കേട്ടിട്ടുണ്ട്. പ്രമേഹ രോഗികൾക്ക് പായസം

കഴിക്കാം, എന്നാൽ വളരെ മിതമായ അളവിലും കൃത്യമായ മുൻകരുതലുകളോടെയും മാത്രം. കഴിക്കണമെന്ന് മാത്രം. ഷുഗർ ലെവൽ വല്ലാതെ കൂടിയിട്ടുള്ളവർ പായസം ഒഴിവാക്കുന്നത് തന്നെയാണ് നല്ലത്. കൊതിയേറെ ഉണ്ടെങ്കിലും.

പായസത്തിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര, ശർക്കര, തേങ്ങാപ്പാൽ എന്നിവ രക്തത്തിലെ പഞ്ചസാരയുടെ അളവ് (ആഹീറ ടൗഴമൃ ഘലല്ലഹ) പെട്ടെന്ന് ഉയർത്താൻ സാധ്യതയുണ്ട്.

## ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ:

അളവ് നിയന്ത്രിക്കുക എന്നത് തന്നെയാണ് പ്രധാനം.

വലിയ അളവിൽ കഴിക്കാതെ, 2 മുതൽ 3 ടീസ്പൂൺ (ഏകദേശം ഒരു ചെറിയ കപ്പ്) അളവിൽ രുചിക്കാനായി മാത്രം പരിമിതപ്പെടുത്തുക.

പഞ്ചസാരയ്ക്ക് പകരം ആരോഗ്യകരമായ ബദലുകൾ ഉപയോഗിക്കാം.

ശർക്കരയോ പഞ്ചസാരയോ ഉപയോഗിക്കുന്നതിന് പകരം സ്റ്റീവിയ (ടലേ്ശമ) പോലുള്ള കൃത്രിമ മധുരങ്ങളോ പ്രമേഹരോഗികൾക്ക് അനുയോജ്യമായ മറ്റ് ആർട്ടിഫിഷ്യൽ സ്വീറ്റ്നറുകളോ ഉപയോഗിച്ച് പായസം തയാറാക്കാം.

പാലിന്റെ ഉപയോഗം നിയന്ത്രിക്കണം. കൊഴുപ്പ് കൂടിയ പാലിന് പകരം കൊഴുപ്പ് നീക്കം ചെയ്ത പാൽ (ടസശാാലറ ങശഹസ) അല്ലെങ്കിൽ പാട നീക്കിയ പാൽ ഉപയോഗിക്കുന്നത് നല്ലതാണ്.

തേങ്ങാപ്പാലിന് പകരം ബദൽ ഉപയോഗിക്കുക.

തേങ്ങാപ്പാൽ രക്തത്തിലെ കൊളസ്ട്രോളും പഞ്ചസാരയും വർദ്ധിപ്പിക്കാൻ ഇടയാക്കും. അതിനാൽ തേങ്ങാപ്പാലിന്റെ അളവ് കുറയ്ക്കുകയോ അല്ലെങ്കിൽ കട്ടി കുറഞ്ഞ പാൽ ഉപയോഗിക്കുകയോ ചെയ്യുക.

പായസം കഴിക്കുന്ന സമയവും പ്രമേഹരോഗികൾ ശ്രദ്ധിക്കേണ്ടതാണ്. ഭക്ഷണത്തിന് തൊട്ടുപിന്നാലെ പായസം കുടിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂട്ടാൻ ഇടയാക്കും. പ്രധാന ഭക്ഷണത്തിന്റെ അളവ് കുറച്ചതിനുശേഷം ചെറിയ അളവിൽ കഴിക്കുക.

ഗ്ലൂക്കോസ് പരിശോധന നിർബന്ധമായും ചെയ്യുക. പായസം കഴിച്ചതിന് ശേഷം രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലാണോ എന്ന് പരിശോധിക്കുന്നത് നല്ലതാണ്.

ഇനി

പ്രമേഹരോഗികൾക്ക് അനുയോജ്യമായ ചില പായസം വകഭേദങ്ങൾ

നവര അരി പായസം / ഓട്സ് പായസം: നവര അരിയോ ഓട്സോ ഉപയോഗിച്ച് കുറഞ്ഞ മധുരത്തിൽ തയാറാക്കുന്ന പായസങ്ങൾ ആരോഗ്യത്തിന് താരതമ്യേന ദോഷം കുറഞ്ഞവയാണ്.

പഴം പായസം: പഞ്ചസാര ഒഴിവാക്കി, നേന്ത്രപ്പഴത്തിന്റെ സ്വാഭാവിക മധുരം ഉപയോഗിച്ച് തയ്യാറാക്കുന്നത് പരീക്ഷിക്കാവുന്നതാണ്.

ഗോതമ്പ് പായസം: മൈദയ്ക്ക് പകരം ഗോതമ്പ് നുറുക്ക് ഉപയോഗിച്ച്, മിതമായ അളവിൽ ശർക്കരയ്ക്ക് പകരം ആരോഗ്യകരമായ മധുരങ്ങൾ ചേർത്ത് ഉണ്ടാക്കാം.

ഓണക്കാലം കഴിഞ്ഞാൽ പലരിലും രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുന്നതായി കാണാറുണ്ട്.

## ഇതിനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്:

മധുരപലഹാരങ്ങളുടെ അമിതമായ ഉപയോഗം: ഓണസദ്യയുടെ കൂടെയും അല്ലാതെയുമുള്ള പായസം, ഉണ്ണിയപ്പം, ജിലേബി തുടങ്ങിയ മധുരപലഹാരങ്ങളുടെ ഉപയോഗം ഈ ദിവസങ്ങളിൽ സാധാരണയിലും വളരെ കൂടുതലായിരിക്കും.

കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണങ്ങൾ: ഓണസദ്യയിൽ ചോറ്, പഴം, വിവിധ കറികൾ എന്നിവ വലിയ അളവിൽ കഴിക്കുന്നത് ശരീരത്തിലെ കാർബോഹൈഡ്രേറ്റ് ഉപഭോഗം വർദ്ധിപ്പിക്കുകയും ഗ്ലൂക്കോസ് പെട്ടെന്ന് ഉയരാൻ കാരണമാവുകയും ചെയ്യുന്നു.

വ്യായാമക്കുറവ്: ആഘോഷവേളകളിൽ ആളുകൾ തങ്ങളുടെ പതിവ് നടപ്പ്, ജിം വർക്ക്ഔട്ട് തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയോ അവയിൽ കുറവുകൾ വരുത്തുകയോ ചെയ്യാറുണ്ട്.

ജീവിതശൈലിയിലെ മാറ്റങ്ങൾ: ഉറക്കത്തിലെ വ്യതിയാനങ്ങൾ, വൈകിയുള്ള ഭക്ഷണക്രമം, യാത്രകൾ എന്നിവയും ഹോർമോൺ വ്യതിയാനങ്ങളിലൂടെ ഷുഗർ ലെവലിനെ ബാധിക്കാം.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

ഓണം പോലുള്ള ആഘോഷങ്ങൾ കഴിഞ്ഞാൽ ഉടൻ തന്നെ ഒരു മെഡിക്കൽ ചെക്ക്അപ്പ് നടത്തി ഷുഗർ ലെവൽ പരിശോധിക്കുന്നത് നല്ലതാണ്. കൂടാതെ, പതിവ് വ്യായാമത്തിലേക്കും ആരോഗ്യകരമായ ഭക്ഷണക്രമത്തിലേക്കും എത്രയും പെട്ടെന്ന് തിരികെ വരുന്നത് രക്തത്തിലെ പഞ്ചസാര നിയന്ത്രണത്തിലാക്കാൻ സഹായിക്കും

അപ്പോൾ നിയന്ത്രണങ്ങളോടെ ശ്രദ്ധിച്ച് കൂടുതൽ ഷുഗർ ശരീരത്തിൽ വർദ്ധിക്കാതിരിക്കത്തക്ക രീതിയിൽ അല്പം പായസം കുടിച്ച് പ്രമേഹ രോഗികൾക്കും ഓണം ഹാപ്പി സ്വീറ്റ് ആക്കാം..

# മംഗലശ്ശേരി നീലകണ്ഠന്റെ തറവാട് കാണാൻ പോയാലോ...

**പാലക്കാട് നിന്നും ഏകദേശം 35 കിലോമീറ്റർ ദൂരമുണ്ട്. ഒറ്റപ്പാലം ടൗണിൽ നിന്നും വെറും 5 കിലോമീറ്റർ സഞ്ചരിച്ചാൽ മനയിൽ എത്തിച്ചേരാം.**



**അ**പാര തലയെടുപ്പ്, അഴകുനിറയുന്ന ആനച്ചന്തം, തച്ചുശാസ്ത്രത്തിലെ മഹാരഥന്മാർ കല്ലിലും മരത്തിലും തീർത്ത മഹാകാവ്യം - അതാണ് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് സ്ഥിതി ചെയ്യുന്ന വരിക്കാശ്ശേരി മന. വരിക്കാശ്ശേരി മന കൂടുതൽ അറിയപ്പെട്ടത് മലയാളത്തിലെ സൂപ്പർ ഹിറ്റ് സിനിമകളിലൂടെയാണ്. ഇപ്പോൾ ദിവസവും വരിക്കാശ്ശേരി മന കാണാൻ എത്തുന്ന സഞ്ചാരികളുടെ എണ്ണം കൂടിക്കൂടി വരികയാണ്.

വിദേശികൾ അടക്കമുള്ളവർ ഇവിടേക്ക് എത്തുന്നു. കേരളത്തിന്റെ വാസ്തു ശില്പ കലയുടെയും തച്ചുശാസ്ത്രത്തിന്റെയും പേരും പെരുമയും മഹിമയും കണ്ടറിയാനും തൊട്ടറിയാനും വരിക്കാശ്ശേരി സഞ്ചാരികളുടെ പ്രിയപ്പെട്ട ലൊക്കേഷനാണ്. കേരളീയ തനിമയുടെയും സിനിമാറ്റിക് പ്രൗഢിയുടെയും പ്രതീകമാണ് വരിക്കാശ്ശേരി മന.

സിനിമകളുടെ സ്വന്തം തറവാട് എന്നാണ് വരിക്കാശ്ശേരി മലയാളം ഫിലിം ഇൻഡസ്ട്രിയിൽ അറിയപ്പെടുന്ന തന്നെ

മലയാള സിനിമയിൽ 'മന' എന്ന് കേൾക്കുമ്പോൾ ആദ്യം ഓർമ്മവരുന്നത് വരിക്കാശ്ശേരി മനയാണ്. മോഹൻലാൽ, മമ്മൂട്ടി തുടങ്ങി മലയാളത്തിലെ മുൻനിര നായകന്മാരുടെ ചിത്രങ്ങളിലൂടെയാണ് ഇവിടം പ്രശസ്തമായത്.

'ദേവാസുരം', 'ഫ്രോഡ്', 'സിംഹാസനം, ദ്രോണ, ഭ്രമയുഗം തുടങ്ങി 150-ലധികം മലയാള സിനിമകൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്.

നൂറ്റാണ്ടുകളുടെ പാരമ്പര്യവും പ്രകൃതിഭംഗിയും വാസ്തുവിദ്യയുടെ വിസ്മയങ്ങളും ഒത്തുകൂടുന്ന ഈ തറവാട് വള്ളുവനാടൻ പ്രൗഢി വിളിച്ചോതുന്നതാണ്.

ഏകദേശം 300 വർഷത്തിലേറെ പഴക്കമുണ്ട് വരിക്കാശ്ശേരി മനക്ക് , കേരളത്തിലെ എട്ടില്ലങ്ങളിൽ ഒന്നായ വരിക്കാശ്ശേരി കുടുംബത്തിന്റെ ഈ ആസ്ഥാനം 6 ഏക്കറോളം വരുന്ന വിശാലമായ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

നാലുകെട്ടും അകത്തളങ്ങളും: രാജകീയ ഗാംഭീര്യമുള്ള മൂന്നുനിലകളോടുകൂടിയ നാലുകെട്ട് ശൈലിയാണ് ഇതിന്റെ പ്രധാന ആകർഷണം. ചെങ്കല്ലിലും തടിയിലുമായി തീർത്ത നിർമിതിയും, 74-ലധികം മുറികളും ഇതിന്റെ പ്രത്യേകതയാണ്.

പുറംമോടിയേക്കാൾ മനോഹരമാണ് മനയുടെ അകത്തളം. പുറത്ത് എന്തുതന്നെ ചൂടുണ്ടെങ്കിലും അകത്ത് എപ്പോഴും പ്രകൃതിദത്തമായ കുളിർമ അനുഭവപ്പെടുന്നു എന്നത് ഇതിന്റെ പ്രത്യേക എഞ്ചിനീയറിംഗ് മികവാണ്.

വിശാലമായ പൂമുഖം, രണ്ട് പത്തായപ്പുരകൾ, കുളപ്പുര, കുടുംബക്ഷേത്രം, പടിപ്പുര മാളിക, മനോഹരമായ പടവുകളുള്ള കുളം എന്നിവ ഈ മനയുടെ പാരമ്പര്യം വിളിച്ചോതുന്നു.

സിനിമകളിൽ മാത്രം കണ്ട മംഗലശ്ശേരി നീലകണ്ഠന്റെയും മറ്റ് കഥാപാത്രങ്ങളുടെയും വീടും പത്തായപ്പുരയും പൂമുഖവും നേരിൽ കാണുക എന്നത് സഞ്ചാരികളെ സംബന്ധിച്ചിടത്തോളം വലിയൊരു അനുഭവമാണ്. കൂടാതെ, പ്രീ-വെഡ്ഡിംഗ് ഫോട്ടോഗ്രാഫിയുടെയും ഷൂട്ടിംഗുകളുടെയും പ്രധാന ലൊക്കേഷൻ കൂടിയാണിത്.

വരിക്കാശ്ശേരി മന, നിലവിൽ ഒരു ട്രസ്റ്റിന്റെ കീഴിലാണ് സംരക്ഷിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നത്.

അവധിക്കാലങ്ങളിൽ വൻ തിരക്കാണ് വരിക്കാശേരിയിൽ അനുഭവപ്പെടാറുള്ളത്. ദിവസവും രാവിലെ 9 30 മുതൽ വൈകിട്ട് 5 വരെയാണ് ഇവിടെ സന്ദർശകരെ പ്രവേശിപ്പിക്കുക. സിനിമകളുടെ ഷൂട്ടിംഗ് നടക്കുന്ന ദിവസങ്ങളിൽ സന്ദർശകർക്ക് നിയന്ത്രണം ഉണ്ടായിരിക്കും.

അതിനാൽ വരിക്കാശ്ശേരി കാണാൻ യാത്ര തിരിക്കുന്നതിന് മുൻപ് ഇത് ഉറപ്പുവരുത്തുന്നത് നന്ന്..

ഷൂട്ടിംഗ് ദിവസങ്ങളിൽ പലപ്പോഴും മനയുടെ അകത്തേക്ക് സന്ദർശകരെ കയറ്റാറില്ല.

കോമ്പൗണ്ടിൽ മാത്രമേ അനുവദിക്കാറുള്ളൂ. കോമ്പൗണ്ടിൽ ഷൂട്ടിംഗ് ഉണ്ടെങ്കിൽ അവിടേക്കും കയറ്റില്ല. ചെറിയൊരു പ്രവേശന ഫീസും ഇവിടെ ഈടാക്കും. 20 രൂപയാണ് ഈടാക്കാറുള്ളത്. ഷൂട്ടിങ്ങിനും ഫോട്ടോഗ്രാഫിക്കും വേറെ ഫീസ് ഉണ്ട്.

കേരളത്തിന്റെ തനതായ 'നാലുകെട്ട്' നിർമ്മാണ ശൈലി, തടിയിലുള്ള മനോഹരമായ കൊത്തുപണികൾ, ചെങ്കൽ ഭിത്തികൾ എന്നിവ അടുത്തറിയാൻ ആർക്കിടെക്ചറിലും ചരിത്രത്തിലും താൽപ്പര്യമുള്ള വിദേശികൾ ഇവിടെയെത്താറുണ്ട്. പാലക്കാട് ഭാഗത്തേക്ക് വിനോദയാത്ര വരുന്ന വിദേശ സഞ്ചാരികൾ പലപ്പോഴും ഹെറിറ്റേജ് ടൂറിസത്തിന്റെ ഭാഗമായി വരിക്കാശ്ശേരി മന സന്ദർശിക്കാറുണ്ട്.

തടികൊണ്ട് നിർമ്മിച്ച തൂണുകൾ, ജനലുകൾ, മച്ചുകൾ എന്നിവയ്ക്ക് കാലപ്പഴക്കം വന്നിട്ടുണ്ടെങ്കിലും കൃത്യമായ അറ്റകുറ്റപ്പണികളിലൂടെയാണ് ഇവ ഇന്നും സംരക്ഷിക്കപ്പെടുന്നത്. എങ്കിലും തടിയിലെ കൊത്തുപണികൾക്കും മറ്റും പഴക്കത്തിന്റെതായ ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

പഴക്കം ചെന്ന നിർമിതിയായതിനാൽത്തന്നെ ഇതിന്റെ ഭദ്രത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സന്ദർശകർക്ക് ഏറ്റവും മുകളിലത്തെ നിലകളിലേക്ക് പ്രവേശനം അനുവദിക്കാറില്ല. പ്രധാനമായും താഴത്തെ നിലകളും ഒന്നാം നിലയും നാലുകെട്ടും മാത്രമാണ് സന്ദർശകർക്കായി തുറന്നുകൊടുക്കുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങളും മഴയും വെയിലും ഏറ്റ് തടിയും ചെങ്കല്ലും അടങ്ങിയ ചുമരുകൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള തേയ്മാനങ്ങൾ ഒഴിവാക്കാൻ പ്രത്യേക ട്രസ്റ്റിന്റെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പരിപാലന പ്രവർത്തനങ്ങൾ നടത്താറുണ്ട്.

ജാതി, മത ഭേദമന്യേ എല്ലാ വിനോദസഞ്ചാരികൾക്കും വരിക്കാശ്ശേരി മന സന്ദർശിക്കാൻ പൂർണ്ണമായ പ്രവേശനം അനുവദിക്കാറുണ്ട്.. പണ്ടത്തെ ഒരു നമ്പൂതിരി ഇല്ലമായിരുന്നെങ്കിലും, ഇന്ന് ഇതൊരു പൊതു ടൂറിസം കേന്ദ്രവും ചരിത്രസ്മാരകവുമാണ്. അതിനാൽ പ്രവേശന ടിക്കറ്റ് എടുത്താൽ ഏത് മതത്തിൽപ്പെട്ടവർക്കും ഇവിടെയെത്തി കേരളത്തിന്റെ പരമ്പരാഗത വാസ്തുവിദ്യയും സിനിമകളുടെ ലൊക്കേഷനുകളും നേരിൽ കാണാം..

രാത്രിയായാൽ വരിക്കാശ്ശേരി മനയുടെ അന്തരീക്ഷവും ഫീലും പകൽ സമയത്തുനിന്നും തികച്ചും വ്യത്യസ്തമാണ്. വെളിച്ചത്തിന്റെ ബഹളങ്ങളും സന്ദർശകരുടെ തിരക്കുകളും ഒഴിഞ്ഞുപോകുമ്പോൾ, നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആ തറവാട് മറ്റൊരു ലോകത്തേക്ക് മാറിയതുപോലെ തോന്നും.

രാത്രിയുടെ നിശ്ശബ്ദതയിൽ വരിക്കാശ്ശേരി മന അനുഭവപ്പെടുന്നത് ശരിക്കും പേടിപ്പെടുത്തുന്ന അല്ലെങ്കിൽ നിഗൂഢമായ ഒരു ഇടം പോലെയാണ്.

വിശാലമായ പറമ്പും തലയെടുപ്പോടെ നിൽക്കുന്ന മൂന്നുനില കെട്ടിടവും വലിയ പനയും മരങ്ങളും കട്ടപിടിച്ച നിശബ്ദതയും എല്ലാം ചേരുമ്പോൾ ശരിക്കും ദ്രോണ സിനിമയിലെ തറവാടിന് തുല്യമായി വരിക്കാശ്ശേരി മാറുന്ന പോലെ തോന്നും. പക്ഷേ ഇത് ആസ്വദിക്കാൻ സന്ദർശകർക്ക് സാധിക്കാറില്ല. കാരണം അഞ്ചുമണി കഴിയുന്നതോടെ ആറുമണിക്കുള്ളിൽ മനയിൽനിന്ന് എല്ലാ സന്ദർശകരെയും ഒഴിവാക്കും .

പകൽ സമയത്തെ ബഹളങ്ങളെല്ലാം മാറി, രാത്രിയാകുമ്പോൾ ചുറ്റുമുള്ള കാറ്റും മരങ്ങളുടെ ഇലയനക്കങ്ങളും മാത്രമായിരിക്കും അവിടെ ഉണ്ടാകുക. അതുകൊണ്ടുതന്നെ പേടി തോന്നുമെങ്കിലും വള്ളുവനാടിന്റെ ഗ്രാമീണ രാത്രിയുടെ ആ ഒരു ശാന്തത കൂടി മനയ്ക്കുള്ളിൽ പൂർണ്ണമായി അനുഭവിച്ചറിയാൻ സാധിക്കും. മൂന്നുനിലകളുള്ള വലിയ നാലുകെട്ടും, നീളമുള്ള ഇടനാഴികളും, വലിയ തടിത്തൂണുകളും രാത്രിയിലെ വെളിച്ചത്തിൽ കാണുമ്പോൾ ഒരുതരം വിസ്മയവും ഒപ്പം ചെറിയൊരു ഭയവും കലർന്ന വിചിത്രമായ അനുഭൂതി സമ്മാനിക്കും. വലിയ ചുമരുകളും തടിയുടെ മണവുമെല്ലാം ആ പഴയ കാലഘട്ടത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകും. സാധാരണയായി സന്ദർശകർക്ക് രാത്രി സമയത്ത് മനയിലേക്ക് പ്രവേശനം ഇല്ലെങ്കിലും, സിനിമകളുടെ ഷൂട്ടിംഗ് നടക്കുമ്പോൾ രാത്രി വൈകിയും ക്യാമറ ലൈറ്റുകൾക്കും ജനറേറ്റർ വെളിച്ചത്തിനും കീഴിൽ ഈ മന നിൽക്കുന്നത് കാണാൻ വല്ലാത്തൊരു പ്രൗഢിയാണ്.പാലക്കാട് നിന്നും ഏകദേശം 35 കിലോമീറ്റർ ദൂരമുണ്ട്. ഒറ്റപ്പാലം ടൗണിൽ നിന്നും വെറും 5 കിലോമീറ്റർ സഞ്ചരിച്ചാൽ മനയിൽ എത്തിച്ചേരാം. വരിക്കാശ്ശേരി മനയുടെ അടുത്തുള്ള പ്രധാന റെയിൽവേ സ്റ്റേഷൻ ഒറ്റപ്പാലം ആണ്.

ചരിത്രവും ഗൃഹാതുരത്വവും സിനിമയും ഒരുപോലെ ആസ്വദിക്കാൻ ആഗ്രഹിക്കുന്ന ആർക്കും ഒരു അവധിക്കാലത്ത് കുടുംബത്തോടൊപ്പം സന്ദർശിക്കാൻ പറ്റിയ ഏറ്റവും മികച്ച ഇടമാണ് വരിക്കാശ്ശേരി മന.

# CPA TAX
SERVICES

Tel: 516 603 2723

www.babucpa.com

## OUR SERVICES

- Tax Return Preparation
- Personal and Business
- Tax Audit Representation
- Payroll Sservice
- Book Keeping
- Back Tax Settlements
- New Business Setup
- Tax Planning



182-23 150th Ave,Suite 2
Jamaica, NY 11413
Tel: 516 603 2723
Fax: 516 368 3758
Email: Babu@babucpa.com

**Babu Uthaman EA. CPA.**
Certified Public Accountant
IRS Enrolled Agent



# പാമ്പുകൾക്ക് മാളമുണ്ട് അങ്ങ് അമേരിക്കയിലും...

**കാനഡയിൽ കാണപ്പെടുന്ന പാമ്പുകളിൽ ഭൂരിഭാഗവും വിഷമില്ലാത്ത 'ഗാർട്ടർ പാമ്പുകൾ' ആണ്. മാനിറ്റോബ പ്രവിശ്യയിലെ 'നാർസിസ് ഡെൻസ്' ലോകപ്രസിദ്ധമാണ്; വസന്തകാലമാകുമ്പോൾ ഇവിടെ ആയിരക്കണക്കിന് ഗാർട്ടർ പാമ്പുകൾ കൂട്ടത്തോടെ പുറത്തുവരാറുണ്ട്. ഇവ മനുഷ്യർക്ക് ഉപദ്രവകാരികളല്ല.**

**അ**മേരിക്കയിൽ നിന്ന് മകൾ കൊച്ചറാണി വിളിച്ചപ്പോഴാണ് നാട്ടിലെ പാമ്പ് ശല്യത്തെ പറ്റി അമ്മ മറിയാമ്മ ചേട്ടത്തി അമേരിക്കയിലെ മകളോട് പറഞ്ഞത്.

അപ്പോൾ കൊച്ചുറാണിക്കും പറയാനുണ്ടായിരുന്നത് അമേരിക്കയിലെ പാമ്പ് ശല്യത്തെക്കുറിച്ചാണ്.

അമേരിക്കയിലും പാമ്പുണ്ടോ എന്ന് മറിയാമ്മ ചേട്ടത്തി അത്ഭുതത്തോടെ ചോദിച്ചു . കൊച്ചുറാണി വിശദമായ ഒരു ക്ലാസ് തന്നെ അമേരിക്കൻ പാമ്പുകളെ കുറിച്ച് എടുത്ത് കൊടുത്തു.

അമേരിക്കയിലും കാനഡയിലും ജനവാസ കേന്ദ്രങ്ങളിൽ പാമ്പുകളുടെ സാന്നിധ്യവും ശല്യവും പുതിയ സംഭവമല്ല.

?അമേരിക്കയിൽ പാമ്പുകളുടെ ശല്യം പലയിടത്തും കൂടുതലാണ്. പ്രത്യേകിച്ച് തെക്കൻ സംസ്ഥാനങ്ങളിൽ.

ഫ്ലോറിഡ, ടെക്സസ്, അരിസോണ, കാലിഫോർണിയ തുടങ്ങിയ ചൂടുള്ള സംസ്ഥാനങ്ങളിലെ ജനവാസ മേഖലകളിൽ പാമ്പുകൾ സാധാരണമാണ്.

റാറ്റിൽസ്നേക്ക് , കോപ്പർഹെഡ്, കോട്ടൺമൗത്ത് തുടങ്ങിയ വിഷപ്പാമ്പുകൾ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള കാടുകളിലും പുൽമേടുകളിലും കാണപ്പെടാറുണ്ട്. ഇവ ചിലപ്പോൾ വീട്ടുപറമ്പുകളിലോ ഗാരേജുകളിലോ സ്വിമ്മിംഗ് പൂളുകളിലോ വരെ എത്താറുണ്ട്.

ഫ്ലോറിഡയിലെ എവർഗ്ലേഡ്സ്' മേഖലയിൽ ബർമീസ് പൈത്തൺ പോലുള്ള കൂറ്റൻ പാമ്പുകൾ വലിയൊരു ഭീഷണിയാണെന്ന് അവിടെയുള്ളവർ പറയുന്നു.

ഇവ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുകയും വളർത്തുമൃഗങ്ങളെ പിടികൂടുകയും ചെയ്യാറുണ്ട്.

?കാനഡയിലെ തണുപ്പുകൂടിയ കാലാവസ്ഥ കാരണം അമേരിക്കയെ അപേക്ഷിച്ച് ഇവിടെ പാമ്പുകളുടെ ശല്യം വളരെ കുറവാണ്.

കാനഡയിൽ കഠിനമായ തണുപ്പുള്ളതിനാൽ വർഷത്തിൽ ഭൂരിഭാഗം സമയവും പാമ്പുകൾ മണ്ണടിയിലോ പാറയിടുക്കുകളിലോ കൂട്ടത്തോടെ നല്ല ഉറക്കത്തിൽ ആയിരിക്കും

കാനഡയിൽ കാണപ്പെടുന്ന പാമ്പുകളിൽ ഭൂരിഭാഗവും വിഷമില്ലാത്ത 'ഗാർട്ടർ പാമ്പുകൾ' ആണ്. മാനിറ്റോബ പ്രവിശ്യയിലെ 'നാർസിസ് ഡെൻസ്' ലോകപ്രസിദ്ധമാണ്; വസന്തകാലമാകുമ്പോൾ ഇവിടെ ആയിരക്കണക്കിന് ഗാർട്ടർ പാമ്പുകൾ കൂട്ടത്തോടെ പുറത്തുവരാറുണ്ട്. ഇവ മനുഷ്യർക്ക് ഉപദ്രവകാരികളല്ല.

കാനഡയിൽ വളരെ കുറച്ചു പ്രദേശങ്ങളിൽ മാത്രമാണ് വിഷപ്പാമ്പുകൾ ഉള്ളതത്രെ ബ്രിട്ടീഷ് കൊളംബിയയിലെ വെസ്റ്റേൺ റാറ്റിൽസ്നേക്ക് ജനവാസ കേന്ദ്രങ്ങളിൽ വരുന്നത് വളരെ അപൂർവ്വമാണ്.

?ഈ രാജ്യങ്ങളിൽ ജനവാസ മേഖലകളിൽ പാമ്പ് ശല്യം ഉണ്ടായാൽ പാമ്പുകളെ ആളുകൾ സ്വയം പിടിക്കാൻ ശ്രമിക്കാറില്ല. പകരം ലൈസൻസുള്ള പ്രൊഫഷണൽ പാമ്പ് പിടുത്തക്കാരെയോ മൃഗസംരക്ഷണ വകുപ്പിനെയോ വിവരമറിയിക്കുന്നു.

മിക്ക സംസ്ഥാനങ്ങളിലും പ്രവിശ്യകളിലും പാമ്പുകളെ കൊല്ലുന്നത് നിയമവിരുദ്ധമാണ്. അവയെ സുരക്ഷിതമായി പിടിച്ച് ജനവാസമില്ലാത്ത കാടുകളിലേക്ക് മാറ്റുകയാണ് ചെയ്യാറുള്ളത്.

ജനങ്ങൾക്ക് പാമ്പുകളെക്കുറിച്ചും അവയെ കാണുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും കൃത്യമായ ബോധവൽക്കരണം നൽകാറുണ്ട്.

നോർത്ത് ടെക്സസിലെ ഗ്രേപ്വൈനിലുള്ള ഡെയ്ൻ പാർക്ക് അപ്പാർട്ട്മെന്റ് പരിസരത്ത് വിഷപ്പാമ്പുകളായ 'സതേൺ കോപ്പർഹെഡ്' പാമ്പുകളുടെ ശല്യം വർദ്ധിക്കുന്നതായി അടുത്തിടെ ചില റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

വനമേഖലയോട് ചേർന്നുള്ള പ്രദേശമായതിനാലും, നിലവിലെ പ്രജനന കാലവും വസന്തകാലത്തെ കാലാവസ്ഥാ വ്യതിയാനവുമാണ് പാമ്പുകൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാൻ കാരണമെന്ന് വിദഗ്ധർ പറയുന്നു.

പാമ്പുകളുടെ സാന്നിധ്യം വർദ്ധിച്ചതോടെ, ഫ്ളാറ്റിൽ പുതുതായി താമസിക്കാൻ എത്തുന്നവർക്ക് മാനേജ്മെന്റ് പാമ്പുകളിൽ നിന്ന് എങ്ങനെ സ്വയം രക്ഷപ്പെടാം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ നൽകിത്തുടങ്ങി.

വളർത്തുനായ്ക്കളുടെ ഭക്ഷണപ്പാത്രങ്ങൾക്ക് സമീപവും പൂച്ചട്ടികളുടെ അടിയിലും പാമ്പുകളെ കണ്ടെത്തിയിട്ടുണ്ട്. പാമ്പുകൾ നായുടെ ഭക്ഷണം കഴിക്കില്ലെങ്കിലും, ഈ ഭക്ഷണം തേടിയെത്തുന്ന എലികളെയും മറ്റ് ജീവികളെയും ഇരയാക്കാനാണ് ഇവ എത്തുന്നത്.

അതിനാൽ വീട്ടുപരിസരത്ത് ഭക്ഷണസാധനങ്ങൾ തുറന്നുവെക്കരുതെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. കോപ്പർഹെഡ് പാമ്പുകൾ വിഷമുള്ളവയാണെങ്കിലും ഇവയുടെ കടിയേറ്റുള്ള മരണം വളരെ അപൂർവ്വമാണ്. മനുഷ്യരെ കണ്ടാൽ സാധാരണയായി ഇവ ആക്രമിക്കാറില്ല.

കൊച്ചു റാണിയുടെ അമേരിക്കൻ പാമ്പ് വിശേഷങ്ങൾ കേട്ട് മറിയാമ്മ ചേട്ടത്തി അപ്പോൾ അമേരിക്കയിലും പാമ്പുകൾക്ക് മാളമുണ്ടല്ലേ മോളെ എന്ന് ഒരു ചോദ്യം മാത്രം തിരിച്ചു ചോദിച്ചു.




In Association with
INDO AMERICAN PRESS CLUB
JOURNALISM
TRAINING PROGRAM
LEARN. PRACTICE. REPORT. IMPACT.
ONLINE TRAINING CLASSES
Flexible live sessions, learn from anywhere
EXPERTS LEADING CLASSES
Learn from industry professionals and seasoned journalists
ONLINE WORKSHOPS
Hands-on learning through interactive workshops
TALKS & INTERACTIONS
Engage in thought-provoking sessions with experts
FROM BASICS TO ADVANCED
A complete learning journey to build strong journalistic skills
PRESS
JOURNALISM ISN'T JUST A PROFESSION, IT'S A PUBLIC SERVICE.
WRITE TRUTH. TELL STORIES. CREATE IMPACT.
FOR DETAILS & REGISTRATION
+91-8304059698



വേദനകളുടെ പത്തു മാസക്കാലമാണ് ഒടുവിൽ പ്രസവവേദനയുടെ ക്ലൈമാക്സിൽ ചെന്നെത്തുന്നത്. ഒരുപാട് പ്രശ്നങ്ങളുടെ കാലമാണ് ഗർഭകാലമെന്ന് ലളിതമായി പറയാം. ഒന്നിനു പിറകെ ഒന്നായി ഒരായിരം പ്രശ്നങ്ങളും വേദനകളും നിറഞ്ഞ കാലം. എല്ലാമൊന്ന് വേഗം കഴിഞ്ഞുകിട്ടിയാൽ മതിയെന്ന് മനസിൽ പലവട്ടം പറഞ്ഞുപോകുന്ന കാലം.

# വേദനകളുടെ ഗർഭകാലം

നന്ദിയാരോടു ഞാൻ ചൊല്ലേണ്ടൂ എന്ന പാട്ടോർമ്മയില്ലേ. പാതിമെയ്യായ പിതാവിനോ അതോ പാതിമെയ്യായ മാതാവിനോ അതോ പത്തുമാസം ചുമന്നെന്നെ ഞാനാക്കിയ ഗർഭപാത്രത്തിനോ എന്ന് ചോദിക്കുന്ന അഹത്തിലെ പാട്ട്. നന്ദിയാരോട് പറഞ്ഞാലും കുഞ്ഞിനെ പത്തുമാസം ഗർഭപാത്രത്തിൽ പൊന്നുപോലെ വളർത്തുന്ന അമ്മയോടു തന്നെയാണ് തീർത്താൽ തീരാത്ത നന്ദിയും കടപ്പാടും പറയേണ്ടത്. വേദനകളുടെ പത്തു മാസക്കാലമാണ് ഒടുവിൽ പ്രസവവേദനയുടെ ക്ലൈമാക്സിൽ ചെന്നെത്തുന്നത്. ഒരുപാട് പ്രശ്നങ്ങളുടെ കാലമാണ് ഗർഭകാലമെന്ന് ലളിതമായി പറയാം. ഒന്നിനു പിറകെ ഒന്നായി ഒരായിരം പ്രശ്നങ്ങളും വേദനകളും നിറഞ്ഞ കാലം. എല്ലാമൊന്ന് വേഗം കഴിഞ്ഞുകിട്ടിയാൽ മതിയെന്ന് മനസിൽ പലവട്ടം പറഞ്ഞുപോകുന്ന കാലം.

പ്രസവവേദന അറിയും മുമ്പേ സ്ത്രീകൾ ഗർഭകാലത്തെ നടുവേദന അറിയും. മിക്ക സ്ത്രീകളിലും ഗർഭകാലത്തെ നടുവേദന സാധാരണമാണ്. നടുവിലും ഇടുപ്പെലിനുമാണ് ഇക്കാലത്ത് വേദന കൂടുതലായി അനുഭവപ്പെടുക. പെൽവിക്ബോൺ എന്നാണ് ഇടുപ്പെല്ലിന് പറയുക.

വയർ വികസിക്കുന്തോറും ഗർഭിണിയുടെ നടുവിൽ ഭാരം കൂടിവരുന്നു. ഇതാണ് ഈ നടുവേദനയുടെ കാരണം. കുഞ്ഞ് വയറ്റിൽ കിടന്ന് വളരുന്തോറും നടുവേദനയുടെ കാഠിന്യവും വർധിക്കും. ഇടുപ്പെല്ല് വികസിക്കാൻ തുടങ്ങുന്നതോടെ വേദന മൂർച്ഛിക്കും. ഗർഭപാത്രം വികസിക്കുന്നതോടെ ചിലർക്ക് അടിവയറ്റിൽ വേദനയും അനുഭവപ്പെടാം. നട്ടെല്ല് നിവർന്നിരിക്കുകയെന്നതാണ് വേദന കുറയാൻ ഒരു മാർഗം.

നിൽക്കുമ്പോഴും ഇരിക്കുമ്പോഴും നട്ടെല്ല് നിവർന്നിരിക്കാൻ ഗർഭിണികൾ ശ്രദ്ധിക്കണം. നിവർന്നിരിക്കുക, നിവർന്ന് നടക്കുക എന്നത് ശീലമാക്കും. കിടക്കുമ്പോൾ മുട്ടുകൾക്കിടയിൽ തലയണ വച്ച് ഇടതുവശം തിരിഞ്ഞ് കിടക്കുന്നതാണ് നടുവേദന കുറയുവാനും കുഞ്ഞിന് കൂടുതൽ ഓക്സിജൻ കിട്ടാനും നല്ലത്. നടക്കുമ്പോഴും ഇരിക്കുമ്പോഴും വയർ കാരണം മുന്നിലേക്കായാനുള്ള പ്രവണത ഗർഭിണികളിൽ സാധാരണ കണ്ടുവരാറുണ്ട്. എന്നാൽ ഇത് നടുവേദന കൂട്ടുകയേ ഉള്ളു.

ഗർഭകാലത്തിനു മുൻപ് തന്നെ നടുവേദനയുണ്ടായിരുന്ന സ്ത്രീകൾ ഗർഭകാലത്ത് കുറേക്കൂടി ബുദ്ധിമുട്ടും. അവർക്ക് ഗർഭകാലത്ത് നടുവേദന മറ്റു ഗർഭിണികളേക്കാൾ കൂടും.

നടുവേദന സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പോലെത്തന്നെ സങ്കീർണമാണ് ഗർഭകാലത്തെ ഹോർമോൺ തകരാറുകൾ മൂലമുണ്ടാകുന്ന വിഷമതകൾ. ഹോർമോൺ വ്യതിയാനം ഗർഭിണികളിൽ പലതരത്തിലുമുള്ള അസ്വസ്ഥതകളും അസുഖങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാക്കും. ഹോർമോൺ വ്യതിയാനം മൂലം ഈ സമയത്ത് ഗർഭിണിയിൽ ഉത്കണ്ഠയും കൂടുതലാവാൻ സാധ്യതകളേറെയാണ്.

സ കാത്സ്യമാണ് ഗർഭകാലത്തെ മറ്റൊരു വില്ലൻ. കാത്സ്യത്തിന്റെ കുറവ് ഗർഭിണികളിൽ സൃഷ്ടിക്കുന്ന പൊല്ലാപ്പുകൾ ചില്ലറയില്ല. വേദനകൾക്ക് പ്രധാനകാരണങ്ങളിലൊന്ന് കാത്സ്യത്തിന്റെ കുറവാണ്. സന്ധിവേദന, ലിഗ്മന്റുകളിലെ വേദന എന്നിവക്കെല്ലാം കാത്സ്യത്തിന്റെ കുറവൊരു കാരണമാണ്. കാത്സ്യത്തിന്റെ കുറവ് നികത്താനും ഇരുമ്പുസത്ത് വേണ്ട അളവിൽ ലഭ്യമാകാനും അയൺ, കാത്സ്യം ഗുളികകൾ ഡോക്ടറുടെ നിർദേശാനുസരണം ഗർഭിണികൾ കഴിക്കണം.

എല്ലാ വേദനകൾക്കും അസ്വസ്ഥതകൾക്കും ബുദ്ധിമുട്ടുകൾക്കുമുള്ള പരിഹാരം വിശ്രമം തന്നെയാണ്.

280 ദിവസമാണ് സമ്പൂർണ ഗർഭകാലം. ആദ്യത്തെ മൂന്നു മാസമാണ് ഗർഭിണികൾക്ക് വളരെ ശ്രദ്ധയും പരിചരണവും അത്യാവശ്യമായി വേണ്ടത്. ഗർഭപാത്രത്തിൽ ഭ്രൂണം ശിശുവായി പരിണമിക്കുന്ന സമയം കൂടിയാണിത്. ഈ സമയത്താണ് മിക്കവാറും ഓക്കാനം, ഛർദി, ക്ഷീണം തുടങ്ങിയ പലവിധ ആരോഗ്യ പ്രശ്നങ്ങൾ കാണപ്പെടുന്നത്. തുടർന്നുള്ള മാസങ്ങളിലും ഗർഭിണികൾ ആവശ്യത്തിനു വിശ്രമമെടുക്കേണ്ടത് അനിവാര്യമാണ്. എന്തെങ്കിലും തരത്തിൽ അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ഡോക്ടറെ കണ്ടു പരിശോധനകൾ നടത്തണം. ഏതു ചെറിയ അസ്വസ്ഥതയും ചെറുതായി കാണാതെ ഉടൻ ഡോക്ടറുടെ ഉപദേശം തേടുന്നതാണ് ഉത്തമം. എട്ടു മാസമാകുന്നതോടെ ഏതുസമയം വേണമെങ്കിലും പ്രസവം നടക്കാമെന്നതുകൊണ്ട് തന്നെ ആ മാസങ്ങളിൽ അതീവ ശ്രദ്ധയും വേണം.





# മിനിറ്റുകൾക്കുള്ളിൽ ഓർഡർ ചെയ്ത സാധനങ്ങളുമായി ആകാശപ്പറവകൾ; ഇ-കോമേഴ്സ് രംഗത്ത് വിപ്ലവവുമായി ആമസോണിന്റെ ഡ്രോൺ ഡെലിവറി!

**ഫ്ലോറിഡ:** ഓൺലൈൻ വഴി ഓർഡർ ചെയ്ത മിനിറ്റുകൾക്കകം സാധനങ്ങൾ നിങ്ങളുടെ കൈകളിൽ പറന്നെത്തുന്ന അത്ഭുതകാലം വന്നെത്തി.. ഓൺലൈനിൽ ഓർഡർ കൊടുത്ത് ഡെലിവറിക്കാരൻ എത്താനുള്ള കാലതാമസം ഇനി ഉണ്ടാവില്ല. കാരണം സാധനങ്ങൾ എത്തിക്കുന്നത് ഡ്രോണുകൾ ആയിരിക്കും.

ഇ-കോമേഴ്സ് ഭീമനായ ആമസോണിന്റെ നേതൃത്വത്തിൽ, ലോജിസ്റ്റിക്സ് രംഗത്തെ തികച്ചും പുതിയൊരു വിപ്ലവത്തിന് സാങ്കേതിക ലോകം വേദിയാകുകയാണ്. ആകാശമാർഗ്ഗമുള്ള ഈ ചരക്കുനീക്കം ഭാവിയിലെ വ്യാപാര ശീലങ്ങളെ തന്നെയാകും മാറ്റിപ്പണിയുക.










പ്രധാന പ്രത്യേകതകൾ:

അതിവേഗം ബഹുദൂരം :

അടിയന്തര സേവനങ്ങൾക്കും തുണ: അത്യാവശ്യ മരുന്നുകളും ഭക്ഷണസാധനങ്ങളും ഗ്രാമീണ മേഖലകളിലും ഉൾനാടൻ പ്രദേശങ്ങളിലും സമയം ഒട്ടും വൈകാതെ എത്തിക്കാൻ ഈ റോബോട്ടിക് ഡ്രോണുകൾക്ക് സാധിക്കും.

നിശബ്ദമായ പറക്കൽ:

ഡ്രോണുകൾ സൃഷ്ടിക്കുന്ന ശബ്ദമലിനീകരണം പരമാവധി കുറയ്ക്കാനുള്ള നൂതന സാങ്കേതികവിദ്യ ആമസോൺ ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു. ഇത് വീടുകൾക്ക് സമീപം പൂർണ്ണമായും സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കുന്നു.

ചെലവ് ചുരുക്കം, കൃത്യത കൂടുതൽ: മനുഷ്യവിഭവശേഷിയുടെ ഉപയോഗം കുറയ്ക്കാനും പ്രവർത്തനച്ചെലവ് വലിയ അളവിൽ ലാഭിക്കാനും സ്വയം നിയന്ത്രിത ഡ്രോണുകൾ സഹായിക്കും..

ആഗോള മത്സരം മുറുകുന്നു:

വാൾമാർട്ട് ഉൾപ്പെടെയുള്ള പ്രമുഖ എതിരാളികളെ പ്രതിരോധിക്കാനും വിപണിയിൽ മേധാവിത്വം ഉറപ്പിക്കാനുമാണ് ആമസോണിന്റെ ഈ തന്ത്രപരമായ നീക്കം. മറ്റ് ആഗോള കമ്പനികളും ഇതിനോടകം ഡ്രോൺ സാങ്കേതികവിദ്യ സ്വന്തമാക്കാനുള്ള മത്സരത്തിലാണ്.

നിലവിൽ സുരക്ഷാ പരിശോധനകളുടെ അന്തിമ ഘട്ടത്തിലുള്ള ഈ പദ്ധതിക്ക് കൂടുതൽ അനുമതികൾ ലഭിക്കുന്നതോടെ രാജ്യാന്തര വിപണികളിലേക്കും വ്യാപിപ്പിക്കും. ഷോപ്പിംഗ് പ്രേമികൾ ആകാംഷയോടെ ഉറ്റുനോക്കുന്ന ഈ പുതിയ നവീകരണം ഉപഭോക്തൃ സേവനത്തെ പൂർണ്ണമായും മാറ്റിമറിക്കുമെന്നുറപ്പാണ്.

അമേരിക്കയിൽ ആമസോൺ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിക്കഴിഞ്ഞു.

ആമസോണിന്റെ 'പ്രൈം എയർ' എന്ന പേരിലുള്ള ഈ പദ്ധതി അമേരിക്കയിലെ വിവിധ നഗരങ്ങളിൽ ഇതിനോടകം തന്നെ സജീവമാണ്. ഫീനിക്സ് (അരിസോണ), ടാമ്പ (ഫ്ലോറിഡ), കൻസാസ് സിറ്റി, ഡെട്രോയിറ്റ്, ഹൂസ്റ്റൺ, ഡാളസ് തുടങ്ങി വിവിധ മെട്രോ നഗരങ്ങളിലെ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഈ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂറുകണക്കിന് ഉപയോക്താക്കളിലേക്ക് ഇതിനകം തന്നെ ലക്ഷക്കണക്കിന് ഉൽപ്പന്നങ്ങൾ ഡ്രോണുകൾ വഴി എത്തിച്ചു കഴിഞ്ഞിട്ടുണ്ട്.

ഈ ചെറിയ പാക്കേജുകൾ മിനിറ്റുകൾക്കുള്ളിൽ ഉപഭോക്താക്കളുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പരീക്ഷണങ്ങൾ വൻ വിജയമായതിനെത്തുടർന്ന്, അമേരിക്കയിലെ ഏകദേശം 500-ഓളം നഗരങ്ങളിലേക്കും പട്ടണങ്ങളിലേക്കും ഈ സേവനം വ്യാപിപ്പിക്കാനുള്ള വലിയൊരു തയ്യാറെടുപ്പിലാണ് ആമസോൺ ഇപ്പോൾ. സുരക്ഷാ പരിശോധനകളും ഫെഡറൽ ഏജൻസികളുടെ അനുമതികളും പടിപടിയായി പൂർത്തിയാക്കിയാണ് കമ്പനി ഈ പദ്ധതി വിപുലീകരിക്കുന്നത്..

അമേരിക്കയെപ്പോലുള്ള രാജ്യങ്ങളിൽ വലിയൊരു ശതമാനം ആളുകളും താമസിക്കുന്നത് ബഹുനില അപ്പാർട്ട്മെന്റുകളിലും കോണ്ടോമിനിയങ്ങളിലുമാണ് (Condos). അത്തരം സ്ഥലങ്ങളിൽ നേരിട്ട് ജനലിനരികിലോ ബാൽക്കണിയിലോ ഡ്രോൺ എത്തിക്കുക എന്നത് പ്രായോഗികമായ വലിയൊരു വെല്ലുവിളിയാണ്.

ഈ പരിമിതി മറികടക്കാൻ ആമസോണും മറ്റ് ഡെലിവറി കമ്പനികളും വഴികൾ കണ്ടെത്തിയിട്ടുണ്ട്.

അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾക്ക് മുകളിലെ ടെറസിലോ അല്ലെങ്കിൽ കെട്ടിടത്തിന് താഴെയുള്ള തുറസ്സായ പാർക്കിംഗ് ഏരിയകളിലോ ഡ്രോണുകൾക്കായി പ്രത്യേക ലാൻഡിംഗ് പാഡുകളോ ബോക്സുകളോ ഒരുക്കുന്നു. ഉപഭോക്താക്കൾക്ക് അവിടെയെത്തി സാധനങ്ങൾ സ്വീകരിക്കാം.

അല്ലെങ്കിൽ .അപ്പാർട്ട്മെന്റ് കോംപ്ലക്സുകളുടെ താഴത്തെ നിലയിലോ പ്രവേശന കവാടത്തിലോ സ്ഥാപിച്ചിട്ടുള്ള ലോക്കറുകളിൽ ഡ്രോണുകൾ സാധനങ്ങൾ നിക്ഷേപിക്കും. അതിനുള്ള സുരക്ഷിത കോഡ് ഉപഭോക്താവിന്റെ ഫോണിൽ ലഭിക്കും..

നിലവിലെ സാങ്കേതികവിദ്യ അനുസരിച്ച് ഒറ്റപ്പെട്ട വീടുകളിലേക്കാണ് ഡ്രോൺ ഡെലിവറി കൂടുതൽ എളുപ്പത്തിൽ സാധ്യമാകുന്നത്. അപ്പാർട്ട്മെന്റുകളുടെ കാര്യത്തിൽ സുരക്ഷ മുൻനിർത്തി നേരിട്ടുള്ള ബാൽക്കണി ഡെലിവറികൾ കമ്പനികൾ കർശനമായി ഒഴിവാക്കുകയോ നിയന്ത്രിക്കുകയോ ആണ് ചെയ്യുന്നത്.

അപ്പാർട്ട്മെന്റുകളിൽ താമസിക്കുന്നവർക്ക് വീട്ടുപടിക്കൽ നേരിട്ട് സാധനം കിട്ടിയില്ലെങ്കിലും, കെട്ടിടത്തിനടുത്തുള്ള പ്രത്യേക സ്മാർട്ട് പോയിന്റുകളിലൂടെ ഈ സേവനം പ്രയോജനപ്പെടുത്താൻ കഴിയും..

പരമ്പരാഗത കൊറിയർ ഡെലിവറിയിൽ പാക്കേജുകൾ നഷ്ടപ്പെടുകയോ കേടാവുകയോ ചെയ്യുമ്പോൾ കമ്പനികൾ നഷ്ടപരിഹാരം നൽകുന്നത് പോലെ തന്നെ ഡ്രോൺ ഡെലിവറിയുടെ കാര്യത്തിലും ഉപഭോക്താക്കൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കിയാണ് ഇത്തരം പദ്ധതികൾ പ്രവർത്തിക്കുന്നത്.

ഡ്രോൺ നിയന്ത്രണം വിട്ട് വീണോ, സാധനം നഷ്ടപ്പെട്ടോ, കേടുപാടുകൾ സംഭവിച്ചോ അല്ലെങ്കിൽ തെറ്റായ സ്ഥലത്ത് ഡെലിവറി ചെയ്താലോ അതിന്റെ പൂർണ്ണ നഷ്ടപരിഹാരം കമ്പനി നൽകുമെന്ന് പറയുന്നു.

ഉപഭോക്താവിന് പണം തിരികെ ലഭിക്കുകയോ അല്ലെങ്കിൽ അതേ ഉൽപ്പന്നം വീണ്ടും സൗജന്യമായി അയച്ചുകൊടുക്കുകയോ ചെയ്യുമെന്നാണ് ഡ്രോൺ വഴി ഓൺലൈൻ ഡെലിവറി നടത്തുന്നവർ പറയുന്നത്.

ഡ്രോണുകളിൽ ജി.പി.എസ് ട്രാക്കിംഗും ക്യാമറകളും ഉള്ളതിനാൽ സാധനം എവിടെയാണ് നഷ്ടപ്പെട്ടതെന്നോ പരാജയപ്പെട്ടതെന്നോ കമ്പനിക്ക് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും..

സമയത്ത് നൂറുകണക്കിന് ഡ്രോണുകൾ ഒരേ ആകാശപരിധിയിലൂടെ പറക്കുമ്പോൾ അവ തമ്മിൽ കൂട്ടിയിടിക്കാനുള്ള സാധ്യതയെക്കുറിച്ച് വ്യോമയാന വിദഗ്ധരും സാങ്കേതിക ലോകവും ഏറെ ഗൗരവത്തോടെ ചിന്തിച്ചിട്ടുണ്ട്.ഇത്തരത്തിലുള്ള ആകാശ അപകടങ്ങളും കൂട്ടിയിടികളും ഒഴിവാക്കാൻ ആമസോണും മറ്റ് കമ്പനികളും വളരെ ശക്തമായ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത്.

ഡ്രോണുകളിൽ അത്യാധുനിക ക്യാമറകളും, അൾട്രാസോണിക് സെൻസറുകളും, റഡാറുകളും ഘടിപ്പിച്ചിട്ടുണ്ടാകും. വഴിയിൽ മറ്റൊരു ഡ്രോണോ മരമോ പക്ഷിയോ വരുന്നത് കണ്ടാൽ ഉടൻ തന്നെ സെൻസറുകൾ അത് തിരിച്ചറിയുകയും, കൂട്ടിയിടി ഒഴിവാക്കാൻ സ്വയം ഗതിമാറി സഞ്ചരിക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കുകയും ചെയ്യും..

ഓരോ ഡ്രോണിനും സഞ്ചരിക്കാൻ പ്രത്യേകം ഡിജിറ്റൽ പാതകളും ഉയരപരിധികളും കമ്പ്യൂട്ടർ വഴി മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടാകും. ജി.പി.എസിന്റെയും എഐയുടെയും സഹായത്തോടെ റിയൽ-ടൈമിൽ ഇവയുടെ വേഗതയും ദിശയും നിയന്ത്രിക്കപ്പെടുന്നു.

ആകാശത്ത് ഡ്രോണുകൾക്കായി പ്രത്യേക ട്രാഫിക് മാനേജ്മെന്റ് സംവിധാനമുണ്ട്. വിമാനങ്ങൾക്ക് എയർ ട്രാഫിക് കൺട്രോൾ ഉള്ളതുപോലെ, ഡ്രോണുകളുടെ സഞ്ചാരം മുഴുവൻ നിരീക്ഷിക്കാനും നിയന്ത്രിക്കാനും കമ്പ്യൂട്ടർ വൽക്കൃത സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആകാശത്ത് ഒരു ഗതാഗതക്കുരുക്കോ കൂട്ടിയിടിയോ ഉണ്ടാകാതിരിക്കാൻ റോഡുകളിലെ ട്രാഫിക് സിഗ്നലുകളേക്കാൾ കടുപ്പമേറിയ ഡിജിറ്റൽ നിയന്ത്രണങ്ങളാണ് ഈ സംവിധാനത്തിലുള്ളത്.

ആമസോണിന്റെ നിലവിലുള്ള ങഗ30 മോഡൽ ഡെലിവറി ഡ്രോണുകൾക്ക് പരമാവധി 5 പൗണ്ട് (ഏകദേശം 2.3 കിലോഗ്രാം) വരെ ഭാരമുള്ള സാധനങ്ങൾ മാത്രമേ ഒരേസമയം വഹിക്കാൻ കഴിയൂ..

ഭാരം കുറഞ്ഞ ചെറിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ (എയർപോഡ്സ് , സ്മാർട്ട്ഫോൺസ് ), അത്യാവശ്യ മരുന്നുകൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, വീട്ടുപയോഗത്തിലുള്ള ചെറിയ സാധനങ്ങൾ എന്നിവയാണ് പ്രധാനമായും ഇതിലൂടെ ഡെലിവറി ചെയ്യുന്നത്. ആമസോണിൽ ആളുകൾ സ്ഥിരമായി വാങ്ങുന്ന മൊത്തം ഉൽപ്പന്നങ്ങളുടെ ഏകദേശം 60 ശതമാനത്തോളവും ഈ തൂക്കപരിധിയിൽ (5 പൗണ്ടിനുള്ളിൽ) വരുന്നവയാണ്.

ഒരു വലിയ ഷൂ ബോക്സിനുള്ളിൽ കൊള്ളുന്നത്ര വലിപ്പമുള്ള ഉൽപ്പന്നങ്ങൾ മാത്രമാണ് സാധാരണയായി ഡ്രോൺ വഴി അയക്കാൻ സാധിക്കുന്നത്.

ഭാരം കൂടിയ സാധനങ്ങൾ: വലിയ ടിവികൾ, ഫ്രിഡ്ജ്, കനത്ത പലവ്യഞ്ജന ബോക്സുകൾ തുടങ്ങിയ ഭാരമുള്ള സാധനങ്ങൾ ഈ ചെറിയ ഡ്രോണുകൾക്ക് കൊണ്ടുപോകാൻ കഴിയില്ല. അതിനാൽ അത്തരം ഉൽപ്പന്നങ്ങൾക്കായി പതിവുപോലെ വാനുകളും ലോറികളും തന്നെയാണ് ഉപയോഗിക്കുന്നത്.

ഭാവിയിൽ സാങ്കേതികവിദ്യ കൂടുതൽ വളരുന്നതനുസരിച്ച് കൂടുതൽ ഭാരം താങ്ങാൻ കഴിയുന്ന വലിയ ഡ്രോണുകൾ അവതരിപ്പിക്കാൻ കമ്പനികൾ പദ്ധതിയിടുന്നുണ്ട്..

# തലമുടി സംരക്ഷണത്തിന് എട്ട് ടിപ്സുകൾ





**കരുത്തുറ്റതും നീളവുമുള്ള തലമുടി ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. എന്നാൽ തലമുടി കൊഴിച്ചിലും താരനുമാണ് ഇന്ന് പലരെയും അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ. സ്ത്രീകളെയും പുരുഷന്മാരെയും ഇത് വളരെ ഭീകരമായി തന്നെ ബാധിക്കുന്നു. മുടി കൊഴിച്ചിലിന് പരിഹാരം തേടി പലവിധത്തിലുള്ള മരുന്നുകൾ ഉപയോഗിച്ചവരുമുണ്ടാകാം.**

കരുത്തുറ്റതും നീളവുമുള്ള തലമുടി ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. എന്നാൽ തലമുടി കൊഴിച്ചിലും താരനുമാണ് ഇന്ന് പലരെയും അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ. സ്ത്രീകളെയും പുരുഷന്മാരെയും ഇത് വളരെ ഭീകരമായി തന്നെ ബാധിക്കുന്നു. മുടി കൊഴിച്ചിലിന് പരിഹാരം തേടി പലവിധത്തിലുള്ള മരുന്നുകൾ ഉപയോഗിച്ചവരുമുണ്ടാകാം.

ഹെയർ മാസ്കുകൾ തലമുടി സംരക്ഷണത്തിന് സഹായകമാണ്. അത്തരത്തിൽ തലമുടി വളരാൻ സഹായിക്കുന്ന ചില ഹെയർ പാക്കുകളെ പരിചയപ്പെടാം.

1. ഒരു പാത്രത്തിൽ ഒരു മുട്ടയും മൂന്ന് ടീസ്പൂൺ ഒലീവ് ഓയിലും എടുത്ത് നന്നായി മിക്സ് ചെയ്യുക. ശേഷം ഈ മിശ്രിതം തലയോട്ടിയിലും മുടിയിഴകളിലും നന്നായി തേച്ചുപിടിപ്പിക്കുക. 30 മിനിറ്റിന് ശേഷം ചെറു ചൂടുവെള്ളത്തിൽ തല കഴുകണം. മുടിയുടെ സംരക്ഷണത്തിന് ഉത്തമമായ മാർഗമാണിത്. തലമുടി കൊഴിച്ചിൽ തടയാനും മുടിക്ക് തിളക്കവും കരുത്തും ലഭിക്കാനും ഇത് സഹായിക്കും.

2. കറ്റാർവാഴയുടെ ജെല്ലിലേയ്ക്ക് നെല്ലിക്ക ചേർത്ത് നല്ലതുപോലെ അരയ്ക്കുക. ശേഷം ഇതിലേയ്ക്ക് മുട്ട ചേർത്തിളക്കാം. ഇനി ഈ മിശ്രിതം തലമുടിയുടെ വേരുകൾ മുതൽ അറ്റം വരെ പുരട്ടാം. 45 മിനിറ്റിന് ശേഷം കഴുകാം. തലമുടി കൊഴിച്ചിൽ മാറുമെന്നു മാത്രമല്ല, നല്ല ആരോഗ്യമുള്ള മുടി ലഭിക്കാനും ഈ പാക്ക് സാഹിയിക്കും.

3. രണ്ട് ടേബിൾ സ്പൂൺ വെളിച്ചെണ്ണയിൽ അത്രയും അളവിൽ തന്നെ ചെറുനാരങ്ങാ നീര് ചേർത്ത് മിശ്രിതമാക്കുക. ശേഷം ഈ മിശ്രിതം ശിരോചർമ്മത്തിൽ പുരട്ടി, 20 മിനിറ്റിനുശേഷം ഷാംപൂ ഉപയോഗിച്ചു കഴുകി കളയാം. പതിവായി ഇത് ചെയ്യുന്നത് താരനും തലമുടി കൊഴിച്ചിലും അകറ്റാൻ സഹായിക്കും.

4. മുടികൊഴിച്ചിലിന്റെ ഒരു പ്രധാന കാരണക്കാരൻ ശിരോചർമത്തിലെ താരനാണ്. ഇതിനായി രണ്ട് നെല്ലിക്ക കുരുകളഞ്ഞ് അരച്ചെടുക്കുക. ഇതിൽ അൽപം തൈരു ചേർത്ത് തലയോട്ടിയിൽ പുരട്ടുക. അരമണിക്കൂറിന് ശേഷം കഴുകിക്കളയാം. താരനകറ്റാനും മുടികൊഴിച്ചിൽ അകറ്റാനും ഈ ഹെയർപാക്ക് സഹായിക്കും.

5. കുതിർത്ത ഉലുവ അരച്ചു പേസ്റ്റാക്കിയ ശേഷം ഇതിലേയ്ക്ക് രണ്ട് ടീസ്പൂൺ നാരങ്ങാനീര് ചേർത്ത് മിശ്രിതമാക്കാം. ശേഷം ഈ മിശ്രിതം തലമുടിയിൽ പുരട്ടാം. അര മണിക്കൂർ കഴിഞ്ഞു കഴുകിക്കളയാം. പതിവായി ഇത് ചെയ്യുന്നത് തലമുടി കൊഴിച്ചിൽ തടയാനും തിളക്കമുള്ള മുടി വളരാനും സഹായിക്കും. കുതിർത്ത ഉലുവയും കറിവേപ്പിലയും ചേർത്തരച്ച് മുടിയിൽ പുരട്ടുന്നതും നല്ലതാണ്. ഇങ്ങനെ ചെയ്യുന്നത് തലമുടി വളരാൻ സഹായിക്കുമെന്നു മാത്രമല്ല, അകാലനരയെ പ്രതിരോധിക്കാനും സഹായിക്കും.

6. തലയോട്ടിയിലെ രക്തയോട്ടം വർധിപ്പിച്ച് തലമുടി നല്ല ആരോഗ്യത്തോടെ വളരാൻ കോഫി കൊണ്ടുള്ള ഹെയർ മാസ്ക്ക് സഹായിക്കും. ഇതിനായി 50 ഗ്രാം കാപ്പിപ്പൊടി 230 മില്ലി വെള്ളത്തിൽ കലക്കി ഒരു ഗ്ലാസ് ബോട്ടിലിലാക്കി 24 മണിക്കൂർ ഫ്രിഡ്ജിൽ വയ്ക്കുക. ശേഷം ഇത് പുറത്തെടുത്ത് ഒരു വൃത്തിയുള്ള തുണി ഉപയോഗിച്ച് അരിച്ചെടുക്കാം. ശേഷം ഇതിനെ സ്പ്രേ ബോട്ടിലിലാക്കി രണ്ടാഴ്ച വരെ ഫ്രിഡ്ജിൽ സൂക്ഷിക്കാം. ഈ കോഫി മാസ്ക്ക് ആഴ്ചയിൽ മൂന്ന് ദിവസം തലയോട്ടിയിൽ തേച്ചുപിടിപ്പിക്കാം. ശേഷം ഒരു ടൗവ്വലോ മറ്റോ ഉപയോഗിച്ച് മുടി കവർചെയ്യാം. 20 മിനിറ്റിന് ശേഷം ഷാംപൂ ഉപയോഗിച്ച് തല വൃത്തിയാക്കാം.

7. മുടിയുടെ വളർച്ചയ്ക്ക് വളരെയധികം സഹായിക്കുന്ന ഒന്നാണ് ഉള്ളിനീര്. ഇതിനായി ഒരു ഉള്ളിയുടെ നീര്, അര ടീസ്പൂൺ നാരങ്ങാനീര്, രണ്ട് ടീസ്പൂൺ വെളിച്ചെണ്ണ, ഒരു ടീസ്പൂൺ തേൻ എന്നിവ മിക്സ് ചെയ്ത് മുടിയിലും തലയോട്ടിയിലും പുരട്ടുക. അര മണിക്കൂർ കഴിഞ്ഞ് ഏതെങ്കിലും ഷാംപൂ ഉപയോഗിച്ച് കഴുകിക്കളയാം.

8. തൈരും പഴവും കേശസംരക്ഷണത്തിന് മികച്ചതാണ്. ആദ്യം പഴുത്ത പഴം രണ്ടെണ്ണം ചെറിയ കഷണങ്ങളായി അരിഞ്ഞതിലേക്ക് ഒരു കപ്പ് തൈര് ചേർക്കുക. ശേഷം അതിലേക്ക് ഒരു ടീസ്പൂൺ കറ്റാർവാഴ ജെല്ലും രണ്ട് വിറ്റാമിൻ ഇ ഗുളികകൾ കൂടി ചേർത്ത് മിക്സിയിലടിക്കുക. ലഭിക്കുന്ന മിശ്രിതം തലമുടിയിലും തലയോട്ടിയിലും നന്നായി തേച്ചു പിടിപ്പിക്കാം. 15 മിനിറ്റിന് ശേഷം വീര്യം കുറഞ്ഞ ഷാംപൂ ഉപയോഗിച്ച് കഴുകി കളയാം. ആഴ്ചയിൽ രണ്ട് തവണ ഈ ഹെയർ മാസ്ക് ഉപയോഗിക്കാം.




GANGA
PRODUCTIONS
ധനുഷ്കോടിയിലേക്ക്...
DIRECTED BY: JAHANGIR UMMAR
PRODUCED BY: ADV: BALAJI RAVEENDRAN
EXECUTIVE PRODUCER: SHAFI RASHEED
STORY, SCREENPLAY, DIALOGUES: ADV: BALAJI RAVEENDRAN
CAMERA: KANAKARAJ | LYRICS: SREEKUMARAN THAMPI
POOVATHUR CHITHRASENAN, VIJU SHANKAR, ADV: BIJU PURUSHOTHAMAN
MUSIC: D SIVAPRASAD , A K TARIQ | BACKGROUND SCORE : A K TARIQ
CHORIYOGRAPHY: SAJINA NAJAM | ART: AJI PAYCHIRA | MAKEUP: UDAYAN NEMOM
COSTUME : THAMPI ARYANAD | PRO:CONTROLLER: AJAYAKHOSH PARAVOOR
PRO:DESIGNER : SAJI R.P |PRO:CORDINATERS : SHAJI ZAM ZAM ,SHYJU ZAM ZAM
STILLS: SUNORA MADATHARA | PRO: AJAY TUNDATHIL | DESIGN: 8 NOON




# അന്ന് ത്രിലോകങ്ങളിൽ സംഭവിച്ചത്

**ഇതൊരു സാങ്കല്പിക കഥയാണ്. മഹാബലി ചക്രവർത്തിയെ വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ ആ ദിവസം ഭൂമിയിലും സ്വർഗ്ഗരാജ്യത്തും  പാതാളത്തിലും എന്തൊക്കെയായിരിക്കും കാഴ്ചകൾ. മാവേലിയെ ചവിട്ടിത്താഴ്ത്തിയ ശേഷം വാമനൻ ആ കാഴ്ചകൾ കാണുകയാണ് .**

## അന്ന് ത്രിലോകങ്ങളിൽ സംഭവിച്ചത്

വാമനൻ തന്റെ വിശ്വരൂപം ചുരുക്കി ഭൂമിയിൽ ഉറച്ചുനിന്ന ആ നിമിഷം കേരളക്കരയാകെ കറുത്തൊരു ദുഃഖത്തിന്റെ നിഴൽ വീണു. അത്രനാളും സമത്വവും സ്നേഹവും മാത്രം അനുഭവിച്ചറിഞ്ഞ ആ മണ്ണ് തേങ്ങലിലമർന്നു. മഹാബലി ജീവിച്ചിരുന്ന ആ പ്രൗഢഗംഭീരമായ കൊട്ടാരം ഇപ്പോൾ തികഞ്ഞ ശ്മശാനമൂകതയിലാണ്. അതിനേക്കാൾ ഉപരി ഇപ്പോഴും അവർക്ക് നടുക്കം വിട്ടു മാറിയിട്ടില്ല. തങ്ങളുടെ പ്രിയപ്പെട്ട ചക്രവർത്തി ഭൂമിക്കടിയിലേക്ക് താണു പോയിരിക്കുന്നു. അല്പം മുൻപ് വരെ തങ്ങൾക്ക് ഒപ്പം ഉണ്ടായിരുന്ന മഹാബലി ചക്രവർത്തി.. ആ കാഴ്ചയ്ക്ക് സാക്ഷ്യം വഹിച്ചവർ പലരും വാവിട്ടു കരഞ്ഞു.

പലരും ഒന്നും മിണ്ടാടാനാവാത്ത വിധം തൊണ്ടയിടറി, പ്രജകളും മന്ത്രിമാരും കണ്ണീരൊഴുക്കി തങ്ങളുടെ പ്രിയപ്പെട്ട ചക്രവർത്തിയെ ഓർത്ത് വിതുമ്പി.

രാജകൊട്ടാരങ്ങളുടെ അന്തപുരങ്ങളിൽ നിലവിളികൾ ഉയർന്നു.

ഹൃദയം നുറുങ്ങുന്ന കാഴ്ച കണ്ടിട്ടില്ലാത്തവർ കരൾ പിളരും വേദനയോടെ അത് കേട്ടു.

എന്തിനാണ് ഞങ്ങളുടെ ചക്രവർത്തിയെ ചവിട്ടി താഴ്ത്തിയത് എന്ന് ആരൊക്കെയോ ഉറക്കെ വിലപിക്കുന്നുണ്ടായിരുന്നു... വാമനൻ വിലാപങ്ങൾക്ക് മധ്യത്തിൽ നിന്ന് പതിയെ പറഞ്ഞു ഇത് കാലം കാത്തുവെച്ച വിധി...

പ്രജകൾ മുഖംപൊത്തിക്കരയുന്നു. ഒരു ചക്രവർത്തിയെ നഷ്ടപ്പെട്ട ആ ജനതയുടെ കണ്ണീർ കണ്ട് വാമനന്റെ മനസ്സ് ലേശം ഭാരപ്പെട്ടു. എങ്കിലും ധർമ്മസംസ്ഥാപനത്തിനായി താൻ ചെയ്ത കർമ്മത്തിന്റെ ഗൗരവം ആ മുഖത്ത്  ബാക്കിയുണ്ടായിരുന്നു.

അതേസമയം, മേഘങ്ങൾക്കുമേൽ ദേവലോകത്ത് സന്തോഷത്തിന്റെ അലകൾ ആഞ്ഞടിക്കുകയായിരുന്നു. നഷ്ടപ്പെട്ട സിംഹാസനം തിരിച്ചുപിടിച്ചതിന്റെ ആശ്വാസത്തിൽ ദേവന്മാർ ആഹ്ലാദാരവങ്ങൾ മുഴക്കി.  ആട്ടവും പാട്ടും കൊണ്ട് ദേവലോകം നിറഞ്ഞു. വിഷ്ണുനാമം വാഴ്ത്തപ്പെട്ടു കൊണ്ടേയിരുന്നു.

കൈവിട്ടു പോകും എന്ന് ആശങ്കപ്പെട്ട സിംഹാസനത്തിൽ ദേവരാജാവ് ഇനി താൻ തന്നെ ദേവരാജാവ് എന്ന ആത്മവിശ്വാസത്തോടെ  അരക്കെട്ടുറപ്പിച്ചിരുന്നു. ഭൂമിയിലെ കണ്ണീർ കടലുകൾ  ദേവലോകത്ത് എത്തിയില്ല.

പെട്ടെന്നാണ് വാമനന്റെ ദൃഷ്ടി പാതാളത്തിലേക്ക് നീണ്ടത്. അവിടെ ദേവലോകത്തേക്കാൾ വലിയ ആഘോഷ നടക്കുന്നു. ആവേശത്തോടെയുള്ള ആർപ്പുവിളികൾ ഉയരുന്നു.

ചവിട്ടിത്താഴ്ത്തപ്പെട്ടവനുള്ള വരവേൽപ്പ്.. കേരളം ഭരിച്ച മഹാബലി ചക്രവർത്തി പാതാളത്തെ ഇനി സ്വർഗ്ഗതുല്യമാക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു.

നൂറ്റാണ്ടുകളായി ഇരുട്ടിലും അവഗണനയിലും കഴിഞ്ഞിരുന്ന പാതാളവാസികൾ പുതിയൊരു രാജാവിന്റെ വരവറിഞ്ഞ് ആഹ്ലാദത്താൽ ആർത്തിരമ്പുകയാണ്. അവർ തങ്ങളുടെ പുതിയ ചക്രവർത്തിയെ സ്വർണ്ണത്താലത്തിൽ വരവേറ്റു. സ്നേഹസമ്പന്നനായ ഒരു നല്ല രാജാവിനെ തങ്ങൾക്ക് ലഭിച്ചതിന്റെ സന്തോഷത്തിൽ അവർ പാതാളത്തെ പൂക്കളങ്ങളാൽ അലങ്കരിച്ചു.

?പാതാളത്തിൽ എത്തിയ മഹാബലി തന്റെ പ്രജകളുടെ ആ സ്നേഹം കണ്ട് കണ്ണുതുടച്ചു. മുകളിൽ കേരളക്കരയിലെ  തന്റെ തന്റെ പ്രജകൾ പൊട്ടിക്കരഞ്ഞ് അലറിയാർക്കുമ്പോൾ

ഇവിടെ തനിക്ക്  പുതിയൊരു ലോകം സ്നേഹം കൊണ്ട് നിറയുന്നത് അദ്ദേഹം തിരിച്ചറിഞ്ഞു.

വാമനന്റെ ചുണ്ടുകളിൽ ഒരു ചെറുപുഞ്ചിരി വിടർന്നു; ഭൂമിയിൽ നഷ്ടപ്പെട്ട പ്രകാശം പാതാളത്തിൽ പുതിയൊരു വസന്തമായി പിറവിയെടുക്കുകയായിരുന്നു ഇരുട്ടു നിറഞ്ഞിരുന്ന  പാതാളത്തിൽ പ്രകാശം  നിറഞ്ഞു.

രാത്രിയിൽ മഹാബലി ചക്രവർത്തി വാണ നാട് ഉറങ്ങിയില്ല. തേങ്ങലുകളും നെടുവീർപ്പുകളും രാജകൊട്ടാരത്തിലും തെരുവോരങ്ങളിലും അലഞ്ഞു നടന്നു.

അധികാരമുറപ്പിച്ചു കിട്ടിയതിന്റെ ആഘോഷത്തിൽ ദേവലോകം മതിമറന്നുറങ്ങി. തങ്ങളുടെ പുതിയ ചക്രവർത്തിക്ക് എന്തെല്ലാം സുഖസൗകര്യങ്ങൾ ഒരുക്കിയിട്ടും അതൊന്നും മതിവരാതെ പാതാളവാസികൾ കൾ അദ്ദേഹത്തിനായി  പുതിയ പുതിയ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടേയിരുന്നു.

പാതാളത്തിലെ വലിയ മുറിയിൽ എണ്ണ വറ്റാത്ത വിളക്കുകളുടെ ശോഭയിൽ വിശ്രമിക്കുമ്പോൾ മഹാബലിയുടെ മനസ്സ് ഭൂമിയിലായിരുന്നു.

എന്തായിരിക്കും എന്തൊക്കെ ആയിരിക്കും ഇപ്പോൾ എന്റെ പ്രിയപ്പെട്ട നാട്ടിൽ...

എല്ലാവരും ഉറങ്ങി കാണുമോ..

എന്നെ ആരെങ്കിലും ഓർക്കുന്നുണ്ടാവുമോ..

എന്റെ കുടുംബം... അവർ കരഞ്ഞു തളർന്നു ഉറങ്ങിയിട്ടുണ്ടാകുമോ...

ഒന്നും ഓർമ്മിപ്പിക്കല്ലേ  എന്ന് പ്രാർത്ഥിച്ച് മഹാബലി കണ്ണുകൾ മുറുക്കിയടച്ചു.

എല്ലാം കണ്ട് വാമനൻ മനസ്സിൽ ഇങ്ങനെ പറഞ്ഞു- ഓരോ അവതാര പിറവിക്കും  ലക്ഷ്യമുണ്ട്.

ആ ലക്ഷ്യം നിറഞ്ഞ മനസ്സോടെ പൂർത്തീകരിക്കലാണ് ഓരോ അവതാരപ്പിറവിയുടെയും ഉദ്ദേശം.

ഇടനെഞ്ചിൽ ഒരു ചെറിയ വേദനയോടെ ആ അവതാര ലക്ഷ്യം ഞാൻ ഇതാ പൂർത്തിയാക്കുന്നു. പതിയെ പതിയെ അവരുടെ ചക്രവർത്തിയെ മറന്നുകൊള്ളും.

# നിങ്ങളുടെ സ്വത്തും ബന്ധുക്കളും നാട്ടിൽ സുരക്ഷിതരാണോ?

ഞങ്ങൾ സഹായിക്കാം

24/7 Support Service

Support, Assistance, Management & Care

# SAMC360

## LOCAL SERVICE, GLOBAL EXPERTISE

Call us today
+1 (360) 973 7360

## Our Core Services

All services are provided in the state of Kerala, India


Legal Assistance


Rental and Lease Support


Technical Support


Support for Police and Court


Supervision of Construction


Parental Care


Financial Assistance


Processing Unclaimed Money and Assets


Assistance with Medical Care


Property Management


Personal Assistance


Farm Supervision


Building Maintenance & Clearing


Student Admission Support


Printing and Publishing

SAMC360

**INDIA**
SAMC360 Solutions Pvt Ltd.
49/2097A, 1st Floor,
Harigeetham, Vyttila, Cochin
Kerala - 682019, India

**USA**
95, Broadway, Suite #2
Town Center Building
Hicksville, New York
11801, USA

**DUBAI**
Geobel Services LLC
304, Emitac Building, Garhoud
P.O. Box: 36805, Dubai, UAE
Tel: +97142832830

**CONNECT WITH US:**
+1 (551) 217-3360, +1 (360) 973-7360
+91 9745999360, +91 9745887360
+91 9745667360, +91 9745557360
www.samc360.com


CELEBRATING
25 YEARS
OF TRUST, ELEGANCE
& EXCELLENCE
Proudly Serving Long Island
South Shore
Love, Passion, Commitment.
It says it all.
DIAMONDS
BY VINCENTE JEWELERS
THE LARGEST DIAMOND COLLECTION
IN THE SOUTH SHORE [redacted]
WEDDING COLLECTIONS
From timeless classics to modern designs, find the perfect symbol of your forever.
NATURAL DIAMONDS
Ethically sourced, expertly crafted, and chosen for their unmatched beauty and brilliance.
[redacted] LAB [redacted] DIAMONDS
The beauty you love. The values you trust. Sustainable. Stunning. Smart.
SPECIALISTS IN EXQUISITE ENGAGEMENT RINGS.
ALL JEWELRY REPAIRS DONE ON-SITE
EXCEPTIONAL QUALITY. OUTSTANDING VALUE. PERSONALIZED SERVICE.
BECAUSE EVERY MOMENT DESERVES THE PERFECT DIAMOND.
Vincenté Jewelers
"where trust and service counts"
25 ATLANTIC AVENUE, FREEPORT, NY 11520 | (516) 868 - 7818 FAX: (516) 868 - 8245 www.vincentejewelers.com